കെ.ആർ മീരയുടെ കഥ
**അച്ചാമ്മയ്ക്ക്**
**‘സമ്പവി’ച്ചത്**

പരിസ്ഥിതി
**കാളിയനെപ്പോലെ**
**ഒരു കമ്പനി**

സിനിമ
**എൽസമ്മ എന്ന**
**ആൺകുട്ടി**

# സംഘടിത

Vol. No 1 | Issue No: 1 | 2010 December | ₹ 15

അന്വേഷി പ്രസിദ്ധീകരണം

## ഇരകളും കൊലപാതകികളും

## വൈരുദ്ധ്യങ്ങളുടെ സ്ത്രീജന്മം



# പെണ്ണധികാരത്തിന്റെ പൊരുൾ

**കേരളത്തിലെ** സ്ത്രീകളെ സംബന്ധിച്ചിടത്തോളം ചരിത്രത്തിലെ ഏറ്റവും ഹരിതഭംഗിയാർന്ന വർഷമായി 2010 അടയാളപ്പെടുത്തപ്പെട്ടിരിക്കുന്നു. അൻപത് ശതമാനം സ്ത്രീകൾ അധികാരത്തിൽ അവരോധിക്കപ്പെട്ട വർഷമാണിത്. അജ്ഞതയുടെയും അന്ധവിശ്വാസങ്ങളുടെയും അവകാശ നിഷേധങ്ങളുടെയും ക്രൂരമർദ്ദനങ്ങളുടെയും അത്യാചാരങ്ങളുടെയും ഇരകളായി ഇരുണ്ട ലോകങ്ങളിൽ കൊട്ടിയടക്കപ്പെട്ടിരുന്ന സ്ത്രീകളുടെ ജീവിതത്തിലേക്ക് വെളിച്ചവും ശുദ്ധവായുവും കടത്തിവിട്ട നിരവധി പ്രസ്ഥാനങ്ങൾ ഈ ചരിത്രപ്രക്രിയയിൽ പങ്കുവഹിച്ചിട്ടുണ്ട്. നിരവധി പരിഷ്കരണ പ്രസ്ഥാനങ്ങളും വിപ്ലവ പ്രസ്ഥാനങ്ങളും നൽകിയ ഊർജ്ജം ഉൾക്കൊണ്ടുകൊണ്ട് കഴിഞ്ഞ മൂന്നു പതിറ്റാണ്ടായി കേരളത്തിൽ സ്ത്രീവിമോചനപ്രസ്ഥാനം സുശക്തമാണ്. അതുണ്ടാക്കിയ ദിശാമാറ്റം തന്നെയാണ് അധികാരത്തിലേക്ക് അൻപത് ശതമാനം സ്ത്രീകളെ ആനയിച്ചത്. ഇതുവരെ പുരുഷൻ കൈയ്യടക്കിവാണിരുന്ന അധികാരലോകത്തിലെ നന്മകളെ സ്വീകരിച്ചുകൊണ്ടും തിന്മകളെ മുഴുവൻ നിരാകരിച്ചുകൊണ്ടും ആയിരിക്കണം സ്ത്രീകൾ അധികാരത്തിലെത്തുക. ജാതി-വർഗ-ലിംഗമേധാവിത്വ നിലപാടിനെ തള്ളിക്കളയുകയും സമൂഹത്തിലെ പുറന്തള്ളപ്പെട്ടവരുടെ അവകാശങ്ങൾക്കും നീതിക്കും വേണ്ടി നിലകൊള്ളുകയും ചെയ്യുമ്പോഴാണ് ഒരു സ്ത്രീ ഭരണാധികാരി വ്യത്യസ്തയായിരിക്കുക. സ്ത്രീവീക്ഷണത്തോടെയുള്ള ഒരു വികസനനയം ആദ്യം ചോദിക്കേണ്ട ഒരു ചോദ്യം, "ആരുടെ വികസനം?" എന്നതുതന്നെയാണ്. കോർപ്പറേറ്റ് മുതലാളിത്ത താൽപര്യങ്ങൾക്കുവേണ്ടി മണ്ണും വെള്ളവും വിഭവങ്ങളും മനുഷ്യശേഷിയുടെ ബൗദ്ധികസമ്പത്തും ഏറ്റവും വിലകുറച്ച് വിട്ടുകൊടുത്തുകൊണ്ടുള്ള പുരുഷാധിപത്യ വികസനനയങ്ങളെ തിരുത്തിയെഴുതാനായിരിക്കണം സ്ത്രീകൾ അധികാരം കൈയ്യാളുന്നത്. അമിതമായ വ്യവസായവത്ക്കരണവും നഗരവത്ക്കരണവും കൊണ്ട് നശിപ്പിക്കപ്പെട്ട കൃഷിയിടങ്ങളും വിഷമയമായനീർത്തടങ്ങളും ജലാശയങ്ങളും തിരിച്ചെടുക്കാനുള്ള ആർദ്രമനസ്സ് സ്ത്രീ ഭരണാധികാരികൾക്ക് ഉണ്ടാവട്ടെ എന്നാശംസിക്കുന്നു.

**-സാറാ ജോസഫ്**




കവർ പെയിന്റിംഗ്:
നിജീന നീലാംബരം

ചീഫ് എഡിറ്റർ
സാറാ ജോസഫ്

മാനേജിംഗ് എഡിറ്റർ
കെ.അജിത

എക്സിക്യൂട്ടീവ് എഡിറ്റർ
ഡോ.ജാൻസി ജോസ്

പത്രാധിപ സമിതി
ദീദി
സി.എസ്. മീനാക്ഷി
ജ്യോതി നാരായണൻ
ഡോ.കെ.എം ഷീബ
ഗിരിജ പി. പാതേക്കര
മിനി സുകുമാർ
ഡോ. പി.ഗീത
രാജലക്ഷ്മി
കെ.കെ..സാവിത്രി
കെ.കെ.പ്രീത

ഉപദേശകസമിതി
സുഗതകുമാരി
പ്രൊ.എം.ലീലാവതി
ഡോ.ശാരദാമണി
മല്ലികാ സാരാഭായ്
ഡോ. ബീനാരപാൾ

സംഘടിത മാസിക
അന്വേഷി വിമെൻസ്
കൗൺസലിംഗ് സെന്റർ
കോട്ടൂളി, കുതിരവട്ടം പി.ഒ.
കോഴിക്കോട്.
ഫോൺ: 0495 2744370
sanghadithacalicut@gmail.com

06 ആശംസകൾ

08 സംവരണത്തിൽനിന്ന്
അവകാശത്തിലേക്ക്-
അധികാരത്തിലേക്ക്

12 പെണ്ണധികാരത്തിന്റെ പൊരുൾ
ജെ. ദേവിക

16 സംവരണം:
കേരള സ്ത്രീവേദിയുടെ നിലപാട്
ജ്യോതി നാരായണൻ

20 വാസ്തവം
ജാൻസി

22 കഥ/അച്ചാമ്മയ്ക്ക് 'സമ്പവി'ച്ചത്
കെ.ആർ.മീര


30 കവിതകൾ
സാവിത്രി രാജീവൻ
ഗിരിജ.പി.പാതേക്കര
ഡോ. ഇ. സന്ധ്യ

32 ചിത്രകഥകൾ
എം.ഡി.രാധിക

34 കഥയുടെ രാഷ്ട്രീയം
എസ്. ശാരദക്കുട്ടി

36 കത്താത്ത സ്റ്റൗവ് തിരികൾ
പി. വത്സല

# ഉള്ളടക്കം





42 വൈരുദ്ധ്യങ്ങളുടെ സ്ത്രീജന്മം
ഡോ. ഖദീജാമുംതാസ്

46 കാളിയനെപ്പോലെ ഒരു കമ്പനി
കുസുമം ജോസഫ്

49 ഇരകളും കൊലപാതകികളും
ഉഷ തണൽ

51 അധോലോകങ്ങളുടെ ചിത്രകാരി
കവിതാ ബാലകൃഷ്ണൻ

54 സ്ത്രീ വെപ്പാട്ടിയോ?
അഡ്വക്കറ്റ് പ്രീത. കെ.കെ

56 ഇവൾ നബീസ സെയ്ദ്
ദിൽഷാദ് വളാശ്ശേരി

58 ആവശ്യമുണ്ടോ ഇനിയൊരു സ്ത്രീമാസിക
ഇന്റർവ്യൂ റിപ്പോർട്ട്

60 എൽസമ്മ എന്ന ആൺകുട്ടി
ഗീഥ

62 കളരിപ്പയറ്റും ഞാനും
വി.എം. ഗിരിജ

64 അന്വേഷി കേസ്ഡയറി

65 അന്വേഷി വാർത്തകൾ

67 ലോങ് ഷോട്ട്
കബിത മുഖോപാധ്യായ്

# പെണ്ണിനെപ്പറ്റി ഒരു സ്വപ്നം



സുഗതകുമാരി



ഇവൾ പെണ്ണ്, കൊടും ചന്ത-
പ്പേശലിൽ വിലകെട്ടവൾ
ഇവൾക്കായ് കാൺക നാം സ്വപ്നം
നാളെയെന്നൊരു നാൾ വരും !
അഭിമാനിനിയായാ അഗ്നി-
ജ്വാലപോലിവൾ നീർന്നിടും
ഇവൾ കയ്യിൽ ചൂലുമേന്തി
അഴുക്കെല്ലാമകറ്റിടും
വേലചെയ്തു പുലർന്നോളായ്
പുലർത്തുന്നവളായ്, സ്വയം
ജീവിതം പൊൻകൊടിക്കൂറ
പോൽ ഉയർത്തിപ്പിടിച്ചിടും !
തലതാഴില്ല താഴ്ത്തില്ല
ഇവൾ, തൻ കാലിൽ നിൽപവൾ
ഇവൾതൻ പുഞ്ചിരിക്കൊള്ളും
മുഖമാണമ്മതൻ മുഖം !
ഇവൾക്കു മക്കളായ് ശക്തി-
നാളങ്ങൾ പിറകേവരും
ഇവൾതൻ ചുമലിൽ ചാഞ്ഞീ
ഭൂമിയൊന്നാശ്വസിച്ചിടും



അന്വേഷിയുടെ ആഭിമുഖ്യത്തിൽ 'സംഘടിത' എന്ന പ്രസിദ്ധീകരണം തുടങ്ങുന്നുവെന്നറിയുന്നതിൽ വളരെ സന്തോഷമുണ്ട്. ശക്തിയില്ലാഞ്ഞിട്ടല്ല, സ്വന്തം ശക്തി തിരിച്ചറിയാത്തതുകൊണ്ടാണ് പലപ്പോഴും സ്ത്രീ മർദ്ദനത്തിനും നിന്ദനത്തിനും ഇരയാവുന്നത്. ഒറ്റയ്ക്കല്ല ഞങ്ങളൊരു സംഘമാണ് എന്ന തോന്നൽ സ്ത്രീക്ക് പുതിയൊരു ഊർജ്ജം നല്കും. ആ ഊർജ്ജം ഉണർത്താനും വളർത്താനുമുള്ള ഒരു മാധ്യമമായിത്തീരുകയെന്ന ദൗത്യം സംഘടിത ഫലപ്രദമായി നിർവഹിക്കാനിടവരട്ടെ. ശ്രീമതി അജിത ചിരകാലമായി നിസ്വാർത്ഥ പരിശ്രമത്തിലേർപ്പെട്ടിരിക്കയാണ്. നിന്ദിതരാകുന്ന സ്ത്രീയ്ക്ക് നവോത്ഥാനവും സാന്ത്വനവും നല്കുന്ന ഒരു ആശ്രയസ്ഥാപനമായി 'അന്വേഷി'യെ വളർത്തിയെടുക്കന്നതിൽ 'സംഘടിത'യെന്ന പുതിയ ആയുധത്തിന് ആ സാഹസികോദ്യമങ്ങൾക്കെതിരായി വർത്തിക്കുന്ന സംഘടിത ദുർബലങ്ങളെ വേരറുത്തു മാറ്റാൻ വേണ്ടുന്ന കരുത്തും മൂർച്ചയും ഉണ്ടാകണം. അതിന്ന് മുന്നിട്ടു പ്രവർത്തിക്കേണ്ടത് സ്ത്രീസമൂഹം തന്നെയാണ്. അടിച്ചമർത്തപ്പെട്ട ആത്മാവിനെ ഉദ്ധരിക്കാൻ സ്വാത്മാവിനു മാത്രമേ കഴിയൂ. പുരുഷാരുടെ ദാക്ഷിണ്യത്തെ ഒരു കാരകശക്തിയാക്കി കരുതിക്കൂടാ. അതു നിരുപാധികമായി വന്നു ചേരുമ്പോൾ നിരാകരിക്കേണ്ടതുമില്ല. മത്സരത്തിന്നു വേണ്ടിയുള്ള മത്സരമോ യുദ്ധത്തിന്നു വേണ്ടിയുള്ള യുദ്ധമോ അല്ല; നമ്മുടെ സമരം നമ്മുടെ ഉന്നമനത്തിനുവേണ്ടിയാണ്. അതിന്നെതിരു നില്ക്കുന്നവർക്കു മുന്നിൽ നമനം ഇല്ല എന്നതാണ് നമ്മുടെ സമരശൈലി. ഇതു ഗ്രഹിക്കാൻ അപകർഷതാബോധമില്ലാത്ത പുരുഷസമൂഹത്തിനു കഴിയും. അപകർഷതാബോധപീഡിതർ കയർക്കും. അത് ധീരമായി അവഗണിക്കണം. അതിനെ ചെറുക്കണം. "എവിടെ സ്ത്രീ മർദ്ദനമേല്ക്കുന്നുവോ അവിടെ പ്രഹരം വീഴുന്നതെന്റെ പുറത്താകുന്നു" എന്ന് ഓരോ മാനുഷിയും ചിന്തിക്കാനുള്ള പ്രേരണയുണ്ടാക്കാൻ 'സംഘടിത' ശക്തമാകട്ടെ.

സ്നേഹപൂർവ്വം

എം. ലീലാവതി



**സ്ത്രീകൾക്ക്** ബാഹ്യമായും ആന്തരികമായും യഥാർത്ഥ ശാക്തീകരണം കൈവരിക്കണമെങ്കിൽ അനേകം പടവുകൾ പിന്നിടേണ്ടതുണ്ട്. നമുക്ക് വിദ്യാഭ്യാസത്തിനും സാമ്പത്തികമായി സ്വന്തംകാലിൽ നിൽക്കാനും കഴിവുള്ളവരാകാൻ നാം സഹായങ്ങൾ തേടേണ്ടതുണ്ട്; ന്യായമായും നമുക്കവ ലഭിക്കേണ്ടതുണ്ട്. പക്ഷേ നമ്മുടെ മനസ്സുകളെ വിമോചിപ്പിച്ചാൽ മാത്രമേ അത് നമ്മെ യഥാർത്ഥത്തിൽ സ്വതന്ത്രരാക്കുകയുള്ളൂ. പെണ്ണായിപ്പിറന്നത് പരിമിതിയാണെന്നോ നിർഭാഗ്യമാണെന്നോ എല്ലായ്പ്പോഴും സ്വയം കരുതുന്ന ഒരാൾക്ക് എത്ര വലിയ വിദ്യാഭ്യാസം ലഭിച്ചിട്ടും ഉയർന്ന സാമ്പത്തികസ്ഥിതി ഉണ്ടായിട്ടും ഫലമില്ല. ഒരിക്കലും ഇതു നമ്മെ ശാക്തീകരിക്കുന്നില്ല. ഈ മാസിക മനസ്സുകളുടെയും ചേതനയുടെയും സ്വാതന്ത്ര്യത്തിലേക്ക് കൂടുതൽ കൂടുതൽ സ്ത്രീകളെ നയിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു

സ്നേഹപൂർവ്വം

മല്ലിക സാരാഭായ്



**അപകടങ്ങൾ** നിറഞ്ഞ, ഭയപ്പെടുത്തലുകളും ഒറ്റപ്പെടുത്തലുകളും തങ്ങി നിൽക്കുന്ന ഒരു കാലഘട്ടത്തിൽ പെട്ടിരിക്കുകയാണ് നാം ഇന്ന്. പല കാരണങ്ങളാലും വെറും നോക്കി നിൽപുകാരായി മാറിയിരിക്കുകയാണ് നമ്മളിൽ അധികം പേരും. കണ്ടില്ല, കേട്ടില്ല എന്നു ഭാവിച്ചു ജീവിച്ചാൽ സംഗതികൾ ശരിയായ വഴിക്ക് നീങ്ങുകയില്ല. അതു മനസ്സിലാക്കാനും സകല ചരാചരങ്ങൾക്കും സഹകരണത്തോടും സമാധാനത്തോടും ജയപരാജയങ്ങൾ അന്യോന്യം പകർന്നും കഴിയാൻ സാധിക്കുന്ന ഒരു ലോകസൃഷ്ടിയെപ്പറ്റി ചിന്തിക്കാൻ, അത് ആഗ്രഹിക്കാൻ, അതിനുവേണ്ടി പ്രവർത്തിക്കുവാൻ പ്രേരിപ്പിക്കുന്നതാകട്ടെ സംഘടിത. ആ യജ്ഞത്തിനു സകല വിജയവും നേരുന്നു.

സ്നേഹപൂർവ്വം

ശാരദാമണി



# സംവരണത്തിൽനിന്ന് അവകാശത്തിലേക്ക്- അധികാരത്തിലേക്ക്

ദിൽഷാദ് വാളശ്ശേരി,
ഫാത്തിമ.ആർ.കെ

> വികസനത്തിന്റെ ഉപഭോക്താക്കളാകാതെ ഉത്പാദകർ തന്നെയായിത്തീരണം സ്ത്രീകൾ. ഭരണത്തിലെ എല്ലാത്തരം പ്രശ്നങ്ങളിലും സ്ത്രീപക്ഷവീക്ഷണം ഏറ്റവും പ്രധാനമാണ്. പ്രകൃതിസംരക്ഷണവും, പാരിസ്ഥിതിക ഉൾക്കാഴ്ചയും ഉൾച്ചേരുന്നതാകണം വികസന പ്രവർത്തനങ്ങൾ.

**സ്ത്രീകൾ** ഭരണാധികാരത്തിൽ വന്നാൽ - പഞ്ചായത്തു തെരഞ്ഞെടുപ്പുകളുടെ പശ്ചാത്തലത്തിൽ എന്ന വിഷയത്തിൽ 2010 ഒക്ടോബർ 15 ന് കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ 'അന്വേഷി' സംഘടിപ്പിച്ച ചർച്ച ക്രിയാത്മകമായ സ്ത്രീപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. സാഹിത്യ-സാംസ്കാരിക രംഗങ്ങളിലെ പ്രമുഖ വ്യക്തിത്വങ്ങളായ സാറാ ജോസഫ്, ജ്യോതി നാരായണൻ, ഡോ.പി.ഗീത, ഡോ. ഷേർളി വാസു, ഡോ. ഖദീജാമുംതാസ്, ഒ.ജെ.ചിന്നമ്മ, ഫൗസി ഷംസ് എന്നിവരോടൊപ്പം വ്യത്യസ്ത സാമൂഹിക മണ്ഡലങ്ങളിൽ നിന്നുള്ള പ്രതിനിധികളും ചർച്ചയിൽ പങ്കാളികളായി.

33% സ്ത്രീസംവരണത്തിൽ നിന്നും 50% പങ്കാളിത്തത്തിലേക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിലൂടെ കേരളരാഷ്ട്രീയരംഗം നടന്നുകയറുന്ന ചരിത്രപ്രധാന സാഹചര്യത്തിൽ ഏറ്റവും പ്രസക്തമായ ഈ ചർച്ചയിൽ അന്വേഷി പ്രസിഡണ്ട് ശ്രീമതി.കെ.അജിത സ്വാഗതം പറഞ്ഞു. ജ്യോതി നാരായണൻ വിഷയാവതരണം നടത്തി. സ്ത്രീകൾ അധികാരത്തിലെത്തുന്നതിനെ സമീപിക്കുന്നതിലുള്ള, വ്യക്തികളുടെയും സംഘടനകളുടെയും ആശങ്കകളെക്കുറിച്ചു സംസാരിച്ചു കൊണ്ടാണ് ജ്യോതി നാരായണൻ ചർച്ച തുടങ്ങി വെച്ചത്.

ഇന്നലെകളുടെ ആവർത്തനമല്ലാതെ, രാഷ്ട്രീയപാർട്ടികളുടെ ഇച്ഛകൾക്കൊത്തു തുള്ളാതെ, വികസന പ്രവർത്തനങ്ങളിൽ ശക്തമായ നിലപാടെടുക്കാനുള്ള പ്രാപ്തിയാണ് സ്ത്രീഭരണാധികാരികൾ പ്രകടിപ്പിക്കേണ്ടത്. ഒരു താല്ക്കാലിക പദ്ധതി മാത്രമായി വികസനത്തെ ചുരുക്കാതെ, കുടിവെള്ളം, പാർപ്പിടം, പ്രാഥമിക വിദ്യാഭ്യാസം, ഗതാഗതം, കാർഷികരംഗം, ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ, മാലിന്യസംസ്കരണം, സ്ത്രീകളുമായി ബന്ധപ്പെട്ട വിഷയങ്ങളിലെ നിയമനടത്തിപ്പ് തുടങ്ങിയ പ്രധാന വിഷയങ്ങളുമായി ബന്ധപ്പെട്ട് ദീർഘവീക്ഷണത്തോടെയുള്ള ഭരണം കാഴ്ചവെയ്ക്കാൻ സ്ത്രീപ്രതിനിധികൾക്കു കഴിയണം. സ്ത്രീ ഭരണാധികാരത്തിലെത്തുന്നതിനെ ആശങ്കയോടെ കാണുന്നത് കുടുംബത്തിനകത്ത് അവൾ കൈകാര്യം ചെയ്യുന്ന റോളുകളുമായി തട്ടിച്ചു നോക്കിയാണ്. അങ്ങേയറ്റം സ്ത്രീവിരുദ്ധമായ ഈ ആശങ്കകളെ അഭിമുഖീകരിക്കുന്ന സംവാദങ്ങളും, സാധാരണസ്ത്രീകൾക്ക് ഇടപെടാവുന്ന സ്വതന്ത്ര ഇടങ്ങളും ഏറ്റവും പ്രസന്നമായ രാഷ്ട്രീയപ്രതീക്ഷകളാക്കി ജ്യോതി നാരായണൻ മുന്നോട്ടുവെച്ചു.

തുടർന്ന് പ്രൊഫ. സാറാ ജോസഫ് വികസനത്തെക്കുറിച്ചുള്ള



**പുരുഷന്റെ തീരുമാനം നടപ്പിലാക്കാനുള്ള ഉപകരണങ്ങൾ മാത്രമാവുന്ന സ്ത്രീപ്രാതിനിധ്യമല്ല, മറിച്ച് സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ചുള്ള അവബോധവും രാഷ്ട്രീയകാഴ്ചപ്പാടും കൃത്യമായി നിർവ്വഹിക്കാനും നടപ്പിലാക്കാനുമുള്ള വേദിയായി ഈ പ്രാതിനിധ്യം പരിവർത്തനപ്പെടേണ്ടതുണ്ട്.**

സ്ത്രീപക്ഷവീക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചാണ് സംസാരിച്ചത്. വികസനത്തിന്റെ ഉപഭോക്താക്കളാകാതെ ഉത്പാദകർ തന്നെയായിത്തീരണം സ്ത്രീകൾ. ഭരണത്തിലെ എല്ലാത്തരം പ്രശ്നങ്ങളിലും സ്ത്രീപക്ഷവീക്ഷണം ഏറ്റവും പ്രധാനമാണ്. ഭക്ഷ്യസുരക്ഷിതത്വം, ശുദ്ധജലലഭ്യത, ജലാശയങ്ങളുടെയും, തണ്ണീർ ത്തടങ്ങളുടെയും സംരക്ഷണം എന്നിവ ഒഴിച്ചുകൂടാനാവാത്ത മാനുഷികപ്രശ്നങ്ങളായി എണ്ണപ്പെടേണ്ടതുണ്ട്. പ്രകൃതിസംരക്ഷണവും, പാരിസ്ഥിതിക ഉൾക്കാഴ്ചയും ഉൾചേരുന്നതാകണം വികസന പ്രവർത്തനങ്ങൾ. തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളോട് ഇതു സംബന്ധിച്ച ആശങ്കകൾ പങ്കുവെക്കാനും കഴിയേണ്ടതുണ്ട്. വർഗീയത, മതതീവ്രവാദം, സ്ത്രീകളുമായി ബന്ധപ്പെട്ട അനുഷ്ഠാനങ്ങൾ എന്നിവയും അതീവപ്രാധാന്യത്തോടെ പരിഗണിക്കപ്പെടേണ്ട വിഷയങ്ങൾ തന്നെയാണ്. സ്ത്രീ ജീവിത പരിസരങ്ങളുമായി അഗാധതലങ്ങളിൽ ബന്ധപ്പെടുന്ന മതാനുഷ്ഠാനങ്ങൾ പ്രത്യേകം പരിഗണനാർഹമാണ്. പാർട്ടിയുടെ നയം നടപ്പാക്കുക എന്നതു മാത്രമല്ല സ്ത്രീപ്രതിനിധാനത്തിന്റെ ലക്ഷ്യം. മറിച്ച്, ഭരണരംഗവുമായി ബന്ധപ്പെട്ട സ്ത്രീപക്ഷ നയരൂപീകരണം ഏറ്റവും പ്രധാനമാണ്. കടുത്ത ഒരു ഉദാഹരണമായി മദ്യവ്യവസായത്തെയും പാർട്ടിനയങ്ങളെയും അതിലെ ഭരണകൂടത്തിന്റെ ലാഭക്കൊതിയെയും മനസ്സിലാക്കേണ്ടതുണ്ട്. അത് പ്രത്യക്ഷമായും പരോക്ഷമായും തല്ലിക്കെടുത്തുന്ന സ്ത്രീ ജീവിതങ്ങളെക്കുറിച്ചും.

അതിക്രമങ്ങൾക്കെതിരായ നിയമനിർമ്മാണത്തിലോ നിർവ്വഹണത്തിലോ സ്ത്രീകൾക്ക് യാതൊരു പങ്കുമില്ലാതിരുന്ന കാലത്തിൽ നിന്നും വ്യത്യസ്തമായി ഇത്തരം എല്ലാ പ്രവർത്തനങ്ങളിലും ഭാഗഭാക്കാകാനാവുന്ന രാഷ്ട്രീയമാറ്റത്തിന്റെ നാന്ദിയാണ് ഡോ. ഷേർളി വാസു 50% സ്ത്രീസംവരണത്തെ തന്റെ അനുഭവപാഠങ്ങളിലൂടെ വരവേറ്റത്. സ്ത്രീ കളുടെ അസ്വാഭാവിക മരണാനന്തര അന്വേഷണങ്ങളിൽപോലും പുരുഷതാല്പര്യങ്ങളും മൂല്യങ്ങളുമാണ് നീതി നടപ്പാക്കുന്നത്. സ്ത്രീജീവിതത്തെ അധികരിച്ചു വളരുന്ന പുരുഷമൂല്യങ്ങൾ ചോദ്യം ചെയ്യപ്പെടേണ്ടതുണ്ട്. വർത്തമാന സ്ത്രീജീവിതസാഹചര്യങ്ങളുമായി അഭേദ്യമായി ബന്ധപ്പെടുന്ന സുരക്ഷിതമായ കുടിവെള്ളം, പാരിസ്ഥിതിക പ്രശ്നങ്ങൾ, വ്യക്തി ജീവിതത്തിലെ പല തരത്തിലുള്ള കയ്യേറ്റശ്രമങ്ങൾ എന്നിവ പ്രശ്നവൽക്കരിക്കുന്നതിനും രാഷ്ട്രീയമായി ഇടപെടുന്നതിനും സ്ത്രീപ്രതിനിധികൾ ശാക്തീകരിക്കപ്പെടേണ്ടതുണ്ടെന്ന് ഡോ.ഷേർളി വാസു അഭിപ്രായപ്പെട്ടു.

ഡോ. പി.ഗീതയുടെ അഭിപ്രായത്തിൽ 50% പ്രാതിനിധ്യം രാഷ്ട്രീയ പാർട്ടികളുടെ അനുഭാവിയായതുകൊണ്ടല്ല സ്ത്രീയായതുകൊണ്ടു മാത്രം ലഭിച്ചതാണ്. അതുകൊണ്ടു തന്നെ അവർ അവരുടെ പദവി സ്ത്രീകൾക്കുവേണ്ടി ഉപയോഗിക്കേണ്ടതുണ്ട്. നിശ്ശബ്ദതക്കപ്പുറം ലിംഗപരമായ നീതിലഭ്യത ഉറപ്പുവരുത്തുകയും ആ അവബോധം സംവാദങ്ങളിലൂടെ സൃഷ്ടിക്കപ്പെടുകയും പരിശോധിക്കപ്പെടുകയും വേണം. സ്ത്രീപക്ഷപ്രസ്ഥാനങ്ങളുടെ നിരന്തരമായ ഇടപെടലുകളിലൂടെ സാധ്യമായ ഈ പ്രാതിനിധ്യം കൂടുതൽ ലിംഗനീതിയിലേക്ക് നയിക്കുന്ന രാഷ്ട്രീയ ഉൾക്കാഴ്ചകളിലേക്കും, പിന്നീട് ജനസംഖ്യാനുപാതികമായി സംവരണം ഉണ്ടാകുന്ന അവസ്ഥയിലേക്കും മാറട്ടെ എന്ന് ഡോ.പി.ഗീത ആശംസിച്ചു.

എങ്ങനെയെങ്കിലും 50% സീറ്റ് തികയ്ക്കുക എന്ന ലക്ഷ്യത്തോടെയുള്ള രാഷ്ട്രീയപാർട്ടികളുടെ നെട്ടോട്ടത്തിനിടയിൽ സാമൂഹ്യരംഗത്തുനിന്ന് കാലങ്ങളായി അകറ്റി നിർത്തപ്പെട്ടിരുന്ന സ്ത്രീകൾ ഇരട്ട ഭാരം വഹിക്കുന്നവരായിത്തീരുന്നു എന്ന അഭിപ്രായവുമായാണ് ഡോ. ഖദീജാ മുംതാസ് ചർച്ചയിൽ പങ്കെടുത്തത്. പുരുഷന്റെ തീരുമാനം നടപ്പിലാക്കാനുള്ള ഉപകരണങ്ങൾ മാത്രമാവുന്ന സ്ത്രീപ്രാതിനിധ്യമല്ല, മറിച്ച് സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ചുള്ള അവബോധവും രാഷ്ട്രീയകാഴ്ചപ്പാടും കൃത്യമായി നിർവ്വഹിക്കാനും നടപ്പിലാക്കാനുമുള്ള വേദിയായി ഈ പ്രാതിനിധ്യം പരിവർത്തനപ്പെടേണ്ടതുണ്ട്.





കേവലമായ അധികാര പ്രകടനങ്ങളിലല്ല മറിച്ച് ഏറ്റവും അടിസ്ഥാനപരമായ നയരൂപികരണങ്ങളിലാണ് മനുഷ്യജീവിതം മാറ്റിമറിയ്ക്കുന്ന ആശയങ്ങൾ രൂപം കൊള്ളുന്നതെന്ന് കാലങ്ങളായി അരികുകളിലേക്കു മാറ്റി നിർത്തപ്പെട്ട ഒരു ജനത തിരിച്ചറിഞ്ഞു തുടങ്ങിയതിന്റെ സാക്ഷ്യപത്രം കൂടിയായി ചർച്ച.

ഒ.ജെ. ചിന്നമ്മയുടെ അഭിപ്രായത്തിൽ സ്ത്രീകളുടെ അധികാരപ്രവേശം ജാതി-മത-വർഗീയവാദത്തിന്റെ പിടിയിലമർന്ന സമൂഹത്തെ അഹിംസാത്മകമായ തലത്തിലേക്കുയർത്താൻ കഴിയും. മദ്യം, മാലിന്യസംസ്ക്കരണം, കുടിവെള്ളപ്രശ്നം, ബാലപീഡനം, സ്ത്രീകൾക്കുനേരെയുള്ള അതിക്രമം ഇവയെല്ലാം അഭിമുഖീകരിക്കപ്പെടേണ്ട പ്രശ്നങ്ങളാണ്. സാമൂഹികബോധവും ഉത്തരവാദിത്വബോധവും ചേർന്ന ഭരണസംവിധാനത്തിലൂടെ അനീതികൾക്കുനേരെ ഈ വനിതാപ്രാതിനിധ്യം ജാഗരൂകമായിരിക്കേണ്ടതിനെകുറിച്ചും ഒ.ജെ. ചിന്നമ്മ വിശദീകരിച്ചു.

തുടർന്നു സംസാരിച്ച ഫൗസി ഷംസ് ഉപരിവർഗത്തിന്റെ ഉപഭോഗരീതികളെക്കുറിച്ചല്ല, മറിച്ച് അടിസ്ഥാനവർഗത്തിന്റെ ജീവിതാവശ്യങ്ങളെക്കുറിച്ചാണ് നാം ചിന്തിക്കേണ്ടതും പ്രവർത്തിക്കേണ്ടതും എന്ന കാതലായ പ്രശ്നമവതരിപ്പിച്ചു. കൊടിപിടിക്കാനും ജാഥ കൊഴുപ്പിക്കാനും മാത്രം സ്ത്രീകളെ ഉപയോഗിച്ച എല്ലാ രാഷ്ട്രീയപാർട്ടികളും 50% സ്ത്രീ സംവരണ കാര്യത്തിലെടുത്ത നിഷേധാത്മകനിലപാടിനെ അധികാരത്തിന്റെ കൃത്യവും സമഗ്രവും സൂക്ഷ്മവുമായ നിർവ്വഹണത്തിലൂടെ സ്ത്രീപ്രതിനിധികൾ പ്രതിരോധിക്കേണ്ടതുണ്ട്. പ്രൈമറിവിദ്യാഭ്യാസം, കുടിവെള്ളം എന്നിവയോടൊപ്പം പ്രത്യേകപരിഗണനയർഹിക്കുന്ന സർക്കാർ ആശുപത്രികളെയും നടപ്പാക്ക പ്പെടേണ്ട ജനകീയാരോഗ്യപരിപാടികളെയും ഫൗസി ഷംസ് പരാമർശിച്ചു.

നയരൂപീകരണത്തിൽ സ്ത്രീപ്രതിനിധികൾക്ക് ലഭിക്കേണ്ട, ഇപ്പോൾ ലഭ്യമല്ലാത്ത അധികാരത്തെക്കുറിച്ച് സി.എസ്.മീനാക്ഷിയും, സ്ത്രീ കൂട്ടായ്മയുടെ രാഷ്ട്രീയപ്രസക്തിയെക്കുറിച്ച് ഗിരിജ.പി. പാതേക്കരയും സംസാരിച്ചു. എസ്.എസ്.എയിലെ സബിതയുടെ അഭിപ്രായത്തിൽ തന്നെ നിയന്ത്രണത്തിലാക്കിയിരിക്കുന്ന ഒരു ശക്തിയെക്കുറിച്ച് സദാസമയവും സ്ത്രീകൾ ഭയപ്പെടുന്നുവെങ്കിലും അതിനെ മറികടക്കാൻ അവർ ഒരുങ്ങിയിരിക്കുന്നു. ഒരാശങ്കക്കും ഇടയില്ലാത്ത വിധം രാഷ്ട്രീയസാഹചര്യങ്ങളുടെ എല്ലാ അർത്ഥത്തിലുമുള്ള മാറ്റങ്ങളിലേക്ക് 50% സ്ത്രീപ്രാതിനിധ്യം പരിണമിക്കുമെന്ന് ദീദി തന്റെ അഭിപ്രായങ്ങളിലൂടെ ഈ ചർച്ചയെ പ്രത്യാശപ്പെടുത്തി. സ്ത്രീകളുടെ സർക്ഷാത്മകതയ്ക്ക് ലഭിക്കേണ്ടതായ ഇടം ലഭിക്കുന്നതിന് ഈ മാറ്റം കാരണമായേക്കാമെന്ന് സജിതയും, ഈ മാറ്റത്തിന്റെ പ്രതിനിധികൾക്ക് കുടുംബ-സാമൂഹികപശ്ചാത്തലങ്ങളിൽ നിന്നുണ്ടാകേണ്ട പിന്തുണയെക്കുറിച്ചും, മാറ്റത്തിന്റെ സാമൂഹ്യഘടനെയെക്കുറിച്ചും കവിതാമുഖോപാദ്ധ്യായ സംസാരിച്ചു.

50% സ്ത്രീപ്രാതിനിധ്യത്തോടെയുള്ള ഭരണം ഗുണപരമായ ഒന്നായിത്തീരുമെന്ന് രാഷ്ട്രീയ ഇച്ഛാശക്തിയോടെ പ്രതീക്ഷിക്കപ്പെടുന്നതിനെക്കുറിച്ച് ഗാർഗി സംസാരിച്ചു. സ്ത്രീകളുടെ വ്യത്യസ്ത അവകാശസമരങ്ങളെക്കുറിച്ച് സംസാരിച്ച രജികല, ഈ സാഹചര്യത്തിലും, സ്ത്രീകൾക്ക് ഇക്കാര്യത്തിൽ ലഭിക്കാതെ പോകുന്ന കുടുംബപിന്തുണയെപ്പറ്റിയുള്ള ആശങ്കകൾ പങ്കുവെച്ചു. മാധ്യമങ്ങൾ പോലും ചെറുത്ത ഭരണരംഗത്തെ സ്ത്രീപങ്കാളിത്തം സ്ത്രീപക്ഷത്തിന്റെ തികഞ്ഞ കൂട്ടായ്മയിൽ വിജയത്തിലെത്തിയതിനെ സേതുലക്ഷ്മി പരാമർശിക്കാൻ മറന്നില്ല.

രാഷ്ട്രീയകേരളത്തിന്റെ ഗതിനിർണ്ണായകമായ വിഷയത്തെക്കുറിച്ചുള്ള ഈ ചർച്ചയിൽ ജ്യോതി നാരായണൻ മോഡറേറ്ററായിരുന്നു. സ്ത്രീവിരുദ്ധ നിലപാടുകളിലൂടെ തോല്പിച്ചുകൊണ്ടേയിരുന്നിട്ടും, രാഷ്ട്രീയ ഉൾക്കാഴ്ചയുടെ തെളിച്ചം പുരണ്ട ഈ വിജയം ചർച്ചയിൽ പങ്കെടുത്ത ഓരോരുത്തരും ആവേശത്തോടെയാണ് എതിരേറ്റത്. ഏറ്റവും അടിസ്ഥാനപരമായ നയരൂപികരണങ്ങളിലാണ്; മറിച്ച് കേവലമായ അധികാരപ്രകടനങ്ങളിലല്ല മനുഷ്യജീവിതം മാറ്റിമറിയ്ക്കുന്ന ആശയങ്ങൾ രൂപം കൊള്ളുന്നതെന്ന് കാലങ്ങളായി അരികുകളിലേക്കു മാറ്റി നിർത്തപ്പെട്ട ഒരു ജനത തിരിച്ചറിഞ്ഞു തുടങ്ങിയതിന്റെ സാക്ഷ്യപത്രം കൂടിയായി അത്. ■

ജെ. ദേവിക

# പെണ്ണധികാരത്തിന്റെ പൊരുൾ

സ്ത്രീകളെ ഒരു പൊതു സംവർഗമായി അവതരിപ്പിക്കുന്ന രീതിയാണ് സർക്കാരിനുള്ളത്. സ്ത്രീകളെ ജീവസ്സില്ലാത്ത വെറുമൊരു ഭരണീയവിഭാഗം മാത്രമായും,ക്ഷേമപരിപാടികളുടെ ഗുണഭോക്താവ് മാത്രമായും കുറച്ചുകാണുന്ന ഭരണകൂടശ്രമങ്ങൾ, അതിനനുസൃതമായി സ്ത്രീകളുടെ ആവശ്യങ്ങളെ വ്യാഖ്യാനിക്കുന്നു

തൊണ്ണൂറുകളുടെ മദ്ധ്യത്തോടെ നിലവിൽ വന്ന അധികാരവികേന്ദ്രീകരണത്തിന്റെ ഫലമായി പൊതുരാഷ്ട്രീയത്തിലേക്കുണ്ടായ സ്ത്രീപ്രവേശത്തെക്കുറിച്ച് കാമ്പുള്ളതും സങ്കീർണ്ണവുമായ ഒരു രേഖാചിത്രം നല്കുവാൻ ഈ രചന സഹായിക്കുമെന്നാണ് പ്രതീക്ഷ. ഇതിൽ കേരളത്തിലെ പഞ്ചായത്തുകളിൽ നേതൃസ്ഥാനമലങ്കരിക്കുന്ന സ്ത്രീക ൾ രാഷ്ട്രീയത്തെക്കുറിച്ചും അധികാരത്തെക്കുറിച്ചും പുലർത്തുന്ന ധാരണകൾ, അവർക്ക് ലഭ്യമായിരിക്കുന്ന സാദ്ധ്യതകൾ, പൂർണ്ണപൗരത്വത്തിലെത്താൻ അവർ ഇനിയും മറികടക്കേണ്ട തടസ്സങ്ങൾ എന്നിവയെക്കുറിച്ച് മനസ്സിലാക്കാനും വിലയിരുത്താനും ആണ് ശ്രമിക്കുന്നത്. അധികാരവികേന്ദ്രീകരണത്തിന്റെ വിജയഫലങ്ങളെ ആഘോഷമായി കാണുന്ന അക്കാഡമിക്ക് - ജേർണലിസ്റ്റ് രചനകളിൽ, പൊതുസ്ഥലങ്ങളിലെ സ്ത്രീ സാന്നിദ്ധ്യ വർദ്ധനവിനെ സ്ത്രീകൾ ക്കു കിട്ടിയ സ്വയംഭരണാധികാരമായും തദ്വാരാ പൊതുരാഷ്ട്രീയരംഗത്ത് സ്ത്രീകൾ ഇല്ലാതിരുന്ന കാലങ്ങളിൽ നിന്നുള്ള ഒരു നിർണ്ണായക മാറ്റമായും വ്യാഖ്യാനിച്ചിരിക്കുന്നു. .പക്ഷേ പല പഠനങ്ങളും അതല്ല കാണിക്കുന്നത്. ഒന്നുകിൽ സ്ത്രീകളുടെ മുന്നിലുള്ള തടസ്സങ്ങളും അവരുടെ അധികാരശൂന്യതയും ഉയർത്തിക്കാട്ടുക, അല്ലെങ്കിൽ അവരുടെ വിജയങ്ങളിൽ മാത്രം ശ്രദ്ധകേന്ദ്രീകരിക്കുക - ഇങ്ങനെ കറുപ്പും വെളുപ്പും മാത്രം കാണുന്ന തരം സമീപനങ്ങളിൽനിന്ന് ഗവേഷകർ പിൻതിരിയണമെന്നാണ് ഞങ്ങളുടെ. അഭിപ്രായം. പകരം, സ്ത്രീശാക്തീകരണത്തിന്റെ ഒരു പ്രത്യേക വകഭേദം സാദ്ധ്യമായിത്തീർന്നിരിക്കുന്ന സവിശേഷരാഷ്ട്രീയസന്ധിയെ കൂടുതൽ ആഴത്തിൽ പരിശോധിക്കാനാണ് ശ്രമിക്കേണ്ടത്. ഈ ശാക്തീകരണംനേട്ടങ്ങൾ ഉണ്ടാക്കിയേക്കാം. എന്നാൽ രാഷ്ട്രീയ-പൊതുഇടത്തിൽ സ്ത്രീകളുടെ സജീവസാന്നിദ്ധ്യം ഉറപ്പക്കാൻ അതു പര്യാപ്തമാണോ എന്നതാണ് പ്രസക്തമായ ചോദ്യം. സംവരണവും അതുമൂലമുണ്ടായ ഉയർന്ന പങ്കാളിത്തവും കൊണ്ട്, വനിതാ നേതാക്കളും, ജനപ്രതിനിധികളും ശാക്തീകരിക്കപ്പെട്ടിട്ടുണ്ട് എന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ ഈ അദ്ധ്യായത്തിൽ പിന്നീട് ചർച്ചചെയ്യപ്പെടുന്നതുപോലെ, സമകാലീന കേരളത്തിലെ പ്രത്യേക സാഹചര്യങ്ങളിൽ, പൊതുരാഷ്ട്രീയത്തിൽ എത്തിപ്പെടാനാവാത്ത ഒരവസ്ഥ പൂർണ്ണപൗരത്വമാർജ്ജിക്കുന്നതിൽ നിന്ന് സ്ത്രീയെ വിലക്കുന്നുണ്ട് എന്ന് കരുതാൻ കാരണങ്ങളുണ്ട്. ഈ വിഷയത്തിൽ കൂടുതൽ താല്പര്യം കാണിച്ചത് ഇവിടുത്തെ ഇടതുകക്ഷികളാണ്. നിയമനിർമ്മാണ സഭകളിൽ സ്ത്രീ സംവരണത്തിനുവേണ്ടി ശക്തമായി വാദിച്ച, പൊതുഇടത്തിൽ സ്ത്രീ പ്രവേശം സാദ്ധ്യമാക്കുന്ന വിധത്തിൽ ഉറച്ച ഒരു നയം തുറന്നു പ്രഖ്യാപിച്ചത് അവർ തന്നെ. അതിനാൽ കേരളത്തിലെ ഇടതുപാർട്ടികളുടെ ജെൻഡർ രാഷ്ട്രീയത്തെയാണ് ഈ പുസ്തകം ലക്ഷ്യവേദിയാക്കുന്നത്.

പഞ്ചായത്തീരാജ് സ്ഥാപനങ്ങളിലെ പ്രവർത്തന പങ്കാളിത്തം കൊണ്ട് തിരഞ്ഞെടുക്കപ്പെട്ട പെൺനേതാക്കളുടെയും മെമ്പർമാരുടെയും ശാക്തീകരണവും എത്രത്തോളം നടന്നിട്ടുണ്ട് എന്നന്വേഷിക്കുന്ന ഒരുപാട് പഠനങ്ങളുണ്ട്. സംവരണം കൊണ്ട് സ്ത്രീകളുടെ ഭരണപങ്കാളിത്തം വർദ്ധിച്ചോ എന്നാണ് അവ മുഖ്യമായും അന്വേഷിക്കുന്നത്. അതിനാൽ വിവിധ സ്ഥാപനങ്ങളിലെ ഹാജർ വിവരങ്ങൾ, കൗൺസിൽ ഡിബേറ്റുകളിലെ ഇടപെടലുകൾ, മുൻകൈയ്യെടുത്ത് നടത്തിയ പദ്ധതി കളുടെ എണ്ണം തുടങ്ങി പരിമാണപരമായ കാര്യങ്ങളും,

അവരുടെ സഞ്ചാരശേഷി വർദ്ധിപ്പിച്ച ശാക്തീകരണ സൂചികകളെന്തെന്നും, സാമ്പത്തിക സ്രോതസ്സുകളിലേക്കും, വിവരശേഖരത്തിലേക്കുമുള്ള പ്രവേശന സാദ്ധ്യത എത്രയെന്നും, net working സാദ്ധ്യതകളിലും, ആത്മാഭിമാനത്തിലും തന്നെക്കുറിച്ച് തനിക്കുതന്നെ ഉള്ള അഭിപ്രായത്തിലും വന്ന മാറ്റങ്ങളെന്തെന്നും മറ്റുമാണ് മിക്കപ്പോഴും ഇത്തരം പഠനങ്ങൾ അന്വേഷിച്ചത്. പഞ്ചായത്തുകളിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നതിന് മുമ്പും പിൻപുമുള്ള സ്ത്രീകളുടെ വിദ്യാഭ്യാസം, ആരോഗ്യം, സാമ്പത്തിക സാംസ്കാരിക കഴിവുകൾ എന്നിവയും പഠനവിധേയമാക്കിയിട്ടുണ്ട്. (Nanivadekan 1997, Santha 1999, Priya 1999, Mohanty 1999, Datta 1998, Nussbaum 2003, Baviskar 2003, Sihna 2004, Duflo 2005, Hurt, Ghosh and Tamarawal 2005, Singla 2007)

ഇന്നലെവരെ പുരുഷന്മാരുടെ മേഖലയായിരുന്ന  രണത്തിൽ സ്ത്രീകൾ ഇടം കണ്ടെത്താൻ ശ്രമിക്കുമ്പോൾ നേരിടുന്ന വെല്ലുവിളികളെ തുറന്നുകാട്ടുന്ന പഠനങ്ങൾ കേരളത്തിലും ഉണ്ടായിട്ടുണ്ട്. (Chathukualam and John 200, George 2006, Geogekutty 2003, Sharma 2009 :  116,152), ഇന്ത്യയിലെ മറ്റു പ്രദേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ വനിതാ ജനപ്രതിനിധികൾ പലപ്പോഴും പുരുഷന്മാരെക്കാൾ കഴിവും വിദ്യാഭ്യാസവുമുള്ളവരാണ് എന്ന് ഈ പഠനങ്ങൾ കുറിയ്ക്കുന്നുണ്ട്.
(Chathukualam and John 2000, Issac 2005) പ്രാദേശിക ഭരണത്തിൽ പെൺപ്രവേശവും പങ്കാളിത്തവും ഉറപ്പുവരുത്തുവാൻ സ്ത്രീസംവരണം വലിയൊരളവിൽ സഹായിച്ചിട്ടുണ്ടെന്ന കാര്യത്തിൽ അധികാരവികേന്ദ്രീകരണത്തിലെ സ്ത്രീപദവീപഠനങ്ങളെല്ലാം തന്നെ യോജിക്കുന്നു. മാർഗരേഖകളിലും, പരിശീലന പരിപാടികളിലുമെല്ലാം ധനാത്മകമായ വിധത്തിൽ സ്ത്രീപദവീവീക്ഷണം (Gender Perspective) കൊണ്ടുവരാൻ തിരഞ്ഞെടുക്കപ്പെട്ട പ്രാദേശിക ഭരണകൂടങ്ങളിൽ അധികാരവികേന്ദ്രീകരണത്തിന്റെ വരവറിയിച്ച ജനകീയാസൂത്രണം എന്ന സങ്കേതത്തിന്റെ ശില്പികൾ ശ്രമിച്ചിട്ടുണ്ട്. ആദ്യഘട്ടവിശകലനങ്ങളിൽ സ്ത്രീപങ്കാളിത്തക്കുറവ് ജനകീയാസൂത്രണത്തിന്റെ ഒരു പ്രധാന ബലഹീനതയായി കണ്ടെത്തിയതോടെ, അടുത്തഘട്ടത്തിൽ സ്ത്രീപങ്കാളിത്തം ഉറപ്പുവരുത്താനാവശ്യമായ ഊർജ്ജിത ശ്രമങ്ങൾ നടക്കുകയുണ്ടായി. (Issac 1998).



മുൻപറഞ്ഞ അഭിനന്ദനാർഹമായ കാര്യങ്ങൾ ഒരു ഭാഗത്തുണ്ടെങ്കിലും, മിക്കവാറും പഠനങ്ങളെല്ലാം തന്നെ സ്ത്രീകളുടെ അനുഭവസമ്പത്തില്ലായ്മയേയും, രാഷ്ട്രീയപരിചയക്കുറവിനേയും ശാക്തീകരണത്തെ ബാധിക്കുന്ന പ്രധാനപ്പെട്ട വൈകല്യങ്ങളായി തിരിച്ചറിയുന്നുണ്ട്. പെണ്ണുങ്ങൾക്ക് രാഷ്ട്രീയ പരിചയം കുറവാണ് എന്ന വസ്തുത കണക്കിലെടുത്ത്, രാഷ്ട്രീയപ്രവർത്തനങ്ങളുടെ ചരടുചലനങ്ങളെക്കുറിച്ച് പഠിക്കാനവരെ സഹായിക്കാൻ പ്രത്യേക പരിശീലനം ആവശ്യമാണെന്നും, ഇക്കാര്യത്തിൽ രാഷ്ട്രീയകക്ഷികൾക്കോ പ്രസ്ഥാനങ്ങൾക്കോ ഒന്നും താൽപര്യമില്ല എന്നും അവ ചൂണ്ടിക്കാണിക്കുന്നു. അഞ്ചുകൊല്ലം കൂടുമ്പോൾ വനിതാസംവരണ വാർഡുകൾ ഊഴമനുസരിച്ച് മാറ്റുന്നത് സ്ത്രീകളിൽ രാഷ്ട്രീയ നൈപുണ്യം വളർത്തുന്നതിനെ ദോഷകരമായി ബാധിക്കുന്നുണ്ട് എന്ന് 2000 ത്തിലെ ഫീൽഡ് വർക്കിനെ ആസ്പദമാക്കി സഖി നടത്തിയ പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു. (Vijayan and Sandhya 2004 : 77), രാഷ്ട്രീയകക്ഷികൾക്ക് വനിതാഘടകപദ്ധതിയെ ക്രിയാത്മകമായി വികസിപ്പിക്കുന്നതിൽ താല്പര്യം കുറവാണെന്നും ഈ പഠനം നിരീക്ഷിക്കുന്നു.
സ്ത്രീസംവരണം കൊണ്ട് സ്ത്രീകളുടെ കൂട്ടായ  രാഷ്ട്രീയ. വൽക്കരണം ഉറപ്പുവരുത്തപ്പെടുന്നില്ല. തിരഞ്ഞെടുക്കപ്പെട്ട വനിതാപ്രതിനിധികൾക്ക് തുടർച്ചയായ ബോധവൽക്കരണ - നൈപുണ്യവർദ്ധന പരിപാടികളാണ് വേണ്ടത് എന്നാണ് പല റിപ്പോർട്ടുകളും ശുപാർശചെയ്യുന്നത്. (Mukerjee and Seema 2000 : 42 -44; Radha and Roy Chowdury 2002 : 33. 35, Vijayan and Sandhya 2004 : 76 - 77) സ്ത്രീകളെ രാഷ്ട്രീയത്തിലേക്ക് പ്രവേശിപ്പിക്കാൻ ഔത്സുക്യം കാണിച്ച രാഷ്ട്രീയകക്ഷികൾ ഈ സ്ത്രീകൾക്ക് പൂർണ്ണതയാർന്ന രാഷ്ട്രീയപ്രവർത്തനത്തിനുതകുന്ന നിപുണതകളും കഴിവുകളും വികസിപ്പിക്കാനുള്ള സാഹചര്യങ്ങളൊരുക്കുന്നതിൽ വിമുഖരായി കാണപ്പെട്ടു. തങ്ങൾക്കായി മറ്റുള്ളവർ നിർണ്ണയിച്ച റോളുകൾ ചെയ്യാൻ വിസമ്മതിച്ച സ്ത്രീകൾക്ക് പല ദുരനുഭവങ്ങളും നേരിടേണ്ടി വന്നു എന്ന് പഠനങ്ങൾ പറയുന്നുണ്ട്.( Chathukualam and John 2000, Mukerjee and Seema 2000 : 30, Muralidharan 2003 : Radha and Roy Chowdhury 2002 : 28 ഛ 31 Sukumar and Thomas 2003 : 9-10 Vijayan and Sandhya 2004).

പഞ്ചായത്തീരാജിന്റെ ഭാഗമായിത്തീർന്ന സ്ത്രീകൾ ശാക്തീകരിക്കപ്പെട്ടു എന്ന വാദത്തെ അട്ടിമറിക്കുന്നതാണ് മേൽപറഞ്ഞ ഉപേക്ഷ നിറഞ്ഞ നിലപാടുകൾ എന്ന് കേരളത്തിലെ പ്രത്യേക ചുറ്റുപാടിൽ പറയാം. ശാക്തീകരണം എന്നത്

ഇതുവരെ നിഷേധിക്കപ്പെട്ടിരുന്ന ജീവിതത്തിലെ നിർണ്ണായക തിരഞ്ഞെടുപ്പുകൾ നടത്താനുള്ള ജന


ങ്ങളുടെ ശേഷി വികസിപ്പിക്കുക എന്നതാണെന്ന് കബീർ (2000) കൃത്യമായി പറഞ്ഞിട്ടുണ്ട്. ചരിത്രപരമായ മാറ്റി നിറുത്തലുകളെ വെല്ലുവിളിക്കുന്നതും അടിച്ചമർത്തപ്പെട്ടവരുടെ വിലപേശൽശേഷിയെ (bargaining power) ശക്തിപ്പെടുത്തുന്നതും, നിർണ്ണായക തെരഞ്ഞെടുപ്പുകൾ നടത്താനുള്ള സാദ്ധ്യതകൾ വിപുലീകരിക്കുന്നതും, അങ്ങിനെ കാലക്രമേണ സാംസ്കാരിക അടിച്ചമർത്തൽ ഘടനകളെ പൊളിച്ചെഴുതി. അടിച്ചമർത്തപ്പെട്ടവർക്ക് പൊതുഇടത്തിൽ പൂർണ്ണമായ അംഗത്വം ഉറപ്പുവരുത്തുന്നതുമായിരിക്കണം ശാക്തീകരണ പ്രക്രിയ. എന്നാൽ ശാക്തീകരണ ത്തിന് എല്ലാ സ്ഥലത്തിനും സമയത്തിനും ബാധകമായ, മാറ്റമില്ലാത്ത ഒരൊറ്റ പൊതുരൂപമല്ല ഉള്ളത്. ഈ സവിശേഷരൂപം ഉടലെടുക്കുന്നത് പ്രാദേശികാധികാര സംവിധാനങ്ങളിലൂടെയും പ്രദേശിക പോരാട്ടങ്ങളിലൂടെയും ആയിരിക്കും. പൊതു രാഷ്ട്രീയാധികാരത്തിലേക്ക് പ്രവേശനം ലഭിച്ചു എന്നതുകൊണ്ടു മാത്രം സ്ത്രീകൾ ശാക്തീകരണത്തിലേക്കോ പൗരത്വത്തിലേക്കോ നയിക്കപ്പെടുന്നില്ല എന്നതു നേരുതന്നെ. എങ്കിലും, രാഷ്ട്രീയാധികാരം കൂടാതെ സ്ത്രീശാക്തീകരണത്തെക്കുറിച്ച് കേരളത്തിലെ പ്രത്യേക സാഹചര്യങ്ങളിൽ സങ്കൽപ്പിക്കാൻ പോലും പ്രയാസമായിരിക്കും.

> കൂടുതൽ സ്ത്രീകളുടെ രാഷ്ട്രീയസാന്നിദ്ധ്യം പ്രത്യേക താൽപര്യങ്ങളും അവകാശവാദങ്ങളുമുള്ള ഒരു പ്രത്യേക ഗ്രൂപ്പായി സ്ത്രീകളെ കാണാം എന്ന പ്രതീക്ഷയ്ക്ക് വക നല്കുന്നുണ്ട്.സ്ത്രീകളുടേതുമാത്രമായി ഒരു രാഷ്ട്രീയപാർട്ടി വേണമെന്ന് ഇവിടെ വിവക്ഷയില്ല.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭകാലത്ത് സ്ത്രീകളെ ആധുനികപൂർവ്വ കുടുംബസമുദായഘടനകളിൽ നിന്ന് മോചിപ്പിക്കാൻ ശ്രമിച്ച 'സ്ത്രീവിമോചന' പരിപാടി പൊതുരാഷ്ട്രീയാധികാരമെന്നാൽ പുരുഷന്മാർക്കുമാത്രം അവകാശപ്പെട്ടത് എന്ന സങ്കൽപ്പത്തിലധിഷ്ഠിതമായിരുന്നു എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് (Devika 2007). ഈ ആശയത്തെ എതിർക്കുകയും വെല്ലുവിളിക്കുകയും ചെയ്ത സ്ത്രീകൾ ഇരുപതാം നൂറ്റാണ്ടിൽ അടച്ചാക്ഷേപിക്കപ്പെട്ടു. ശാക്തീകരണത്തിന്റെ ഈ ആദ്യതരംഗം സ്ത്രീകളെ 'സമൂഹ' ത്തോടൊപ്പം ചേർത്തു പ്രതിഷ്ഠിച്ചു. 'സമൂഹ'മെന്ന സംവർഗം മനുഷ്യരു ടെ ജീവന്റെ നിലനിൽപ്പിനാവശ്യമായ എല്ലാത്തരം പ്രക്രിയകളും ഉൾപ്പെട്ട ഇടമായാണ് സങ്കല്പിക്കപ്പെട്ടത് – അപ്പോൾ കുടുംബം, പ്രജനനം മുതലായവ തുടങ്ങി ഇന്നു സാമൂഹ്യ വികസനത്തോടു നാം ചേർത്തു വായിക്കുന്ന പല പ്രവർത്തനങ്ങൾ (അടിസ്ഥാന വിദ്യാഭ്യാസം, പൊതു ജനാരോഗ്യ സംരക്ഷണം ആദിയാ യവ) വരെ അതിൽ ഉൾച്ചേർന്നിരുന്നു വെന്നർത്ഥം. ആരോഗ്യം, പോഷണം, വിദ്യാഭ്യാസം, കുടുംബപരിപാലനം, കുടുംബജീവിതപുനഃക്രമീകരണം എന്നിവയെല്ലാം രാഷ്ട്രീയ ത്തിൽ നിന്ന് ഒരു പരിധി വരെ അകൽച്ച പാലിക്കുന്നതായി കാണപ്പെട്ടു. (Riley 1995) അങ്ങനെയാണ് സ്ത്രീകളെ സാമൂഹ്യപ്രവർത്തനത്തോട് ചേർക്കപ്പെട്ടത്. ഈ സാമൂഹ്യഇടം പത്തൊമ്പാതാം നൂറ്റാണ്ടിന്റെ അവസാനകാലത്ത് കേരളത്തിൽ മിഷനറി പ്രവർത്തനം നടന്ന പ്രദേശങ്ങളിലും പുരോഗമനേച്ഛ പ്രകടിപ്പിച്ച തിരുവിതാംകൂർ പോലെയുള്ള പ്രദേശങ്ങളിലും ഉരുത്തിരിഞ്ഞ പുതിയ ആധുനികവത്കരണ അജണ്ടകളുടെ പ്രധാനഘടകമായി പ്രവർത്തിച്ചു. മലയാളി സ്ത്രീവാദികളുടെ ആദ്യതലമുറ പെട്ടെന്നു തന്നെ ഇതിനെ സ്ത്രീഇടമായി അവകാശപ്പെട്ടു. അവർ ഈ ഇടത്തെ കൂടുതൽ വിശാലമാക്കാൻ പരിശ്രമിക്കുകയും ചെയ്തു. രാഷ്ട്രീയത്തിൽ നിന്നുള്ള ഈ ഒഴിവാക്കൽ കേരളത്തിൽ സ്ത്രീകളുടെ അസമമായ പൗരത്വത്തിന്റെ സ്വഭാവമായി ഇന്നും തുടരുന്നു എന്നത് ശ്രദ്ധിക്കപ്പെട്ടു കഴിഞ്ഞു. (Teffrey 2003, Erwer 2033). അതുകൊണ്ട് കേരളത്തിൽ സ്ത്രീകൾക്ക് പൂർണ്ണപൗരത്വം ലഭിക്കണമെങ്കിൽ, സ്ഥാപനങ്ങളിലും, രാഷ്ട്രീയപ്രവർത്തനങ്ങളിലുമുള്ള അവരുടെ ചിട്ടപ്പെടുത്തപ്പെട്ട സാന്നിദ്ധ്യത്തിനപ്പുറം പൊതു രാഷ്ട്രീ യാധികാരത്തിലേക്ക് പൂർണ്ണാർത്ഥത്തിലുള്ള പ്രവേശനം സാദ്ധ്യമാക്കേണ്ടതുണ്ട്. സ്ത്രീകൾ ഭരിച്ചാൽ അഴിമതി കുറയും, സ്ത്രീകൾക്ക് നീതി ലഭിക്കും എന്നീ പ്രത്യാശകൾ പലപ്പോഴും സ്ത്രീകളുടെ രാഷ്ട്രീയപ്രവേശത്തിന്റെ നീതികരണങ്ങളായി അവതരിപ്പിക്കപ്പെടാറുണ്ട്. എന്നാൽ മുൻപറഞ്ഞ ഒഴിവാക്കലിനുള്ള പരിഹാരമായി വേണം അതിനെ കാണാ ൻ. അതായത്, ഇപ്പറഞ്ഞ ഗുണഫലങ്ങൾ ഒന്നും യാഥാർത്ഥ്യമാക്കിയില്ലെങ്കിലും ചരിത്രപരമായി നിഷേധിക്കപ്പെട്ട അവകാശങ്ങളുടെ സ്ഥാപനം എന്ന നിലയ്ക്ക് സ്ത്രീകളുടെ രാഷ്ട്രീയപ്രവേശം നടക്കേണ്ടതാണ് എന്നർത്ഥം. കൂടാതെ അവകാശങ്ങൾ നിഷേധിക്കപ്പെട്ട സമുദായങ്ങളിലെ സ്ത്രീകൾ അടക്കം (Hurst 2006) ഇന്ത്യയിലെ സ്ത്രീകൾ ഒന്നാകെ പ്രകടിപ്പിച്ച പൊതുജീവിതാഭിമുഖ്യവും, പൊതുകാര്യ വിജ്ഞാനവും, പ്രതീക്ഷയുണർ ത്തുന്ന ഒരു പ്രതീകാത്മക സാന്നിദ്ധ്യമായി സ്ത്രീവിരോധ വാർപ്പുമാതൃകകളെ തകർത്തെറിയുക എന്ന സ്ത്രീപക്ഷ രാഷ്ട്രീയലക്ഷ്യത്തോട് അടുക്കാൻ സഹായിച്ചിട്ടുണ്ട്.

രണ്ടാമതായി, രാഷ്ട്രീയധികാരത്തിലേക്കുള്ള സ്ത്രീപ്രവേശം പെൺനീതിയ്ക്കു വേണ്ടിയുള്ള പോരാട്ടങ്ങൾക്കായി നിലകൊള്ളുന്ന സ്ത്രീകളുടെ കൂട്ടായ്മ രൂപപ്പെടുത്തുന്നതിന് പരോക്ഷമായി സഹായിക്കുമെന്നതു തീർച്ചയാണ്. സ്ത്രീകളെ ഒരു പൊതുസംവർഗമായി അവതരിപ്പിക്കുന്ന രീതിയാണ് സർക്കാരിനുള്ളതെന്ന് വ്യക്തമാണ്. ആ സംവർഗത്തിന്റെ രാഷ്ട്രീയവൽക്കരണം തീർച്ചയായും ഒരു സ്ത്രീപക്ഷ രാഷ്ട്രീയലക്ഷ്യം തന്നെ. സംസ്ഥാനസർക്കാർ അവശ സ്ത്രീവിഭാഗങ്ങളുടെ ക്ഷേമപരിപാടികൾക്ക് വേണ്ടി വിഭവങ്ങളിൽ വലിയൊരു പങ്ക് നീക്കി വെയ്ക്കുന്നുണ്ട്. എന്നാൽ സ്ത്രീ കളെ ജീവസ്സില്ലാത്ത വെറുമൊരു 'ഭരണീയവിഭാഗം' മാത്രമായും, ക്ഷേമപരിപാടികളുടെ ഗുണഭോക്താവ് മാത്രമായും കുറച്ചുകാണുന്ന ഭരണകൂടശ്രമങ്ങൾ, അതിനനുസൃതമായി സ്ത്രീകളുടെ ആവശ്യങ്ങളെ വ്യാഖ്യാനിക്കുന്നു എന്ന് ഇവിടെ എടുത്തുപറയേണ്ടതാണ്. ചരിത്രപരമായി നോക്കിയാൽ, കേരളത്തിലെ അവസരം നിഷേധിക്കപ്പെട്ട ജനവിഭാഗങ്ങൾ തങ്ങളുടെ അവകാശങ്ങൾക്കും അർഹമായ വിഭവസമ്പത്തിനുമായി രാഷ്ട്രീയമായി സംഘടിച്ച് ഭരണകൂടവുമായും താന്താങ്ങളുടെ രാഷ്ട്രീയകക്ഷികളുമായും വില്പേശിക്കൊണ്ടാണ് ശാക്തീകരണം സാദ്ധ്യമാക്കേണ്ടത്. സ്ത്രീകളുടേതുമാത്രമായി ഒരു രാഷ്ട്രീയപാർട്ടി വേണമെന്ന് ഇവിടെ വിവക്ഷയില്ല. എങ്കിലും രാഷ്ട്രീയകക്ഷികളുമായി വിലപേശാൻ പ്രാപ്തിയുള്ള സംഘങ്ങളായി സ്ത്രീകൾ മാറേണ്ടതുണ്ട്.

കൂടുതൽ സ്ത്രീകളുടെ രാഷ്ട്രീയസാന്നിദ്ധ്യം പ്രത്യേക താൽപര്യങ്ങളും അവകാശവാദങ്ങളുമുള്ള ഒരു പ്രത്യേക ഗ്രൂപ്പായി സ്ത്രീകളെ കാണാം എന്ന പ്രതീക്ഷയ്ക്ക് വക നല്കുന്നുണ്ട്. ക്ഷേമ പരിപാടികൾക്ക് അർഹത നിർണ്ണയിക്കുന്നത് സംബന്ധിച്ച തീരുമാനങ്ങളെടുക്കുവാനുള്ള അധികാരം നിശ്ചയിക്കപ്പെടുന്നത് പൊതു രാഷ്ട്രീയത്തിലും, ഉന്നതനിയമ നിർമ്മാണസ്ഥാപനങ്ങളിലും കക്ഷിരാഷ്ട്രീയ വ്യവസ്ഥയിലും ആണ് എന്നതിനാൽ ഈ സ്ഥാപന വ്യവസ്ഥകളിലെ സാന്നിദ്ധ്യം ഒരു ഗ്രൂപ്പ് എന്ന നിലയിലുള്ള സ്ത്രീകളുടെ വിലപേശൽശേഷി വർദ്ധിപ്പിക്കുന്നതിന് അനിവാര്യമാണ്. തൊണ്ണൂറുകളുടെ അവസാന വർഷങ്ങളിൽ, കേരളത്തിലെ സ്ത്രീപ്രസ്ഥാനങ്ങൾ പ്രധാനപ്പെട്ട രാഷ്ട്രീയക്കാർ ഉൾപ്പെട്ട ലൈംഗിക പീഡനക്കേസുകളെ ചൊല്ലി, രാഷ്ട്രീയരംഗത്തെ ശക്തി ഘടകങ്ങൾക്കെതിരെ കടുത്ത പോരാട്ടത്തിലേർപ്പെടുകയുണ്ടായി. (Devika and Kodoth 2001) അന്ന് രാഷ്ട്രീയത്തിൽ സ്ത്രീ സാന്നിദ്ധ്യം വളരെ കുറവായിരുന്നു. സ്ത്രീവാദികൾക്ക് തങ്ങളുടെ പ്രശ്നങ്ങളുന്നയിക്കുവാൻ മാത്രം സ്ത്രീകൾ രാഷ്ട്രീയത്തിൽ ഉണ്ടായിരുന്നില്ല. സ്ത്രീ പ്രശ്നങ്ങളിലിടപെട്ട് വാദിച്ച സ്ത്രീരാഷ്ട്രീയപ്രവർത്തകരാകട്ടെ തങ്ങളുടെ രാഷ്ട്രീയകക്ഷികളിൽ വല്ലാതെ ഒറ്റപ്പെട്ടു. കാരണം, പാർട്ടിയിൽ നിർണ്ണയശേഷിയുള്ള ചുരുക്കം സ്ത്രീകളാണുണ്ടായിരുന്നത്. അവരാകട്ടെ പാർട്ടിയിലുണ്ടായിരുന്ന പുരുഷന്മാരുടെ ഔദാര്യം പറ്റി കഴിയുന്നവരായിരുന്നു.



മൂന്നാമതായി, സ്ത്രീയുടെ രാഷ്ട്രീയപ്രവേശം രാഷ്ട്രീയരംഗത്തെ ഘടനവൽക്കരിക്കുന്ന പുരുഷകേന്ദ്രീകൃതമൂല്യങ്ങളെയും, പുരുഷമേൽക്കോയ്മയിലധിഷ്ഠിതമായ പൗരത്വത്തെയും മാറ്റിമറിക്കുക എന്ന സ്ത്രീപക്ഷ രാഷ്ട്രീയ ലക്ഷ്യത്തിന് പിൻബലമേകിയേക്കാം. പരമ്പരാഗതമായി പൗരത്വം രൂപമെടുക്കുന്നത് ആസ്തി കൈയാളുന്ന കുടുംബനാഥന്റെ സങ്കൽപ്പം എന്ന മൂശയിലാണെന്ന് പെൺപക്ഷ രാഷ്ട്രീയ സൈദ്ധാന്തികർ ചൂണ്ടിക്കാണിക്കുന്നു. (Pataman 1988; Mendus 1992) പൗരത്വസങ്കൽപ്പത്തെ മാറ്റിക്കുറിച്ച ഈ ഫെമിനിസ്റ്റ് ലിഖിതങ്ങൾ, ലിംഗഭേദമില്ല എന്നു നടിക്കുന്ന എന്നാൽ പുരുഷസ്വഭാവം ഉൾച്ചേർക്കപ്പെട്ടിരിക്കുന്ന പൗരത്വത്തെ വെല്ലുവിളിക്കുവാൻ ശ്രമിച്ചു(Phillips 1995). കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളായി സ്ത്രീകളെ പൊതുഇടത്തിൽ കൊണ്ടുവരാനുള്ള കുടുംബശ്രീ പോലുള്ള സംരംഭങ്ങളുമായി സംസ്ഥാനസർക്കാർ മുന്നിട്ടിറങ്ങുന്ന ഈ സാഹചര്യത്തിൽ, പ്രത്യേകിച്ച് അവ ഏറ്റെടുത്ത് കൊണ്ടിരിക്കുന്ന പൊതുപ്രവർത്തനങ്ങളുടെയും ഉത്തരവാദിത്വങ്ങളുടെയും പശ്ചാത്തലത്തിൽ പൊതുജീവിതത്തിന്റെ ദൈനംദിന നടത്തിപ്പിൽ ഉൾചേർന്നിരിക്കുന്ന പുരുഷാനുകൂലഘടനകളെ വെല്ലുവിളിക്കേണ്ടത് അത്യാവശ്യം തന്നെ.


വ്യവസ്ഥാപിത സംവിധാനങ്ങളിൽ നീതി ഉറപ്പു വരുത്തുവാനും പ്രതീകാത്മകഫലങ്ങൾ ഉളവാക്കാനും സ്ത്രീസംവരണം ശുപാർശ ചെയ്യേണ്ടതാണെന്ന് സ്ത്രീപക്ഷ രാഷ്ട്രീയസൈദ്ധാന്തികർ ആവശ്യപ്പെടുന്നു. (Dahlerupp 1998, Sawer 2000) സ്ത്രീയായിരിക്കുന്നതിന്റെ അനുഭവസമ്പത്ത് സ്ത്രീതാൽപര്യങ്ങൾക്കായി പ്രവർത്തിക്കാൻ സ്ത്രീരാഷ്ട്രീയപ്രവർത്തകരെ പ്രേരിപ്പിക്കുമെന്ന വാദവും ഇതിലേക്കായി സ്ത്രീപക്ഷവാദികൾ മുന്നോട്ട് വയ്ക്കുന്നുണ്ട്. (Dahlerupp 1998, Childs 2004), കൂടുതൽ ശക്തമായ മറ്റൊരു വാദഗതി ഇതാണ്. സ്ത്രീ രാഷ്ട്രീയാധികാരം നേടിയെടുക്കുന്നതോടുകൂടി പൗരത്വസ്വഭാവം മാറുകയും അനന്തരാവകാശങ്ങളും ശിശുപരിപാലനവും പോലുള്ള ഘടകങ്ങളിൽ, സ്ത്രീകൾക്കനുകൂലമായ മാറ്റമുണ്ടാവുകയും ചെയ്തു എന്നു ചിലർ ചൂണ്ടിക്കാട്ടുന്നു. (Siim 2004) പക്ഷേ ഇത്തരം സംവരണത്തിന്റെ പ്രാധാന്യത്തെ അമിതമായി ഊന്നാനും ഫെമിനിസ്റ്റ് ഗവേഷകർ തയ്യാറല്ല. ഇത്തരം ക്വാട്ടകൾ സ്ത്രീശാക്തീകരണത്തിനുള്ള ബഹുമുഖപരിപാടികളിൽ ഒന്ന് മാത്രമാണെന്നും ഇതിലൂടെ സാമൂഹിക-സാമ്പത്തികവിഭവങ്ങളുടെ ഒരു പുനർവിതരണം കൂടി നടക്കേണ്ടതുണ്ടെന്നും ഷിറിൻ റായ് വാദിക്കുന്നുണ്ട്. (Rai 2008 : 2009) ഇന്ത്യയിലെയും സൗത്ത് ആഫ്രിക്കയിലെയും സംവരണ സമ്പ്രദായങ്ങൾ താരതമ്യപ്പെടുത്തികൊണ്ട് ഇത്തരം ക്വാട്ടക

ളുടെ ശാക്തീകരണഫലങ്ങൾ സ്ത്രീ സംഘടനകൾ പ്രവർത്തിക്കുന്ന മൊത്തം രാഷ്ട്രീയസാഹചര്യത്തിനനുസരിച്ചായിരിക്കും എന്നാണ് ഷിറിൻ ഹഷിം (2010) പറയുന്നത് (പുറം.22). സ്ത്രീസംവരണത്തിന്റെയും സ്ത്രീകളെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ വേണ്ട മറ്റുപാധികളുടെയും(ഉദാഹരണത്തിന് gender mainstreaming) പ്രഭാവം വ്യക്തതയാർന്നതാവില്ല എന്ന് ഫെമിനിസ്റ്റ് ഗവേഷകർ ചൂണ്ടിക്കാട്ടുന്നുണ്ട്. (Waylen 2009, Manicom 2001) തന്നെയുമല്ല ചിലപ്പോഴൊക്കെ ഇത്തരം ഉൾപ്പെടുത്തലുകൾ ജനാധിപത്യസംവിധാനത്തിലേതിനെക്കാൾ, ജനാധിപത്യസംവിധാനമില്ലാത്തിടത്ത് എളുപ്പമായിരിക്കും എന്നും നിരീക്ഷകർ ചൂണ്ടിക്കാട്ടുന്നുണ്ട് (Krook 2009 : 106). സംഘടിക്കാനും അവകാശങ്ങളുന്നയിക്കാനുമുള്ള ജനാധിപത്യ ഇടമില്ലെങ്കിൽ വ്യവസ്ഥാപിത സംവിധാനങ്ങളിൽ ഉയർന്ന സ്ത്രീ സാന്നിദ്ധ്യം കൊണ്ട് ശാക്തീകരണം സംഭവിക്കുന്നില്ല എന്ന് കിഴക്കൻ യൂറോപ്പിലെ കമ്മ്യൂണിസ്റ്റ് ഭരണപ്രദേശങ്ങളിലെ (മുൻ) അനുഭവങ്ങൾ കാണിച്ചു തരുന്നുണ്ട്(-Jaserska 2003). ഇവിടെ പഠന വിധേയമാക്കുന്ന വിഷയം തെരഞ്ഞെടുക്കുമ്പോൾ മേൽപറഞ്ഞ കാര്യങ്ങളിൽ ജാഗ്രത പുലർത്തിയിട്ടുണ്ട്.

ഇന്ത്യയിൽ സ്ത്രീസംവരണം ന്യായീകരിക്കപ്പെടുന്നതിനടിസ്ഥാനം സ്ത്രീകളുടെയും കുട്ടികളുടെയും ആവശ്യങ്ങളെ പ്രതിനിധീകരിക്കാൻ 'സ്ത്രീകൾ'ക്ക് ഒരു പ്രത്യേക കഴിവുണ്ട് എന്ന വാദമാണ്. ഇതുകൊണ്ട് പഞ്ചായത്ത്രാജ് സ്ഥാപനങ്ങളിലെ സ്ത്രീകൾക്കായുള്ള സംവരണം അവരെ രാഷ്ട്രീയ ഉന്നതിയിലേക്ക് നയിക്കുമോ എന്ന് ഇന്ത്യയിൽ നിരീക്ഷകർ ആശങ്ക പ്രകടിപ്പിക്കുന്നുണ്ട്. എന്നാൽ ഇതരപിന്നോക്ക വിഭാഗക്കാരുടെ(OBC) സംവരണചർച്ച മറ്റൊരു വിധത്തിലാണ്. ഭൂതകാലത്തിൽ ചരിത്രപരമായി അവകാശം നിഷേധിക്കപ്പെട്ടിരുന്നവർ എന്ന നിലയ്ക്കാണ് അവരുടെ സംവരണാവകാശം ഉന്നയിക്കപ്പെടുന്നത്(-Singer 2007 : 122). ഇത്തരം രൂപപ്പെടലുകളിൽ സ്ത്രീ O.B.C എന്നതുപോലെ ഒരു രാഷ്ട്രീയവിഭാഗമായി എണ്ണപ്പെടുന്നില്ല. കേരളത്തിലെ സ്ത്രീസംവരണചർച്ചകളിലും മുൻപറഞ്ഞ അരാഷ്ട്രീയവാദം പ്രത്യക്ഷമായിരുന്നുവെങ്കിലും രാഷ്ട്രീയാടിസ്ഥാനത്തിൽ തന്നെ ഇത്തരം സംവരണം ലഭിക്കണമെന്ന് സ്ത്രീപക്ഷ രാഷ്ട്രീയത്തിന്റെ വക്താക്കൾ ആവശ്യപ്പെടേണ്ടതുണ്ട്. കേരളത്തിൽ ഇത്തരം സംവരണങ്ങളുടെ പ്രസക്തിയെ ഒരിക്കലും കുറച്ചുകാണാനാവില്ല. 1940കൾക്കുശേഷം, അതായത് തിരുവിതാംകൂറിലെയും, കൊച്ചിയിലേയും നിയമനിർമ്മാണ സഭകളുടെ തിരോധാനത്തിനു ശേഷം ആദ്യമായാണ് ഇത്തരം സാന്നിദ്ധ്യം മലയാളി സ്ത്രീകൾക്ക് കൈവന്നിരിക്കുന്ന തെന്ന വസ്തുത മറക്കാൻ പാടില്ല. കേരളത്തിലെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ ഈ സംവരണങ്ങൾ സ്ത്രീകൾക്ക് രാഷ്ട്രീയമഭ്യസിക്കാനുള്ള പരിശീലനക്കളരികൾ തുറന്നുകിട്ടാനുള്ള സാദ്ധ്യതയുണ്ടാക്കുന്നു എന്നതാണ് ഇത്തരം സംവരണങ്ങളുടെ പ്രധാന പ്രയോജനമായി ഇടതുപക്ഷത്തിലെ മുതിർന്ന സ്ത്രീ രാഷ്ട്രീയപ്രവർത്തകർ കണ്ടത്. ആ ഒരു ലക്ഷ്യം സഫലമായിട്ടില്ലെങ്കിൽ ആ പരാജയം എന്തുകൊണ്ട് സംഭവിച്ചു എന്ന് നാം അന്വേഷിക്കേണ്ടതുതന്നെ. ■

ജെ.ദേവികയും, ബിനിത തമ്പിയും ചേർന്നെഴുതിയ 'New Lamps for old ? : Gender Paradoxes of Political Decentralization in Kerala' (Zubban, New Delhi 2011 ൽ പ്രസിദ്ധീകരിക്കുന്നത്) എന്ന പുസ്തകത്തിൽ നിന്ന് എടുത്ത ഒരു ഭാഗം - വിവർത്തനം ചെയ്തത് സി.എസ്.മീനാക്ഷി).





**സംവരണത്തിലൂടെ അധികാരമേറ്റ സ്ത്രീകളുടെ മനോഭാവം മാറേണ്ടതുണ്ട്. പൊതുഇടങ്ങൾ സ്ത്രീകൾക്കു കൂടി അവകാശപ്പെട്ടതാണെന്ന് ഉറപ്പാക്കുക, ആൺകോയ്മാ ചട്ടക്കൂടിനകത്തുള്ള ഭരണസംവിധാനം മാറ്റുക, വികസനപ്രക്രിയയിൽ മനുഷ്യന്റെയും പ്രകൃതിയുടെയും നിലനില്പ് അടിസ്ഥാനമാക്കിയ സമീപനം സ്വീകരിക്കുക തുടങ്ങിയവ പ്രാധാന്യത്തോടെ പരിഗണിക്കുമെന്ന് പ്രതീക്ഷിക്കുന്നു.**

# സംവരണം കേരള സ്ത്രീവേദിയുടെ നിലപാട്


ജ്യോതി നാരായണൻ



**കേരളത്തിൽ** 1996 മുതൽ പ്രവർത്തിച്ചുതുടങ്ങിയ ഒരു സ്വതന്ത്ര സ്ത്രീ പ്രസ്ഥാനമാണ് കേരളാ സ്ത്രീവേദി. വിവിധ സ്ത്രീ സംഘടനകളുടെയും, സ്ത്രീകളുടെയും ശൃംഖലയായ കേരള സ്ത്രീവേദി, തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലെ അധികാരത്തിന്റെ പകുതി സ്ത്രീകൾ കയ്യാളുക എന്നത് വളരെ പ്രാധാന്യത്തോടെയാണ് കാണുന്നത്. കഴിഞ്ഞ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് സ്ത്രീവേദി പ്രഖ്യാപിച്ച നിലപാടാണ് താഴെ കൊടുക്കുന്നത്.

5 കോർപ്പറേഷനുകൾ 59 മുനിസിപ്പാലിറ്റികൾ, 14 ജില്ലാപഞ്ചായത്തുകൾ, 152 ബ്ലോക്കു പഞ്ചായത്തുകൾ, 978 ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലായി സംവരണത്തിലൂടെയും അല്ലാതെയുമായി 50% ത്തിലധികം സ്ത്രീകൾ ഭരണരംഗത്ത് പ്രവേശിച്ചു കഴിഞ്ഞു. നേരത്തെ 35% സ്ത്രീകൾ ഭരണപ്രക്രിയയിലായിരുന്നപ്പോൾ ഭരണസ്ഥാപനങ്ങളുടെ പ്രവർത്തനത്തിലോ, ശൈലിയിലോ മാറ്റം വരുത്താനോ സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ കുറയ്ക്കാനോ കഴിഞ്ഞില്ല. പലപ്പോഴും പലരുടെയും ആജ്ഞാനുവർത്തികളായി മാത്രം ഭരണം നടത്തേണ്ടി വന്നു. അതിനുള്ള കാരണങ്ങൾ മനസ്സിലാക്കാനോ മറികടക്കാനോ ശ്രമിക്കാതെ സ്ത്രീ കളുടെ കഴിവുകേടായി ചിത്രീകരിക്കുന്ന പ്രവണതയാണ് പൊതുവെ കണ്ടുവരുന്നത്. ഈ സാഹചര്യത്തിലാണ് സ്ത്രീവേദി ചില മാർഗനിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുന്നത്.

സ്ത്രീകളുടെ കഴിവുകളെ



അംഗീകരിച്ചുകൊണ്ട് അവയെ മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലനങ്ങളും തീരുമാനമെടുക്കൽ പ്രക്രിയയിലുള്ള പൂർണ്ണ സ്വാതന്ത്ര്യവും നല്കുന്നതായിരിക്കണം പുതിയ ഭരണസമിതികൾ.

സംവരണത്തിലൂടെ അധികാരമേറ്റ സ്ത്രീകളുടെ മനോഭാവം മാറേണ്ടതുണ്ട്. പൊതുഇടങ്ങൾ സ്ത്രീകൾക്കു കൂടി അവകാശപ്പെട്ടതാണെന്ന് ഉറപ്പാക്കുക, ആൺകോയ്മാ ചട്ടക്കൂടിനകത്തുള്ള ഭരണസംവിധാനം മാറ്റുക, വികസന പ്രക്രിയയിൽ മനുഷ്യന്റെയും പ്രകൃതിയുടെയും നിലനില്പ് അടിസ്ഥാനമാക്കിയ സമീപനം സ്വീകരിക്കുക തുടങ്ങിയവ പ്രാധാന്യത്തോടെ പരിഗണിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## കേരളത്തിന്റെ പൊതു അവസ്ഥ

■ വികസനത്തിന്റെ പേരിൽ പ്രകൃതിവിഭവങ്ങളുടെ മേലുള്ള കടന്നുകയറ്റങ്ങളും സാധാരണ ജനങ്ങളുടെ കുടിയൊഴിപ്പിക്കലുകളും അനിയന്ത്രിതമായി വർദ്ധിച്ചുവരികയാണ്.

■ റിയൽ എസ്റ്റേറ്റും ഹാർബർ പണയപ്പെടുത്തലും, ബി.ഒ.ടി റോഡുകളും ബിയർപാർലറുകളും മുട്ടിനു മുട്ടിനു എയർപോർട്ടുകളുമാണ് ഇന്ന് വികസനത്തിന്റെ മുഖമുദ്ര.

■ കേന്ദ്ര-സംസ്ഥാന സർക്കാറുകൾ സൗജന്യവാഗ്ദാനങ്ങൾ നല്കി ബഹുരാഷ്ട്രകുത്തകകളെ ആകർഷിക്കുന്ന നയം ആവേശത്തോടെ നടപ്പിലാക്കുന്നു.

■ സ്വാശ്രയ-സ്വയം പര്യാപ്ത വികസന മാതൃകകൾ പുറം തള്ളിക്കൊണ്ട് ഐ.ടിയും ടൂറിസവുമാണ് പ്രധാന വികസനനയങ്ങളും വരുമാനമാർഗവുമെന്നത് സാധാരണക്കാരുടെമേൽ അടിച്ചേല്പിക്കപ്പെടുന്നു. ടൂറിസംവികസനത്തിലൂടെ അങ്ങേ യറ്റം വിനാശകരമായ ഒരു ലൈംഗി കസംസ്ക്കാരത്തിനു വഴിയൊരുക്കുന്നു.

■ പൂർണ്ണമായി ഉദാരവത്ക്കരിക്കപ്പെട്ട മദ്യനയം കുടുംബങ്ങളിലും പൊതുസമൂഹത്തിലും ഉണ്ടാക്കിവെയ്ക്കുന്ന സാമൂഹ്യദുരന്തം വളരെയേറെയാണ്.

■ സെക്സ്റാക്കറ്റ് മാഫിയയുടെ വളർച്ച, അതോടൊപ്പം ആദിവാസിമേഖലകളടക്കം കാണാതാക്കപ്പെടുന്ന പെൺകുട്ടികളുടെ എണ്ണം എന്നിവ വർദ്ധിച്ചുവരുന്ന അവസ്ഥ.

■ അഴിമതിയും കൈക്കൂലിയും പഞ്ചായത്തു മുതൽ പാർലമെന്റു വരെ വ്യാപകമായി കഴിഞ്ഞിരിക്കുന്നു.

■ ആദിവാസി-ദളിത് വിഭാഗങ്ങളുടെ കൃഷിഭൂമിക്കുമേലുള്ള അവകാശം പരിഗണിക്കപ്പെടാതെ അവർ സമൂഹത്തിലെ ചേരികളിലേക്ക് തള്ളപ്പെടുന്നു.

■ വർഗീയത ഇന്നാട്ടിലെ പൊതുസമൂഹത്തിന്റെ ജനാധിപത്യ-മതനിരപേക്ഷമൂല്യങ്ങൾക്കെതിരെ കടുത്ത വെല്ലുവിളികൾ ഉയർത്തിക്കൊണ്ട് വളർന്നു പന്തലിക്കുന്നു.

■ ക്വട്ടേഷൻ സംഘങ്ങളും തീവ്രവാദവും മയക്കുമരുന്നിന്റെ ഉപയോഗവും സമൂഹാന്തരീക്ഷത്തിൽ ഞെട്ടലുകൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു.

■ അന്താരാഷ്ട്ര മാർക്കറ്റിനെ പൂർണ്ണമായും ആശ്രയിക്കുന്ന, വാണിജ്യ വിളകൾക്ക് ഊന്നൽ കൊടുക്കുന്ന കൃഷി സമ്പ്രദായത്തോടൊപ്പം കടന്നു വരുന്ന കടബാദ്ധ്യതകൾ കർഷകസമൂഹത്തെ തകർത്തുകൊണ്ടിരിക്കുന്നു. ഭക്ഷ്യവിളകൾ പൂർണ്ണമായി അവഗണിക്കപ്പെടുന്നു.

■ സമ്പൂർണ്ണമായ ഉദാരവത്ക്കരണവും സ്വകാര്യവത്ക്കരണവും ചെറുകിട വ്യവസായ മേഖലയിലും മറ്റു നിർണ്ണായക വ്യവസായങ്ങളിലും കടുത്തതൊഴിലില്ലായ്മ സൃഷ്ടിക്കുന്നു.

## സ്ത്രീകളുടെ അവസ്ഥ

1) ഗാർഹികപീഡനങ്ങളും ബാലലൈംഗികപീഡനങ്ങളും കൗമാരപ്രായത്തിലുള്ള പെൺകുട്ടികളെ ചതിക്കുഴിയിലകപ്പെടുത്തുന്ന സെക്സ് റാക്കറ്റുകളും ക്രമാതീതമായി വർദ്ധിച്ചുവരികയാണ്.

2) തൊഴിൽ സാദ്ധ്യതകൾ ഏറെ ലഭ്യമായ അസംഘടിത, സ്വകാര്യ മേഖലകളിൽ സ്ത്രീചൂഷണവും പീഡനങ്ങളും ഏറിവരുന്നു.

3) വളരെയധികം ഉദാരവത്ക്കരിക്കപ്പെട്ട ഒരു മദ്യനയമാണ് സർക്കാർ നടപ്പിലാക്കുന്നത്. അതുമൂലം പുരുഷ ൻമാരുടെ ഇടയിൽ വ്യാപിച്ചു കൊ ണ്ടിരിക്കുന്ന മദ്യപാനാസക്തി ഗൃഹാ ന്തരീക്ഷത്തെ നരകതുല്യമാക്കുന്നു. ഗാർഹികപീഡനങ്ങളും സംഘർഷഭരിതമായ കുടുംബാന്തരീക്ഷവും സ്ത്രീകളുടെ ആരോഗ്യത്തെയും കുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസത്തെയും ദോഷകരമായി ബാധിക്കുന്നു, ഇത്

പെൺകുട്ടികളെ അരക്ഷിതാവസ്ഥയിലേക്കും ആൺകുട്ടികളെ ക്രിമിനൽവത്ക്കരണത്തിലേക്കും നയിക്കുന്നു.

4) ആഭരണക്കടകളുടെ പരസ്യത്തിലും നവവധുവിന്റെ ആഭരണപ്രദർശനത്തിലും സ്ത്രീ വെറും ഉപകരണം മാത്രം.

5) പതിറ്റാണ്ടുകൾക്കു മുമ്പ് ഏറെയൊന്നും സ്വാധീനമില്ലാത്ത സമൂഹങ്ങളിൽ പോലും സ്ത്രീധനം ഒരു വൻ തിന്മയായി വളർന്നുകഴിഞ്ഞിരിക്കുന്നു. ഇതിന്റെ പേരിലുള്ള പീഡനങ്ങളും ഭയാനക രൂപം കൈവരിച്ചു കൊണ്ടിരിക്കയാണ്.

6) സ്ത്രീധനകൊലപാതകങ്ങളും ആത്മഹത്യകളും നിത്യസംഭവങ്ങളാണ്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ കൈകാര്യം ചെയ്യാൻ നിയമങ്ങൾ ഏറെയുണ്ടെങ്കിലും അവ വേണ്ടത്ര ഫലപ്രദമാകുന്നില്ല. ഇത്തരം വിഷയങ്ങളിൽ സ്ത്രീപക്ഷത്തുനിന്ന് വസ്തുതകൾ പഠിക്കുകയും നിലപാടെടുക്കുകയും ചെയ്യുന്നവരായിരിക്കണം സ്ത്രീപ്രതിനിധികൾ. അവർ പാർട്ടിയുടെയോ മുന്നണിയുടേയോ ആജ്ഞാനുവർത്തികൾ മാത്രമായിരിക്കരുത്. സ്ത്രീപ്രതിനിധികൾക്ക് തങ്ങളുടെ ഭരണനേട്ടങ്ങൾക്കു വേണ്ടി പ്രവർത്തിക്കാൻ കഴിയുന്ന ചില മേഖലകൾ ചൂണ്ടിക്കാണിക്കുന്നു.

■ സ്വന്തം ഗ്രാമങ്ങളിലെ സമാധാന-സ്വൈര്യജീവിതം താറുമാറാക്കുന്ന, ക്രമസമാധാന പ്രശ്നമുണ്ടാക്കുന്ന മദ്യഷാപ്പുകൾക്ക് സർക്കാർ ലൈസ ൻസ് കൊടുത്താലും ആ ലൈസ ൻസ് റദ്ദാക്കാനുള്ള അധികാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നല്കുന്ന 232, 447 എന്നീ വകുപ്പുകൾ (പതിനഞ്ചുകൊല്ലം മുമ്പുണ്ടായിരുന്നത്) പുനഃസ്ഥാപിക്കപ്പെടാൻ സംസ്ഥാന സർക്കാറിന്മേൽ സമ്മർദ്ദം ചെലുത്തണം.

■ സ്വന്തം പരിധിക്കകത്തെ സ്ത്രീപീഡന പ്രശ്നങ്ങളിൽ ഫലപ്രദമായി ഇടപെടാനുതകുമാറ് ജാഗ്രതാസമിതികളുടെ പ്രവർത്തനങ്ങളെ പുനഃ സംഘടിപ്പിക്കുക, സ്ഥലത്തെ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോക്ട റെ ജാഗ്രതാ സമിതി അംഗമാക്കുക, മദ്യപനായ ഗൃഹനാഥന്റെ പീഡനമേല്ക്കേണ്ടിവരുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണം നല്കേണ്ടത് ജാഗ്രതാസമിതികളുടെ ചുമതലയാക്കുക, അത്തരം പുരുഷന്മാരെ മദ്യപാനാസക്തിയിൽനിന്ന് മോചിപ്പിക്കാനും പുനരധിവസിപ്പിക്കാനും ഡി-അഡിക്ഷൻ സെന്ററുകൾ പഞ്ചായത്തുകളിൽ സ്ഥാപിക്കുക, മാത്രമല്ല, സ്ത്രീകൾക്ക് സൗജന്യനിയമസഹായം നല്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുക, ഗാർഹിക പീഡനനിരോധനനിയമമനുസരിച്ചുള്ള സേവനദാതാക്കളായ സംഘടനകൾക്ക് ആവശ്യമായ സഹായങ്ങൾ നല്കുക.

■ സ്ത്രീയുടെ ജീവിതത്തെ പൂർണ്ണമായും നിയന്ത്രിക്കുകയും, ഗാർഹികപീഡനങ്ങൾക്ക് അടിത്തറ പാകുകയും ചെയ്യുന്ന സ്ത്രീധന സമ്പ്രദായത്തെ സ്ത്രീകൾക്കു നേരെയുള്ള ഗുരുതരമായ ഒരു മനുഷ്യാവകാശലംഘനമായി കാണുകയും സ്വന്തം പഞ്ചായത്തുകളിൽ ഇത്തരം വിവാഹങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്യുക.

■ തൊഴിലിടങ്ങളിലെ ലൈംഗികചൂഷണം തടയാൻ ഫലപ്രദമായി ഇടപെടുന്ന ആന്റിഹറാസ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുകയും അംഗങ്ങളുടെ അഡ്രസ്സ് കഴിയുന്നിടത്തെല്ലാം പരസ്യപ്പെടുത്തുകയും ചെയ്യുക.

■ വിലക്കയറ്റത്തിനെതിരെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. പ്രാദേശിക മാർക്കറ്റുകൾ,





> സ്ത്രീധനകൊലപാതകങ്ങളും ആത്മഹത്യകളും നിത്യസംഭവങ്ങളാണ്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ കൈകാര്യം ചെയ്യാൻ നിയമങ്ങൾ ഏറെയുണ്ടെങ്കിലും അവ വേണ്ടത്ര ഫലപ്രദമാകുന്നില്ല. ഇത്തരം വിഷയങ്ങളിൽ സ്ത്രീപക്ഷത്തുനിന്ന് വസ്തുതകൾ പഠിക്കുകയും നിലപാടെടുക്കുകയും ചെയ്യുന്നവരായിരിക്കണം സ്ത്രീപ്രതിനിധികൾ. അവർ പാർട്ടിയുടെയോ മുന്നണിയുടേയോ ആജ്ഞാനുവർത്തികൾ മാത്രമായിരിക്കരുത്.

ആഴ്ചച്ചന്തകൾ തുടങ്ങിയവ ബോധപൂർവ്വം പ്രോത്സാഹിപ്പിക്കുക. അടുക്കളത്തോട്ടം, പ്രാദേശിക ഉത്പാദന യൂണിറ്റുകൾ എന്നിവ സ്ത്രീകൾ മുൻകയ്യെടുത്ത് സംഘടിപ്പിക്കുകയും മായം ചേർക്കൽ, കീടനാശിനി പ്രയോഗം എന്നിവയിൽ നിന്നൊക്കെ വിമുക്തി നേടിയ ഭക്ഷ്യസുരക്ഷ ഉറപ്പു വരുത്താൻ പ്രയത്നിക്കുകയും ചെയ്യുക. മാലിന്യ നിർമ്മാർജ്ജനം ഒരു വലിയ സാമൂഹിക പ്രശ്നമായി ഉയർന്നുവരുന്ന ഇന്നത്തെ സാഹചര്യത്തിൽ പാരിസ്ഥിതിക പ്രത്യാഘാതങ്ങളുണ്ടാക്കുന്ന തരം മാലിന്യ നിർമ്മാർജ്ജന നടപടികളെ തള്ളിക്കളയുകയും, ജനോപകാരപ്രദമായ പദ്ധതികൾക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുക. കുടിവെള്ളം, ശുദ്ധവായു എന്നിവ മനുഷ്യന്റെ ജന്മാവകാശമാണ്. ഏതൊരാൾക്കും ഇത് പ്രാപ്യമാക്കാൻ വേണ്ട പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.

■ നെൽവയൽ, തണ്ണീർത്തടങ്ങൾ എന്നിവയുടെ ഉത്തരവാദിത്തവും അധികാരവും പഞ്ചായത്തിന് നല്കപ്പെടണം. അതിന് വേണ്ട നിയമനിർമ്മാണങ്ങൾ നടത്താൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

■ ആദിവാസി മേഖലകളിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ആദിവാസി-ദലിത് വിഭാഗങ്ങളുടെ കൃഷിഭൂമിയ്ക്കുമേലുള്ള അവകാശം ഉറപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

■ വികസനത്തിന്റെ പേരിലുള്ള അന്യായമായ കുടിയൊഴിപ്പിക്കലുകൾക്കെതിരെ നിലകൊള്ളുക. സംസ്ഥാനത്തിന്റേയും, ജില്ലയുടെയും കേന്ദ്രത്തിന്റെയും പൊതുക്ഷേമകരമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുക. പുഴ കയ്യേറൽ, മാലിന്യങ്ങൾ ഒഴുക്കൽ, മലകളും കുന്നുകളും ഇടിച്ചു നിരത്തൽ, അമിതമായ മണൽ വാരൽ, കുളം നികത്തൽ എന്നിവ തടയുക. പാറ പൊട്ടിക്കാൻ നിയന്ത്രണങ്ങൾ ഏർപ്പെടുത്തണം. അമ്യൂസ്മെന്റ് പാർക്കുകൾക്കും ഗോൾഫ് ക്ലബ്ബുകൾക്കും പകരം അതാത് സ്ഥലങ്ങളിലെ കുളങ്ങളും ചിറകളും കളിസ്ഥലങ്ങളും സംരക്ഷിക്കണം.

■ കുടുംബശ്രീ എന്ന വിപുലമായ സ്ത്രീകൂട്ടായ്മയെ സ്ത്രീകളുടെ ശാക്തീകരണത്തിനും അംഗീകാരത്തിനും സ്വതന്ത്രമായ ഇടപെടലുകൾക്കും ഉള്ള വേദിയാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കണം.

■ ദേശീയ തൊഴിലുറപ്പു പദ്ധതി വഴി പഞ്ചായത്തിന്റെ സുസ്ഥിര നിലനില്പിനുള്ള പദ്ധതികളാവിഷ്ക്കരിച്ച് സ്വയംപര്യാപ്തമാക്കി തൊഴിൽ അതിന്റെ എല്ലാ അവകാശങ്ങളോടും കൂടി ഉറപ്പാക്കണം.

■ പ്രാഥമിക വിദ്യാഭ്യാസത്തിനു ഊന്നൽ നല്കിക്കൊണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങൾ മെച്ചപ്പെടുത്തുക, അദ്ധ്യാപകർക്ക് മെച്ചപ്പെട്ട പരിശീലനം, കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ഇവ ഉറപ്പാക്കുക.

■ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ ജനങ്ങൾക്ക് ഉപയുക്തമായ രീതിയിൽ ശക്തിപ്പെടുത്തുക. രോഗപ്രതിരോധമെന്ന നിലയിൽ വീടുകളിൽ കൊണ്ടുപോയി ഗുളികകൾ വിതരണം ചെയ്യുന്നതുപോലുള്ള അനാരോഗ്യനടപടികൾ അവസാനിപ്പിച്ച് മറ്റു രോഗപ്രതിരോഗമാർഗങ്ങൾ പ്രാദേശികതലത്തിൽ നടപ്പിലാക്കുക.

■ സ്ത്രീകളെ മാലിന്യം ശേഖരിക്കുന്ന ഉപകരണങ്ങളാക്കുന്നതിനു പകരം ജൈവമാലിന്യസംസ്ക്കരണത്തിനുള്ള പ്രായോഗിക രീതികൾ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലത്തിൽ നടപ്പിലാക്കി തൊഴിൽ സാദ്ധ്യമാക്കുക.

■ പ്ലാസ്റ്റിക്ക് പൂർണ്ണമായി നിരോധിച്ചുകൊണ്ട് പ്രകൃതിക്കനുയോജ്യമായ മറ്റു മാർഗങ്ങൾ ആവിഷ്ക്കരിക്കുക.

■ അംഗൻവാടികൾ സ്ത്രീകളുടെയും കുട്ടികളുടെയും സാമൂഹിക സാംസ്ക്കാരിക ഉയർച്ചക്കുള്ള പ്രാദേശിക കേന്ദ്രങ്ങളായി വിപുലപ്പെടുത്തുക.

■ ജാതി,മത സൗഹൃദ കൂട്ടായ്മകൾ പ്രാദേശിക തലത്തിൽ രൂപപ്പെടുത്തി വർഗീയതയ്ക്കും ജാതീയതയ്ക്കും എതിരെ പ്രതിരോധങ്ങൾ രൂപപ്പെടുത്തുക. ■

ജാൻസി

# വാസ്തവം

വീട്ടിൽ കർശന ഭരണവും നാട്ടിൽ കൈയിട്ടുഭരണവും നടത്തിപ്പോരുന്ന കുട്ടിനേതാക്കൻമാർക്ക് ഭരിക്കുന്ന പെണ്ണുങ്ങളെ ഭരിക്കാനുള്ള അവസരം നഷ്ടമാകുമോ?



തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 50%ത്തിലധികം സീറ്റിലും സ്ത്രീകൾ അണിനിരന്നു കഴിഞ്ഞു. വീട്ടിലിരുന്നവരും പുറത്തിറങ്ങി പ്രവർത്തിച്ചവരും, ഓടിച്ചിട്ടു പിടിച്ചവരുമെല്ലാം സംവരണത്തിൽപ്പെട്ടു. സംവരണം ഒരു അധികാര ആനുകൂല്യമാകുമ്പോൾ സ്വതന്ത്ര വ്യക്തിത്വങ്ങളെയും ഭരിക്കാൻ കിട്ടുമെന്ന പ്രതീക്ഷയിലാണ് രാഷ്ട്രീയപാർട്ടികൾ. വീട്ടിൽ കർശനഭരണവും നാട്ടിൽ കൈയിട്ടുഭരണവും നടത്തിപ്പോരുന്ന കുട്ടിനേതാക്കൻമാർക്ക് ഭരിക്കുന്ന പെണ്ണുങ്ങളെ ഭരിക്കാനുള്ള അവസരം നഷ്ടമാകുമോ? ഭരണകൂടങ്ങളിലെല്ലാം ഈ ഭർത്താക്കൻമാർ(ഭരിക്കുന്നവർ)ജൂബ്ബാകളിലും കോന്തല കക്ഷത്തിലിരിക്കുന്ന മുണ്ടുകളിലും നിറഞ്ഞസാന്നിദ്ധ്യമായി നിലയുറപ്പിച്ചിട്ടുണ്ട്. അടുക്കളയും അടിമപ്പണിയും മാത്രമല്ല അടക്കിഭരണവും തങ്ങൾക്കാവുമെന്ന് അറിയിക്കാനുള്ള അവസരമാണ് വനിതാപ്രതിനിധികൾക്ക് കൈവന്നിരിക്കുന്നത്. വീടിനുള്ളിൽ പങ്കാളിത്തം നല്കാൻ മടിക്കുന്നവർ നാട്ടിലെ ഭരണം കണ്ട് വെറളിപിടിച്ച് പാഞ്ഞുകളിക്കുമോ? പത്തുപതിനഞ്ചു വർഷം മുമ്പ് പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ജയിച്ച വനിതയ്ക്ക് സ്വീകരണം നല്കിയപ്പോൾ മെമ്പർക്കിട്ട മാല സ്വീകരിച്ചത് അനുഗമിച്ചിരുന്ന ഭർത്താവായിരുന്നു എന്ന കാര്യം ആരും വിസ്മരിച്ചിട്ടുണ്ടാവില്ല. സ്ത്രീശാക്തീകരണപാതയിൽ പടവുകൾ ചവിട്ടി ഭരണരംഗത്തെത്തിയാലും വീടിനുള്ളിൽ ഭരിക്കപ്പെടുന്ന അവസ്ഥയ്ക്ക് യാതൊരു മാറ്റവും അധികാരത്തിലിരിക്കുന്ന പാവം ഭാര്യമാർക്ക് ഉണ്ടാവാൻ വഴിയില്ല. സ്വന്തം ഭാര്യയെ വീട്ടിനുള്ളിൽ തളയ്ക്കുകയും സ്ത്രീകളെല്ലാം പുറത്തിറങ്ങി പ്രവർത്തിക്കണെമെന്ന് ഗീർവാണം മുഴക്കുകയും ചെയ്യുന്ന എല്ലാ വീരനേതാക്കൻമാരുടെയും സ്ത്രീവിരുദ്ധത 50% വരുന്ന സ്ത്രീ പ്രാതിനിധ്യത്തെയും അവരുടെ ഭരണത്തെയും എങ്ങനെ സ്വതന്ത്രമാക്കുമെന്ന് കണ്ടറിയുക തന്നെ വേണം. എന്തായാലും അടുക്കളഭരണത്തിന്റെ അടുക്കും ചിട്ടയും പാഠങ്ങളും ഉൾക്കൊണ്ട് ശക്തിയും കഴിവും അടക്കിവെച്ചിരുന്ന സ്ത്രീകൾ ഭരണത്തിനുള്ള തയ്യാറെടുപ്പു നടത്തികഴിഞ്ഞു.

സ്ത്രീയുടെ മഹത്വവും സമൂഹസമത്വവും മുന്നിൽകണ്ട് പ്രവർത്തിക്കുവാൻ അവർക്കു കഴിയുകതന്നെചെയ്യും. സ്ത്രീകളുടെ കാര്യങ്ങൾ പിന്നാമ്പുറത്തേക്ക് മാറ്റിവെയ്ക്കാതെ ജീവിതാനുഭവവെളിച്ചത്തിൽ കാര്യങ്ങൾ നീക്കാൻ കഴിയുമെന്നും നമുക്ക് പ്രത്യാശിക്കാം.■



▶കഥ


കെ.ആർ.മീര



# അച്ചാമ്മയ്ക്ക് 'സമ്പവി'ച്ചത്

ചിത്രീകരണം:
സന്ദീപ് കെ. ലൂയിസ്

**അച്ചാമ്മ** അശ്ലീലം എഴുതാൻ ആരംഭിച്ചതായ അവസരത്തിൽ അച്ചനും അവറാച്ചായനും ആകമാന കത്തോലിക്കാസഭയും അസ്വസ്ഥമായി. ഒരു പെമ്പ്രന്നോത്തി വിചാരിച്ചാൽ എന്നായെല്ലാം തകർക്കാമെന്നതിനു തെളിവാണ് അച്ചാമ്മ സംഭവം. നിങ്ങൾക്കൊന്നും അതു പറഞ്ഞാൽ മനസ്സിലാകുകേല. ചട്ടേം കവണീമിട്ട് മുണ്ടു ഞൊറി വച്ചുടുത്ത് മയിലിന്റെ ആകൃതിയിലുള്ള ബ്രോച്ചും കുത്തി നെഞ്ചോടു ചേർത്ത ഇടതുകയ്യിൽ കറുത്ത ഫോൾഡ്‌ലെസ് കുടയും നീലക്കള്ളികളുള്ള കൈലേസിൽ പൊതിഞ്ഞു വച്ച ഒരു രൂപാ രണ്ടു രൂപാ നോട്ടുകളും ചില്ലറപ്പൈസയുമായി ഞാറാഴ്ച തോറും പള്ളീൽ വന്നോണ്ടിരുന്ന കാലത്ത് ആ പെമ്പ്രന്നോത്തിയെ കണ്ടിട്ടുള്ളവർക്കേ അതിന്റെ ദണ്ഡം മനസ്സിലാകൂ. എന്നാ ചേലാരുന്നു, മഞ്ചാടിമണി വലിപ്പത്തിലുള്ള നീല അരിമ്പാറയുള്ള താടി ഇടത്തോട്ടു ചെരിച്ച് കണ്ണുകൾ നിലത്തു നട്ട് വലതു കൈ താളത്തിലാട്ടി എയ്തുവിട്ട അമ്പിന്റെ



ഏകാഗ്രതയോടെയുള്ള ആ നടപ്പു കാണാൻ. പ്രഭാതപ്രാർത്ഥനേടെ സമയത്ത് പള്ളീലെത്തും, മുട്ടിപ്പായി പ്രാർത്ഥിക്കും. ഒരാഴ്ചയ്ക്കെടേൽ പശൂനെ അടിച്ചതോ കോഴിയെ എറിഞ്ഞതോ അമ്മായമ്മ രാത്രീൽ കാപ്പിവെള്ളം ചോദിച്ചപ്പോൾ അരിശം തോന്നിയതോ ആയ പിഴകളൊക്കെ കുമ്പസാരിച്ച്, കുർബാന കൂടി, അവറാച്ചായനും പിള്ളാർക്കും പിള്ളാരുടെ പിള്ളാർക്കും വേണ്ടി പ്രത്യേകം മെഴുകുതിരി കത്തിച്ചേച്ച് തിരിച്ചെയ്ത അമ്പിന്റെ ഏകാഗ്രതയോടെ വീട്ടിലോട്ടോടിയിരുന്ന പെമ്പളയാണ്. വീടെത്തിയാൽപ്പിന്നെ പശൂനു കാടി കൊടുക്കലായി, അടിച്ചുവാരലായി, ഇറച്ചി ഒലർത്തലായി, അവറാച്ചായന് ചൂടുവെള്ളം അനത്തലായി, ഞാറാഴ്ചപ്പക്കത്തിനു കേറി വരുന്ന കൊച്ചുങ്ങക്കും കൊച്ചുമക്കൾക്കും വച്ചുവെളമ്പലായി. എന്നു വച്ചാൽ അക്കാലത്തൊക്കെ അവർക്കുണ്ടോ വേറെ വല്ല മനോവിചാരോം. പള്ളിക്കമ്മേറ്റീടെ ആപ്പീസു മുറിയിൽ ട്രസ്റ്റികളെല്ലാം കൂടി ഇരുന്നിടത്തോട്ട് കയറിച്ചെന്നപ്പോൾ അവറാച്ചായനു സത്യം പറഞ്ഞാൽ കണ്ണു നനഞ്ഞത് അക്കാലമൊക്കെ ഓർത്തിട്ടാണ്. ആപ്പീസുമുറിയിലെ ഈട്ടിയിൽ പണിഞ്ഞ വട്ടമേശേടെ മോളിൽ കിടപ്പുണ്ടായിരുന്നു അച്ചാമ്മയുടെ ഏറ്റവും പുതിയ പുസ്തകമായ 'സുരതസങ്കീർത്തനങ്ങ്ളു'ടെ കോപ്പി. അത് പോർക്കാട്ടിലച്ചന് എത്തിച്ചു കൊടുത്ത അരുവിനാക്കുന്നേൽ തോമാച്ചൻ അവറാച്ചായനെ നിന്ദാപൂർവ്വം വീക്ഷിച്ചു. അരക്കയ്യൻ ബനിയന്റെ നിഴൽ തെളിയുന്ന ഇസ്തിരിയിട്ട കഞ്ഞിപ്പശ മുക്കിയ തൂവെള്ള ഷർട്ടും ഖദർ മുണ്ടും ധരിച്ച അവറാച്ചായൻ കാലൻ കുട കുത്തി പടി കയറുന്നത് കാറിൽനിന്നിറങ്ങുന്നതിനു മുമ്പേ കണ്ട കിണറ്റിങ്കൽ ചാക്കോച്ചൻ പരിപാടി തുടക്കം മുതൽ കാണാനുള്ള ഏങ്ങലു കൊണ്ട് പ്രായവും ഭാരവും വകവയ്ക്കാതെ വരാന്തയിലേക്ക് ചാടിക്കയറി. സ്വാഭാവികമായും അദ്ദേഹം വെട്ടി വിയർത്ത്, ഇട്ടിരുന്ന ഊതനിറത്തിലുള്ള സിൽക്ക് ഷർട്ട് കാപ്പിപ്പൊടി നിറമായി. അവറാച്ചായൻ ഒരിടം കണ്ടെത്തി ഇരിക്കുമ്പളത്തേക്ക് ചാക്കോച്ചനും അകത്തെത്തി. സ്വർണ്ണക്കണ്ണടയ്ക്കുള്ളിലൂടെ ഇന്നയാൾക്കെന്നില്ലാതെ ഒരു പുഞ്ചിരി സമ്മാനിച്ച് ഓടി വട്ടമേശയ്ക്കടുത്ത് ഒഴിവുണ്ടായിരുന്ന കസേര സ്വന്തമാക്കി. അപ്പോഴാണു മേശമേൽക്കിടന്ന 'സുരതസങ്കീർത്തനങ്ങൾ' കണ്ടത്. എല്ലാരെയും ഒന്നു പാളി നോക്കി ചാക്കോച്ചൻ കയ്യെത്തി ആ പുസ്തകമെടുത്തു. അപ്പോൾ അവിടവിടെയായി ഇരുന്നിരുന്ന, പുസ്തകം നേരത്തെ എടുത്തു മറിച്ചു നോക്കിയവരുടെയൊക്കെ ചങ്കു പിടച്ചു. ഇതെന്നാ അച്ചനും അച്ചായൻമാർക്കും ഇതിനും മാത്രം മനസ്സു വേവാൻ എന്നു വിചാരിച്ചാണ് ചാക്കോച്ചൻ പുസ്തകം എടുത്തത്. പേരു വായിച്ചു. സുരതം എന്ന വാക്കിന്റെ അർത്ഥം ആ പാവത്താന് പിടിയില്ലായിരുന്നു. അതുകൊണ്ട് അതിയാൻ അപകടഭീതിയില്ലാതെ പേജു മറിച്ചു. ആദ്യം കിട്ടിയ പതിനൊന്നാമത്തെ പേജ് കണ്ണടയോട് അടുപ്പിച്ച് സ്വർണ്ണക്കടയിൽ മാറ്റുരച്ചു നോക്കുന്ന അതേ ആത്മാർത്ഥതയോടെ ചാക്കോച്ചൻ വായിച്ചു. അയാളുടെ നഗ്നമായ അരക്കെട്ടിൽ അവളുടെ കരങ്ങൾ മുറുകി. അയാൾ പക്ഷേ ഭീതിയോടെ പിൻമാറി. എന്നെ നശിപ്പിക്കരുതേ, അയാൾ യാചിച്ചു. അയ്യേ! ചാക്കോച്ചൻ ആന്തലോടെ ചുറ്റും നോക്കി. താൻ വായിച്ച വരികളേതെന്ന് ആരെങ്കിലും മനസ്സിലാക്കിയോ എന്ന് അദ്ദേഹം ഭയന്നു. അയ്യേ. അദ്ദേഹം മുഖം അമർത്തിത്തുടച്ചു. താൻ കാര്യമായൊന്നും വായിച്ചില്ലെന്ന മട്ടിൽ ചുറ്റും നോക്കി പുഞ്ചിരിക്കാനൊരു മുഖം തിരഞ്ഞു. അദ്ദേഹത്തെ ശ്രദ്ധിച്ചു കൊണ്ടിരുന്നവരിൽ രണ്ടു പേർ വിടർന്നു ചിരിച്ചു. അവർ പുസ്തകം വായിച്ചിട്ടില്ലാത്തവരാണെന്നു ചാക്കോച്ചനു മനസ്സിലായി. ചാക്കോച്ചനും അവരെപ്പോലെ തുറന്നു ചിരിക്കാൻ ശ്രമിച്ചു. സാധിച്ചില്ല. ചില പുസ്തകങ്ങൾ വായിച്ചാൽപിന്നെ പുരുഷന്മാർക്കെങ്ങനെ നിഷ്കളങ്കമായി പുഞ്ചിരിക്കുവാൻ സാധിക്കും? അതുകൊണ്ടാണ് പണ്ടേക്കു പണ്ടേ പെണ്ണുങ്ങളെ അക്ഷരം പഠിപ്പിക്കരുതെന്നു വിവരമുള്ളവർ പറഞ്ഞു വച്ചത്. ചാക്കോച്ചൻ അവറാച്ചായനെ അരിശത്തോടെ നോക്കി. ഇയാളൊരുത്തനാണ് ഇതിനൊക്കെ കാരണമെന്ന് അദ്ദേഹത്തിന് തോന്നി. പോർക്കാട്ടിലച്ചൻ ആ നേരത്ത് അരുവിനാക്കുന്നേലിന്റെ സ്വകാര്യമായ നിർദ്ദേശങ്ങൾക്കു കാതോർക്കുകയായിരുന്നു. അച്ചൻ നല്ല കടുപ്പത്തിലങ്ങു പറഞ്ഞേര്. നാളെ വേറേം പെമ്പളമാർക്ക് ഇതുപോലെ വേണ്ടാതീനങ്ങൾ എഴുതാൻ തോന്നിയാലോ? ഇതൊക്കെ മുളയിലേ നുള്ളണം. വേണ്ടി വന്നാ കുടുമ്മത്തോടെ അങ്ങു മൊടക്കണം.

> **കർത്താവിന് ജാതീക്കുറഞ്ഞവരെന്നോ കൂടിയവരെന്നോ ഉണ്ടോ? എല്ലാ മനുഷ്യരും ഒരു പോലാ എന്ന് അച്ചാമ്മ നെടുവീർപ്പിട്ടു. ങ്ഹാഹാ, പെമ്പളേ നീയും കമ്മ്യൂണിസ്റ്റായോടീ എന്ന് അവറാച്ചായൻ പിന്നെയും ചിരിച്ചു.**

അവറാച്ചായൻ രണ്ടു കൈപ്പത്തികളും അമർത്തി മുഖം തുടച്ചു. ചുറ്റുമിരുന്നവരൊക്കെ അദ്ദേഹത്തിന്റെ പരിചയക്കാരായിരുന്നു. ഇന്നുവരെ അവറാച്ചായനെക്കുറിച്ച് അയ്യേ എന്നൊരു വാക്ക് പറയാൻ അവർക്കാർക്കും സാധിച്ചിട്ടില്ല. അപ്പനപ്പാപ്പന്മാരുടെ കയ്യീന്നു കിട്ടിയ നാലഞ്ചേക്കറുണ്ടായിരുന്നു. പകലന്തിയോളം പണിയെടുത്തു. ഇരുപത്തെട്ടാമത്തെ വയസ്സിൽ പെണ്ണന്വേഷിച്ചു. അവറാച്ചായന്റെ അപ്പച്ചൻ ഉലഹന്നാന്റെ വകേലൊരു അമ്മാച്ചന്റെ ഭാര്യയുടെ ആങ്ങളയുടെ മകടെ മകള്. പേര് അച്ചാമ്മ. കെട്ടിക്കേറിയ ദിവസം മുതൽ ഒരു ഈശാപോശയ്ക്കും ഇടയുണ്ടായില്ല. ഈപ്പറഞ്ഞപോലെ, അച്ചാമ്മ രാവിലെ എഴരനാഴികയ്ക്കേ ഉണർന്നു. ഏഴുമണിക്ക് അവറാച്ചായൻ ഉണർന്നു വരുമ്പളത്തേക്ക് മുറ്റമടിച്ച് കാപ്പിവെള്ളോം വച്ച് കഞ്ഞിക്ക് അരീമിട്ട് പശൂനേം അഴിച്ചുകെട്ടി പാലും കറന്ന് കോഴിയേം അഴിച്ചുവിട്ട് കഞ്ഞിക്കു കറീമുണ്ടാക്കി അവറാച്ചായന് കുളിക്കാൻ ചൂടുവെള്ളോ മനത്തി കുഴമ്പും ചൂടാക്കി കാത്തു നിന്നു. പിന്നെ മോളിക്കുട്ടീം ജോളിക്കുട്ടീമുണ്ടായി. നാലു കൊല്ലം കഴിഞ്ഞ് നേർച്ചേം കാഴ്ചേം വച്ചു ജോസൂട്ടിയുമുണ്ടായി. പിള്ളാരെ സ്കൂളിൽ വിട്ടു. ആ സമയത്ത് പള്ളിപ്പടി റോഡ് വന്നു. അവറാച്ചായൻ സന്തോഷത്തോടെ സ്വന്തം പുരയിടത്തിൽ അഞ്ചു സെന്റ് റോഡിനു കൊടുത്തു. കണ്ണായ സ്ഥലത്ത് റോഡിന്റെ പടിക്കൽ കടം മേടിച്ചാണേലും നാലുമുറി കട പണിതു വാടകയ്ക്കു കൊടുത്തു. മൂന്നേക്കറിൽ റബറു വച്ചു. ചിട്ടീം പാട്ടവുമായി അഞ്ചും പത്തുമായി പെമ്പിള്ളേരെ കെട്ടിച്ചു വിടാനും ചെറുക്കനെ പഠിപ്പിക്കാനും പൈസ സ്വരുക്കൂട്ടി. അച്ചാമ്മയാണേൽ അഞ്ചു പൈസ കിട്ടുന്നേൽ.രണ്ടു പൈസ മിച്ചം വച്ചു. പിറന്നാളിനും ക്രിസ്മസിനും പെൺപിള്ളാർക്ക് പൊന്നിന്റെ വല്ല തരിയും വാങ്ങിച്ചു. ജീവിച്ചിരുന്ന കാലത്തൊക്കെ അച്ചാമ്മയോടു പോരടിച്ച റാഹേലമ്മ പോലും മരിക്കാൻ നേരത്ത് അവറാച്ചായനോടു പറഞ്ഞു : അച്ചാമ്മയാടാ അവറാനേ, നിന്റെ വർക്കത്ത് !

ചാക്കോച്ചൻ നടുവു പിടച്ചപോലെ ഒന്നനങ്ങിയിരുന്നു. അദ്ദേഹത്തിന് ഒരിക്കൽകൂടി ആ കഥയൊന്നു വായിക്കാൻ തോന്നി. ഡ്രൈവറെ വിട്ട് ഈ പുസ്തകം കോട്ടയത്തൂന്നു വാങ്ങിപ്പിക്കാം എന്നു സ്വയം സമാശ്വസിച്ചു.

പക്ഷേ, ഇക്കണ്ടകാലം അങ്ങനൊരു സംഭവം നടന്നിട്ടില്ല. അതുകൊണ്ടു ഡ്രൈവർ പത്രോച്ചന് സംശയം തോന്നിയാലോ? അവനെങ്ങാനും ഈ പൊത്തകം മേടിച്ചു മറിച്ചു നോക്കിയാലോ? ചാക്കോച്ചൻ പിന്നെയും വിയർത്തു. എന്നാൽ പിന്നെ വാങ്ങിക്കെണ്ടെന്നു തീരുമാനിക്കാനും അദ്ദേഹത്തിന് സാധിച്ചില്ല. പെമ്പ്രന്നോര് വയസ്സാം കാലത്ത് എന്നാ ഒക്കെയാ എഴുതിപ്പിടിപ്പിച്ചേക്കുന്നതെന്ന് അറിയണമല്ലോ. കണ്ണുകൾ പിന്നെയും പുസ്തകത്തിലേക്കു പോയി. അവറാച്ചോ, അപ്പം ഇതിനൊരു തീരുമാനമെടുക്കണ്ടായോ എന്ന് പോർക്കാട്ടി ലച്ചൻ ചോദിച്ച തപ്പളാണ്. അവറാച്ചോ, പെമ്പളേ നെലയ്ക്കു നിർത്താൻ അറിയാത്തവര് ആണാന്നും പറഞ്ഞു നടന്നിട്ടെന്നാ കാര്യമെന്ന് അരുവിനാക്കുന്നേൽ തോമാച്ചൻ ഒച്ചയെടുത്തു. ഞങ്ങക്കും വീടും കുടുമ്മോം പെമ്പളേം പിള്ളാരുമുള്ളതാ. തലേം നരച്ച് കൊച്ചുമക്കളെ കെട്ടിക്കാറായവളുമാരൊക്കെ ഇങ്ങനെ അപരാതിക്കാൻ തുടങ്ങിയാൽ ബാക്കി മാനംമര്യാദയ്ക്കു ജീവിക്കുന്ന പെണ്ണുങ്ങളുംകൂടെ വഴിതെറ്റും. അപ്പോൾ അറയ്ക്കൽ വറീച്ചായൻ കണ്ണട നേരെ വച്ച് ചുണ്ടുകൾ വക്രിപ്പിച്ച് മൂരടനക്കി-പെണ്ണുങ്ങടെ മൊലേടേം പറയാൻ മേലാത്തിടത്തേം ഒക്കെ കാര്യങ്ങളാ എഴുതി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയേക്കുന്നത്. അത് പിന്നെ സാഹിത്യമല്ലിയോ വറീച്ചാ, എന്ന് സദാ പുഞ്ചിരിക്കുന്ന വൈറ്റ് വാഷ് ചെയ്ത മുഖമുള്ള കുഞ്ഞോമാച്ചൻ മുന വച്ച വർത്തമാനം പറഞ്ഞു. സഹിത്യമോ? ഓ, പിന്നേ, ഞങ്ങളും കുറേ സാഹിത്യമൊക്കെ കണ്ടിട്ടുണ്ട് സാറേ എന്ന് തോമാച്ചൻ പിന്നെയും ക്ഷുഭിതനായി. പി. കെ.കൊച്ചീപ്പൻതരകൻ ബാലികാസദനമെഴുതിയത് ആദ്യം വായിച്ചു കേൾപ്പിച്ചത് എന്റെ കൊച്ചപ്പനെയാ അറിയാവോ. അതൊക്കെയെന്നാ സാഹിത്യമാരുന്നു! മനുഷ്യർക്ക് നല്ല നല്ല ഉപദേശം കൊടുക്കാനാ, കുഞ്ഞോമാച്ചൻ സാറേ, കദേം കവിതേമെഴുതിയത്. അല്ലാതെ മറ്റേ പരിപാടിക്കല്ല. തോമാച്ചൻ എഴുന്നേറ്റു കണ്ണടയൂരി അമേരിക്കയിൽ നഴ്സായ മരുമകളും മകനും വന്നപ്പോൾ സമ്മാനിച്ച കാൾബർഗ് ഷർട്ടിന്റെ തുമ്പു കൊണ്ടു തുടച്ചു വീണ്ടും വച്ച് ചുറ്റും നോക്കി. ഞാനൊരു കാര്യം ഉറപ്പായിട്ടു പറയാം. ഇതു നമ്മള് ഈ എടവകേടെ അഭിമാനത്തിന്റെ പ്രശ്നമാ. പോർക്കാട്ടിലച്ചൻ അവറാച്ചായന്റെ അടുത്തു ചെന്ന് ചുമലിൽ കൈവച്ചു. അല്ല, അവറാച്ചാ,നല്ല ദൈവഭയോം ചൊല്ലുവിളീമുള്ള വല്യമ്മയല്ലാരുന്നോ അച്ചാമ്മ. ഇതെന്നാന്നേ അച്ചാമ്മയ്ക്കു സമ്പവിച്ചത് ?

അവറാച്ചായൻ അച്ചന്റെ കയ്യെടുത്തു മാറ്റി കൈലേസെടുത്തു മുഖം തുടച്ചു. കമ്മ്യൂണിസ്റ്റ്കാര് സാക്ഷരത കൊണ്ടുവന്നതല്ലാരുന്നോ എല്ലാത്തിന്റേം തുടക്കം. കെട്ടിക്കൊണ്ടു വന്ന കാലത്ത് അച്ചാമ്മയ്ക്ക് വച്ചു വിളമ്പാനറിയാം, പശുവിനെ കുളിപ്പിക്കാനും കറക്കാനും അറിയാം, പറമ്പിൽ കിളയ്ക്കാൻ പോലും അറിയാം. അറിയാത്തത് ഒറ്റ കാര്യമേയുണ്ടായിരുന്നുള്ളൂ-എഴുത്തും വായനയും, ജോസൂട്ടി ഗൾഫിൽ പോയതിനുശേഷമാ എഴുത്തു വായിക്കേണ്ടിയ ആവശ്യം വന്നത്. ജോസൂട്ടിയുടെ എഴുത്ത് വന്നാൽ അതും പിടിച്ചോണ്ട് തോട്ടത്തിലോട്ട് ഓടി വരുന്ന ചട്ടയും മുണ്ടും ധരിച്ച് കാതിൽ കുണുക്കിട്ട അച്ചാമ്മയെ അവറാച്ചായൻ നഷ്ടബോധത്തോടെ ഓർത്തു. സാക്ഷരതേടെ ബഹളം തുടങ്ങുന്ന സമയത്തായിരുന്നു ജോളിക്കുട്ടീടെ രണ്ടാമത്തെ പേറ്. കൊച്ചിനെ കാണാൻ അവൾടെ കൂട്ടുകാരി ജാൻസിപ്പെണ്ണു വന്നു..അവടപ്പൻ വർക്കിച്ചൻ കമ്മ്യൂണിസ്റ്റ്കാരുടെ കൂട്ടത്തിലാരുന്നല്ലോ. അവള് സാക്ഷരതേം കൊണ്ടു നടക്കുന്ന കദയൊക്കെ പറഞ്ഞപ്പം ജോളിക്കുട്ടി അമ്മച്ചിയെ നോക്കി ഒരു ചിരി ചിരിച്ചു - ഇവിടേമൊണ്ട് അക്ഷരമറിയാത്ത ഒരാള്. നീ പോടീ അവിടുന്ന് എന്ന് അച്ചാമ്മ ദേഷ്യപ്പെട്ടതാണ്. പക്ഷേ ജാൻസി വിട്ടില്ല. ജോളിക്കുട്ടീം നിർബന്ധിച്ചു. ആ നേരത്ത് ചായകുടിക്കാൻ പറമ്പീന്നു കയറി വന്ന അവറാച്ചായനും പ്രോത്സാഹിപ്പിച്ചു. പിന്നെ അച്ചാമ്മ മടിച്ചു നിന്നില്ല. വയ്യുമ്പം വയ്യുമ്പം ചട്ടേം മുണ്ടും മാറിയുടുത്ത് നേര്യതുമിട്ട് മോളിക്കുട്ടീടെ മൂത്ത കൊച്ചിന്റ പഴയൊരു സ്ലേറ്റു കിടന്നതും തപ്പിയെടുത്ത് ഓട്ടം തുടങ്ങി. പള്ളീടവിടെ വരെ പോകണ്ട. നമ്മടെ കടേടപ്പുറത്ത് കൊച്ചു പള്ളിക്കൂടത്തിലായിരുന്നു ക്ലാസ്സ്. ആദ്യത്തെ ദിവസം ക്ലാസ്സ് കഴിഞ്ഞു വന്ന അച്ചാമ്മ പറഞ്ഞു, എന്റച്ചായാ കണ്ട ഈനജാതിക്കാരാ കൂടെയുള്ളവരെല്ലാം. ഞാനിനി പോകുന്നില്ലെന്നും വച്ചോണ്ടാ എറങ്ങിപ്പോന്നത്. പക്ഷേ തിരിച്ചു വരുമ്പം ജാൻസിക്കൊച്ചു പറേവാ, ആ സാറാമ്മച്ചേടത്തിയുണ്ടല്ലോ അമ്മച്ചീ, അവരു പറേവാ, ജാതീക്കുറഞ്ഞവരുടെ കൂടെ വന്നിരിക്കാൻ അവരെ കിട്ടത്തില്ലെന്ന്. അപ്പോൾ ഞാൻ പറഞ്ഞു, കയ്പംകുഴീൽ അമ്മച്ചിയെ കണ്ടുപഠിക്കാൻ. അമ്മച്ചി നല്ല സത്യക്രിസ്താനിയാണെന്ന്. രാത്രീൽ കഞ്ഞീം കപ്പേം പോത്തൊലർത്തിയതും കഴിച്ചു തോർത്തു കൊണ്ടു വിയർപ്പാറ്റി ഇരിക്കുക

> **എന്നാ ചെയ്യാനാ, നമ്മളീ സ്വർണക്കടേം പലചരക്കും ഒക്കെയായിട്ടു കാലം കഴിക്കുകല്ലാരുന്നോ. പിള്ളാർക്കു വിശക്കുമ്പം കദപുസ്തകം വെട്ടിയരിഞ്ഞു പുഴുക്കു വച്ചു കൊടുക്കാൻ പറ്റുവോ? പുസ്തകത്തിലെ 'അയാൾ' എന്നാ സംഗതിയാണ് 'നശിപ്പിക്കരുതേ നശിപ്പിക്കരുതെ' എന്നു യാചിച്ചത് എന്നു മാത്രം ചാക്കോച്ചനു മനസ്സിലായില്ല.**

യായിരുന്ന അവറാച്ചായൻ ചിരിച്ചു. അതുകേട്ടപ്പം നീയങ്ങു പൊങ്ങി, അല്ലായോ എന്നു പരിഹസിച്ചു. അതല്ലച്ചായാ, കർത്താവിന് ജാതീക്കുറഞ്ഞവരെന്നോ കൂടിയവരെന്നോ ഉണ്ടോ? എല്ലാ മനുഷ്യരും ഒരു പോലാ എന്ന് അച്ചാമ്മ നെടുവീർപ്പിട്ടു. ങ്ഹാഹാ, പെമ്പളേ നീയും കമ്മ്യൂണിസ്റ്റായോടീ എന്ന് അവറാച്ചായൻ പിന്നെയും ചിരിച്ചു. പക്ഷേ ഒമ്പതടിച്ചാലുടനെ കിടന്നുറങ്ങുന്ന ശീലം അച്ചാമ്മ അന്നു നിർത്തി. അച്ചായാ, വല്ലോം കഴിക്കാൻ വാ എന്ന് ഏഴുമണി മുതലേ വിളി തുടങ്ങും. അത്താഴം കഴിഞ്ഞു പാത്രം കഴുകിവച്ചേച്ചാൽ പിന്നെ പഠിത്തമല്ലായോ, പഠിത്തം. തറ-പറയായി, പതപനയായി. രണ്ടാഴ്ചകൊണ്ട് അക്ഷരമാല പഠിച്ചു. മൂന്നാമത്തെ ആഴ്ച കൂട്ടക്ഷരം വായിക്കാൻ തുടങ്ങി. വായിച്ചു പഠിക്കാൻ വേദപുസ്തകമല്ലാതെന്നാ ഇരിക്കുന്നു വീട്ടിൽ. ഉത്പത്തി പുസ്തകം തുറന്ന പാടെ കിട്ടിയ പേജ് നോക്കി. എ-ൻ-റെ എന്റെ, ഭാ-ര്വ, അല്ല ഭാര്യ, നി-മി-ത്തം എ-ന്നെ കൊല്ലും എ--ന്നു ഞാ--ൻ നി-രൂ-പി-ച്ചു– എന്റെ ഭാര്യ നിമിത്തം എന്നെ കൊല്ലും എന്നു ഞാൻ നിരൂപിച്ചു. എന്ന് കൂട്ടിവായിച്ച നിമിഷം അച്ചാമ്മ ഏകദേശം തുള്ളിച്ചാടി. അച്ചാമ്മ അക്ഷരം പഠിച്ചത് കന്നു കയത്തിൽ ചാടുന്നതുപോലെയായിരുന്നു. തിരിച്ചു കയറാൻ വിസമ്മതിച്ചു. ജോളിക്കുട്ടീടെ കെട്ടിയോന്റെ അപ്പനുമമ്മേം നാത്തൂന്റെ.കൂടെ അമേരിക്കേൽ പോയപ്പോൾ ഒരു കൊല്ലം അവളും പിള്ളാരും വീട്ടിലാരുന്നു. നാലാം ക്ലാസ്സിൽ പഠിച്ചോണ്ടിരുന്ന കുഞ്ഞുമോന്റെ കൂടെ വൈകിട്ടിരുന്നു പാഠം പഠിക്കുന്നത്



അച്ചാമ്മയുടെ ശീലമായി. ഒരു ദിവസം ജാൻസി വന്നപ്പോൾ കൊച്ചുമോന്റെ പുസ്തകം വായിക്കുന്ന അച്ചാമ്മയെ കണ്ട് മനസ്സലിഞ്ഞ് വീട്ടിൽ കൊണ്ടുപോയി കുറേ നല്ല ചിത്രകഥകൾ കൊടുത്തു. കടമറ്റത്തു കത്തനാർ, വീരഹനുമാൻ, മഹാഭാരതം, കുമാരനല്ലൂരമ്മ എന്നിങ്ങനെയുള്ള കഥകളെല്ലാം അച്ചാമ്മ താല്പര്യത്തോടെ വായിച്ചു. ജാൻസി വായിച്ചിരുന്നത് മാതൃഭൂമി ആഴ്ചപ്പതിപ്പും ദേശാഭിമാനി ആഴ്ചപ്പതിപ്പുമായിരുന്നു. അച്ചാമ്മയ്ക്ക് ഇത് രണ്ടും വായിച്ചിട്ടു കാര്യമായൊന്നും മനസ്സിലായില്ല. അപ്പോൾ ജാൻസി അയൽപക്കത്തെ സർക്കാരുദ്യോഗസ്ഥയായ സുഷമയുടെ വീട്ടിൽനിന്നും മംഗളവും മനോരമയും വാങ്ങിക്കൊടുത്തു. അതുരണ്ടും അച്ചാമ്മയ്ക്ക് ഇഷ്ടപ്പെട്ടു. തിങ്കളാഴ്ചതോറും മംഗളത്തിനും വ്യാഴാഴ്ച തോറും മനോരമയ്ക്കും വേണ്ടി കാത്തുനില്ക്കുന്നത് അച്ചാമ്മയ്ക്കു ശീലമായി. അപ്പളത്തേക്ക് ജാൻസി അച്ചാമ്മയെ വായനശാലയിലേക്കു മാമ്മോദീസ മുക്കി. ജോസൂട്ടിക്കു കല്യാണമായപ്പളത്തേക്ക് ചട്ടയും മുണ്ടും മാറ്റി സാരിയിലേക്കും പരിവർത്തനം നടത്തി. ആദ്യമായി സാരിയുടുത്തു മുമ്പിൽ വന്നു നിന്ന അച്ചാമ്മയെ കണ്ട് അവറാച്ചായൻ അമ്പരന്നു പോയി. എടീ, നീയാകെ മാറിപ്പോയല്ലോ എന്ന് അവറാച്ചായൻ അൽപം നിരാശയോടെയും തളർച്ചയോടെയും പറഞ്ഞു. കോട്ടയത്തോട്ടു ചെല്ലണം, അന്ത്യകുർബാന കൈക്കൊള്ളാൻ കിടക്കുന്ന കെളവിമാരു പോലും പട്ടുസാരീമുടുത്തു ബ്യൂട്ടി പാർലറിലും പോയിട്ടാ കിടക്കുന്നതെന്ന് ജാൻസി കളിയാക്കി. അച്ചാച്ചൻ പാന്റ് ഇട്ടാൽ നന്നായിരിക്കുമെന്നും അവളൊരു ചൂണ്ടക്കൊളുത്തിട്ടതാ. പക്ഷേ അവറാച്ചായൻ വീണില്ല. അതുപിന്നെ പെണ്ണുങ്ങളെപ്പോലെ ആണുങ്ങളു കഴിഞ്ഞതൊക്കെ അത്ര പെട്ടെന്നു മറക്കുവോ?

ചാക്കോച്ചൻ സാവധാനം എഴുന്നേറ്റ് വരാന്തയിലോട്ടിറങ്ങി തിരിച്ചു വന്നു, പോർക്കാട്ടിലച്ചനും അരുവിനാക്കുന്നേലും കമ്മ്യൂണിസ്റ്റ്കാരുടെ

കുതന്ത്രങ്ങളെക്കുറിച്ചു ചർച്ച ചെയ്യുകയായിരുന്നു. ചാക്കോച്ചൻ അസ്വസ്ഥനായി, നഗ്നമായ അരക്കെട്ട്. ജീവിതത്തിലാദ്യമായിട്ടാ അത്രയും വാക്കുകൾ കൂട്ടി വായിക്കുന്നത്. എന്നാ ചെയ്യാനാ, നമ്മളീ സ്വർണക്കടേം പലചരക്കും ഒക്കെയായിട്ടു കാലം കഴിക്കുകല്ലാരുന്നോ. പിള്ളാർക്കു വിശക്കുമ്പം കദപുസ്തകം വെട്ടിയരിഞ്ഞു പുഴുക്കു വച്ചു കൊടുക്കാൻ പറ്റുവോ? പുസ്തകത്തിലെ 'അയാൾ' എന്നാ സംഗതിയാണ് 'നശിപ്പിക്കരുതേ നശിപ്പിക്കരുതെ' എന്നു യാചിച്ചത് എന്നു മാത്രം ചാക്കോച്ചനു മനസ്സിലായില്ല. ആകപ്പാടെ പൊറുതികേട്. ഇനിയിപ്പം വായിക്കാൻ പറ്റുവോ, വായിക്കാതിരിക്കാൻ പറ്റുവോ? അപ്പോഴാണ് പോർക്കാട്ടിലച്ചൻ ഒന്നു കൂടി ശബ്ദമുയർത്തിയത്. അവറാച്ചന് ആദ്യമേ പെമ്പളേടെ മേൽ ഒരു പിടി വേണമാരുന്നു. അല്ലേ, വീട്ടിലൊരുത്തി ഇങ്ങനെയൊക്കെ കുത്തിയിരുന്ന് എഴുതുന്നത് നിങ്ങളറിഞ്ഞില്ലെന്നു പറഞ്ഞാൽ അതെന്നാ പറച്ചിലാ അവറാച്ചാ? അതൊന്നും അവറാച്ചനു മനസ്സിലാകത്തില്ലല്ലോ എന്ന് കുഞ്ഞോമാച്ചൻ സാറു പിന്നെയും സൗമ്യമായി കുത്തുവാക്കു പറഞ്ഞു.

അച്ചാമ്മേടെ പൊത്തകം മുഴുവൻ ഏതാണ്ടു മൂർച്ചേടെ കാര്യമൊക്കെയാ പറയുന്നേ എന്നു വറീച്ചായനും ഇടപെട്ടു. മൂർച്ചയോ എന്നു ചാക്കോച്ചൻ അദ്ഭുതം കൂറി. തോമാച്ചൻ വീണ്ടും ക്ഷുഭിതനായി. പിന്നല്ല്യോ, കുഞ്ഞോമാച്ചൻ സാറേ, പെണ്ണുങ്ങളെല്ലാം ഈ മൂർച്ചയില്ലാതെ വിഷമിക്കുകാന്നാന്നല്ലോ ഈ പെമ്പ്രന്നോര് എഴുതി വച്ചിരിക്കുന്നേ. നമുക്കൊന്നുമില്ലാത്ത ഈ മൂർച്ച പെണ്ണുങ്ങക്കെവിടുന്നാ? അതും പോട്ടെ. നമ്മുടെയൊക്കെ അമ്മയമ്മാമ്മമാർക്കും ഈ മൂർച്ചയൊന്നുമില്ലാരുന്നല്ലോ. എന്നിട്ട് അവർക്കൊക്കെ എന്നാ കേടുപറ്റി? നമ്മടെയൊക്കെ വല്യമ്മച്ചിമാര് പത്തും പതിനാലും പെറ്റു. ഒരു മൂർച്ചേം വേണ്ടാരുന്നു. എന്റെ സാറാമ്മയോടു ഞാൻ ചോദിച്ചു, എടീ, എന്നാടീ ഈ മൂർച്ച? ജീവിതത്തിലാദ്യമായിട്ടാ അച്ചോ, അവളെന്നെ നോക്കി ഒരാട്ടാട്ടിയത് - മേലാൽ ഇങ്ങനത്തെ തെമ്മാടിത്തരോം പറഞ്ഞോണ്ട് വന്നേക്കരുതെന്ന്. അല്ലേലും കുടുമ്മത്തിപ്പെറന്ന പെണ്ണുങ്ങക്ക് മൂർച്ചേം കദോം ഒന്നും കാണത്തില്ല വറീച്ചാ.

കുഞ്ഞോമാച്ചൻ സാറു പിന്നെയും സൗമ്യമായി കുത്തുവാക്കു പറഞ്ഞു. മൂർച്ച കൂടിയോ, വേലി ചാടിയിരിക്കും. പക്ഷേ, അവസാനം മൂർച്ചയേ കാണൂ, കുടുമ്മം കാണത്തില്ല. അവറാച്ചായൻ ഷർട്ടിന്റെ തുമ്പുകൊണ്ട് ഒന്നുകൂടി മുഖം അമർത്തിത്തുടച്ചു. കിടപ്പുമുറിയിൽ കണക്കെഴുതുകയും ജീരകവെള്ളം നിറച്ച മൊന്തയും സ്റ്റീൽ ഗ്ലാസ്സും വയ്ക്കുകയും ചെയ്യാൻ ഉപയോഗിച്ചിരുന്ന, വല്യപ്പച്ചന്റെ തേക്കിന്റെ മേശപ്പുറത്ത് പരമാരയും ബാറ്റൻബോസും സ്ഥാനം പിടിക്കാൻ തുടങ്ങിയപ്പോൾ തന്നെ കണ്ടറിയണമായിരുന്നു. ഒരു മണിക്കും രണ്ടുമണിക്കും മുള്ളാനെഴുന്നേൽക്കുമ്പഴും അച്ചാമ്മയിരുന്നു പൊത്തകം വായിക്കുന്നതു കണ്ടപ്പോൾത്തന്നെ ഒരു പിടി പിടിക്കണമായിരുന്നു. നിനക്കെന്നാടി കൊച്ചേ ഉറക്കമൊന്നുമില്ലിയോ എന്ന് ഉറക്കച്ചടവോടെ ചോദിച്ചുകൊണ്ട് തിരിഞ്ഞു കിടന്നതു മഹാ തെറ്റായിപ്പോയി. അപ്പളത്തേക്കെന്നാ, ജോസൂട്ടിയുടെ ഭാര്യ ആദ്യത്തെ അവധിക്കു വന്നപ്പം കൊടുത്ത നൈറ്റിയായില്ലായോ, അവടെ വേഷം. ചട്ടേം മുണ്ടും കാണാനുണ്ടോ? സാരിയാണോ നൈറ്റിയാണോ എല്ലാം മാറ്റി മറിച്ചതെന്ന് ഇപ്പം കൃത്യമായിട്ടു പറവാൻ സാധിക്കുകേല. സാരി സാരിക്കു സാധിക്കുന്നതു ചെയ്തു. നൈറ്റി നൈറ്റിക്കു സാധിക്കുന്നതും. മേശപ്പുറത്ത് ഉറൂബോ, തകഴിയോ അങ്ങനെയാരാണ്ടെല്ലാമോ വന്നു. നരയ്ക്കാൻ തുടങ്ങിയ മുടി അഴിച്ചിട്ട് മേശപ്പുറത്ത് തുറന്നു വച്ച പുസ്തകത്തിലോട്ട് മുഖം പൂഴ്ത്തി ഉറങ്ങിപ്പോയ അച്ചാമ്മയെ ഏഴുമണിക്ക് തട്ടിവിളിക്കേണ്ട ജോലി പോലും അവറാച്ചന്റേതായി. ഉറക്കച്ചടവോടെ കണ്ണുതുറന്ന അച്ചാമ്മ മുടി വാരിക്കെട്ടി വച്ച് അടുക്കളയിലേക്കു മടുപ്പോടെ പോയി. പശുവിനെ അഴിച്ചു കെട്ടുമ്പോഴും പാലു കറക്കുമ്പോഴും അന്യമനസ്കയായി. ചോറും കറീം വായിൽ വയ്ക്കാൻ കൊള്ളാതായി. അവസാനം എന്നാ പറ്റി, പശുവിനെ കറക്കാനും തൊഴുത്തു കഴുകാനും ദാമോദരനെ ഏർപ്പാടാക്കി. പിന്നെപ്പിന്നെ മുറ്റം തൂക്കാനും മുറി അടിച്ചുവാരാനും അയൽപക്കത്തെ കത്രീനയെ ഏർപ്പാടാക്കി. പിന്നെപ്പിന്നെ പാത്രം കഴുകലും പാചകം ചെയ്യലും കത്രീനയുടെ ജോലിയായി. മാസശമ്പളമായി ആദ്യമൊക്കെ നൂറിന്റെയും പിന്നെപ്പിന്നെ അഞ്ഞൂറിന്റെയും ആയിരത്തിന്റെയും നോട്ടുകൾ ദാമോദരന്റെയും കത്രീനയുടെയും കൈകളിലേക്കു പോയി. അച്ചാമ്മയ്ക്കു പകലെന്നില്ല, രാത്രിയെന്നില്ല, പൂമുഖമെന്നില്ല, തൊഴുത്തെന്നില്ല; അരമതിലെന്നില്ല, അടുക്കളവരാന്തയെന്നില്ല, കട്ടിലെന്നില്ല, കിണറ്റിങ്കരയെന്നില്ല, വായനയോടു വായന. അപ്പളത്തേക്കും എല്ലാ പിടീം വിട്ടു.

ചാക്കോച്ചൻ നിവൃത്തിയില്ലാതെ വറീച്ചായനോടു ചോദിച്ചു, എന്നാ വറീച്ചായാ, ഈ പൊത്തകത്തിന്റെ കദ? കവിളൻ മടൽ വെട്ടി നാലെണ്ണം നട്ടപ്പുറത്തു കൊടുക്കാവോ, ഈ ദീനം മാറും, വറീച്ചായൻ അരിശപ്പെട്ടു. എന്റെ പൊന്നു ചാക്കോച്ചാ, ഞാനൊരു കദയേ വായിച്ചൊള്ളൂ. സത്യം പറയാവല്ലോ, എന്റെ അറിവിൽ ഇങ്ങനത്തെ പച്ചത്തെറി ചത്തുപോയ പുളിയ്ക്കൽ സാവിത്രി മാത്രമേ പറഞ്ഞു കേട്ടിട്ടൊള്ളൂ. അതു പിന്നെ അവടെ തൊഴിൽ അതാരുന്നെന്ന് പറയാം. പക്ഷേ, സാവിത്രി പോലും ഇത്രോം പച്ചയ്ക്ക് പറേകേലാരുന്നു. ഇതെന്നാന്നേ, ചാക്കോച്ചാ, വായിക്കുമ്പം പല്ലു പോലും പുളിച്ചേക്കുവാ. ആദ്യമൊക്കെ അച്ചാമ്മ നല്ല നല്ല കദകളല്ല്യോ എഴുതിയിരുന്നത് എന്ന് പോർക്കാട്ടിലച്ചൻ അപ്പളാണ് ചോദിച്ചത്. സാ വാർത്തയിലും സ ാവിളക്കിലും ദൈവവിശ്വാസത്തെക്കുറിച്ച് നല്ല നല്ല കദകളല്ലാരുന്നല്ലോ അതെല്ലാം. പിന്നെന്നാന്നേ, അവറാച്ചാ, സത്യത്തിൽ സമ്പവിച്ചത്?

അവറാച്ചൻ മുണ്ടിന്റെ കോന്തല കൊണ്ട് മുഖം ഒന്നു കൂടി തുടച്ചു. ജോളിക്കുട്ടീടെ എളേ കൊച്ചിന് ഡി.പി.ഇ.പീം വന്നില്ലാരുന്നേൽ ഇത്രേം വേഗത്തിലിങ്ങനൊന്നും സമ്പവിക്കുകേല. ഏതാണ്ട് ഒരു കദയെഴുതിക്കൊണ്ടു ചെല്ലാൻ ടീച്ചറുമ്മാരു പറഞ്ഞുപോലും. അവരിവിടെ അവധിക്കു

നമ്മടെയൊക്കെ വല്യമ്മച്ചിമാര് പത്തും പതിനാലും പെറ്റു. ഒരു മൂർച്ചേം വേണ്ടാരുന്നു. എന്റെ സാറാമ്മയോടു ഞാൻ ചോദിച്ചു, എടീ, എന്നാടീ ഈ മൂർച്ച? ജീവിതത്തിലാദ്യമായിട്ടാ അച്ചോ, അവളെന്നെ നോക്കി ഒരാട്ടാട്ടിയത് - മേലാൽ ഇങ്ങനത്തെ തെമ്മാടിത്തരോം പറഞ്ഞോണ്ട് വന്നേക്കരുതെന്ന്. അല്ലേലും കുടുമ്മത്തിപ്പെറന്ന പെണ്ണുങ്ങക്ക് മൂർച്ചേം കദോം ഒന്നും കാണത്തില്ല വറീച്ചാ.


വന്ന സമയമല്ലാരുന്നോ. അമ്മാമ്മച്ചി, ഒരു കഥ പറഞ്ഞു തരാവോ എന്നു കൊച്ചു ചോദിക്കുന്നത് അവറാച്ചൻ കേട്ടതാ. പിന്നെ കാണുമ്പം അച്ചാമ്മ കുത്തിയിരുന്ന് എഴുത്താ. അന്നു രാത്രി മുഴുവൻ എഴുതി. ഒരു കദയ്ക്കു പകരം അഞ്ചു കദ. ഒരെണ്ണം കൊച്ചിനു പള്ളിക്കൂടത്തിൽ കൊണ്ടുപോകാൻ കൊടുത്തു. ബാക്കി ഏതാണ്ടൊക്കെ മാസികയ്ക്ക് അയച്ചു. കോഴീടേം പട്ടീടേം കദകളാരുന്നു. എല്ലാത്തിലും ഓരോ ഗുണപാഠോമുണ്ടായിരുന്നു. പെണ്ണുങ്ങള് ഗുണപാഠം ആദ്യമേ പറയുമ്പളേ മനസ്സിലാക്കണം - അപകടം പൊറകേ വരും. ഏതായാലും അതീപ്പിന്നെ പട്ടീടേം, പൂച്ചേടേം കദയൊക്കെ നിന്നു. ദൈവത്തിന്റെ കദകളായി. ഒരു കദ അവറാച്ചൻ ഇടയ്ക്കിടെ ഓർക്കാറുണ്ട്. പിള്ളാർക്കു ഫീസ് കൊടുപ്പാൻ മുട്ടിപ്പായി പ്രാർത്ഥിച്ചോണ്ടു നിന്ന ഒരു പെണ്ണിന് വഴീൽക്കെടന്ന് ഒരു പെട്ടി സ്വർണം കിട്ടുന്നതും അവളത് അതിന്റെ ഉടയോനു തിരിച്ചേൽപ്പിക്കുന്നതും. അപ്പം അതിയാൻ ഒരു കെട്ടു നോട്ടെടുത്തു കൊടുത്തു. അവള് അതീന്ന് ഫീസിനുള്ളതെടുത്ത് ബാക്കി കർത്താവിന്റെ കാണിക്കവഞ്ചീലിട്ടു. അതൊക്കെയാ സഫാവിളക്കിൽ വന്നത്. കുറച്ചങ്ങോട്ടു കഴിഞ്ഞപ്പോൾ രാജാക്കന്മാരുടെയും റാണിമാരുടെയും കദയായി. അതും കഴിഞ്ഞപ്പം പ്രേമകദകളായി. ഒരു കദ മനോരമേൽ അടിച്ചു വന്നതു വായിച്ചിട്ടു മോളിക്കുട്ടി വഴക്കിട്ടു. മോളിക്കുട്ടിയേം ജോളിക്കുട്ടിയേം കെട്ടിയിട്ടാ അച്ചാമ്മ വളർത്തിയത്. മോളിക്കുട്ടി ആരാണ്ടു ചെറുക്കന്മാരോടു വർത്താനം പറഞ്ഞെന്ന് കേട്ട ദിവസം വിറകുകൊള്ളി കൊണ്ടു പുറമടിച്ചു പൊളിച്ചവളാ അച്ചാമ്മ. അതാരിക്കും അവള് അമ്മച്ചിയെന്നാ ഈ പ്രായത്തിലാണോ ആണും പെണ്ണും കൂടൊള്ള വേണ്ടാതീനമൊക്കെ എഴുതിപ്പിടിപ്പിക്കുന്നത്, കൊച്ചുമക്കള് വളർന്നു വരുവാന്ന് ഒച്ചയിട്ടത്.

അച്ചാമ്മ കണ്ണുനിറഞ്ഞ് മുറിയിലോട്ടോടി എഴുത്തുമേശയിൽ തല ചായ്ച്ച് എന്നാ കരച്ചിലാരുന്നു. അന്നു തന്നെ പറഞ്ഞു നിർത്തിക്കേണ്ടിയതാരുന്നു. പക്ഷേ അന്ന് കർത്താവു തമ്പുരാൻ ആ ബുദ്ധി തോന്നിപ്പിച്ചില്ല. നീയെഴുതിക്കോടീ അച്ചാമ്മേ, അവൾക്കെന്നാ നിന്നോട് ഓർഡറിടാൻ കാര്യം എന്ന് ചോദിപ്പിക്കുകേം ചെയ്തു. നിറകണ്ണു തുടച്ച് അച്ചാമ്മ ചിരിച്ചു. പിന്നങ്ങ് എഴുത്തല്ലാരുന്നോ. മോളിക്കുട്ടിക്ക് അച്ചാമ്മേടെ കദകളൊക്കെ ഇഷ്ടമാരുന്നു. അമ്മച്ചീ, ആ കദേലെ മാത്യുവിനെയും മിനിയെയും പിരിക്കല്ലേ, അമ്മച്ചീ എന്നൊക്കെ അവള് അപേക്ഷിക്കുന്നത് അവറാച്ചൻ കേട്ടിട്ടുണ്ട്. ജോസൂട്ടി പിന്നെ ഇതു വല്ലതും അറിയുന്നോ? അവൻ മരുഭൂമീന്ന് അമേരിക്കേലോട്ടു പോയ സമയമാ. സത്യം പറഞ്ഞാൽ ജോസൂട്ടി ഗൾഫിലും പിന്നെ അമേരിക്കേലും പോയില്ലാരുന്നേൽ അച്ചാമ്മയ്ക്ക് ഈപ്പറഞ്ഞപ്പോലെ ഒരു കുഴപ്പോം വരത്തില്ലാരുന്നു. ഇതിപ്പം വീട്ടു ജോലിക്ക് ആളെ നിർത്താനാണേലും പൊത്തകം വാങ്ങിക്കാനാണേലും പൊത്തകം വയ്ക്കാൻ അലമാര പണീക്കാനാണേലും സാരീം നൈറ്റീം വാങ്ങിക്കാനാണേലും എഴുതാൻ പേപ്പറു വാങ്ങിക്കാനാണേലും എന്നാ മുട്ടാ? അവളങ്ങ് അർമാദിച്ചു. അപ്പപ്പിന്നെ വഴക്കു പറയാവോ? എന്നായേലും ഒന്നു മിണ്ടിയാൽ ഒടനെ അവളങ്ങു തിരിഞ്ഞു നിൽക്കും-അല്ലേലും നിങ്ങള് ആണുങ്ങള് എന്നും പറഞ്ഞ്. അവറാച്ചൻ അനുഭവത്തീന്നു പഠിച്ച കാര്യം ഇതാണ്- നിങ്ങള് ആണുങ്ങള് എന്നും പറഞ്ഞ് പെണ്ണുങ്ങള് വർത്താനം തുടങ്ങിയാൽ മനസ്സിലാക്കിക്കോണം-സംഗതി കൈവിട്ടു.

ചാക്കോച്ചൻ ആ സമയത്തൊക്കെ ആകെ ഞെരിപിരി കൊള്ളുകയായിരുന്നു. നഗ്നത, മൂർച്ച തുടങ്ങിയ വാക്കുകൾ മറക്കാൻ ശ്രമിച്ച് അദ്ദേഹം പരാജയപ്പെട്ടു. അച്ചാമ്മയെന്ന പെമ്പ്രന്നോര് എന്തുകൊണ്ടാണ് ഇതൊക്കെ എഴുതിവച്ചതെന്ന് മനസ്സിലാക്കാൻ അദ്ദേഹത്തിന്റെ പുരുഷഹൃദയം ദാഹിച്ചു. കച്ചവടത്തിൽ അഞ്ചു രൂപ നഷ്ടം വന്നാൽ അതിന് ഒരു അർഥമേയുള്ളൂ. പത്തുരൂപക്ക് വാങ്ങിച്ചത് അഞ്ചു രൂപയ്ക്ക് വിറ്റു. പക്ഷേ ആരാണ് പത്തു രൂപയ്ക്ക് വാങ്ങിച്ചത് അഞ്ചുരൂപയ്ക്ക് വിൽക്കുന്നത്? അതും സ്വർണത്തിനെന്ന പോലെ എല്ലാത്തിനും വില കത്തിക്കയറുന്ന ഇക്കാലത്ത്. മനുഷ്യർ മനഃപൂർവ്വം നഷ്ടം വരുത്തുന്നതെന്നാത്തിന് എന്ന് ആലോചിക്കുന്തോറും ചാക്കോച്ചന് തല പെരുത്തു. എനിക്കതല്ല അവറാച്ചാ വിഷമം, പോർക്കാട്ടിലച്ചൻ ആദ്യത്തെ ദേഷ്യോം സങ്കടോം മാറി കുറച്ചൊരു സഹതാപത്തോടെ പറഞ്ഞു. അന്നു പഞ്ചായത്താപ്പീസിൽ മറ്റേ കംപ്യൂട്ടർ പഠിത്തം ഉദ്ഘാടനം ചെയ്തപ്പം അതിൽ ചേർന്നതിന് അച്ചാമ്മേ പള്ളീ വച്ച് അ ഭിനന്ദിച്ചില്ല്യോ? അന്ന് ഇങ്ങനൊക്കെ സമ്പവിക്കുമെന്ന് ആരറിഞ്ഞു.

അവറാച്ചൻ വീണ്ടും കൈപ്പത്തികൾ കൊണ്ടു മുഖം തുടച്ചു. കംപ്യൂട്ടറു പഠിക്കാൻ അച്ചാമ്മ തീരുമാനിച്ചത് സ്വന്തം ഇഷ്ടപ്രകാരമായിരുന്നു. ഇപ്പഴിപ്പം കമ്പ്യൂട്ടർ അറിയത്തില്ലേൽ അതു വല്യ നാണക്കേടാ എന്ന അച്ചാമ്മയുടെ വാദത്തെ ഖണ്ഡിക്കാൻ അവറാച്ചൻ ശ്രമിക്കാഞ്ഞല്ല. അച്ചാമ്മ പുല്ലുവില കൽപ്പിച്ചില്ല. ജോസൂട്ടിക്ക് ഈമേൽ അയച്ച ദിവസം വീട്ടിൽ വല്യ ഉൽസവമാരുന്നു. അവനൊരു പാവത്താൻ, ഇതു കണ്ടു സന്തോഷിച്ച് ഒടനെ അയച്ചു, അമ്മച്ചിക്ക് ആയിരത്തഞ്ഞൂറു ഡോളറ്. പിന്നെ കംപ്യൂട്ടറായി, ഈമേൽ അയയ്ക്കുന്ന യന്ത്രമായി, നമ്മടെ മേശപ്പുറത്ത്. കണ്ട അവളുമാരുടേം അവൻമാരുടേം മനസ്സിലാവാത്ത പുസ്തകങ്ങളും പേനേം പേപ്പറും പോരാഞ്ഞ് ഈപ്പറഞ്ഞ യന്ത്രങ്ങളുമായി. രാത്രി മുഴുവൻ കംപ്യൂട്ടറിൽ എന്നാ ഒക്കെയോ ടൈപ്പടിക്കുന്നു, വായിക്കുന്നു, ചിരിക്കുന്നു, വായിലൊരു സാധനോം വച്ച് ആരാണ്ടോടൊക്കെ വർത്താനം പറയുന്നു. വല്യപ്പച്ചാ, ഒരു കാര്യം പറഞ്ഞാൽ, ആളുകളെ അറിയിച്ച് നാണക്കേടുണ്ടാക്കരുത്. അമ്മാമ്മച്ചി ഒരുത്തനുമായിട്ട് ചാറ്റു ചെയ്യുന്നുണ്ട് എന്ന് ജോളിക്കുട്ടീടെ പതിനാലു തികയാത്ത എളേ ചെറുക്കൻ എബി സൂചിപ്പിച്ചപ്പളാ അവറാച്ചായന് സംഗതിയുടെ ഗൗരവം മനസ്സിലാ യത്. അന്ന് അവറാച്ചായന്റെ കൺട്രോളു തെറ്റി. യന്ത്രോം അതിന്റെ കുന്ത്രാണ്ടോം ഒക്കെക്കൂടെ വലിച്ചു പറിച്ച് വണ്ടീൽക്കേറ്റി ജോളിക്കുട്ടീടെ വീട്ടിലോട്ടു വിട്ടു. എന്നാ പറയാനാ, അങ്ങു മാറിയല്ലോ, അച്ചാമ്മേടെ മട്ടും മാതിരീം. കണ്ട കാളപൂട്ടുകാരനെയൊക്കെ കെട്ടിക്കേറി വന്നതിന്റെ ഫലം കിട്ടിയെന്നോ, അവറാച്ചായനും അങ്ങേരുടെ പിള്ളാർക്കും വച്ചു വിളമ്പിയ നേരത്ത് രണ്ട് തെങ്ങ് വച്ചിരുന്നേൽ ഇപ്പം തേങ്ങയിടാമാരുന്നെന്നോ ഏതോ സാവി






ത്രിക്കുട്ടിയെയോ മാധവിക്കുട്ടിയെയോ ഒക്കെ ഓർക്കുമ്പം അസൂയ തോന്നുന്നെന്നോ-അവറാച്ചായൻ മരിച്ചാലും അന്നത്തെ രാത്രി മറക്കുകയില്ല. അച്ചാമ്മയിരുന്ന് ഒരൊറ്റ കദയെഴുത്താ. എന്നിട്ട് അവറാച്ചനോട് ഒരു വാക്കു പോലും ചോദിക്കാതെ അതങ്ങ് അച്ചടിപ്പിക്കുകേം ചെയ്തു. അഞ്ചാറു ദിവസം കഴിഞ്ഞു കാണും, പത്രത്തിലെ കൊറേ ചെറുപ്പക്കാര് കദയെഴുത്തുകാരിയെ കണ്ട് ന്യൂസ് ഇടാനായിട്ട് ക്യാമറേം നോട്ടുബുക്കും റേഡിയോയും ഒക്കെയായിട്ടു കേറി വരുന്നു. അതത്ര ശരിയായ കദയല്ലെന്ന് അവറാച്ചന് അപ്പളേ തോന്നി. ആരും കാണാതെ വാരികേമെടുത്ത് കക്കൂസിൽ പോയിരുന്ന് താളു മറിച്ചു നോക്കി. അക്ഷരമൊന്നും കണ്ണിൽ പിടിക്കത്തില്ലാരുന്നു. പക്ഷേ തലക്കെട്ടു നല്ലോണം വായിച്ചു- എന്നോട് ഇണചേരേണ്ടതെങ്ങനെ? അപ്പം വന്നു അവറാച്ചായന് ആദ്യത്തെ ഹാർട്ട് അറ്റാക്ക്. ആ സമയത്തും പുറത്ത് ചോദ്യോം ഉത്തരോം കളീം ചിരീമാ. ജോസൂട്ടിയെക്കാട്ടിലും പത്തും പന്ത്രണ്ടും വയസ്സിന് എളേ പിള്ളേര്. അവൻമാര് നിരന്നിരുന്നോണ്ട് അച്ചാമ്മയോട് ഓരോരോന്നൊക്കെ ചോദിക്കുന്നു. ലിങ്ങം, യോനി, എണചേരൽ എന്നൊക്കെ ഒറക്കെ കേൾക്കാം. മാധവിക്കുട്ടിയുടെ ലിംഗാധിഷ്ഠിത ശരീരത്തിൽനിന്നു സാറാ ജോസഫിന്റെ വർഗാധിഷ്ഠിത ശരീരത്തിലേക്കുള്ള പരിണാമത്തെക്കുറിച്ച് അച്ചാമ്മ അവറാന്റെ അഭിപ്രായമെന്താണ് എന്ന് ചന്ദനക്കുറി തൊട്ട ഒരുത്തൻ ചോദിക്കുന്നതും കേട്ടു. അച്ചാമ്മയ്ക്കുണ്ടോ വല്ല ഉളുപ്പും? എന്റെ കഥകളുടെ ലിംഗപരിപ്രേക്ഷ്യം എന്ന് അച്ചാമ്മ പറഞ്ഞു തുടങ്ങിയതും അവറാച്ചന് കൺട്രോളു തെറ്റി. വെട്ടുകത്തീമെടുത്തു കൊണ്ടുപോയി സ്ലോട്ടറിനു നിർത്തിയൊരു റബറിന്റെ നല്ലൊരു കമ്പിങ്ങു വെട്ടി. മുണ്ടും മടക്കിക്കുത്തി തോർത്തെടുത്തു തലേക്കെട്ടും കെട്ടി മുറീലോട്ട് അങ്ങ് കേറിച്ചെന്നു. അവൻമാർക്കും അവൾക്കും നട്ടപ്പുറത്തിട്ടു കൊടുത്തു. തെണ്ടിനായിന്റെ മക്കളേ, എറങ്ങടാ എന്റെ കുടുമ്മത്തൂന്ന്. ലിങ്ങോം യോനീം മറ്റേതുമൊക്കെ വീട്ടിൽചെന്ന് നിന്റെയൊക്കെ തള്ളമാരോടു ചോദിക്കെടാ എന്ന് അലറി. അപ്പളായിരുന്നു രണ്ടാമത്തെ അറ്റാക്ക്. ഹൃദയമിടിപ്പങ്ങു നിന്നു. അല്ലേലും ഇത്രോമായ സ്ഥിതിക്ക് അവറാച്ചന്റെ ഹൃദയം പിന്നേം പിന്നേം മിടിച്ചിട്ടെന്നാന്നേ കാര്യം?

ചാക്കോച്ചന് ശരീരം തളരുന്നതുപോലെ തോന്നി. ജീവിതത്തെക്കുറിച്ച് അദ്ദേഹം ഗാഢമായി ആലോചിക്കുകയായിരുന്നു. ഇക്കണ്ട കാലമത്രയും കാശുണ്ടാക്കി. മേരിക്കുട്ടീടെ കൂടെ ജീവിച്ചു. നാലു പിള്ളേരുണ്ടായി. നാലിനേം കെട്ടിച്ചു. നാലിനും ഒന്നാന്തരം നാലു വീടും നാല് എസ്റ്റേറ്റും ആമ്പിള്ളാർക്കു രണ്ടു പേർക്കും ഓരോ സ്വർണക്കടേം ഇട്ടു കൊടുത്തു. പക്ഷേ, ഇപ്പറഞ്ഞപോലെ നഗ്നതയാകട്ടെ, മൂർച്ചയാകട്ടെ, നമ്മളിതൊന്നും അറിഞ്ഞിട്ടില്ല. മേരിക്കുട്ടീം അറിഞ്ഞു കാണുകേല. പോർക്കാട്ടിലച്ചൻ അങ്ങോട്ടുമിങ്ങോട്ടും കൈ കെട്ടി നടക്കുകയായിരുന്നു. അവറാച്ചാ, അച്ചാമ്മേടെ പത്രത്തി വന്ന കാര്യങ്ങളു വായിച്ചപ്പത്തന്നെ ഒരു തീരുമാനമെടുക്കണമെന്നു വിചാരിച്ചതാ. പക്ഷേ അപ്പഴാ അവറാച്ചന് അറ്റാക്ക് വന്നത്. അപ്പളും നമ്മടെ വിചാരമെന്നാ, അതോടെ അച്ചാമ്മ എഴുത്തു നിർത്തുമെന്നല്ല്യോ? എന്നാലും എന്റെ അവറാച്ചാ, ആ പെമ്പ്രന്നോര് എന്നാ ഭാവിച്ചാ ഇങ്ങനെ തുടങ്ങുന്നേ? കെട്ടിയോനെന്നും പിള്ളാരെന്നും കൊച്ചുമക്കളെന്നും യാതൊരു വിചാരോം ഇവർക്കില്ലിയോ?

അവറാച്ചായൻ ഒരിക്കൽകൂടി കൈലേസ് തപ്പിയെടുത്തു മുഖം തുടച്ചു. തോട്ടത്തിലെ ടാപ്പിങ്ങുകാരാ താങ്ങിയെടുത്ത് ആശൂത്രീൽക്കൊണ്ടുപോയത്. ഒരു മാസം കെടന്നു. മോളിക്കുട്ടീം ജോളിക്കുട്ടീം ജോസൂട്ടീം പിള്ളാരും ഒക്കെ വന്നു. അവളു മാത്രം-ങ്ഹേ ഹേ, ആശൂത്രീന്ന് വീട്ടിൽ വന്നപ്പളായി

രുന്നു അവസാനത്തെ ഈശാപോശ. പിള്ളാരങ്ങു തിരിഞ്ഞു. അവരെത്രോം സഹിക്കും? ഇന്നുവരെ അമ്മച്ചിയുടെ ഒരിഷ്ടത്തിനും എതിരു നിൽക്കാത്തവനാ ജോസൂട്ടി. പെമ്പിള്ളേരു രണ്ടും പൊട്ടിക്കരേവാ-അമ്മച്ചീ, എന്നാലും അമ്മച്ചീ, ഞങ്ങളോടിതു ചെയ്തല്ലോ. കദയെഴുത്തു നിർത്തിയില്ലെങ്കിൽ വീട്ടിൽനിന്ന് എറക്കിവിടുമെന്നു പിള്ളാരു പേടിപ്പിച്ചു നോക്കി. എന്നിട്ടെന്നാ? പിറ്റേന്നു പോലീസുകാരുണ്ടു മുറ്റത്തു നിൽക്കുന്നു. ഏതാണ്ട് പീഡനത്തിന് അച്ചാമ്മ കേസു കൊടുത്തിട്ടൊണ്ടുപോലും. പുതിയ നിയമം അനുസരിച്ച് സ്വന്തം പെമ്പളെ ഒന്നു ദേഷ്യത്തോടെ നോക്കാൻപോലും പറ്റുകേലെന്നാ ഇൻസ്പെക്ടറു പറഞ്ഞത്. സഹികെട്ട് അവറാച്ചായൻ അറ്റകയ്യായി മാണിസാറിനെക്കൊണ്ട് സ്റ്റേഷനിൽ വിളിപ്പിച്ചായിരുന്നു. കുറച്ചു കഴിഞ്ഞപ്പം മാണിസാറും പറഞ്ഞു -സ്ലോട്ടറു കഴിഞ്ഞപ്പളാന്നോ വളമിടുന്നത് അവറാച്ചായാ, ാര്യ എഴുത്തുകാരിയാകുന്നേനു മുന്നേ ഇതൊക്കെ ആലോചിക്കണ്ടാരുന്നോ എന്ന്.

ഇന്നുവരെ ഒരു കുർബാന പോലും മുടക്കീട്ടില്ലാത്ത അവറാച്ചായാന് കർത്താവായ മിശിഹാ ഇത്തരമൊരു കഠിന പരീക്ഷണം നൽകിയതിന്റെ സാംഗത്യം ആലോചിച്ച് പോർക്കാട്ടിലച്ചൻ സ്തബ്ധനായി. വർക്കിച്ചായനും വറീച്ചായനും കുഞ്ഞോമാച്ചനും നിശ്ശബ്ദരായി. മാണിസാറൊന്നു നേരിട്ടു വിളിച്ചു സംസാരിച്ചാൽ ചെലപ്പം അച്ചാമ്മ അയയുമെന്നും അച്ചൻ നേരിട്ടു പോയി പള്ളി മുടക്കു ഭീഷണി അറിയിക്കണമെന്നും പളളിക്കമ്മറ്റിക്കാരു മൊത്തമായി പോയി അച്ചാമ്മയെ കണ്ട് സമ്മർദ്ദം ചെലുത്തണമെന്നുമൊക്കെ പല അഭിപ്രായങ്ങൾ ഉയർന്നു. ഇനിയിതൊന്നും നടന്നില്ലേൽ, അവറാച്ചായനൊന്നു കണ്ണടച്ചാൽ ഞാനിത് ശരിയാക്കിത്തരാം, അതിനൊക്കെ കൊച്ചീൽ നമുക്കു പിള്ളാരുണ്ടേന്നേ എന്ന് തോമാച്ചൻ അവസാനം അനുതാപവിവശനായി. അവറാച്ചായൻ കണ്ണീരിൽ മുങ്ങിയ കൈലേസ് മടിക്കുത്തിൽ വച്ച് വീണ്ടും മുണ്ടിന്റെ കോന്തലയിൽ മൂക്കു പിഴിഞ്ഞു. നിങ്ങക്കൊന്നും ഒരു ചുക്കും ചെയ്യാമ്പറ്റുകേല. അവളെ കാണാൻ കിട്ടിയിട്ടു വേണ്ടായോ? ഒരു നേരത്തും വീട്ടിൽ കാണുകേല. ഒന്നേൽ, ടെലിവിഷനേൽ ചർച്ച പറയാൻ പോകും. അല്ലേൽ മീറ്റിങ്ങേൽ പ്രസംഗം പറയാൻ പോകും. ഇപ്പം ആളെ കണ്ടാൽ അറിയാവോ? ചുരുണ്ട മുടിയൊക്കെ നീട്ടി കറുപ്പിച്ച് അഴിച്ചിട്ടേക്കുവാ. നൈറ്റീം സാരീമൊക്കെ പോയി ഇപ്പം കയ്യില്ലാത്ത കുർത്തായും പാവാടേമാ. മിന്നും താലീമൊക്കെ പൊട്ടിച്ചു. പകരം വെള്ളയ്ക്കാ വലിപ്പത്തിൽ കല്ലു കോർത്ത മാല. കയ്യിലാണേൽ തടിവള. എല്ലാം പോട്ടെ, നെറ്റീൽ ഒറ്റ രൂപാ വലിപ്പത്തിൽ സിന്ദൂരപ്പൊട്ട്. താടീലൊള്ള ആ അരിമ്പാറയില്ലേൽ അച്ചാമ്മെ അവടെ പെറ്റ തള്ള തിരിച്ചറികേല, കേട്ടോ.

വിങ്ങിവിങ്ങിക്കരയുന്ന അവറാച്ചായനെ കണ്ടിട്ടും ചാക്കോച്ചന് ഇവരൊക്കെ ഇങ്ങനെ അസ്വസ്ഥരാകാൻ കാരണമെന്താന്നു മനസ്സിലായില്ല. അദ്ദേഹം ഉഡായിപ്പിൽ പുസ്തകം കയ്യിലെടുത്ത് വരാന്തേലോട്ടു മാറി വായിക്കുന്ന മട്ടിൽ നിന്നു. പിന്നെ സെൽഫോണെടുത്തു നോക്കി അർജന്റായ വിളി വന്നെന്ന മട്ടിൽ അച്ചോ, ഞാൻ ദാ പോയേക്കുവാ എന്നും പറഞ്ഞ് ഓടി വണ്ടീൽ കേറി. പത്രോസേ, വീട്ടിലോട്ടു വിട്ടോ എന്ന് പറഞ്ഞ് കാറിലിരുന്ന് വായന തുടങ്ങി സുരതസങ്കീർത്തനങ്ങൾ. എന്നോട് ഇണചേരേണ്ടതെങ്ങനെ എന്ന കഥയിൽ ചാക്കോച്ചൻ ഇങ്ങനെ വായിച്ചു: നിങ്ങൾ മരിക്കുമ്പോൾ കറുത്ത ചായമടിച്ച ശവപ്പെട്ടി മേൽ നിങ്ങൾ ഒരു മൂത്രപ്പുര പോലെ ഉപയോഗിച്ച ശരീരം ചേർത്തു ഞാൻ വെറുതെ കിടക്കും. ഞാൻ ചുംബിക്കുന്നതു ശവപ്പെട്ടിയുടെ മൂടിയിൽ തറച്ച പിത്തള മൊട്ടുകളെയായിരിക്കും. ഒപ്പീസു പാടുന്ന അച്ചൻമാരും ദുഃഖം അഭിനയിക്കുന്ന ബന്ധുക്കളും കേൾക്കാതെ ഞാൻ നിങ്ങളുടെ ജഡത്തെ നോക്കി പല്ലിറുമ്മും. മരണാനന്തര ജീവിതത്തിൽ നാം വീണ്ടും കണ്ടുമുട്ടിയാൽ ഞാൻ രതിമൂർച്ചയുടെ വിൽപനക്കാരിയായിരിക്കും. പക്ഷേ അതിനു വിലയായി നിങ്ങളെത്തന്നെ എനിക്കു ബലിയായി സമർപ്പിക്കേണ്ടി വരും. അന്ന്, എന്നോട് ഇണചേരേണ്ടതെങ്ങനെയെന്ന് ഞാൻ പറഞ്ഞു തരും. - എന്റെ വസ്ത്രങ്ങൾ ഞാനറിയാതെ അഴിച്ചു മാറ്റൂ, എന്റെ ശരീരത്തിൽ ശലഭത്തെപ്പോലെ ചിറകടിക്കൂ. എന്റെ ഹൃദയത്തെ ഒരു പെരുമ്പാമ്പിനെപ്പോലെ ശ്വാസംമുട്ടിക്കൂ-

മനസ്സിലായി. ചാക്കോച്ചനും എല്ലാം മനസ്സിലായി. രക്തസമ്മർദ്ദം അധികരിച്ച നിലയിൽ അദ്ദേഹവും വീട്ടിൽ ചെന്നുകയറി. ഊതനിറത്തിലുള്ള സിൽക്ക് ഷർട്ട് ഒരിക്കൽകൂടി കാപ്പിപ്പൊടി നിറമായി. ലിവിങ്ങ് റൂമിൽ ശാലോം ടിവി കണ്ടുകൊണ്ടിരുന്ന മേരിക്കുട്ടി പാവം, എഴുന്നേറ്റു ഭവ്യതയോടെ നിന്നു. വെളുപ്പിൽ നീലപ്പൂക്കൾ ചിന്നിയ നൈറ്റി ധരിച്ചു, ചുരുണ്ട മുടി ഉച്ചിയിൽ വാരിക്കെട്ടിയ മേരിക്കുട്ടിയുടെ വെളുത്ത വട്ടമുഖത്തേക്കു നോക്കാൻ ചാക്കോച്ചന് മനഃപ്രയാസം തോന്നി. നിങ്ങൾക്കൊന്നും അതു പറഞ്ഞാൽ മനസ്സിലാകുകേല. ഒരു വരണ്ട ചിരി ചിരിച്ച്, സുരതസങ്കീർത്തനങ്ങളുമായി ചാക്കോച്ചൻ കിടപ്പറയിലേക്കു പോയി. അലമാര തുറന്ന് കുപ്പിയെടുത്ത് രണ്ടെണ്ണം അങ്ങു വീശി. അപ്പഴത്തേക്ക് മേരിക്കുട്ടി അത്താഴം വിളമ്പി. പിന്നെ കടേന്നു കണക്കും കൊണ്ടു പിള്ളാരു വന്നു. മക്കളും ഫോണിൽ വിളിച്ചു മിണ്ടി. അതിന്റെടേലെല്ലാം ഓരോന്നു വീശുകേം ചെയ്തു. അതുകൊണ്ടാരിക്കും, എട്ടൊമ്പതു മണിയായപ്പളത്തേക്കും തലയ്ക്കു പിടിച്ചു. പിന്നങ്ങു കെടന്നു. രാത്രീൽ എപ്പളാന്ന് അറിയത്തില്ല, ചാക്കോച്ചൻ ഉണർന്നു നോക്കുമ്പോൾ മേരിക്കുട്ടിയുണ്ട് വായനയോടു വായന. കള്ളിന്റെ കെട്ട് കാരണം സംഗതി എന്നാന്ന് ഓർമ വന്നില്ല. രാവിലെ ഉണർന്നിട്ടും പതിവുപോലെ കാപ്പി വരാത്തപ്പളാ തലമണ്ടേൽ മിന്നിയത്. മേരിക്കുട്ടിയേ കാപ്പി എന്നു വിളിച്ചു നോക്കി. മേരിക്കുട്ടി വിളി കേട്ടില്ല. കാപ്പി വന്നതുമില്ല. മുണ്ടു മാടിക്കുത്തി പുറത്തേക്കു വന്നതും, ദാണ്ടെ, ഒരു പെമ്പ്രന്നോര് ചുരുണ്ട മുടി വലിച്ചു നീട്ടി കറുപ്പടിച്ച്, കയ്യില്ലാത്ത കുർത്തായും മദാമ്മമാരിടുന്ന പാവാടേമിട്ട് അരക്രാസീടെ തൂണിൽ ചാരിയിരുന്നോണ്ട് വായനയോടു വായന! ചാക്കോച്ചന്റെ ചങ്കിലാണോ, അടിവയറ്റിലാണോ, പശു തൊഴിച്ചതുപോലെ ഒരനുഭവമുണ്ടായി. -വാസ്തവത്തിൽ എന്നാന്നേ, സമ്പവിച്ചത് ?

■

> **നിങ്ങൾ മരിക്കുമ്പോൾ കറുത്ത ചായമടിച്ച ശവപ്പെട്ടി മേൽ നിങ്ങൾ ഒരു മൂത്രപ്പുര പോലെ ഉപയോഗിച്ച ശരീരം ചേർത്തു ഞാൻ വെറുതെ കിടക്കും. ഒപ്പീസു പാടുന്ന അച്ചൻമാരും ദുഃഖം അഭിനയിക്കുന്ന ബന്ധുക്കളും കേൾക്കാതെ ഞാൻ നിങ്ങളുടെ ജഡത്തെ നോക്കി പല്ലിറുമ്മും. മരണാനന്തര ജീവിതത്തിൽ നാം വീണ്ടും കണ്ടുമുട്ടിയാൽ ഞാൻ രതിമൂർച്ചയുടെ വിൽപനക്കാരിയായിരിക്കും. പക്ഷേ അതിനു വിലയായി നിങ്ങളെത്തന്നെ എനിക്കു ബലിയായി സമർപ്പിക്കേണ്ടി വരും. അന്ന്, എന്നോട് ഇണ ചേരേണ്ടതെങ്ങനെയെന്ന് ഞാൻ പറഞ്ഞുതരും.**



# ഒറ്റ മുറിവ്



സാവിത്രി രാജീവൻ

പെയിന്റിംഗ്:
നിജീന നീലാംബരം

"ചന്ദ്രമുഖി' എന്നു അവൻ
തോളിൽ തട്ടി വിളിച്ചതും
അവൾ അവന്റെ തോളിലേക്ക് ചാഞ്ഞതും
നില തെറ്റി തോട്ടിലേക്ക് മറിഞ്ഞു;
ഒരു കൈതമുള്ളിലോ കൈതക്കാലിലോ
തടഞ്ഞു നിൽക്കാതെ നേരെ.

എന്നിട്ടോ
ഒന്നു മുങ്ങിപ്പൊങ്ങിയപ്പോൾ കണ്ടു
ഊർന്നു പോയ അവളുടെ ഉടുതുണിയുമായി
അവനിരിക്കുന്നു മരക്കൊമ്പിൽ,
ഓടക്കുഴലുമായി.

ഒന്നു മുങ്ങി നിവർന്നപ്പോഴേക്കും താൻ
പിളർന്ന
അറുപതുകൾ പോയ് മറഞ്ഞല്ലോ
എന്നു വിഷാദിച്ചു അവൾ അന്നേരം
എന്തെന്നാൽ
കാർകുഴൽ  കൊണ്ടു മാറ് മറക്കാനും

ഓടക്കുഴലിൽ
അവൻ പാടുന്ന സ്തനവർണ്ണന
കേട്ടു കോരിത്തരിക്കാനും
കാളിന്ദിയിൽ എന്നവണ്ണം
നീന്തി തുടിക്കാനും
കള്ളക്കണ്ണെറിഞ്ഞും
മന്ദഹാസം ചൊരിഞ്ഞും
മരച്ചോട്ടിൽ നിന്നു
എന്റെ ആട തായോ
എന്നു കൊഞ്ചി പറയാനും
അവൾ മറന്നു കളഞ്ഞു

അതും പോരാഞ്ഞ്
ആടയിരക്കാതെ
പാട്ട് കേൾക്കാതെ
അതാപോകുന്നു
അവൾ
ഇലകൊഴിച്ച മരമെന്നപോലെ,
നഗ്നയായി !
മുൾക്കൈത വരഞ്ഞ മുറിവും
അതിലൂറുന്ന ചോരയുമാണ്
അവളുടെ ഉടൽ മൂടുന്നത്
പട്ടുപോലെ തുടുത്തത്.

അതാ പോകുന്നു,
നഗ്നമായി
നെടുകെ പിളർന്ന
ഒരു ഒറ്റ മുറിവായി അവൾ.

# അവൾ ഒഴുകുകയാണ്

ഗിരിജ.പി.പാതേക്കര



തളരാത്ത വേഗത്തോടെ
കുതിച്ചൊഴുകുകയാണ് പുഴ-
തൊട്ടുരുമ്മുന്ന തീരതളിർപ്പുകളിൽ
ഒന്നു നില്ക്കാതെ,
നിഴലും നിലാവും പെയ്തിറങ്ങുന്ന
ഹരിതഭംഗികളിൽ
ഒന്നിരിയ്ക്കാതെ,
പിറകേ വരുന്ന കാറ്റിന്റെ
സന്ദേശം കാതോർക്കാതെ
കരളിൽ കയ്പുനീർ ചാലിച്ചെഴുതിയ
കവിതകൾ കാണാതെ,
കടത്തു തോണി കിട്ടാത്തവരെ
സാന്ത്വനിപ്പിക്കാതെ,
കടലിലേയ്ക്കെത്താൻ
കിതച്ചൊഴുകുകയാണ് പുഴ
അകലെയിരമ്പുന്ന കടലും
തിരകളുടെ താളവും
ഒന്നായലിയുമ്പോഴുള്ള
നിറഞ്ഞുകവിയലും
നുരഞ്ഞു പതയലും
മാത്രമായിരിയ്ക്കണം
പുഴയുടെ സങ്കല്പങ്ങളിൽ
കടലിൽ വിലയിയ്ക്കുവോളമേ
താനുള്ളുവെന്നും
പിന്നെ, കടൽ, കടൽമാത്രമെന്നും.
കലിയൊടുങ്ങാത്ത കാറ്റും
കലിയ്ക്കുന്ന ഉപ്പും
ഇരുണ്ട ആഴങ്ങളും
കൂട്ടെന്നുമറിയുമ്പോൾ
പ്രിയപ്പെട്ട ഇടങ്ങളിൽനിന്ന്
ഇത്ര തിടുക്കത്തിൽ
ഓടിപ്പോരേണ്ടിയിരുന്നില്ലെന്ന്
പുഴ വിലപിയ്ക്കുമായിരിയ്ക്കും.

# അവകാശികൾ

ഡോ. ഇ. സന്ധ്യ



അവളുടെ ശരീരം
ഭർത്താവിന് അവകാശപ്പെട്ടതായിരുന്നു
മുലപ്പാൽ കുട്ടികൾക്കും,
സമയം കുടുംബത്തിനും.
കണ്ണീരും വിയർപ്പും
അടുക്കളയ്ക്ക് വേണമായിരുന്നു.
പുഞ്ചിരി വിരുന്നുകാർക്ക്
സമ്പാദ്യം വീടുപണിക്ക്.
ആകാശങ്ങൾ കാണേണ്ടതില്ലെന്നും
ആഴികൾ അറിയേണ്ടെന്നും
ആശകളിൽ മുഴുകേണ്ടതില്ലെന്നും
ആരെല്ലാമോ പറഞ്ഞുകൊണ്ടിരുന്നു.
അതുകൊണ്ട്
അവളുടെ പ്രണയമെപ്പോഴും
കവിതകളായി
അവനിലേയ്ക്കൊഴുകി
അവനൊരിക്കലും വായിക്കുകയോ
അറിയുകയോ, തൊടുകയോ
ചെയ്യുമെന്ന് തീർച്ചയില്ലാത്ത
അവളുടെ ജീവിതംപോലെ.



എം.ഡി.രാധിക

ഒന്ന്

## ചിത്രകഥകൾ

കടൽക്കരയിലെ ഫ്ളാറ്റ് മകളുടെ സ്വപ്നമായിരുന്നു. അച്ഛന്റെ കനത്ത വിദേശശമ്പളം അതു സാധിച്ചു കൊടുത്തു. ഉപ്പുമാവും പഴവുമായിരുന്നു പ്രാതൽ. തൽക്കാലം മറ്റൊന്നും ചെയ്യാനുണ്ടായിരുന്നില്ല. അങ്ങനെയാണ് ബുർഖയണിഞ്ഞ് വേഗത്തിൽ അമ്മയും ഇട്ട വേഷത്തിൽ തന്നെ മകളും പുറത്തിറങ്ങി തറയോടു പാകിയ തിട്ടയിലെ ഇരുമ്പിന്റെ ചാരുബഞ്ചിൽ കടലിനഭിമുഖമായി ഇരിപ്പു തുടങ്ങിയത്.

കടൽത്തീരത്ത് പ്രശസ്തനായ ഒരെഴുത്തുകാരൻ ചെരിഞ്ഞുകിടന്ന് ശ്രദ്ധയോടെ ഒരുകാൽ ഉയർത്തിയും താഴ്ത്തിയും സൂര്യസ്നാനം ചെയ്യുന്നുണ്ടായിരുന്നു. കുറച്ചകലെ കുട ചൂടി ഒരു മുപ്പത്തഞ്ചുകാരനും പതിനെട്ടുകാരിയും ഇരുന്നു. അവർ കമിതാക്കളായിരുന്നു. പൊതുസ്ഥലത്ത് ആരുടെയും ശ്രദ്ധയാകർഷിക്കാതെ ഏതെല്ലാം തരത്തിൽ അന്യോന്യം സ്പർശിക്കാം എന്ന ദീനവും രഹസ്യവുമായ ഒരു പരീക്ഷണത്തിൽ മുഴുകിയിരിക്കുകയായിരുന്നു അവർ. വഴിയോരത്ത് നിർത്തിയിട്ട സ്ക്കൂട്ടറിൽ ഉദ്യോഗത്തിനായി നേരത്തെ വീട്ടിൽ നിന്നിറങ്ങിയ ഒരു സ്ത്രീ മറ്റെല്ലാം മറന്ന് മുന്നോട്ടാഞ്ഞിരുന്നു. അവരുടെ കണ്ണുകളിലേക്കു നോക്കി ഒരന്യപുരുഷൻ പ്രസന്നമായ മുഖത്തോടെ സംസാരിച്ചു കൊണ്ടേയിരുന്നു.


മകളുടെ മനസ്സിൽ അവളിഷ്ടപ്പെടുന്ന യുവാവ് ഒരു സുഗന്ധം പോലെ എപ്പോഴുമുണ്ടായിരുന്നു. അവരുടേത് ഏറെ മൂകമായ ഒരു പ്രണയമായിരുന്നു-രണ്ട് തികഞ്ഞ ലജ്ജാലുക്കളുടെ. ഒരിക്കൽ അയാളൊടൊപ്പം ഇങ്ങനെ കടൽത്തീരത്ത് ചേർന്നു ചേർന്നിരിക്കുന്നത് ഭാവനയിൽ കണ്ട് മകൾ ഊറിയൂറി ച്ചിരിച്ചു. അവൾ ഒളികണ്ണിട്ടു നോക്കുമ്പോൾ അമ്മയുടെ മുഖത്തും ഒരു നനുത്ത ചിരിയുണ്ടായിരുന്നു. അമ്മയെ ചിരിപ്പിക്കുന്നത് എന്താവാം എന്നൊന്നും സങ്കല്പിച്ചെടുക്കാൻ പെൺകുട്ടി പക്ഷെ മെനക്കെട്ടില്ല.

അമ്മ തലേന്നു വായിച്ച ഒരു പുസ്തകമോർത്താണ് ചിരിച്ചുകൊണ്ടിരുന്നത്. ലളിതവിശ്വാസങ്ങളുടെ വക്താവും കടുത്ത ദയാവധവിരോധിയുമായിരുന്ന കഥാപാത്രം അത്യാസന്നനായ രോഗിയോടു പറയുകയാണ് - പ്രതീക്ഷയർപ്പിക്കൂ ജീവിതത്തിൽ. പൊടുന്നനെ വല്ലാത്തൊരു ശബ്ദത്തിൽ വേദന സഹിക്കാതെ രോഗി അലറിവിളിച്ചപ്പോൾ അയാൾ ഞെട്ടിപ്പോയി. മിലൻ കുന്ദേരയുടെ അനശ്വരത എന്ന നോവലിലെ അവരെ ഏറെ രസിപ്പിച്ച ഒരു രംഗമായിരുന്നു അത്.

ആകാശമാകട്ടെ, തിരകളുടെ വരവും പോക്കും നോക്കി നിശ്ശബ്ദം നിന്നു.

ചിത്രീകരണം:
ഷൻജു അഴീക്കോട്





രണ്ട്

## മീനാക്ഷിമുഖർജി മരിച്ചു പോയി.

വിമൻസ് കോളേജിലെ റിട്ടയർ ചെയ്യാറായ ഇംഗ്ലീഷു വകുപ്പു മേധാവിയായ അയാളുടെ ഭാര്യ പറഞ്ഞു. ഭാര്യ പ്രമേഹത്തിനും രക്താതിമർദ്ദത്തിനും മരുന്നുകൾ മുടങ്ങാതെ കഴിക്കുന്നുണ്ടായിരുന്നു. രണ്ടാഴ്ചയിലൊരിക്കൽ മുടി കറുപ്പിക്കുവാൻ അയാൾ ശാന്തനായി അവൾക്കു കൂട്ടുനിന്നു.

ഒരു പുസ്തകപ്രസാധനച്ചടങ്ങിന് പോകും വഴി എയർപോർട്ടിൽ വെച്ച് കുഴഞ്ഞുവീഴുകയായിരുന്നു.

ഭാര്യ വീണ്ടും പറഞ്ഞു. അവൾ മധുരമില്ലാത്ത ചായ മൊത്തിക്കൊണ്ടിരുന്നു. അവളുടെ നോട്ടം തുറന്നിട്ട വാതിലിലൂടെ ശൂന്യമായി പുറത്തേക്കൊഴുകി.

പത്രത്തിൽവന്ന മീനാക്ഷി മുഖർജിയുടെ ഫോട്ടോയിൽ യൗവനം വൈകുന്നേരത്തെ വെയിൽ പോലെ വിടവാങ്ങാൻ മടിച്ച് തങ്ങിത്തങ്ങി നില്പുണ്ടായിരുന്നു. അവരെ കണ്ടാൽ എഴുപ ത്തിരണ്ടു വയസ്സൊന്നും തോന്നിച്ചിരുന്നില്ല.

ഭാര്യ ദോശയുണ്ടാക്കാൻ എഴുന്നേറ്റു. ഭർത്താവ് പതിവുപോലെ നടക്കാനിറങ്ങി. കുളിമുറിയിലാവട്ടെ അവരുടെ പതിനെട്ടുകാരിയായ മകൾ ഉച്ചത്തിൽ പാട്ടുപാടി കുളിച്ചു കൊണ്ടിരുന്നു.

ഭൂമിയിലെ പ്രഭാതത്തിന് മാറ്റമൊന്നുമില്ലായിരുന്നു. അതിന്റെ മുകൾപരപ്പിൽ നേരത്തെ ഒരു കല്ലു പോലെ വന്നു വീണ ഭാര്യയുടെ വാക്കുകളും അവയുണ്ടാക്കിയ ഓളങ്ങളും ഇപ്പോൾ കാണാനുണ്ടായിരുന്നില്ല.

മൂന്ന്

## രോഗിക്ക് ഒന്നിനും വയ്യായിരുന്നു.

ക്ഷണം സ്വീകരിക്കാൻ മൂന്നു നാലു ദിവസമായി അയാളുടെ ശരീരം വിസമ്മതിച്ചു. ഒരു ദിവസം മുഴുവൻ നീണ്ടുനിന്ന തുടർച്ചയായ ഛർദ്ദിക്കു ശേഷമായിരുന്നു ഇങ്ങനെ. കിടന്ന് കിടന്ന് പുറമാകെ വേദനിക്കുന്നുണ്ടായിരുന്നു. വയറിൽ വായു നിറഞ്ഞതിന്റെ സമ്മർദ്ദവും ഉണ്ടായിരുന്നു.

അയാൾ ഏതു നേരവും എഫ്.എം.റേഡിയോ കേൾക്കാറുണ്ടായിരുന്നു. ഇപ്പോൾ സംഗീതം അയാളെ ക്ഷീണിപ്പിച്ചു. റ്റീവിയിൽ അയാൾ ഏറെ നാളായി കാണാൻ കൊതിച്ചുനടന്ന ഏറെ വ്യത്യസ്തതകളുള്ള ഒരു പടമായിരുന്നു. ശാന്തവും ഗ്രാമീണവും സുന്ദരവുമായ ഒന്ന്. ഇപ്പോഴാകട്ടെ ചെന്നിരുന്ന് ഒരു രംഗമെങ്കിലും വീക്ഷിക്കാനുള്ള ശേഷി അയാൾക്കുണ്ടായിരുന്നില്ല.

ഭാര്യ എപ്പോഴും തന്റെ അടുത്തുണ്ടായിരിക്കണമെന്ന ഒരു മോഹം മാത്രം ഇടക്കിടെ തലനീട്ടി. അവൾ തന്റെ നെറ്റിയിൽ തലോടണമെന്ന്. കരം ഗ്രഹിച്ച് ചേർന്നിരിക്കണമെന്ന്.

ഇടക്കിടെ അയ്യോ, ആവൂ എന്നൊക്കെ പറയുമ്പോഴും ചെറിയ സുഖം ലഭിച്ചു. തന്റെ ജോലി സ്ഥലത്തെ ഉത്തരവാദിത്വങ്ങളെക്കുറിച്ചോർക്കാൻ പോലും അയാൾക്ക് ശക്തിയുണ്ടായിരുന്നില്ല. അലമാരകളിൽ നിറഞ്ഞനിന്ന പുസ്തകങ്ങളാകട്ടെ ആരോഗ്യം പോലെ അകലെയായിരുന്നു.

മനുഷ്യൻ മരണം കൊതിക്കുന്ന സന്ദർഭങ്ങൾ ഉണ്ടാവാമെന്ന് ഇപ്പോ

കാണാൻ വന്നവരൊക്കെ മനസാ സ്വന്തം അരോഗാവസ്ഥക്ക് ദൈവത്തോട് നന്ദി പറയുന്നത് അയാൾക്ക് കേൾക്കാമായിരുന്നു. ഒന്നും ചെയ്യാനില്ല, അസ്വസ്ഥതകൾക്കിടയിൽ അയാൾ ഓർത്തു. കാത്തിരിക്കുക. അത്രമാത്രം. ഒരു വളവ് തിരിയുമ്പോൾ അപ്പുറത്ത് ജീവിതമോ മരണമോ? അറിയില്ല

ഴയാൾക്ക് ബോധ്യം വന്നു. തന്റെ നിയന്ത്രണത്തിലല്ല ഒന്നും എന്നും. സാധാരണപോലെ ആ ഒരു ദിവസവും അയാൾ ഓഫീസിലേക്ക് പോയതായിരുന്നുവല്ലോ. പൊടുന്നനെ അസ്വസ്ഥതയുണ്ടാവുകയും എല്ലാം താളം തെറ്റുകയും കാണാൻ വന്നവരൊക്കെ മനസാ സ്വന്തം അരോഗാവസ്ഥക്ക് ദൈവത്തോട് നന്ദി പറയുന്നത് അയാൾക്ക് കേൾക്കാമായിരുന്നു. ഒന്നും ചെയ്യാനില്ല, അസ്വസ്ഥതകൾക്കിടയിൽ അയാൾ ഓർത്തു. കാത്തിരിക്കുക. അത്രമാത്രം. ഒരു വളവ് തിരിയുമ്പോൾ അപ്പുറത്ത് ജീവിതമോ മരണമോ? അറിയില്ല. അയാൾ സ്വയം പറഞ്ഞു. ഞാൻ കാത്തിരിക്കുന്നു. അയാൾ കഴിയുന്നത്ര ക്ഷമിക്കാൻ ശ്രമിച്ചു. അയഞ്ഞ കൈകളോടും മനസ്സോടും അയാൾ തന്നെ മുഴുവനായും മറ്റെന്തിനോ വിട്ടുകൊടുത്ത് കണ്ണടച്ചുകിടന്നു.■



എസ്. ശാരദക്കുട്ടി

# കഥയുടെ രാഷ്ട്രീയം

എഴുത്തുകാരികളുടെ സ്വന്തം മുറിക്കുവേണ്ടിയും സ്വന്തം സമയത്തിനു വേണ്ടിയും സ്വന്തം വരുമാനത്തിനും വേണ്ടിയുമുള്ള മുറവിളികൾ അവർക്ക് വേണ്ടി മാത്രമുള്ളതായിരുന്നില്ല. ഒരു ഞാനും വെറും ഞാൻ മാത്രമായിരുന്നില്ല. എഴുത്ത് എന്നും സ്ത്രീയ്ക്ക് ശക്തമായ രാഷ്ട്രീയ പ്രവർത്തനം തന്നെയായിരുന്നു. കിട്ടുന്ന വിലയേറിയ അല്പം സമയത്തെ അവർ വിനിയോഗിച്ചത് അവസ്ഥകളോടും വ്യവസ്ഥകളോടും കലഹിക്കാൻ വേണ്ടിയായിരുന്നു.

**പഴയ** താളുകളിൽ അച്ചടിക്കപ്പെട്ടുകിടക്കുകയും വേണ്ടത്ര ശ്രദ്ധ കിട്ടാതെ പോകുകയും ചെയ്ത ചില കഥകൾ, കാലം ഏറെ കഴിയുമ്പോൾ 'എന്നെ വായിക്കൂ' എന്നാവശ്യപ്പെട്ടുകൊണ്ട് നമ്മുടെ മുമ്പിലേക്ക് കടന്നു വരുന്നു എങ്കിൽ അതിനർത്ഥം ആ കഥ ഉന്നയിക്കുന്ന ചില ചോദ്യങ്ങൾ ഇന്നും ഉത്തരം തേടി അലയുന്നുണ്ട് എന്ന് തന്നെയാണ്. ഏതോ രക്തബന്ധത്തിന്റെ ശക്തിയാലെന്നപോലെ ചില കഥകളിലെ ചില സ്ത്രീകൾ കാലത്തിന്റെ അവഗണനകളെ തോല്പിച്ച് നമ്മുടെ നിഴൽപോലെ കൂടെ കൂടുന്നു. ഗതി കിട്ടാതെ അവരുടെ വേദനകളും സംഘർഷങ്ങളും സ്ഫോടനങ്ങളുമായി നമ്മോടൊപ്പം അലയുന്നു. അവിടെ 'ഞാൻ' എന്നതിന് നമ്മൾ എന്നു കൂടി അർത്ഥമുണ്ട്.

മിസ്.വിയുടെയും അവരുടെ സഹോദരിയുടെയും കഥ. അവരെ രണ്ടു പേരെയും കുറിച്ചെഴുതാൻ സ്വാഭാവികമായും ഒരേ പേരുതന്നെ ഉപയോഗിച്ചാൽ മതിയല്ലോ. സത്യത്തിൽ അതുപോലെ ഒരു ഡസൻ സഹോദരിമാരെ കുറിച്ച് വേണമെങ്കിൽ പറയാം എന്ന് ദി മിസ്റ്ററിയസ് കേസ് ഓഫ് മിസ്.വി എന്ന കഥയിൽ വിർജീനിയ വൂൾഫ് പറയുന്നത് സാർവ്വലൗകികവും സാർവ്വകാലികവുമായ പെണ്ണനുഭവങ്ങളെക്കുറിച്ചാണ്. അദ്ധ്യാപികയോ വക്കീലോ ഡോക്ടറോ വീട്ടമ്മയോ എഴുത്തുകാരിയോ വീട്ടുവേലക്കാരിയോ ആരുമാകട്ടെ തങ്ങളുടെ പതിവ് ജീവിതയാത്രയിൽ നേരിടുന്ന അനുഭവങ്ങൾക്ക് ആത്യന്തികമായ ഒരു ഏകതാനതയുണ്ട്. സ്ത്രീപക്ഷം എന്ന് രേഖപ്പെടുത്തപ്പെട്ടതിനുശേഷവും അതിനുമുമ്പും സ്ത്രീകൾ തങ്ങളുടെ വേദനകളും ആകുലതകളും കഥകളിലൂടെ ആവിഷ്കരിക്കാൻ ശ്രമിച്ചിട്ടുണ്ട്. അടുക്കളയിലെ പലവ്യഞ്ജനപ്പെട്ടിയിൽ മുറിപ്പെൻസിൽ സൂക്ഷിച്ചിരുന്ന ലളിതാംബിക അന്തർജ്ജനവും താൻ ജീവിക്കുന്ന ദ്വീപിനു ചുറ്റുമുള്ള ഉൾക്കടലിന്റെ ആഴവും ഉന്മാദവും അറിഞ്ഞുണരുന്ന കേറ്റ് ചോപ്പിന്റെ എട്നയും ഹൃദയത്തെ തരിശുനിലമായി തിരിച്ചറിഞ്ഞ സ്ത്രീകളും പങ്കുവക്കുന്നത് ഒരേ സ്വപ്നങ്ങളും ഒരേ സ്വാതന്ത്ര്യ സങ്കൽപ്പങ്ങളുമാണ്. ഒഴിവാക്കപ്പെടാതിരിക്കാനും സ്വന്തം അസ്തിത്വം ഉറപ്പിക്കാനും വേണ്ടിയുള്ള തത്രപ്പാടുകൾ എന്ന് ഈ തിരക്കിട്ടുള്ള പ്രത്യക്ഷപ്പെടലുകളെ കല്പറ്റ നാരായണൻ നിരീക്ഷിച്ചത് ഏറെക്കുറെ ശരിയുമാണ്. 'ഞാൻ എന്തായാലും തല്കാലം ഒരു കസേര തട്ടിമറിച്ചിടട്ടെ. ഞാൻ ജീവിച്ചിരിപ്പുണ്ടെന്ന് താഴത്തെ മുറിയിലെ താമസക്കാരന് ഇപ്പോഴെങ്കിലും മനസ്സിലാകട്ടെ' എന്ന് മിസ്. വി പറയുന്നത് എല്ലാ സ്ത്രീകളിലുമുള്ള തിരിച്ചറിയപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശത്തെ പ്രഖ്യാപിക്കൽ കൂടിയാണ്.


പഴയകാല കഥകളിലൂടെയുള്ള ആ സഞ്ചാരം സ്വന്തം നിഴലിനെ പിന്തുടരാനും അതിനോട് സംവദിക്കാനുമുള്ള ഒരു ശ്രമം കൂടിയാണ്. ഈ കഥകളിലെ അവൾ അല്ലെങ്കിൽ ഞാൻ ഏകവചന രൂപിയായ ഒരു ശബ്ദമാണെങ്കിലും ആ വാക്ക് സമാനജീവിതാനുഭവങ്ങൾ പങ്കുവെക്കുന്ന മുഴുവൻ സ്ത്രീകളെയും കുറിക്കുന്ന ഭീമാകാരമായ ശബ്ദമായി മുഴങ്ങുന്നുണ്ട്. പി.വത്സലയുടെ 'കത്താത്ത സ്റ്റൗവ്വ് തിരികൾ' എന്ന കഥ ആദ്യ

മായി പ്രസിദ്ധീകരിക്കപ്പെട്ടത് 1973 ലെ കേരളകൗമുദി ഓണം വിശേഷാൽപതിപ്പിലാണ്. ഭൂമിയുടെ ദർശനമോ സൂര്യന്റെ വെളിച്ചമോ നിഷേധിക്കപ്പെട്ട അടുക്കളയാണ് ജയലക്ഷ്മിയുടെ ലോകം. പക്ഷേ അവൾക്ക് അതിന്റെ ഇരുട്ടിന് പുറത്തേക്ക് പറക്കാൻ കൊതിക്കുന്ന ചിറകുകളുണ്ട്. തന്റെ നനഞ്ഞ ചിറകുകൾ കുടഞ്ഞ് അവൾ പറക്കാൻ ആയുന്നുണ്ട്. കുന്നുകൾക്കിടയിൽ, പച്ചക്കറിത്തോട്ടത്തിന്റെ ചതുരങ്ങൾക്ക് കാവൽ നില്ക്കുന്ന പനയോല മേഞ്ഞ കൂട്ടിൽ ചേക്കേറാൻ അവൾ കൊതിക്കുന്നുണ്ട്. വീടിന്റെ ഞെരുക്കങ്ങൾ അവളെ ശ്വാസം മുട്ടിക്കുന്നു. ഇത് സ്വാഭാവികതയായി മാത്രം കാണുവാൻ ശീലിച്ചവർക്ക് മനസ്സിലാവുന്നതല്ല അവളുട തിടുക്കങ്ങൾ. 'എല്ലാ സ്ത്രീകളും ഇങ്ങനെയൊക്കെയല്ലേ; ഇതിലൊക്കെയെന്തുകാര്യം;' എന്ന് പറഞ്ഞ് ശീലിച്ച ഒരു സമൂഹത്തിന് മനസ്സിലാകാൻ പ്രയാസമാണ് അവളുടെ ആധികൾ. മണ്ണെണ്ണ ഒഴിച്ചാലും തിരി നീട്ടികൊടുത്താലും കത്താൻ കൂട്ടാക്കാത്ത സ്റ്റൗവ്വ് ആണ് ഇവിടെ സ്വപ്നങ്ങൾ കരിഞ്ഞ പെണ്ണിനെ പ്രതിനിധീകരിക്കുന്നത്. ഇഴയടുപ്പമില്ലാത്ത ജീവിതബന്ധങ്ങളുടെ വൈരസ്യവും മടുപ്പിക്കുന്ന ഏകാന്തതയിൽനിന്ന് പുറത്തുകടക്കാൻ വെമ്പുന്ന തികച്ചും മാനുഷികം മാത്രമായ മോഹവുമാണ് കടുപ്പിച്ച ചായക്കൂട്ടുകളില്ലാതെ വത്സല അവതരിപ്പിക്കുന്നത്. അടുക്കളയിലും കിടപ്പുമുറിയിലും ഊണുമുറിയിലും വീടിന്റെ പരിസരങ്ങളിലുമായി ജയലക്ഷ്മി ഓടി നടന്ന് തിരയുന്നതെന്താണെന്ന് സമാന അനുഭവമുള്ള ഏതൊരു സ്ത്രീയ്ക്കും മനസ്സിലാവും. കോളനിയിലെ സിരാപടലത്തിലെ ഒരന്യവസ്തുവെപോലെയായി അവളുടെ സഞ്ചാരങ്ങൾ. ലളിതമായ രൂപരേഖയുള്ള ഇതിവൃത്തത്തിൽ അതിസൂക്ഷ്മമായി സങ്കീർണ്ണതകളെ ഇഴചേർക്കാൻ വത്സലയ്ക്കു കഴിയുന്നു എന്നതിന്റെ മികച്ച ഉദാഹരണമാണ് ഈ കഥ. മണ്ണെണ്ണ ഒഴിച്ചാലും കത്താത്ത സ്റ്റൗവ്വ് ആണ് എന്റെ വീട്ടിലേത്. ഒരു തിരിയും അതിന് പാകമാകാതായിരിക്കുന്നു . കഥയിൽനിന്ന് നമ്മെ നോക്കുന്ന ജയലക്ഷ്മി നിങ്ങൾ എന്നെ അറിഞ്ഞിരുന്നെങ്കിൽ എന്ന് ലോകത്തോട് പറയുന്നുണ്ട്. അവളുടെ പറച്ചിലുകൾ പുറം ലോകത്തിന് അസംബന്ധവും അവളുടെ വെപ്രാളങ്ങൾ പരിഹാസ്യവുമാണ്. അടുക്കള എത്ര ആധുനികം ആക്കിയാലും വീടിന്റെ പിന്നറ്റത്ത് നിന്ന് മുന്നറ്റത്തേക്ക് മാറ്റിപ്പണിതാലും പുകക്കുഴലുകൾ നാലുപാടും തുറന്നുവിട്ടാലും അതിന്റെയുള്ളിൽ ഞെരുങ്ങുന്നത് ഒരു മനുഷ്യാത്മാവിന്റെ സ്വപ്നവും സ്വാതന്ത്ര്യമോഹവുമാണ്.



ഈ കഥ എഴുതിയതിനുശേഷം എത്രയോ വർഷങ്ങൾ കഴിഞ്ഞു. സ്ത്രീ, അധികാരത്തിന്റെ മുഖ്യധാരയിലേക്ക് നേർപകുതി സംവരണത്തിന്റെ കരുത്തുമായി ഇറങ്ങിക്കഴിഞ്ഞു. 'ഇനിയും അടുക്കളയോ? ഇനിയും അസംതൃപ്തിയോ?' എന്ന് പുരികം ചുളിയുന്നത് കാണാതിരിക്കുന്നില്ല. ഈ കഥയുടെ ഇന്നത്തെ പ്രസക്തി അവിടെയാണ്. എത്രയോ എഴുത്തുകാരികളുടെ നിരന്തരമായ ഓർമ്മപ്പെടുത്തലുകളും താക്കീതുകളുമാണ് മുന്നോട്ടിറങ്ങുന്ന ഓരോ സ്ത്രീയുടെയും ഊർജ്ജവും ഇന്ധനവുമായി പ്രവർത്തിച്ചിരുന്നത്! എഴുത്തുകാരികളുടെ സ്വന്തം മുറിക്കുവേണ്ടിയും സ്വന്തം സമയത്തിനു വേണ്ടിയും സ്വന്തം വരുമാനത്തിനും വേണ്ടിയുമുള്ള മുറവിളികൾ അവർക്ക് വേണ്ടി മാത്രമുള്ളതായിരുന്നില്ല. ഒരു ഞാനും വെറും ഞാൻ മാത്രമായിരുന്നില്ല. എഴുത്ത് എന്നും സ്ത്രീയ്ക്ക് ശക്തമായ രാഷ്ട്രീയപ്രവർത്തനം തന്നെയായിരുന്നു. കിട്ടുന്ന വിലയേറിയ അല്പം സമയത്തെ അവർ വിനിയോഗിച്ചത് അവസ്ഥകളോടും വ്യവസ്ഥകളോടും കലഹിക്കാൻ വേണ്ടിയായിരുന്നു. കൂക്കുവിളികളും കല്ലേറിയലുകളും നല്കിയ കരുത്തിലാണ് ഇന്നോളമുള്ള അവളുടെ വളർച്ചകൾ.■

മായി പ്രസിദ്ധീകരിക്കപ്പെട്ടത് 1973 ലെ കേരളകൗമുദി ഓണം വിശേഷാൽപതിപ്പിലാണ്. ഭൂമിയുടെ ദർശനമോ സൂര്യന്റെ വെളിച്ചമോ നിഷേധിക്കപ്പെട്ട അടുക്കളയാണ് ജയലക്ഷ്മിയുടെ ലോകം. പക്ഷേ അവൾക്ക് അതിന്റെ ഇരുട്ടിന് പുറത്തേക്ക് പറക്കാൻ കൊതിക്കുന്ന ചിറകുകളുണ്ട്. തന്റെ നനഞ്ഞ ചിറകുകൾ കുടഞ്ഞ് അവൾ പറക്കാൻ ആയുന്നുണ്ട്. കുന്നുകൾക്കിടയിൽ, പച്ചക്കറിത്തോട്ടത്തിന്റെ ചതുരങ്ങൾക്ക് കാവൽ നില്ക്കുന്ന പനയോല മേഞ്ഞ കൂട്ടിൽ ചേക്കേറാൻ അവൾ കൊതിക്കുന്നുണ്ട്. വീടിന്റെ ഞെരുക്കങ്ങൾ അവളെ ശ്വാസം മുട്ടിക്കുന്നു. ഇത് സ്വാഭാവികതയായി മാത്രം കാണുവാൻ ശീലിച്ചവർക്ക് മനസ്സിലാവുന്നതല്ല അവളുട തിടുക്കങ്ങൾ. 'എല്ലാ സ്ത്രീകളും ഇങ്ങനെയൊക്കെയല്ലേ; ഇതിലൊക്കെയെന്തുകാര്യം;' എന്ന് പറഞ്ഞ് ശീലിച്ച ഒരു സമൂഹത്തിന് മനസ്സിലാകാൻ പ്രയാസമാണ് അവളുടെ ആധികൾ. മണ്ണെണ്ണ ഒഴിച്ചാലും തിരി നീട്ടികൊടുത്താലും കത്താൻ കൂട്ടാക്കാത്ത സ്റ്റൗവ്വ് ആണ് ഇവിടെ സ്വപ്നങ്ങൾ കരിഞ്ഞ പെണ്ണിനെ പ്രതിനിധീകരിക്കുന്നത്. ഇഴയടുപ്പമില്ലാത്ത ജീവിതബന്ധങ്ങളുടെ വൈരസ്യവും മടുപ്പിക്കുന്ന ഏകാന്തതയിൽനിന്ന് പുറത്തുകടക്കാൻ വെമ്പുന്ന തികച്ചും മാനുഷികം മാത്രമായ മോഹവുമാണ് കടുപ്പിച്ച ചായക്കൂട്ടുകളില്ലാതെ വത്സല അവതരിപ്പിക്കുന്നത്. അടുക്കളയിലും കിടപ്പുമുറിയിലും ഊണുമുറിയിലും വീടിന്റെ പരിസരങ്ങളിലുമായി ജയലക്ഷ്മി ഓടി നടന്ന് തിരയുന്നതെന്താണെന്ന് സമാന അനുഭവമുള്ള ഏതൊരു സ്ത്രീയ്ക്കും മനസ്സിലാവും. കോളനിയിലെ സിരാപടലത്തിലെ ഒരന്യവസ്തുവെപോലെയായി അവളുടെ സഞ്ചാരങ്ങൾ. ലളിതമായ രൂപരേഖയുള്ള ഇതിവൃത്തത്തിൽ അതിസൂക്ഷ്മമായി സങ്കീർണ്ണതകളെ ഇഴചേർക്കാൻ വത്സലയ്ക്കു കഴിയുന്നു എന്നതിന്റെ മികച്ച ഉദാഹരണമാണ് ഈ കഥ.  മണ്ണെണ്ണ ഒഴിച്ചാലും കത്താത്ത സ്റ്റൗവ്വ് ആണ് എന്റെ വീട്ടിലേത്. ഒരു തിരിയും അതിന് പാകമാകാതായിരിക്കുന്നു . കഥയിൽനിന്ന് നമ്മെ നോക്കുന്ന ജയലക്ഷ്മി  നിങ്ങൾ എന്നെ അറിഞ്ഞിരുന്നെങ്കിൽ  എന്ന് ലോകത്തോട് പറയുന്നുണ്ട്. അവളുടെ പറച്ചിലുകൾ പുറം ലോകത്തിന് അസംബന്ധവും അവളുടെ വെപ്രാളങ്ങൾ പരിഹാസ്യവുമാണ്. അടുക്കള എത്ര ആധുനികം ആക്കിയാലും വീടിന്റെ പിന്നറ്റത്ത് നിന്ന് മുന്നറ്റത്തേക്ക് മാറ്റിപ്പണിതാലും പുകക്കുഴലുകൾ നാലുപാടും തുറന്നുവിട്ടാലും അതിന്റെയുള്ളിൽ ഞെരുങ്ങുന്നത് ഒരു മനുഷ്യാത്മാവിന്റെ സ്വപ്നവും സ്വാതന്ത്ര്യമോഹവുമാണ്.



ഈ കഥ എഴുതിയതിനുശേഷം എത്രയോ വർഷങ്ങൾ കഴിഞ്ഞു. സ്ത്രീ, അധികാരത്തിന്റെ മുഖ്യധാരയിലേക്ക് നേർപകുതി സംവരണത്തിന്റെ കരുത്തുമായി ഇറങ്ങിക്കഴിഞ്ഞു. 'ഇനിയും അടുക്കളയോ? ഇനിയും അസംതൃപ്തിയോ?' എന്ന് പുരികം ചുളിയുന്നത് കാണാതിരിക്കുന്നില്ല. ഈ കഥയുടെ ഇന്നത്തെ പ്രസക്തി അവിടെയാണ്. എത്രയോ എഴുത്തുകാരികളുടെ നിരന്തരമായ ഓർമ്മപ്പെടുത്തലുകളും താക്കീതുകളുമാണ് മുന്നോട്ടിറങ്ങുന്ന ഓരോ സ്ത്രീയുടെയും ഊർജ്ജവും ഇന്ധനവുമായി പ്രവർത്തിച്ചിരുന്നത്! എഴുത്തുകാരികളുടെ സ്വന്തം മുറിക്കുവേണ്ടിയും സ്വന്തം സമയത്തിനു  വേണ്ടിയും സ്വന്തം വരുമാനത്തിനും വേണ്ടിയുമുള്ള മുറവിളികൾ അവർക്ക് വേണ്ടി മാത്രമുള്ളതായിരുന്നില്ല. ഒരു ഞാനും വെറും ഞാൻ മാത്രമായിരുന്നില്ല. എഴുത്ത് എന്നും സ്ത്രീയ്ക്ക് ശക്തമായ രാഷ്ട്രീയപ്രവർത്തനം തന്നെയായിരുന്നു. കിട്ടുന്ന വിലയേറിയ അല്പം സമയത്തെ അവർ വിനിയോഗിച്ചത് അവസ്ഥകളോടും വ്യവസ്ഥകളോടും കലഹിക്കാൻ വേണ്ടിയായിരുന്നു. കൂക്കുവിളികളും കല്ലെറിയലുകളും നല്കിയ കരുത്തിലാണ് ഇന്നോളമുള്ള അവളുടെ വളർച്ചകൾ.■

# കത്താത്ത സ്റ്റൗവ് തിരികൾ

പി. വത്സല

ചിത്രീകരണം:
സന്ദീപ് കെ. ലൂയിസ്

**ജയലക്ഷ്മി** കണ്ണുതിരുമ്മി. അവൾ ജനലിനടുത്തുചെന്നുനിന്നു.

ടെറസ്സിലേക്കുള്ള കോണിപ്പടികളെ പാതിവച്ചുമുറിയ്ക്കുന്നേടത്ത് പണിതുവച്ചിട്ടുള്ള ഒരേയൊരു ജനൽ. ഈ കെട്ടിടത്തിനകത്തുനിന്ന് ഭൂമിയുടെ ദർശനം ലഭിക്കുന്ന ഒരേയൊരു പഴുത്. ഒരു ചതുരക്യാൻവാസ്. ക്യാൻവാസ് തുറന്നു കാണിച്ച വിശാലത ഭൂമിയുടെ പരുക്കൻ മുഖത്തെ വ്യക്തമാക്കി. കൺമുമ്പിൽ പ്രത്യക്ഷപ്പെടുന്ന ചതുരങ്ങൾക്കും നേർവ്വരകൾക്കും അപ്പുറം പരന്നുകിടക്കുന്ന പരുക്കൻ നിലം നരച്ച ആകാശത്തിന്റെ താഴ്‌വരയിൽ, നേർത്ത മഴച്ചാറ്റലിൽ നിർവൃതികൊള്ളുന്ന മൊട്ടക്കുന്നുകൾ. ചരൽപറമ്പിനും, തരിശുഭൂമികൾക്കും, മുൾക്കാടുകൾക്കും അപ്പുറം, മൊട്ടക്കുന്നുകളുടെ അപ്പുറം, അനേകം നാഴികകൾക്കപ്പുറം ഉയർന്നുനിൽക്കുന്ന നീലഗിരി ശൃംഗങ്ങളുടെ മടിത്തട്ടിൽ വളർന്ന ബാല്യത്തെ അവൾ സ്വപ്നം കണ്ടു.

അവളൊരു പക്ഷിയായി. നനഞ്ഞ ചിറകുകൾക്കുടഞ്ഞ് അവൾ പറക്കാനാഞ്ഞു. കുന്നുകൾക്കിടയിൽ പച്ചക്കറികൃഷിയുടെ ചതുരങ്ങൾക്ക് കാവൽനിൽക്കുന്ന പനയോലമേഞ്ഞ കൂട്ടിൽ ചേക്കേറാനവൾ കൊതിച്ചു. മിഴികൾ മിന്നി.

'അമ്മ ഇവിടെ നിൽക്വാണോ? വിശക്ക്ണു.' മൂത്തകുട്ടി ബീന പറഞ്ഞു.

കാൽച്ചങ്ങലയുടെ കിലുക്കം അവളെ സ്വപ്നത്തിൽനിന്ന് ഉണർത്തി.

'കാപ്പിതരൂ.'

'നീ കോപ്പിയെഴുതിയോ?'

'എവിടെ ഇരുന്നാ ഞാനെഴുതേണ്ടത് ?അകത്ത് അച്ഛനുറങ്ങാണ് ഒച്ചയുണ്ടാക്കിയാൽ അച്ഛനടിക്കും.'

അവളുടെ പുറകെവന്ന കൊച്ചുമകൻ ഒന്നും പറയാതെ കിണുങ്ങിക്കൊണ്ടിരുന്നു

'നിനക്കെന്താവേണ്ടത്?'

'പന്തോ? ഇന്നലെ വാങ്ങിത്തന്നില്ലെ ഒന്ന്? എന്നും പന്തൊ!'

'എന്റെ പന്ത്..' അവൻ കരച്ചിലാരംഭിച്ചു.

'നിന്റെ പന്തെവിടെ?'

അവൻ കൊച്ചുവിരൽ ചൂണ്ടീ, ജനലിനടുത്ത് ഏന്തിനിന്നു. അവന്റെ മിഴികളെ അമ്മ പിന്തുടർന്നു.

അഴുക്കു തുണികളും പാത്രങ്ങളും, കടലാസു പാക്കറ്റുകളും ചിതറിക്കിടക്കുന്ന ഒരു മുറി നിലത്തുവിരിച്ച ഷീറ്റിൽ ഉറങ്ങിക്കിടക്കുന്ന മനുഷ്യന്റെ മൂക്കിനുതൊട്ട് പന്ത്



മണ്ണെണ്ണയൊഴിച്ചാലും കത്താത്ത സ്റ്റവ്വാണ് എന്റെ വീട്ടിലേത്. ഒരു തിരിയും അതിന്നു പാക മാവാതായിരിക്കുന്നു

കിടക്കുന്നു.

'അത് നിന്റെ പന്താണൊ?'

'അതെ,' കുട്ടി തലയാട്ടി

'അതെങ്ങനെ അവിടെയെത്തി? അവൻ നിന്നു പരുങ്ങി

എതിർവശത്തെ മുറിയിൽ കിട ന്നുറങ്ങുന്ന മനുഷ്യൻ ഉണർന്നു പന്തുകണ്ട മുഖം ചുളിഞ്ഞു പന്ത് കെട്ടിടങ്ങൾക്കിടയിലെ തെരുവി ലേക്കു പറന്നു.

'അരുത്..........'പക്ഷേ ശബ്ദം തൊണ്ടയിൽ കുടുങ്ങിപ്പോയി.

ഏതോ ശാപവാക്കുകളെ പന്തിനു പുറകെയെറിഞ്ഞ് അയാൾ തിരിഞ്ഞു കിടന്നുറക്കമായി

കുട്ടിയുടെ പൊട്ടിക്കരച്ചിലിന്നിട യിലൂടെ ഒരു മോട്ടോർ ബൈക്കിന്റെ ശബ്ദം ഇരച്ചുവന്നു. കമ്പനീ സൂപ്രണ്ട് രാമാനുജത്തിന്റെ ബൈക്ക് പന്തിനെ നെടുകെ പിളർന്നു.

'മിണ്ടാതെനിന്നൊ!അച്ഛൻ കേക്കണ്ട.' അവൾ പറഞ്ഞു.

'വരു നിനക്ക് കാപ്പി തരാം'

'എനിക്കു കാപ്പി വേണ്ട'

കുട്ടിയെ കരയാൻ വിട്ട് അവൾ അടുക്കളയിലേക്ക് നടന്നു.

കുഞ്ഞുകുട്ടി പാത്രങ്ങളിലും ചിരട്ടകളിൽപ്പോലും വൃദ്ധ വെള്ളം നിറച്ചു വെച്ചിരിക്കുന്നു. അടുക്കള ഒരു സമുദ്രം.

വെള്ളത്തിൽ ചവുട്ടിനിന്ന് ദോശ ചുടുന്ന വൃദ്ധയുടെ കൈകൾ വിറച്ചു. ദോശ കീഴെ മണ്ണെണ്ണ ടിന്നിന്റെ മുഖത്ത് ചുരുണ്ടു വീണു.

'അരുതാത്ത പണി ചെയ്യരുത്!'

'കുട്ട്യോള് കരയണത് നീ കാണുന്നില്ലെ?'

'ദോശകൊണ്ടു മാറണ കരച്ചി ലല്ല അവരുടേത്-'

അവർ രണ്ടാമത്തെ ദോശ യ്ക്കുള്ള മാവ് കോരിയൊഴിച്ചു. സ്റ്റൗവിന്റെ പ്രതിഷേധം. അതിനു പുറത്തുവീണ അരിമാവ് വിരലു കൊണ്ട് തുടച്ചെടുക്കുന്നതിനിട യിൽ കിഴവിയുടെ വിരൽ വായിൽച്ചെന്നു.

'കൈ പൊള്ളിച്ചു അല്ലേ?'

കുറ്റബോധത്തോടെ അവർ മാറിനിന്നു.

'കുട്ട്യോള് കരയുന്നത് കണ്ട പ്പഴ്-'

'ഒന്നു മാറി നിൽക്കൊ നിങ്ങൾ?'

രണ്ടാൾക്ക് നിൽക്കാനിടമി ല്ലാത്ത അടുക്കളയുടെ വാതിൽക്കൽ നിന്നുകൊണ്ട് അവൾ ചോദിച്ചു.

അവർ കൂന്നു കൂന്നു പുറ ത്തേയ്ക്കു നൂണ്ടു.

സാരിത്തുമ്പിൽ പിടിച്ചു പുറകെ വന്ന മക്കളോട് അവൾ ചോദിച്ചു.

'നിങ്ങൾക്ക് ദോശ വേണ്ടേ? അതൊ-'

ശേഷം അറിയാവുന്ന ബീന എന്ന പെൺകുട്ടി പുറത്തേയ്ക്കു തലവലിച്ചു.

'എന്റെ പന്ത്!' അനിൽ കരച്ചി ലിന്റെ സ്വരം പുനരുജ്ജീവിപ്പിച്ചു.

'നടക്കു പുറത്തേയ്ക്ക്!'

രണ്ടാളുടെ മിഴികളും അമ്മ യുടെ മുഖംപരിശോധിച്ചു അവർ പ്രതിഷേധിക്കാതെ പുറത്തുകടന്നു.

'നടക്കു കിടപ്പുമുറിയിലേക്ക്!'

കിടപ്പറയാക്കിമാറ്റിയ ഇരിപ്പുമുറി യിൽ വീതിയുള്ള കട്ടിലിന്നും ഭിത്തിക്കുമിടയിലിട്ട വീതി നന്നെ ക്കുറഞ്ഞ ബഞ്ചിൽ അവരെ പിടിച്ചി രുത്തിയിട്ട് അമ്മ പറഞ്ഞു.

'ഇവിടുന്ന് ഒച്ചയുണ്ടാക്കണത് ഒന്നു കാണട്ടെ!'

പിഞ്ഞിപ്പോയ കൊതുവലയ്ക്ക കത്തേക്ക് ഒന്നുനോക്കി അവർ അനങ്ങാത്ത ബിംബങ്ങളായി.

ജയലക്ഷ്മി അടുക്കളയിൽ കട ന്നു. നിലത്തെ വെള്ളം അവളുടെ ഞരമ്പുകളിൽ അരിച്ചുകയറി. പഴ ന്തുണിയെടുത്ത് അവൾ വെള്ളം മുക്കിപ്പിഴിയാനാരംഭിച്ചു. ചുണ്ടുകൾ ചേർത്ത് അവൾ ജോലി തുടർന്നു.

വൃദ്ധ വാതിൽക്കൽ വന്ന് എത്തി നോക്കി.

'പൈപ്പിലെ വെള്ളം നിന്നു പോവൂലോന്ന് നിരീച്ചു.'

അവൾ മിണ്ടിയില്ല.

'കുട്ടി വന്ന് അങ്ങടു തുടങ്ങി വെള്ളം നിറയ്ക്കാൻ-'

അവൾ തുണിയിലെ അഴുക്കു ജലം പിഴിഞ്ഞുകളഞ്ഞ് നിവർന്നു നിന്നു.

കിഴവി അപ്പുറത്തേയ്ക്കു പോയി.

ഭർത്താവ് അടുക്കളവാതി ല്ക്കൽ തലകുനിച്ച് അവളെ നോക്കി.

'എനിയ്ക്കിന്ന് ആപ്പീസിൽ പോകേണ്ടെ?'

'വേണോ?' അവൾ ചോദിച്ചു.

നനഞ്ഞുകുതിർന്ന അടുക്കളയി ലേക്കും, അവളുടെ ദേഹത്തും മാറി മാറി നോക്കിയ അയാൾ ചോദിച്ചു

'പൈപ്പിലെ വെള്ളം നിന്നോ?'

'നിന്നു'

'ഞാനെങ്ങനെ കുളിക്കും?'

'ഒരു ദിവസം കുളിക്കേണ്ട.'

അയാൾ അവളെ നോക്കി.

'നീയും കുളിച്ചില്ലേ?'

'കുളിക്കാത്തതുകൊണ്ട് ആരും ചത്തിട്ടില്ലല്ലോ!'

അയാൾ മൗനം ഭൂഷണമായ ണിഞ്ഞ് പല്ലുതേപ്പു തുടങ്ങി...

ഉച്ചയ്ക്ക് കുട്ടികൾ സ്കൂളിൽനിന്ന് വന്നപ്പോൾ മുത്തശ്ശി നിലത്ത് കുത്തിയിരുന്ന് എന്തിനെയോ സൂക്ഷിച്ചു നോക്കു ന്നു. ഉപയോഗശൂന്യമായ സ്റ്റൗവ് തിരികൾ. അജ്ഞാതമായ ഏതോ രോഗം കൊണ്ടു ചത്ത ഒരു ജന്തു വിനെയെന്നവണ്ണം അവരതിനെ ത്തന്നെ സൂക്ഷിച്ചുനോക്കി. കുട്ടിക ളുടെ ശബ്ദം കേട്ട് അവർ മുഖമു യർത്തി.


'ഇന്ന് സ്കൂൾ നേരത്തെ വിട്ടോ?'

'ഒന്നിന്. നേരത്തെയല്ല'. ബീന ചോദിച്ചു.

'അമ്മേ ചോറ്-'

'സ്റ്റൗവ്വ് കേടുവന്നു. തിരിമാ റ്റണം.' മുത്തശ്ശി പറഞ്ഞു. പുതിയ സ്കൂളും, പുതിയ ക്ലാസ്സും, പുത്തൻ പുസ്തങ്ങളും വിശപ്പിനെ കുറച്ചിരുന്നു. കൂജയിൽനിന്ന് രാവിലെത്തെ തണുത്ത കാപ്പി ഒരു വലിക്ക് അകത്താക്കിയിട്ടു അവർ വന്ന വഴിയെ തിരിച്ചോടി.

അമ്മ അത്താണിപ്പടിവരെ അവരെ പിന്തുടർന്നു.



'നിൽക്കൂ, തിന്നാനെന്തെങ്കിലും തരാം.'

'വേണ്ട. സ്കൂളിലിന്ന് മാജിക്കാ–' അവർ പറന്നു.

ഭക്ഷണത്തെക്കുറിച്ചുള്ള ചിന്തയോടെ കടന്നുവന്ന ഭർത്താവ്, ഷർട്ടഴിച്ച് സ്റ്റാൻഡിൽ തുക്കി കൈകഴുകി വന്നിരുന്നു.

അപ്പോഴും പുകഞ്ഞുകൊണ്ടിരുന്ന സ്റ്റൗവ്വ്തിരികളെ നോക്കിയിരുന്ന തന്റെ അമ്മയോടു അയാൾ ചോദിച്ചു

'അതെന്താ?'

'തിരി കത്ത്ണ്ല്യ. കയറണ്ല്ല്യ.'

തണുത്ത രണ്ടു ദോശയും ഒരു ഗ്ലാസ് വെള്ളവും ഭർത്താവിന്റെ മുമ്പിൽ കൊണ്ടുവന്നുവച്ച അവൾ പറഞ്ഞു.

'ഈ സ്റ്റൗവ്വ് കത്തിച്ചാ ചോറും കൂട്ടാനും സമയത്തിന് ആവല്ല്യ.'

'ഇവിടെ എല്ലാവരും കത്തിക്കണത് മറ്റെന്താ?'

'ഓൾക്ക് ശീലല്ല്യാഞ്ഞിട്ടാ.' അമ്മ പറഞ്ഞു.

'നീ വയ്യുന്നേരം വരുമ്പോ പുതിയ തിരി വാങ്ങിച്ചോണ്ടുവാ.'

'ആപ്പീസിൽ സ്റ്റൗവ്വ് തിരി ഇരിപ്പുണ്ടോ!.' തണുത്ത ദോശ കണ്ട് ചൂടുപിടിച്ച മകൻ പറഞ്ഞു. വിശപ്പ് അയാളുടെ ഉള്ളിൽ പുകഞ്ഞു. അയാൾ തണുത്ത വെള്ളം കുടിച്ച് കുപ്പായമിട്ട് കോണിയിറങ്ങിപ്പോയി.

കോണിത്തട്ടിലെ ജാലകത്തിലൂടെ അയാൾ ഒരു ബിന്ദുവായി മാഞ്ഞുപോവുന്നത് അവൾ കണ്ടു. ഊണുകഴിച്ചു മടങ്ങിപ്പോവുന്നവരും , സ്കൂൾ കുട്ടികളും സജീവമാക്കിയ റോഡുകൾ. ഒഴിഞ്ഞു കൂടുകളിൽ തങ്ങിനിൽക്കുന്ന പെണ്ണുങ്ങൾ നട്ടുച്ച കോളനിക്കുമീതെ തളർച്ചയുടെ പർദ്ദ നിവർത്തിയിട്ടു.

ഏകാന്തതയുടെ തടവിൽനിന്ന് അവൾ പുറത്തേക്കു നോക്കി. ഇല്ല, ഒരു പഴുതുപോലുമില്ല. നീയെങ്ങനെ രക്ഷപ്പെടാനാണ്?

അളന്നു കണക്കാക്കിയ ഭൂമിയിൽ നിന്റെ കൂട് നിർമ്മിക്കപ്പെട്ടിരിക്കുന്നു. കോണിയിറങ്ങുമ്പോൾ ഒരടി വലത്തോട്ടുവച്ചാൽ നീ ചവിട്ടുന്നത് മറ്റൊരാളുടെ വീട്ടിലാണ്, ഒരു ഡിഗ്രി പിഴച്ചാൽ നിന്റെ കണ്ണിൽ അയൽക്കാരന്റെ കിടപ്പറയാണ്. അതുകൊണ്ട് മറ്റുള്ളവർ നിനക്കുവേണ്ടി പണിത ജയിലിന്നകത്ത് നീ നിനക്കുതന്നെ ഒരു തടവറ നിർമ്മിക്കേണ്ടിയിരിക്കുന്നു. നിയന്ത്രിതമായ കാൽവയ്പ്പുകൾ കൊണ്ട് പാതിയടച്ച മിഴിക്കോണുകൾ കൊണ്ട്, അടച്ചുകളഞ്ഞ സ്വരംകൊണ്ട് നീ മതിലുകൾ നിർമ്മിക്കുന്നു. ഇവ പൊളിച്ചുകളയാനുള്ള ശക്തി നിനക്കില്ല. പുളിമരച്ചോട്ടിലെ നിഴലുകളിൽ കളിച്ചുവളർന്ന നിന്റെ ശ്വാസകോശങ്ങൾ ഇന്ന് ചുരുങ്ങിപ്പോയിരിക്കുന്നു. ആട്ടിൻ പറ്റങ്ങളെ മേച്ചു നടന്ന നിന്റെ കാലിന്റെ വേഗതയും ചുറുചുറുക്കും ഇന്നു ബന്ധിതമായിരിക്കുന്നു.  മലമുകളിൽ നിന്നു വിറകൊടിച്ചുകൊണ്ടുവന്ന് കത്തിച്ച നിന്റെ കൈയിൽ സ്റ്റൗവ്വ് തിരികൾ കത്താതെ പുകയുന്നു. മണ്ണിന്റെ മണമുള്ള പച്ചക്കറികൾ പാകം ചെയ്യേണ്ട വിധം തന്നെ നീ മറന്നുപോയിരിക്കുന്നു.

ശക്തിയേറിയ ഒരു തേങ്ങൽ അവളുടെ ഉള്ളിൽ നിന്നു രക്ഷപ്പെട്ടു.

ജന്നലിനടുത്തുനിന്ന അവളെക്കണ്ട് താഴെറോഡിൽ നിന്നു കടുംനിറത്തിലുള്ള ചേല ചുറ്റിയ മലക്കറി വിൽപ്പനക്കാരി ചോദിച്ചു.

'അമ്മാ വരട്ടെ? കത്തിരിക്ക്യാ, വെണ്ടയ്ക്ക്യാ–' വെയിലത്തു വാടിയ അവളുടെ മുഖത്തിന്റെ നിറമാർന്ന കത്തിരിക്കായും വെണ്ടയ്ക്കായും. അതുകൊണ്ട് സാമ്പാറ് വച്ചാൽ കഷ്ണങ്ങൾ ശവങ്ങളായി പൊങ്ങിക്കിടക്കും.

അവൾ പറഞ്ഞു :

"വേണ്ടാ"

തള്ള പിറുപിറുത്തുകൊണ്ടു നടന്നുപോയി.

കോളനിയുടെ അതിർത്തിയിൽ, പഴന്തുണികളും കടലാസുപായ്ക്കറ്റുകളും, ചവറുകളും ചിതറിക്കിടക്കുന്ന പരുക്കൻ മൈതാനത്തിൽ ഒരുപറ്റം ചെമ്മരിയാടുകൾ പ്രത്യക്ഷപ്പെട്ടു. ആടുകൾക്കു പുറകെ ഒരു കറുത്ത കുപ്പായക്കാരൻ : ഒരു പെൺകുട്ടി. ഒഴിഞ്ഞ ചോറ്റുപാത്രം ആട്ടിക്കൊണ്ട് അവൾ ആടുകൾക്കൊപ്പം ഓടിച്ചാടി നടന്നു.

ശക്തിയേറിയ കാറ്റിൽ പറന്നുപൊങ്ങിയ കടലാസുതുണ്ടുകൾ ഇടയ്ക്ക് അവരെ കാഴ്ചയിൽനിന്നു വേർപ്പെടുത്തി.

രണ്ടു ദിവസംമുമ്പ് പെയ്ത മഴ അങ്കുരിപ്പിച്ച പുതിയ പച്ച നാമ്പുകളെ നുള്ളിയെടുത്ത് ആട്ടിൻപറ്റം തെക്കോട്ടു നീങ്ങി. നിഴലുകൾ പടിഞ്ഞാറോട്ട് നീണ്ടു.

വാതിലിന്നപ്പുറം നിന്ന വൃദ്ധ ചോദിച്ചു:

'ജയേ, നീയിവിടെ നിൽക്വാ? നിനക്ക് വിശപ്പി ല്ലേ?'

അവൾ പറഞ്ഞു:

"ഇല്ല"

'ഞാൻ കാപ്പിയുണ്ടാക്കിവച്ചു. നീ വന്നു കഴിയ്ക്ക്.'

'കാപ്പിയോ? എങ്ങനെ?'

'അപ്പൊറത്തെ വീട്ടാര് മടങ്ങിവന്നു. അവരുടെ സ്റ്റൗവ് കടംവാങ്ങി.'

'അടുപ്പ് കടം വാങ്ങിയോ നിങ്ങൾ?' അവൾ അരിശത്തോടെ ചോദിച്ചു.

'അയലത്തൂന്ന് തീയ് വാങ്ങിയാൽ എന്റെയച്ഛൻ ചീത്ത പറയുമായിരുന്നു. എന്തൊരു നാണം കെട്ട ഏർപ്പാട്!'

വൃദ്ധ അവളുടെ മുഖത്തുനോക്കി പതുക്കെ പറഞ്ഞു.

'അതിനെന്താ ഇത് ഇവിടെ പതിവാ, എല്ലാ വീട്ടിലും!'

'എനിക്ക് കാപ്പി വേണ്ട'

'വയ്യുന്നേരം സ്റ്റവ്വ് കത്തണവരെ നീ പട്ടിണി കിടക്വാ?'

"അതെ."

അവളെ ഒരിക്കൽക്കൂടി നോക്കിയിട്ട് അവർ അകത്തുപോയി.

അടുത്ത വീട്ടിൽനിന്ന് ചുമന്നുകൊണ്ടുവന്ന ഒരു എച്ചിൽവറ്റുമായി ഉറുമ്പിൻപറ്റം അവളുടെ കാൽക്കൽ നിന്നു. കൊച്ചുകണ്ണുകൾകൊണ്ട് അവ തന്നെ നോക്കുന്നുണ്ടെന്ന് അവൾക്ക് തോന്നി. അവൾ കാലനക്കിയില്ല. ഭാരം ചുമന്നുകൊണ്ടുതന്നെ അവ പുതിയവഴി തേടി.

നാലുമണിയടിച്ചു കുറെക്കഴിഞ്ഞപ്പോൾ വൃദ്ധ വാതിക്കൽ വന്നു. അവർ ഉൽക്കണ്ഠയോടെ ചോദിച്ചു.

'അവര് വന്നില്ലല്ലോ, കുട്ടികൾ'

"വരും."

'ഉച്ചയ്ക്ക്യാണെ ഒന്നും കഴിക്കാണ്ടെ പോയിട്ട് വല്ലേടത്തും തലചുറ്റി കിടക്ക്ണാവൊ!'

'ഒരുനേരം കഴിക്കാഞ്ഞാ തലചുറ്റ്ണെങ്കിൽ ചുറ്റട്ടെ!' അവർ മാജിക്കു കാണുകയാണെന്ന് അവളോർത്തു.

'ആരാ ഒന്നുപോയി നോക്കാനുള്ളത്?' വൃദ്ധ ചോദിച്ചു.

'ഞാൻ!' അവൾ പെട്ടെന്നു പറഞ്ഞു. അവളുടെ മുഖത്ത് ചുവന്ന നാലുമണിപ്പൂക്കൾ പൊട്ടിവിരിഞ്ഞു. മിഴികളിൽ തളർന്ന സൂര്യൻ.

അവൾ കോണിയിറങ്ങാൻ തുടങ്ങി.

'നീ സാരി മാറ്ണ്ല്ല്യേ?'

'ഇതുമതി'

വാതിലിനു നേരെ, റോഡുവക്കിൽ ചില്ലകൾ ഒടിഞ്ഞ്, ഇലകൾ വാടിയ ഒരു അലരി മരം. കോളനിയിലെ കുട്ടികൾ വലിയ വടികൾകൊണ്ട് പൂങ്കുലകൾ തല്ലി വീഴ്ത്തി. അവളെ അവർ അത്ഭുതത്തോടെ നോക്കി.

തണലില്ലാത്ത മറ്റൊരു മരത്തിന്റെ ചുവട്ടിൽ ഒരു നിമിഷം അവൾ നിന്നു.

ഫാക്ടറി ഫോർമാന്റെ ഭാര്യ കൊച്ചുമകന്റെ കൈപിടിച്ച് സ്ക്കൂളിൽനിന്ന് മടങ്ങിവരുന്നു അവർ ചോദിച്ചു:

'മിസ്സിസ് രാജൻ എങ്ങോട്ടാ?' ഒരിക്കലും തന്നെ, തന്റെ സ്വന്തം പേരിൽ വിളിക്കാത്ത പലരോടും എന്ന പോലെ അവരോടും അവൾക്കു മമതയില്ലായിരുന്നു. ചിരിക്കാൻ ശ്രമിച്ച് അവൾ നടന്നു.

'സ്ക്കൂളിൽ മാജിക്ക് പ്രദർശനമാണ്. അവർ


പെൺമൊഴികൾ




**ജനനി**

**അമ്മ | മകൾ | മാതൃത്വം,**

**വില 125 രൂപ**

**അടച്ചിട്ട വാതിൽ മറവിൽ**

**വില 140 രൂപ**



എഡി: റിങ്കി ഭട്ടാചാര്യ

സ്ത്രീമോചന പ്രസ്ഥാനങ്ങളിലും പൊതുപ്രവർത്തനരംഗത്തുമുള്ള ഇരുപതോളം വനിതകൾ മാതൃത്വത്തെ വിലയിരുത്തുന്നു, ജനനി. അടച്ചിട്ടവാതിൽമറയിൽനിന്നു കേൾക്കുന്ന പെൺകുട്ടികളുടെ പീഡനാനുഭവങ്ങളാണ് രണ്ടാം പുസ്തകം.



**വാരിയെല്ല്**

**വില 60 രൂപ**

**മേഘം വന്നു തൊട്ടപ്പോൾ**

**വില 70 രൂപ**



സുഗതകുമാരി

പ്രശസ്ത കവയത്രിയായ സുഗതകുമാരിയുടെ രണ്ട് ലേഖന സമാഹാരങ്ങൾ. സ്ത്രീപക്ഷ-പാരിസ്ഥിതിക പ്രശ്നങ്ങളിൽ ഇടപെട്ടതിന്റെ ശക്തമായ രേഖാചിത്രങ്ങൾ.



**കഥ തുടരും**

**കെ പി എ സി ലളിത**

**തയ്യാറാക്കിയത്: ബാബു ഭരദ്വാജ്**

**വില 140 രൂപ**

കെ പി എ സി ലളിത എന്ന വലിയ അഭിനേത്രിയിലേക്കുള്ള വളർച്ചയുടെ ഈ കഥ കേരളത്തിന്റെ രാഷ്ട്രീയ കലാസാംസ്കാരിക ചരിത്രം കൂടിയാണ്.

**സിനിമയല്ല ജീവിതം**

**ഉർവശി**

**തയ്യാറാക്കിയത്: ബി. ശ്രീരേഖ**

**വില 60 രൂപ**

ചലച്ചിത്രജീവിതത്തിലും വ്യക്തിജീവിതത്തിലും നടി ഉർവശി കടന്നുപോയ സ്നേഹസാന്ദ്രമായ നിമിഷങ്ങളുടെ ഓർമ്മപ്പുസ്തകം.





**ഡ്യൂപ്പ്**

**സുരയ്യാ ബാനു**

**തയ്യാറാക്കിയത്: അരുൺ എഴുത്തച്ഛൻ**

**വില 60 രൂപ**

നായികയാവാൻ മോഹിച്ച് രതിനായികമാരുടെ ശരീരം മാത്രമായിത്തീർന്ന ഒരു എക്സ്ട്രാ നടി സുരയ്യാ ബാനുവിന്റെ അസാധാരണമായ ആത്മകഥ.

ഡി സി ബുക്ക്സ്

e - mail: info@dcbooks.com

0481-2563114 0481-2564758

Visit our online bookstore at www.dcbookshop.net

വിതരണം

ഡി സി ബുക്ക്സ്, കറന്റ് ബുക്ക്സ്

35 ശാഖകൾ, കൈരളി പുസ്തകശാല തൃശൂർ-1

വൈകും. ഇവനെ ഞാൻ പിടിച്ച പിടിയാലേ കൊണ്ടുവന്നതാ. ഡാക്ടറുടെ അടുത്തുപോകാൻ.'

'ഞാൻ സ്ക്കൂളിലേയ്ക്കല്ല' അവൾ പറഞ്ഞു.

കോളനിയുടെ സിരാപടലത്തിലൂടെ ഒരന്യവസ്തുവായി അവൾ സഞ്ചരിച്ചു. സ്വീപ്പർമാർ കൂട്ടിയിട്ട ചവറുകളെ കാറ്റ് റോഡുനീളെ അടിച്ചുപറത്തിയിരുന്നു.

പകലത്തെ കച്ചവടം മതിയാക്കി തന്റെ പെട്ടിക്കടയുന്തി ഗോപി എന്ന ചെറുപ്പക്കാരൻ അവൾക്കെതിരെ വന്നു.

'ചേച്ചി നടക്കാനിറങ്ങിയതാ?' അവൻ ചോദിച്ചു.

'നീയിന്നു നേർത്തെ പോന്നോ?'

'ഊണുകഴിച്ചു നേർത്തെ പോകാൻ വന്നതാ ഞാൻ.'

കോളനിയിലെ അനേകം സിൽബന്ധികളിലൊരുവനായ അവൻ തന്റെ ഫ്ളാറ്റിന്റെ കോണിച്ചോട്ടിൽ അഭയം കണ്ടെത്തി.

അവൻ തുടർന്നു:

'ചേച്ചിക്ക് എന്തെങ്കിലും ടൗണിൽനിന്നു വാങ്ങാനുണ്ടോ?

'ഉണ്ട്, സ്റ്റൗവിന്റെ തിരി.'

ശരി, അവൻ ചിരിച്ചു, അവന്റെ ചിരിക്കുമുമ്പിൽ അവളുടെ പരിശ്രമം പരാജയപ്പെട്ടു.

തിരക്കേറിയ ഗേറ്റിലൂടെ അവൾ രക്ഷപ്പെട്ടു. ചെമ്മരിയാടുകളെ ആട്ടിത്തെളിച്ചു തിരിച്ചുപോകുന്ന പെൺകിടാവിനെ ദൂരെ കണ്ടു. കോളനിയിലെ ചപ്പുചവറുകൾ പരന്നുകിടക്കുന്ന മൈതാനത്തിലൂടെ അവൾ നടന്നു. ചവറുകൾ പറന്നെത്താത്ത ഇടത്ത് അവളുടെ മിഴികൾ ഉറച്ചു. ആടുകളുടെ നേർത്ത ചൂരും ചൂടും അപ്പോഴും തങ്ങി നിന്ന മൈതാനത്ത് സന്ധ്യയുടെ കാറ്റ് വീശി.

കാറ്റിനെതിരെ നടന്നു അവൾ ഓലഷെഡ്ഡിന്നടുത്തെത്തി. കോണിപ്പടിയുടെ മുകളിൽനിന്ന് കാണാറുള്ള ചെറിയ പൊട്ട് ഒരു നീണ്ട ഷെഡ്ഡായി അവളുടെ മുമ്പിൽ രൂപം കൊണ്ടു.

ആടുകളെ വേലിക്കകത്താക്കിയ പെൺകിടാവ് ഒരു കെട്ടു വിറകുമായി മുറ്റത്തുവന്നു. ചുവന്ന വെയിൽ അവൾ അരി കഴുകിയിട്ട അലൂമിനിയപ്പാത്രത്തിന്റെ പുറത്ത് കുങ്കുമം പുരട്ടി. ഉണങ്ങിയ മുൾക്കമ്പുകളിൽ അഗ്നി ആളിപ്പടർന്നു. അതിന്റെ ചുവന്ന നാക്കുകൾ പാത്രത്തെ നക്കാൻ തുടങ്ങി. പെൺകുട്ടി എണീറ്റു. അവൾ ആടുകളെ എണ്ണി. വേലിക്കു പുറത്തു നിൽക്കുന്ന സ്ത്രീ അവളുടെ ദൃഷ്ടിയിൽപ്പതിഞ്ഞു. കുട്ടി അച്ഛനെ വിളിച്ചു നിലവിളിക്കുമെന്ന് ഒരു നിമിഷം അവളോർത്തു. ഇല്ല.

കുട്ടി അവളുടെ അടുത്തേക്കു വന്നു.

'നിങ്ങൾക്കെവിടെ പോകണം?'

'എങ്ങും പോകേണ്ട.'

'വഴി തെറ്റിയതല്ലെ?'

'അല്ല.'

'പിന്നെ നിങ്ങളെന്തിനാ ഇവിടെ വന്നത്?'

'എനിക്ക് കുറച്ചു വിറകു വേണം.'

'വിറകോ!' കുട്ടിയുടെ മിഴികൾ വിടർന്നു. 'കോളനിയിൽ താമസിക്കുന്ന നിങ്ങളെങ്ങനെ വിറകു കത്തിക്കും? അവിടെ അതിനു പറ്റിയ അടുപ്പുണ്ടോ?'

'അതു നിനക്കെങ്ങനെ അറിയാം?'

' ഞാനവിടെ പല വീട്ടിലും വേലയ്ക്ക് നിന്നിട്ടുണ്ട്.'

'എന്നിട്ടോ?'

'മൂന്നോ നാലോ ദിവസത്തിലധികം എനിയ്ക്കവിടെ നില്ക്കാൻ കഴിഞ്ഞില്ല. ഞാനച്ഛന്റെ അടുത്തേയ്ക്കുപോന്നു.'

'ഞാൻ കോളണിയിലാണ് താമസമെന്ന് നീയെങ്ങനെ അറിഞ്ഞു?'

'അതു കണ്ടാലറിഞ്ഞൂടെ?'

ജയലക്ഷ്മി ഞെട്ടി. ആ ചെറിയ കുട്ടിയുടെമുമ്പിൽ അവൾ ചെറുതായി.

'സന്ധ്യ ഇരുട്ടി. കൂട്ടിന്നു ഞാനും വരാം.'

ജയ കൂടുതൽ ചെറുതായി.

'വരു'കുട്ടി പറഞ്ഞു. 'അച്ഛൻ കുളിച്ചുവരുംമുമ്പ് എനിക്കിവിടെ തിരിച്ചെത്തണം.'

ഒരക്ഷരം പറയാനാവാതെ അവൾ നടന്നു.


ഗേറ്റിന്നടുത്തെത്തിയപ്പോൾ അവൾപറഞ്ഞു : 'ഇനി നിങ്ങൾ തനിച്ചുപോകണം. ഇതിന്നകത്തു കടന്നാൽ എനിക്കു ശ്വാസം മുട്ടും.'

ജയലക്ഷ്മി തളർന്ന മിഴികളോടെ അവളെനോക്കി.

'നിങ്ങൾക്കുസ്റ്റവ്വിലൊഴിക്കാൻ മണ്ണെണ്ണയില്ലെങ്കിൽ അതാ ആ കടയിൽ എപ്പോഴും കിട്ടും. ഞാൻ വാങ്ങികൊണ്ടു വരണോ?'

'വേണ്ട' അവൾതലയാട്ടി. 'മണ്ണെണ്ണയൊഴിച്ചാലും കത്താത്ത സ്റ്റവ്വാണ് എന്റെ വീട്ടിലേത്. ഒരു തിരിയും അതിന്നു പാകമാവാതായിരിക്കുന്നു...' അവളുടെ സ്വരം നേർത്തുനേർത്തില്ലാതായി... അവളുടെ മിഴികളിൽ ഇരുട്ടു കയറി. ■





# വൈരുദ്ധ്യങ്ങളുടെ സ്ത്രീജന്മം

ഡോ. ഖദീജാമുംതാസ്

"പെരുന്നാളിന് ബേബിമോൾക്കൊരു വെളുത്ത ഉടുപ്പ് തുന്നാൻ കൊടുത്തിട്ടുണ്ടല്ലോ ഉമ്മ. അതിട്ടു വന്നാ മോളൊരു മാലാഖയെപ്പോലുണ്ടാകും. കുഞ്ഞിത്താക്ക് അയ്യേ, കറുത്ത ഉടുപ്പാണ്. ഇട്ടാൽ അസ്സൽ ചൈത്താനെപ്പോലുണ്ടാകും" നാലുവയസ്സുകാരി ഇരുനിറപ്പെൺകുട്ടിയെ അരുമയോടെ ചേർത്ത് പിടിച്ചാണ് ഉമ്മ അതു പറഞ്ഞത്. പാൽ പോലെ വെളുത്ത കുഞ്ഞിത്താക്ക് കറുപ്പുനിറം നന്നായിണങ്ങുമെന്ന് ഉമ്മാക്കറിയാം. നാലുവയസ്സുകാരിയുടെ കണ്ണിൽ കറുത്ത ഉടുപ്പ് അന്ന് പേടിപ്പെടുത്തുന്ന നീച രൂപങ്ങളുടേതും. ഒമ്പതു മക്കളിൽ രണ്ടാമത്തവളായ ഇരുനിറക്കാരിയോട് കുട്ടിക്കാലം മുതലേ പ്രത്യേക സ്നേഹവും പരിഗണനയുമുണ്ടായിരുന്നോ ഉമ്മയ്ക്ക്? ഉണ്ടെന്ന് തലകുലുക്കും കുഞ്ഞിത്തയും അനിയത്തിമാരും. എനിയ്ക്കുറപ്പില്ല. കാരണം എന്റെ നിറം, എന്റെ 'കുയിൽനാദം,' എന്തിന് എന്റെ ഇത്തിരി സാഹിത്യാഭിമുഖ്യം ഒക്കെ ദ്വേഷ്യം വന്നാൽ ഉമ്മ പരിഹാസവാക്കുകളാൽ അഭിഷിക്തമാക്കാറുണ്ടായിരുന്നു. വലിയ ദ്വേഷ്യക്കാരിയായിരുന്നു ഉമ്മ. ഉമ്മയുടെ അടിയുടെയും, പരിഹാസങ്ങളുടെയും പോറലുകൾ ഏറെപ്പതിഞ്ഞ ശരീരങ്ങളുമായാണ് ഞങ്ങൾ പെൺകുട്ടികൾ വളർന്ന് വന്നത്.

എന്റെ പ്രിയപ്പെട്ട ഉമ്മയെപ്പറ്റി ഞാൻ ഇങ്ങനെയൊക്കെയാണോ എഴുതേണ്ടത്? അതും ഉമ്മ മരിച്ചിട്ട് മാസങ്ങൾ മാത്രം കഴിഞ്ഞിരിക്കെ? അമ്മമാരെപ്പറ്റി അവരുടെ സ്നേഹം, ത്യാഗം, സഹനം എന്നിവയിലൊക്കെ ഊന്നിയല്ലാതെ ആരെങ്കിലും സ്മരണിക എഴുതാറുണ്ടോ? എന്റെ ഉമ്മയാണെങ്കിൽ ഒരു വെറും മുസ്ലിം വിധവയായിരിക്കെ ഒമ്പതു പെൺകുട്ടികളെ നേരാംവണ്ണം വളർത്തി അസൂയാർഹമായ നിലയിൽത്തന്നെ അവരെ എത്തിക്കാൻ കഴിഞ്ഞവളുമാണ്. പെൺകുട്ടികളെ അടിയ്ക്കുകയും വേദനിപ്പിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ മക്കളുടെ കണ്ണും വഴിയും തെളിയാൻ വേണ്ടിത്തന്നെയല്ലേ? ഇതിഹാസ സമാനമായ ജീവിതം നയിച്ച അവരെപ്പറ്റി നല്ലതല്ലാതെ മറ്റെന്തു പറയാനാണ്? ഞങ്ങളുടെ വീടുമായി ഏതെങ്കിലും

തരത്തിൽ ബന്ധപ്പെടുകയോ, അറിയുകയോ ചെയ്തിട്ടുള്ള ആരും പറയുക ഇങ്ങനെയൊക്കെത്തന്നെ. പക്ഷേ, എന്തോ, എന്റെ മനസ്സിലെ ഉമ്മ ആമഹത്വവല്ക്കരിക്കപ്പെട്ടതെങ്കിലും സാമ്പ്രദായികമായ കള്ളികളിലൊന്നും ഒതുങ്ങുന്നവളായിരുന്നില്ല. പിന്നെ എന്റെ ഉമ്മ എന്തായിരുന്നു?

എന്റെ ഉമ്മ ഇന്നൊരു ഓർമ്മ മാത്രമാണ്. എഴുപത്തേഴു വയസ്സു വരെ തികച്ചും ആരോഗ്യവതിയായി മക്കളുടെയും പേരമക്കളുടെയും കാര്യങ്ങളിൽ ചടുലമായി ഇടപെട്ടു കഴിഞ്ഞുവരവെ, അവർക്കു തന്നെ അവിശ്വസനീയമാം വിധത്തിൽ ഇരുപത്തിനാലു ദിവസത്തെ അസുഖം ബാധിച്ചാണ് അവർ മരണത്തിനു കീഴടങ്ങിയത്. മരണത്തിനു മൂന്നു നാലുനാൾ മുമ്പ്, തലച്ചോറിലേയ്ക്ക് പടർന്നു കയറിയ അർബ്ബുദരോഗത്തിന്റെ പിടിയിലമർന്ന് ഉമ്മ ഒരു മാനസിക രോഗിയെപ്പോലെ പലതും വിളിച്ചു പറയാൻ തുടങ്ങി. ഒമ്പതു പേരിൽ മൂന്നു പേരെയെങ്കിലും പേരെടുത്തു പറഞ്ഞു ശകാരിച്ചു. "എവിടെ, ഒരു നോവലിസ്റ്റുണ്ടായിരുന്നല്ലോ. നോവലിസ്റ്റ്! ഇനി എല്ലാം ഒരു കഥയാക്കി എഴുതിക്കോളൂ, കേട്ടോ!" ഉമ്മയുടെ മരണശേഷം, അവരെപ്പറ്റി കുറിപ്പു തയ്യാറാക്കിത്തരാൻ രണ്ടു മൂന്നു പേരിൽ നിന്ന് സ്നേഹനിർബ്ബന്ധങ്ങളുണ്ടായിട്ടും അതുകൊണ്ടു തന്നെ എന്റെ മനസ്സു മടിച്ചു നിന്നു. ഉമ്മയെപ്പറ്റി ഇല്ലാക്കഥകളെഴുതിപ്പോകുമോ ഞാൻ...!

അർബ്ബുദം പടർന്നു കയറി തികച്ചും ബോധരഹിതയായിട്ടും, ശ്വസനത്തിന്റെ താളം തകിടം മറിഞ്ഞിട്ടും, വൃക്കകൾ തകരാറിലായിട്ടും മക്കളും മരുമക്കളുമായി നാലു ഡോക്ടർമാരുടെയും ചികിത്സകരുടെയും തീർപ്പു കല്പിയ്ക്കലുകളെ വെല്ലുവിളിച്ച ഉമ്മയുടെ ഹൃദയം രണ്ടുനാൾ കൂടി പടവെട്ടി പിടിച്ചു നിന്നു. "അങ്ങനെ കീഴടങ്ങാൻ ഞാൻ വിചാരിച്ചിട്ടില്ലെങ്കിലോ...!"

ആ പടവെട്ടലിന്റെ കഥയെപ്പറ്റി ഞാനല്ലാതെ ആരെഴുതാനാണ്? ഫാത്തിമ എന്ന സ്ത്രീയെപ്പറ്റി. സ്ത്രീയെന്ന നിലയിലുള്ള അവരുടെ ചെറുത്തു നില്പുകളെപ്പറ്റി. സ്നേഹം, ത്യാഗം, സഹനം എന്നിവയിൽ തളച്ചിടപ്പെടാനുള്ള ജന്മമല്ല അവരുടേത്. ഞങ്ങൾ ഒമ്പതു പെൺമക്കളുടെ മാതൃത്വവും അവർ നേരിട്ട ജീവിത വെല്ലുവിളികളിൽ ചിലവ മാത്രം. ഞങ്ങളുടെ ഉമ്മയാകുന്നതിനപ്പുറം അവർ ഒരു പൂർണ്ണ വ്യക്തിയായിരുന്നു. അതീവ സങ്കീർണ്ണമായ സ്വന്തം വ്യക്തിത്വത്തെ നിരന്തരം പ്രകാശിപ്പിച്ചു പടവെട്ടി മുന്നേറിയ പോരാളി. സ്വന്തം വ്യക്തിത്വത്തെ നിരാകരിച്ചുകൊണ്ടുള്ളൊരു സമരസപ്പെടലിനോ, സ്നേഹത്തിനോ, സൗഹൃദത്തിനോ ഒരിക്കലും തയ്യാറാകാതിരുന്ന ഒരുവൾ.

സുന്ദരിയും ബുദ്ധിമതിയും പിടിവാശിക്കാരിയുമായിരുന്നത്രെ കുട്ടിഫാത്തിമ. ആഢ്യ-ധനിക മുസ്ലിം കുടുംബത്തിലെ പെൺമുള. പെൺവിദ്യാഭ്യാസത്തിനു ഊന്നൽ കൊടുത്ത സമുദായ പരിഷ്കരണ നേതാവ് സീതിസാഹിബിന്റെ ഭാഗിനേയി. സഹോദരിമാരായ മൂന്നു പേരിൽ ഫാത്തിമ മാത്രം പഠിപ്പിൽ തിളങ്ങി. സ്കൂൾ വിട്ടുവരുമ്പോൾ തനിയ്ക്ക് വേണ്ട പലകയും ഭക്ഷണവും റെഡിയാക്കി വെച്ചിട്ടില്ലെങ്കിൽ പുര പറിച്ച് തലകീഴാക്കി തിരിച്ചു വെയ്ക്കാൻ മടിക്കാത്ത മുൻ ശുണ്ഠിക്കാരി എന്ന് ഒപ്പം സ്കൂളിൽപ്പോയിരുന്ന അമ്മായിയുടെ മകൾ. ഉമ്മ മരിക്കുന്നതിനു പത്തു നാൾ മുമ്പ് കളിക്കൂട്ടുകാരിയെ സന്ദർശിക്കാനെത്തിയതായിരുന്നു അവർ. ഞങ്ങൾ മക്കളുമൊത്ത് അന്നവർ രണ്ടുപേരും കുറേ നേരം സംസാരിക്കുകയും അതൊക്കെ അയവിറക്കി ചിരിക്കുകയും ചെയ്തു. ഞങ്ങൾക്കജ്ഞാതമായിരുന്ന, ഞങ്ങളനുഭവിക്കാത്ത ഞങ്ങളുടെ ഉമ്മയുടെ ബാല്യം പതുക്കെ ചുരുളഴിഞ്ഞു വരികയായിരുന്നു. അപ്പോൾ ഉമ്മ ചുറ്റുമിരിക്കുന്ന ഞങ്ങളുടെ ഉമ്മയല്ലാതായി. കുറുമ്പുകാരി, പിടിവാശിക്കാരി, കുഞ്ഞുടുപ്പുകാരി കുട്ടിഫാത്തിമ ആമുഖത്ത് ഒളിച്ചു കളിച്ചു. രോഗത്തിന്റെ ഗൗരവം കുറേസമയം ഉമ്മ മറന്നു. അന്നു രാവിലെയാണ് അവരുടെ ശ്വാസകോശത്തിനു ചുറ്റുമുണ്ടായിരുന്ന നീർക്കെട്ടു വലിച്ചെടുത്ത് ഹിസ്റ്റോപാത്തോളജി പരിശോധനയ്ക്കയച്ചത്. ശ്വാസതടസ്സം മെച്ചപ്പെട്ടതിന്റെ ആശ്വാസം കൂടി ഉണ്ടായിരുന്നിരിക്കണം ഉമ്മയ്ക്ക്. പിന്നെയൊരു അഞ്ചാറു ദിവസം കൂടിയേ ഉമ്മ സംസാരിച്ചുള്ളു. അതും മങ്ങിവരുന്ന, താളം തെറ്റിവരുന്ന ഓർമ്മകളോടെ...

മുമ്പൊരിയ്ക്കൽ ഒരു ഡയറിയെടുത്തു കൊടുത്ത് ഉമ്മയോട് അവരുടെ ബാല്യകൗമാരങ്ങൾ അതിലേയ്ക്ക് പകർത്താൻ ഞാൻ പ്രോത്സാഹിപ്പിച്ചിരുന്നു. വല്ലപ്പോഴുമൊക്കെ ഉമ്മയുടെ വാക്കുകളിലൂടെ പ്രകാശിതമാകുമായിരുന്ന ആ ബാല്യവും അതിലൂടെ അനാവൃതമാകുന്ന നാടിന്റെ ചരിത്രവും എന്നെ മോഹിപ്പിച്ചിരുന്നു. ഉമ്മയ്ക്കന്നു വലിയ സന്തോഷമായി. അവരിലെ എഴുത്തുകാരിയെ ഞാൻ അംഗീകരിച്ചെന്ന തോന്നൽ കൊണ്ടായിരിക്കാം. പണ്ട് പണ്ട് എന്റെ കൗമാരകാലത്ത്, ടി.വി.സീരിയലുകൾ ഉമ്മയുടെ ഒഴിവുസമയങ്ങൾ അപഹരിക്കാൻ തുടങ്ങുന്നതിനു എത്രയോ മുമ്പ് ഉമ്മയെഴുതി സൂക്ഷിച്ചിരുന്ന ഒരു കഥ ഞാൻ വായിച്ചതോർമ്മയുണ്ട്. പേരുകൾ മാറിയിരുന്നെങ്കിലും, കഥാപാത്രങ്ങൾ ഉമ്മയും, ഉമ്മയെ രണ്ടാം വിവാഹം ചെയ്ത ഞങ്ങളുടെ തന്നെ മൂത്താപ്പയും, മൂത്താപ്പയുടെ ആദ്യ ഭാര്യയുമൊക്കെത്തന്നെയായിരുന്നു. ആ കഥകളിൽ എനിയ്ക്കൊട്ടും താല്പര്യമില്ല. ഞാൻ കൂടി ഉൾപ്പെട്ട, അത്രയ്ക്കൊന്നും സന്തോഷകരമല്ലാത്ത ഉമ്മയുടെ ജീവിതത്തിലെ ഏടുകൾ. ഏറ്റവും ഇളയ അനുജത്തിയോടുള്ള വാത്സല്യവും സ്നേഹവും മനസ്സിലൊതുക്കിക്കൊണ്ടുതന്നെ 'ഞങ്ങൾ, എട്ടു സഹോദരിമാർ ഉപ്പയില്ലാതെ വളർന്നവർ' എന്ന മട്ടിൽ ഞാൻ പലരോടും പറഞ്ഞിട്ടുണ്ടാകണം. ഒമ്പതാമത്തവൾ ജനിച്ചത് മൂത്താപ്പ



അനുജത്തി, മകൻ, ഉമ്മ

യുമായുള്ള ഉമ്മയുടെ ദാമ്പത്യത്തിലായിരുന്നല്ലോ. ഒന്നോ ഒന്നരയോ വയസ്സു വ്യത്യാസത്തിൽ എട്ടു പെൺമക്കളുടെ അമ്മയായിരുന്നിട്ടും ഉമ്മ അന്നു സുന്ദരിയായിരുന്നു. മുപ്പതിൽ താഴെ മാത്രം പ്രായം. ഞങ്ങൾ മക്കളുടെ ഉമ്മ മാത്രമായി അവർ ശിഷ്ടജീവിതം ജീവിച്ചു തീർക്കാഞ്ഞതിൽ അല്പം മുതിർന്നപ്പോഴെങ്കിലും ഞങ്ങൾക്ക് അതൃപ്തിയും ലജ്ജയുമുണ്ടായിരുന്നു. പക്ഷേ, ഫാത്തിമ ഞങ്ങളുടെ ഉമ്മയായിരിക്കുന്നിടത്തോളം തന്നെ ഒരു തികഞ്ഞ സ്ത്രീ കൂടിയായിരിക്കാൻ ധൈര്യം കാട്ടി. ഞങ്ങളുടെ ഉമ്മയായിരിക്കുന്നിടത്തോളം അവർ അവനവനുമായിരുന്നു. ഒമ്പതുമക്കളുടെ ഉമ്മയെന്നതിനപ്പുറം മൂത്താപ്പാക്ക് ഫാത്തിമ, തികഞ്ഞ ആരോഗ്യവതിയും, സുന്ദരിയും, ബുദ്ധിമതിയുമായ ഒരു സ്ത്രീയായിരുന്നു. കുഞ്ഞിത്തയ്ക്കന്ന് പന്ത്രണ്ടു വയസ്സു കാണണം. എനിയ്ക്ക് പത്തും. പെൺവീടിന് ഒരാൺതുണയെന്ന് ഉമ്മയുടെ ഉമ്മയുൾപ്പെടെയുള്ള ബന്ധുക്കൾ അന്നാശ്വസിച്ചു. പാവം കുഞ്ഞിത്ത, തിരിച്ചറിവു വന്നതിനാൽ അവർ കൂടുതൽ മനസ്സംഘർഷമനുഭവിച്ചു കാണണം.

ബോധമില്ലായ്മയിലേയ്ക്കു വഴുതുന്ന ഉമ്മ എന്നെ പേരെടുത്തു ശകാരിച്ചുകൊണ്ടിരുന്നപ്പോൾ കുഞ്ഞിത്ത എന്നോടു പറഞ്ഞു. 'വിഷമിക്കേണ്ട, ഏറ്റവും സ്നേഹമുള്ളവരോടാണ് അവസാന കാലത്ത് കൂടുതൽ കലമ്പുക. ബേബി ഉമ്മാക്ക് പ്രിയപ്പെട്ടവൾ തന്നെയായിരുന്നു. ഉമ്മ സ്വയം എന്തൊക്കെ ആകണമെന്നാഗ്രഹിച്ചോ, അതെല്ലാം ആവാൻ കഴിഞ്ഞത് ബേബിയ്ക്ക് തന്നെയാണല്ലോ.'

ഉമ്മ എന്തൊക്കെയാണ് ആകാൻ ആഗ്രഹിച്ചത്? ഒരു ഡോക്ടർ? പിന്നെ, എഴുത്തുകാരി..? ഡോക്ടറാവുക എന്നത് ഉമ്മയുടെ ജീവിതത്തിലെ വലിയ മോഹമായിരുന്നു. പത്താം ക്ലാസ്സു കഴിഞ്ഞ് കൊടുങ്ങല്ലൂർക്കാരി ഫാത്തിമ, എറണാകുളം മഹാരാജാസ് കോളേജിലെ തിളക്കമുള്ള വിദ്യാർത്ഥിനിയായി. ക്യാംപസ് ജീവിതത്തിന്റെയും ഹോസ്റ്റൽ ജീവിതത്തിന്റെയും ഹർഷാരവങ്ങളറിഞ്ഞു. ജി.ശങ്കരക്കുറുപ്പിന്റെ ശിഷ്യയായി. സാഹിത്യവായന അവരുടെ ഞരമ്പുകളിൽ അഗ്നി പടർത്തി. നാല്പതുകളുടെ അവസാനമോ, അമ്പതുകളുടെ ആദ്യമോ ഒരു മുസ്ലിം പെൺകുട്ടിയ്ക്ക് തികച്ചും സ്വപ്നസമാനമായിരുന്ന ഭാഗ്യം. അപൂർവ്വരാശികളുള്ള ജന്മമായി ബന്ധുക്കളായ മറ്റുപെൺകുട്ടികൾ ഉമ്മയെ ആരാധിച്ചു കാണണം. ഇന്റർമീഡിയറ്റിന് ഡിസ്റ്റിംഗ്ഷനോടെ പാസ്സായിട്ടും, മദ്രാസ് മെഡിക്കൽ കോളേജിൽ അഡ്മിഷൻ ലഭിച്ചിട്ടും പക്ഷേ, എം.ബി.ബി.എസ് മോഹം ഉമ്മയിൽ നിന്ന് വിരൽപ്പാടകലത്തിൽ വഴുതിപ്പോയി. ഒരു മുക്കോണ പ്രണയകഥയിലെ വാശികൾ, പകപോക്കലുകൾ, രക്ഷിതാക്കളിൽ അവയുയർത്തിയ അങ്കലാപ്പ് അവയൊക്കെയായിരുന്നത്രെ അന്ന് ഉമ്മയ്ക്ക് ആ അവസരം നഷ്ടപ്പെടുത്തിയത്! തികച്ചും അമ്പരപ്പിക്കുന്ന ഈ അറിവ് ഞങ്ങളിലെത്തിയത് ഉമ്മയുടെ മരണശേഷം. കഷ്ടം, ഞങ്ങളെത്ര കുറച്ചറിഞ്ഞു, ഞങ്ങളുടെ ഉമ്മയെപ്പറ്റി! ഉമ്മയ്ക്ക് നഷ്ടപ്പെട്ട നിറമുള്ള ലോകത്തെപ്പറ്റി, സ്പ്നങ്ങളെപ്പറ്റി, ധിഷണാ സാമ്രാജ്യങ്ങളെപ്പറ്റി! മുക്കോണക്കഥയിലെ മറ്റു രണ്ടുപേർ ഇന്ന് വന്ദ്യവയോധികരായ ഡോക്ടർമാർ. എല്ലാ മോഹങ്ങളും സ്വപ്നങ്ങളും മടക്കിക്കെട്ടി ഉമ്മയ്ക്കു മാത്രം മടങ്ങേണ്ടി വന്നു. പിന്നെ, ചെറുകിട വ്യവസായിയും ബിസ്സിനസ്സുകാരനുമായ ഉപ്പയുടെ വധുവായി... വർഷാവർഷം അവന്റെ കുഞ്ഞുങ്ങളെ പ്രസവിച്ചു. വെറുമൊരു ആവറേജ് വീട്ടമ്മയായി... ആ നിരാശകളും, അടക്കിവെച്ച സ്വാതന്ത്ര്യ ദാഹവും അഭിമാനബോധവുമൊക്കെയായിരിക്കണം അവരെ ഒരു സ്ഥിരം വഴക്കാളിയാക്കിയത്. ഞങ്ങൾ മക്കളാഗ്രഹിച്ചതോ, എല്ലാ അമ്മമാരെയും പോലെ, ക്ഷമയോടെ, സഹനത്തോടെ, നിശ്ശബ്ദമായി ഞങ്ങളെ പരിപാലിക്കേണ്ട ഒരുമ്മയെ! സാഹിത്യാഭിരുചിയും സിനിമാഭിരുചിയുമൊക്കെയാകണം ഉമ്മയെ അന്ന് ജീവിപ്പിച്ചത്. തീർച്ചയായും ആ സാഹിത്യാഭിമുഖ്യവും, കാവ്യാലാപനങ്ങളും, കഥ പറച്ചിലുകളും ഞങ്ങളുടെ ബാല്യത്തെ സമ്പന്നമാക്കിയിട്ടുണ്ട്. വിധി അവരെ എന്നിട്ടും വെറുതെ വിട്ടില്ല. തികഞ്ഞ ഹൃദയാലുവും, സൗമ്യശീലനുമായിരുന്ന ഉപ്പയെ കവർന്നെടുത്ത അവരെ അത് എട്ടുപെൺകുട്ടികളുടെ വിധവയായ മാതാവാക്കി. നല്ല നിലയിൽ നടന്നിരുന്ന 'സാംസൺ ഇൻഡസ്ട്രീസ്' എന്ന ഉപ്പയുടെ സ്ഥാപനം നാഥനില്ലാക്കളരിയായി. സാമ്പത്തിക പ്രശ്നങ്ങൾ ഉമ്മയെഞെരുക്കി. നഷ്ടത്തിലേക്ക് ഇനിയൊരു തിരിച്ചുവരവില്ലാത്ത നിലയിൽ കൂപ്പു കുത്തിയപ്പോൾ ഉമ്മയ്ക്ക് സ്ഥാപനം കൈമാറ്റം ചെയ്യേണ്ടി വന്നു. മൂത്താപ്പയുമായുള്ള ദാമ്പത്യം ഒരു കുഞ്ഞിനെ കൂടിയല്ലാതെ സാമ്പത്തിക ഞെരുക്കങ്ങളിൽ ഉമ്മാക്കാശ്വാസമായില്ല. വേറെ ഭാര്യയും കുഞ്ഞുങ്ങളുമുള്ള ഒരു ഹൈസ്കൂൾ വാധ്യാരിൽ നിന്ന് കൂടുതൽ പ്രതീക്ഷിക്കാനും വയ്യല്ലോ. മൂത്താപ്പാക്കു വേണ്ടി ഹൈസ്കൂൾ കുട്ടികളുടെ ഉത്തരക്കടലാസ് 'വാല്യൂ' ചെയ്തിരുന്ന ഉമ്മയെ ഓർമ്മ വരുന്നു. ആ പേപ്പർ വാല്യുവേഷൻ സ്കൂളിലെ പരസ്യമായ രഹസ്യമായിരുന്നു. വർഷങ്ങൾക്കു ശേഷം ഏച്ചു കൂട്ടിയ ആ ദാമ്പത്യത്തിന്റെ ഇഴകൾ പതുക്കെപ്പതുക്കെ അയഞ്ഞുപോയി. ക്യാൻസർ ബാധിച്ച് മൂത്താപ്പ മരിച്ചു കിടന്ന ദിവസം ഉമ്മ, മൂത്താപ്പയുടെ വീട്ടിൽ ഏറ്റവും അനഭിമതയായ സന്ദർശകയുമായി.

മരിയ്ക്കുന്നതിനു പതിനാലു നാൾ മുമ്പ് ഉമ്മ എന്റെ വീട്ടിലേയ്ക്ക് പോന്നു. യാത്രയിൽ ഉമ്മ സന്തോഷവതിയായിരുന്നു. അസുഖം കുറഞ്ഞു വരികയാണ് എന്നവർ വിശ്വസിച്ചു. നിത്യമായ യാത്രയ്ക്കുള്ള ഒരുക്കിക്കെട്ടലുകൾ ദൈവം പിന്നെ വളരെ ചടുലമായാണ് നടത്തിയത്. ഉമ്മയ്ക്ക് ഗുരുതരമായ രോഗമാണെന്നറിഞ്ഞ് ഗൾഫിലുണ്ടായിരുന്ന മക്കളും ബാംഗ്ലൂരിലും ഡൽഹിയിലു

**ഞങ്ങൾ ബാല്യകൗമാരങ്ങൾ കഴിച്ചുകൂട്ടിയ കാട്ടൂരിലെ വീടിനു മുമ്പിൽ പീടിക മുറിയിൽ ചേക്കേറിയ കുടുംബത്തിലെ മന്ദബുദ്ധിയായ അജുവിനെ ഉമ്മ സ്വന്തം മകനെപ്പോലെ സ്നേഹിച്ചു. അവന്റെ പെങ്ങൾ മല്ലികയെയും ഏട്ടൻ കൃഷ്ണനെയും സ്നേഹിച്ചു. അവർ എന്റെ അനിയത്തിമാരോടൊപ്പം കളിച്ചു വളർന്നു. കരാഞ്ചിറയിലേക്ക് പിന്നെ കുറ്റിപറിച്ചു പോയ ആ കുടുംബം ഉമ്മയുടെ മരണമറിഞ്ഞത് വർത്തമാനപ്പത്രത്തിൽ നിന്ന്. ഉമ്മയുടെ ഫോട്ടോയുള്ള പത്രവും പിടിച്ച് തെളിയാത്ത ഭാഷയിൽ വേദനയോടെയും അസ്വസ്ഥതയോടെയും കാണുന്നവരോടൊക്കെ ഓടി നടന്നു പറഞ്ഞു നടന്ന അജുവിനെപ്പറ്റി അവന്റെ അമ്മയിൽ നിന്ന് പിന്നെ ഞങ്ങൾ കേട്ടറിഞ്ഞു...**





മൊക്കെയുണ്ടായിരുന്ന പേരക്കുട്ടികളും ആധിയോടെ കുതിച്ചെത്തി. ഉമ്മയെ പരിചരിക്കാൻ അവർ മത്സരിച്ചു. അതിലുപരി, കേരളത്തിലങ്ങോളമിങ്ങോളമുള്ള ബന്ധുജനങ്ങളും പരിചയക്കാരും ദിവസേനയെന്നോണം കോഴിക്കോട്ടേയ്ക്ക് ഒഴുകിയെത്തി. ഉമ്മയെ പ്രവേശിപ്പിച്ച ഐസിയു വരാന്തയും ആശുപത്രി മുറിയും ഞങ്ങളുടെ വീടും സന്ദർശകരാൽ എന്നും നിറഞ്ഞു. ഞങ്ങൾ പെൺമക്കളുടെ മനസ്സുകളിലുണ്ടായിരുന്നതിനേക്കാൾ തേജോമയവും ശക്തവുമായ പ്രതിഫലനങ്ങൾ ഉമ്മ ബന്ധുക്കളുടെയും നാട്ടുകാരുടെയും മനസ്സുകളിലുണ്ടാക്കിയിരുന്നു എന്നു ഞങ്ങളെപ്പോളറിഞ്ഞു. അവരുടെ നാവുകളിൽ ഉമ്മ നിറഞ്ഞു കവിഞ്ഞു. സ്വസ്വത്വത്തിന് ഏറ്റവുമധികം പ്രാധാന്യം കൊടുത്തപ്പോഴും ഉമ്മ ചുറ്റുമുള്ള വ്യക്തികളിലേക്ക്, സ്നേഹത്തിന്റെ, നന്മയുടെ പ്രകാശം ചുരത്തിയിരുന്നു! അല്ലെങ്കിൽ, അവനവനെ ഒരിക്കലും നിഷേധിക്കാതിരുന്നതുകൊണ്ടാകാം സ്വമനസ്സിലെ നന്മകൾ കൂടി നൂറിൽ നൂറു ശതമാനവും പ്രകാശിപ്പിക്കാൻ ഉമ്മയ്ക്കായത്. പാരമ്പര്യപരിവേഷങ്ങളിൽ കുടുങ്ങിക്കിടക്കുന്ന പല അമ്മമാർക്കും സാധിക്കാത്തത്! ഉമ്മ വിമർശനങ്ങളെ ഭയന്നില്ല. നാട്യങ്ങളിൽ വിശ്വസിച്ചില്ല.

ഞങ്ങളെ വളർത്തിയെടുക്കാൻ ഒട്ടനവധി ബന്ധുജനങ്ങളുടെ സഹായങ്ങൾ ഉമ്മയിലേയ്ക്കൊഴുകിയെത്തിയിട്ടുണ്ട് അത്യന്തം പ്രകാശമാനമാകേണ്ടിയിരുന്ന ആ ജീവിതത്തിൽ പടർന്ന കാളിമ അവരെ ആരാധനയോടെ നോക്കിയിരുന്ന പലരുടെയും ഹൃദയവേദനകൂടി ആയിതീർന്നതുകൊണ്ടാകാം. അത്ഭുതകരമായ കാര്യം ഉപ്പയുടെ കുടുംബക്കാരും ഉമ്മയെ സ്വന്തത്തിൽ സ്വന്തമെന്നപോലെ സ്നേഹിച്ചിരുന്നു എന്നുള്ളതാണ്. സ്നേഹിച്ചവരെയും സഹായിച്ചവരെയുമൊന്നും ഉമ്മ മറന്നില്ല. ബന്ധുവീടുകളിലെ ഏതാണ്ടെല്ലാ വിശേഷങ്ങൾക്കും ഉമ്മ പറന്നെത്തി. കല്ല്യാണങ്ങൾക്ക്, മരണങ്ങൾക്ക്, രോഗാതുരതകൾക്ക് ഉമ്മ സജീവ സാന്നിധ്യമായി, എത്ര കഷ്ടപ്പെട്ടിട്ടായാലും ഏതു ദുർഘട സന്ധിയിൽ കുടുങ്ങിക്കിടക്കുകയായിരുന്നാലും. കഷ്ടപ്പെടുന്നവർക്കെല്ലാം, വേദനിക്കുന്നവർക്കെല്ലാം, സ്നേഹിക്കുന്നവർക്കെല്ലാം സാന്നിധ്യം കൊണ്ടെങ്കിലും ആശ്വാസമാകാൻ കഴിഞ്ഞിരുന്നതിനാൽ ഉമ്മ വല്ലപ്പോഴുമൊക്കെ അവരുടെ നേർക്ക് കാണിച്ചിരിക്കാവുന്ന ദ്വേഷ്യവും പിണക്കവുമൊന്നും ആരും ദീർഘനാൾ മനസ്സിൽ വെച്ചില്ല. ഉമ്മയേക്കാൾ സാമ്പത്തികമായി ബുദ്ധിമുട്ടുന്നവരുടെ പ്രയാസങ്ങൾ ഉമ്മയറിഞ്ഞു. തന്റെ പേഴ്സിൽ പണമില്ലെങ്കിൽ കടം വാങ്ങിയ പണം കൊണ്ടും ആഹാരം കൊണ്ടും അവരെ സഹായിച്ചു. മക്കളെ എപ്പോഴും അതിനായി പ്രേരിപ്പിച്ചു.

ഞങ്ങൾ ബാല്ല്യകൗമാരങ്ങൾ കഴിച്ചുകൂട്ടിയ കാട്ടൂരിലെ വീടിനു മുമ്പിൽ പീടിക മുറിയിൽ ചേക്കേറിയ കുടുംബത്തിലെ മന്ദബുദ്ധിയായ അജുവിനെ ഉമ്മ സ്വന്തം മകനെപ്പോലെ സ്നേഹിച്ചു. അവന്റെ പെങ്ങൾ മല്ലികയെയും ഏട്ടൻ കൃഷ്ണനെയും സ്നേഹിച്ചു. അവർ എന്റെ അനിയത്തിമാരോടൊപ്പം കളിച്ചു വളർന്നു. കരാഞ്ചിറയിലേക്ക് പിന്നെ കുറ്റി പറിച്ചു പോയ ആ കുടുംബം ഉമ്മയുടെ മരണമറിഞ്ഞത് വർത്തമാനപ്പത്രത്തിൽ നിന്ന്. ഉമ്മയുടെ ഫോട്ടോയുള്ള പത്രവും പിടിച്ച് തെളിയാത്ത ഭാഷയിൽ വേദനയോടെയും അസ്വസ്ഥതയോടെയും കാണുന്നവരോടൊക്കെ ഓടിനടന്നു പറഞ്ഞു നടന്ന അജുവിനെപ്പറ്റി അവന്റെ അമ്മയിൽ നിന്ന് പിന്നെ ഞങ്ങൾ കേട്ടറിഞ്ഞു...

ഉമ്മയുടെ മക്കളായി ജനിച്ചതിനാൽ ഞങ്ങൾ ഭാഗ്യം ചെയ്തവരായി. ഏതാണ്ടെല്ലാവരും ഉന്നതവിദ്യാഭ്യാസം നേടി. അവരവരുടെ മണ്ഡലങ്ങളിൽ അശ്രാന്തപരിശ്രമികളായി. ഒരാളെപ്പോലും 'അയോഗ്യർക്ക്' പിടിച്ചു കൊടുത്തു ഭാരമൊഴിവാക്കാൻ ഉമ്മ ശ്രമിച്ചില്ല. അതിനു പ്രേരണയാകാവുന്ന വീൺ വാക്കുകളിൽ അടിതെറ്റിവീണില്ല. ഓരോ പെൺകുട്ടിയിലും ഒരുപക്ഷേ, ഉമ്മ തന്നെത്തന്നെ കണ്ടിരിക്കണം. ഓരോരുത്തരുടെയും ഭാവി അവർക്ക് കരഗതമായ ബുദ്ധിശക്തിയും കഴിവുകളും അനുവദിക്കുന്നത്രയും വികസിതമാക്കാൻ ഉമ്മ കൂടെ നിന്നു. ഇതിനൊക്കെയിടയിലും ഉമ്മ ഉമ്മയെ മറന്നില്ല എന്നതാണത്ഭുതം. ഒരിക്കൽ കൈവഴുതിപ്പോയ എം.ബി.ബി.എസ് പഠനം തിരിച്ചുപിടിക്കാൻ വിധവയായതിനു ശേഷം രണ്ടുവട്ടം കൂടി ഉമ്മ കിണഞ്ഞു. ഇന്റർവ്യൂ കാർഡ് പൂഴ്ത്തിവെച്ച് ആദ്യവട്ടം ഉമ്മയുടെ സംരക്ഷകർ ഉമ്മയെ തോല്പിച്ചു. ഞാൻ എം.ബി.ബി.എസിനു ചേർന്ന വർഷമായിരുന്നു ഉമ്മയുടെ രണ്ടാംവട്ട ശ്രമം. പ്രായപരിധി കഴിഞ്ഞുവെന്ന പേരിൽ അന്ന് ആ സ്വപ്നത്തിന്റെ വാതിൽ ഉമ്മയ്ക്ക് മുന്നിൽ എന്നെന്നേയ്ക്കുമായി അടഞ്ഞുപോയി. ആദ്യശ്രമത്തെപ്പറ്റിയും പരാജയത്തെപറ്റിയും ഞാനറിഞ്ഞത് ഉമ്മയുടെ വിയോഗശേഷം. ഉമ്മ എന്നോടൊപ്പം മെഡിക്കൽ കോളേജിൽ വിദ്യാർത്ഥിനിയായി ചേർന്നാലുള്ള പുകിലോർത്ത് ഞങ്ങൾ സഹോദരിമാരന്ന് കളി പറഞ്ഞു ചിരിച്ചതോർത്തു അപ്പോൾ. ആ മനസ്സിന്റെ വിങ്ങലും വേദനയുമൊക്കെ ഞങ്ങളെന്തറിഞ്ഞു!

ഞാനൊരെഴുത്തുകാരിയായി അംഗീകരിക്കപ്പെടുന്നതിൽ ഉമ്മ സന്തോഷിച്ചിരുന്നോ? എന്റെ ആദ്യ

എന്തെല്ലാം വൈജാത്യങ്ങളുണ്ടായിരുന്നാലും ഖദീജാ മുംതാസ്, ഫാത്തിമയുടെ ഒരു നീട്ടിയെഴുത്തു മാത്രമല്ലേ? എല്ലാ പെൺമക്കളും അങ്ങനെത്തന്നെയായിരിക്കാം. അവരവരുടെ അമ്മമാരുടെ വ്യഥകളുടെ, നഷ്ടങ്ങളുടെ, സ്വപ്നങ്ങളുടെ, പൂർത്തിയാക്കാൻ കഴിയാതെ പോയ നിയോഗങ്ങളുടെ നീട്ടിയെഴുത്തുകൾ! ഒരമ്മയും അമ്മ മാത്രമായിരിക്കുന്നില്ല. പ്രകടിപ്പിക്കാൻ കഴിഞ്ഞതും, കഴിയാത്തതുമായ വികാര പ്രപഞ്ചങ്ങളുള്ള പൂർണ്ണ വ്യക്തികൾ തന്നെയാണ് അവരോരോരുത്തരും.

നോവൽ ഉമ്മയ്ക്ക് സമർപ്പിച്ചുകൊണ്ട് ഞാനെഴുതി. 'മാതൃത്വത്തെ അതിന്റെ എല്ലാ സങ്കീർണ്ണതകളോടും കൂടി എന്നെ അനുഭവിപ്പിച്ച എന്റെ ഉമ്മയ്ക്ക്!' പുസ്തകത്തിന്റെ പ്രകാശനത്തിന് നിറഞ്ഞ അഭിമാനത്തോടെ ഉമ്മ വന്നിരുന്നത് ഓർക്കുന്നു. രണ്ടാമത്തെ നോവൽ 'ബർസ'യുടെ പ്രകാശനത്തിന് ഉമ്മയെ ഞാൻ ക്ഷണിച്ചില്ല. അതിലെ ആശയവും, മത-സാമൂഹിക വിമർശനവും ഉമ്മയെ അസ്വസ്ഥയാക്കിയേക്കുമോ എന്നു സംശയിച്ചതിനാൽ. തികഞ്ഞ മതവിശ്വാസി തന്നെയായിരുന്നു ഉമ്മ. അതിനപ്പുറം ഞങ്ങൾ മക്കളുടെയും പേരക്കുട്ടികളുടെയും സുരക്ഷയെപ്പറ്റി സദാ ഉത്കണ്ഠകൾ പുലർത്തുന്നവളും. ആധി പിടിക്കുമ്പോഴൊക്കെ ഉമ്മ നേർച്ചകൾ നേർന്നു. ഉമ്മയുടെ മരണശേഷം അലമാരയിൽ നിന്ന് അവരുടെ ഡയറികൾ കണ്ടെടുത്തതിനു ശേഷമാണ് ആ ആധികളുടെ വ്യാപ്തി ഞങ്ങളറിഞ്ഞത്. നേർച്ചകളും തുകകളും മറന്നു പോകാതിരിക്കാനായി നീണ്ടനീണ്ട ലിസ്റ്റുകൾ ഡയറിയിലുണ്ടായിരുന്നു. സങ്കടത്തിനിടയിലും ഞങ്ങൾക്ക് നേർത്ത ചിരികൾ സമ്മാനിച്ച നേർച്ചകൾ. പത്തു രൂപ മുതൽ ആയിരം രൂപ വരെ വിഷയത്തിന്റെ ഗൗരവമനസരിച്ച്. പേരക്കുട്ടിയുടെ ഗൾഫുയാത്ര മുതൽ, സീരിയലിലെ നായികയുടെ സങ്കടങ്ങൾക്കു പരിഹാരമായി വരെ നേർച്ചകളുണ്ടായിരുന്നു ഡയറിയിൽ. മക്കളുടെ ചെക്കും ഡ്രാഫ്റ്റും വന്നാൽ ഈ പണമൊക്കെ പാവപ്പെട്ടവർക്കും അനാഥാലയങ്ങൾക്കുമൊക്കെയായി വീതം വെയ്ക്കാനുള്ളതാണ്. ഡയറി നോക്കിക്കൊണ്ടിരുന്ന അനുജത്തി ജമീല വിരൽ ചൂണ്ടിക്കാണിച്ചുതന്നു ഒരു നേർച്ചയിലേയ്ക്ക്. 'ബേബി-തീവ്രവാദികൾ-1000രൂപാ.' ബേബി എന്നാൽ ഖദീജാ മുംതാസ് എന്ന ഞാൻ. 'ബർസ' എഴുതിയ എന്നെ ആരെങ്കിലുമൊക്കെ അപായപ്പെടുത്തുമോയെന്ന് ഉമ്മ ഭയന്നിരുന്നു. അല്ലെങ്കിൽ മനസ്സുകൊണ്ട് ഉമ്മ ആ ആശയങ്ങളെ അംഗീകരിച്ചിരുന്നു എന്ന് എനിക്കറിയാം. അതൊരു ഉള്ളറിവാണ്.

വഴക്കു പറയുകയും ക്രൂരമായി ശിക്ഷിക്കുകയും ചെയ്യുമായിരുന്ന ഉമ്മയിൽ നിന്ന് നിർമ്മലമായി സ്നേഹിക്കുകയും കുഞ്ഞുങ്ങളുമൊത്ത് കൊഞ്ചിക്കുഴയുകയും, അവർക്ക് വേണ്ടി നിരന്തരം പലഹാരങ്ങളും അച്ചാറുകളും ഉണ്ടാക്കിവെയ്ക്കുകയും, കൊടുത്തയയ്ക്കുകയും ചെയ്യുന്ന വെല്ല്യുമ്മയിലേയ്ക്കുള്ള പരിണാമം അമ്പരപ്പിക്കുന്നതായിരുന്നു. പേരക്കുട്ടികൾ വെല്ല്യുമ്മയെ നിറഞ്ഞു സ്നേഹിച്ചു. സന്ദർഭം കിട്ടുമ്പോഴൊക്കെ അവരെ കെട്ടിപ്പിടിച്ചുറങ്ങി. മരണശേഷം, ഐസുപെട്ടിയ്ക്കകത്ത് പ്രിയപ്പെട്ടവരെല്ലാം വന്നു ചേരാനായി കാത്തു കിടന്ന വെല്ല്യുമ്മാക്ക് പേരക്കുട്ടികൾ കണ്ണിമ പൂട്ടാതെ കാവലിരുന്നു. പാതിരാനേരത്തു ജനറേറ്റർ നിശ്ചലമായപ്പോൾ, മണ്ണെണ്ണയ്ക്ക് വേണ്ടി പരക്കം പാഞ്ഞും, പഴയ ജനറേറ്ററിൽ നിന്ന് മണ്ണെണ്ണ ഊറ്റിയെടുത്തൊഴിച്ചും വലിച്ചു സ്റ്റാർട്ടാക്കിയും വെല്ല്യുമ്മയെ മുഷിപ്പിക്കാതിരിക്കാൻ ജീവിച്ചിരിക്കുമ്പോൾ ചെയ്യാറുള്ളതുപോലെത്തന്നെ അവർ തിരക്കു കൂട്ടി. വെല്ല്യുമ്മയ്ക്ക് ചൂട് പണ്ടേ അസഹനീയം. ഇലക്ട്രിസിറ്റിവിതരണ സംവിധാനത്തെ നമ്പാനും വയ്യല്ലോ. ഐസുപെട്ടിയ്ക്കകത്ത് നിറഞ്ഞ തണുപ്പിൽ, പുത്തൻ വെള്ളത്തുണിയിൽ, കൈകൾ മാറിൽ പിണച്ചു കെട്ടി, പരിചരണങ്ങളിൽ മുഗ്ദ്ധയായി, മുഖത്തു നേർത്തൊരു പുഞ്ചിരിയുമായി, മഹാതേജസ്വിനിയായി ഇരുപത്തി നാലു മണിക്കൂർ കൂടി ഉമ്മ ഞങ്ങൾക്കൊപ്പം കഴിഞ്ഞു. ... പിരിഞ്ഞു പോകുമ്പോൾ പെൺമക്കളെല്ലാം സുമംഗലികൾ, സന്തോഷവതികൾ; ഉമ്മ ഭാഗ്യവതിയാണ്. എല്ലാവരും പറഞ്ഞു. ആ തേജസ്സു കണ്ടില്ലേ. റമദാൻ മാസത്തിൽ, പുണ്യവെള്ളിയാഴ്ച, എല്ലാവരുടെയും പരിചരണങ്ങളേറ്റുവാങ്ങി...

ശരിയാണ്. ക്യാൻസർ രോഗത്തിന്റെ വ്യഥകളിലുലഞ്ഞ്, 'കീമോതെറാപ്പി' യുടെ പീഡനങ്ങളേറ്റുവാങ്ങി, വ്രണിത ഹൃദയയായി, പരാശ്രയയായി ഒരു ജീവിതം! അതു വേണ്ടിവന്നില്ല ഉമ്മയ്ക്ക്: അതു ആസ്വാതന്ത്ര്യ ദാഹിയ്ക്ക് സഹിക്കാവുന്നതിലധികമായേനെ.

മരണത്തിന് അഞ്ചു നാൾ മുമ്പ് ഉമ്മ മക്കളിലാരോടോ കടലാസും പേനയുമാവശ്യപ്പെട്ടു. കണ്ണടയും. പിന്നെ ഉമ്മ ആവേശത്തോടെ എഴുതാൻ ശ്രമിച്ചു. 'എന്റെ പ്രിയപ്പെട്ട ബേബിമോളേ...' രോഗം കൊണ്ടു വിറയ്ക്കുന്ന വിരലുകൾ നിയന്ത്രിക്കാൻ പണിപ്പെട്ട് ഉമ്മ ഒട്ടേറെ വാചകങ്ങൾ എഴുതിക്കൂട്ടി. വാചകങ്ങൾ ഒന്നിനു മുകളിൽ വേറൊന്നായി... വാക്കുകളും വാചകങ്ങളും കൂടിക്കലർന്നും ... കത്തു കയ്യിൽ കിട്ടിയപ്പോൾ ഞാൻ ഉള്ളിൽ കരഞ്ഞു. ഇടയ്ക്കിടെ ചില വാക്കുകളല്ലാതെ ഒന്നും വേർതിരിച്ചെടുക്കാൻ വയ്യ. പിന്നെ അധികം വൈകാതെ ഉമ്മ പതുക്കെ അബോധാവസ്ഥയിലേയ്ക്ക് പടിയിറങ്ങിപ്പോയി...

ഉമ്മയ്ക്ക് എന്നോട്, ഈ ബേബിയോട് എന്തൊക്കെയോ പറയാനുണ്ടായിരുന്നു. എന്തൊക്കെയായിരുന്നു അവ? പരിഭവങ്ങൾ? കുറ്റാരോപണങ്ങൾ...? കുറ്റസമ്മതങ്ങൾ! ഉമ്മ ആയിത്തീരേണ്ടതൊക്കെ ആകാൻ ഭാഗ്യം സിദ്ധിച്ച ഞാൻ, ഉമ്മയെ ഒട്ടും മനസ്സിലാക്കിയില്ലെന്നായിരിക്കുമോ ഒരു പക്ഷേ? അറിയില്ല... ഉമ്മയുടെ പ്രകൃതം പോലെത്തന്നെ പിടി തരാത്ത ചോദ്യങ്ങൾ...

ഉമ്മയുടെ മരണവാർത്ത പത്രങ്ങളിൽ വന്നിരുന്നതിങ്ങനെ.

'എഴുത്തുകാരി ഖദീജാമുംതാസിന്റെ ഉമ്മ ...' ഖദീജാമുംതാസിന്റെ ഉമ്മ എന്നതിലപ്പുറമുള്ള പ്രസക്തി എന്റെ ഉമ്മാക്കുണ്ടായിരുന്നില്ലേ? ഉണ്ടാകേണ്ടതായിരുന്നില്ലേ...? അല്ലെങ്കിൽ, എന്തെല്ലാം വൈജാത്യങ്ങളുണ്ടായിരുന്നാലും ഖദീജാ മുംതാസ്, ഫാത്തിമയുടെ ഒരു നീട്ടിയെഴുത്തു മാത്രമല്ലേ?

എല്ലാ പെൺമക്കളും അങ്ങനെത്തന്നെയായിരിക്കാം. അവരവരുടെ അമ്മമാരുടെ വ്യഥകളുടെ, നഷ്ടങ്ങളുടെ, സ്വപ്നങ്ങളുടെ, പൂർത്തിയാക്കാൻ കഴിയാതെ പോയ നിയോഗങ്ങളുടെ നീട്ടിയെഴുത്തുകൾ! ഒരമ്മയും അമ്മ മാത്രമായിരിക്കുന്നില്ല. പ്രകടിപ്പിക്കാൻ കഴിഞ്ഞതും, കഴിയാത്തതുമായ വികാര പ്രപഞ്ചങ്ങളുള്ള പൂർണ്ണവ്യക്തികൾ തന്നെയാണ് അവരോരോരുത്തരും.



കുസുമം ജോസഫ്

# കാളിയനെപ്പോലെ ഒരു കമ്പനി

ആനമലയിൽനിന്ന് ഊർന്നിറങ്ങുമ്പോൾ അറബിക്കടലോളം ഒഴുകിപ്പരക്കാനായിരുന്നു ചാലക്കുടിപ്പുഴയുടെ നിയോഗം. പക്ഷെ ഇടയിൽ എത്രയെത്ര വിലക്കുകൾ! എല്ലാം കടന്ന് കാതിക്കുടംവരെ എത്തുമ്പോൾ കാളിയൻ നദിയിലല്ല കരയിലാണ്. പുഴക്കരയിലിരുന്ന് പുഴയിലേക്ക് വിഷം ചീറ്റുകയാണ്. ഇവിടം മുതൽ NGIL കമ്പനി എന്ന കാളിയന്റെ വിഷവും വഹിച്ചാണ് പിന്നീടുള്ള ഒഴുക്ക്.

പുതിയകാലത്തെ പുഴകൾ അങ്ങനെയാണ്. നിരന്തരമായ കടന്നാക്രമണങ്ങളുടെ കഥയാണ് അവയ്ക്ക് പറയാനുള്ളത്. ഈശ്വരാരാധനയുടെ കേന്ദ്രങ്ങളായിരുന്നു പുഴയും പുഴത്തടവും മുമ്പ്. പുഴയിൽ മുങ്ങിനിവർന്ന് ക്ഷേത്രത്തിലേക്ക്, ക്ഷേത്രത്തിൽനിന്ന് ആരതിയുമായി പുഴയിലേക്ക്. എല്ലാ പുണ്യപാപങ്ങളും ഏറ്റെടുത്ത് തെളിമയോടെ ഒഴുകാൻ നദികൾക്ക് ആവുമായിരുന്നു. ജനിമൃതികളിൽ ജലവും പുഴയും നിറസാന്നിദ്ധ്യമായിരുന്നു. ഒടുവിൽ ഭസ്മമായി തീർന്നാൽ ഒഴുക്കിലലിഞ്ഞ് ആഴങ്ങളിൽ മറയാമായിരുന്നു.


ഇന്ന് എല്ലാ പുഴയോരങ്ങളിലും വ്യവസായശാലകൾ ഉയർന്നു നിൽക്കുന്നു. അവയ്ക്ക് ജലമെടുക്കാനും വിഷം ഒഴുക്കാനുമുള്ള ഇടങ്ങളാണ് പുഴകൾ.

1975-ൽ അത്തരമൊരു കമ്പനി ചാലക്കുടിപ്പുഴയോരത്തെ കാതിക്കുടത്തും സ്ഥാപിച്ചു. കമ്പനിയുടെ അന്നത്തെ പേര് കേരള കെമിക്കൽസ് ആന്റ് പ്രോട്ടീൻസ് ലിമിറ്റഡ് എന്നായിരുന്നു. 1979-ൽ ഉത്പാദനം തുടങ്ങിയ കമ്പനി 2008-ൽ നിറ്റാജെലാറ്റിൻ ഇന്ത്യ ലിമിറ്റഡ് എന്ന പുതിയ പേര് സ്വീകരിച്ചു. ഓഹരിയിൽ വന്ന മാറ്റത്തിനൊപ്പം അന്തർദേശീയ അംഗീകാരത്തിനുവേണ്ടിക്കൂടിയാണത്രേ പുനർ നാമകരണം!!

മൃഗങ്ങളുടെ എല്ലിൽനിന്ന് ജെലാറ്റിൻ, കൊളാജൻ, പെപ്റ്റൈഡ്, ഓസീൻ എന്നിവ ഉത്പാദിപ്പിക്കുന്ന കമ്പനി ഓരോ ദിവസവും അറുപത്തിമൂന്ന് ലക്ഷം ലിറ്റർ വെള്ളം ചാലക്കുടിപ്പുഴയിൽനിന്ന് അടിച്ചെടുക്കുന്നു. ഇത് കോടിക്കണക്കിന് ലിറ്ററാണെന്നാണ് നാട്ടുകാർ നിരത്തുന്ന കണക്ക്. നൂറ്റിപ്പത്രണ്ട് ജീവനക്കാർമാത്രം പണിയെടുക്കുന്ന കമ്പനി തുടക്കത്തിൽ വലിയ പ്രതീക്ഷയാണ് ഗ്രാമവാസികൾക്ക് നൽകിയിരുന്നത്. ദിവസേന നൂറ്റിമുപ്പത് ടൺ നുറുക്കിയ എല്ലും നൂറ്റി മുപ്പത് ടൺ ഹൈഡ്രോക്ലോറിക് ആസിഡും ഇരുപത്ടൺ ചുണ്ണാമ്പും മറ്റ് അനവധി രാസവസ്തുക്കളും ഉപയോഗിച്ച് നടക്കുന്ന പ്രവർത്തനം വൻതോതിലുള്ള മാലിന്യമാണ് പുറന്തള്ളുന്നത്.

കമ്പനി പുറന്തള്ളുന്ന ദുഷിച്ച വായു മനുഷ്യരെ ശ്വാസം മുട്ടിക്കുന്നു. യഥാർത്ഥത്തിൽ ദുർഗന്ധം എന്താണെന്നറിയാൻ കമ്പനി പരിസരത്തെ വീടുകളിൽ വിരുന്നുപോയാൽ മതി. പാടമൂടി ഉപയോഗശൂന്യമായ, കുരുതി കലക്കിയതുപോലെയുള്ള കിണറുകൾ അവർ നിങ്ങൾക്ക് കാണിച്ചുതരും. കമ്പനി സ്ഥാപിച്ച കുഴലിലൂടെ പുഴയിലേക്കൊഴുകി അറപ്പിക്കുന്ന രൂപത്തിൽ കട്ടകട്ടയായി കിടക്കുന്ന മൃഗക്കൊഴുപ്പ് കാണിച്ചു തരും. എല്ലാ പാരിസ്ഥിതിക നിയമങ്ങളും കാറ്റിൽപറത്തി പണത്തിനു മുമ്പിൽ ഭരണവും നിയമവും ഓച്ഛാനിച്ചു നിൽക്കുന്നത് നിങ്ങൾക്ക് അവർ പറഞ്ഞുതരും.

കുറച്ചു നാളുകൾക്കുമുമ്പ് കുട്ടികളോട് കണ്ടൽക്കാടുകളോടൊപ്പമുള്ള തന്റെ ജീവിതം പറയാൻ പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ കല്ലേൻ പൊക്കുടൻ മാളയിലെ കോളേജിലെത്തിയിരുന്നു. കാതിക്കുടത്തെ വിശേഷം പറയാനും അങ്ങോട്ട് കൊണ്ടുപോകാനും അവിടുത്തെ സുഹൃത്തുക്കൾ വന്നു. അവരോടൊപ്പം കൂട്ടുമ്പോൾ



**മക്കളുടെ കയ്യിലേക്ക് ഇൻഹേലർ എടുത്ത് കൊടുത്ത് സ്വസ്ഥമായിരിക്കുന്ന അമ്മമാരുണ്ടാകുന്നത് നാടിന് നാണക്കേടാണെന്ന് സ്ത്രീകൾ തിരിച്ചറിഞ്ഞു കഴിഞ്ഞു. പുഴയിലേക്കും മണ്ണിലേക്കും അന്തരീക്ഷത്തിലേക്കും വിഷം തുപ്പുന്ന ഈ കാളിയന്റെ പത്തികളമർത്താൻ പുതിയ കാലത്ത് കണ്ണന് പകരം രാധ മതിയാകും.**

രാത്രി ഭക്ഷണത്തിന്ശേഷം വടക്കോട്ടുള്ള വണ്ടിയിൽ പോകുന്നു എന്ന് പറഞ്ഞിരുന്നു. സന്ധ്യക്ക് തന്നെ അദ്ദേഹം ട്രെയിനുപേക്ഷിച്ച് ബസിൽ തൃശ്ശൂർക്ക് പോയി. പൊക്കുടേട്ടനോട് എന്താ കാര്യം എന്ന് തിരക്കി. അദ്ദേഹത്തിന്റെ സ്വതഃസിദ്ധമായ മറുപടി. "നിങ്ങളെന്താ പറയുന്നത്? ആടെ നിക്കാനും കൂടി കയ്യുന്നില്ല. പിന്നെ എങ്ങനെ കയിക്കാനാണ്"? എന്തൊരു നാറ്റം. പാവങ്ങൾ എങ്ങനെ ജീവിക്കുന്നോ എന്തോ എന്ന് പൊക്കുടേട്ടന്റെ സങ്കടം. അദ്ദേഹം ഉള്ള നേരത്തെ തടി കയ്ചിലാക്കി. ആരും അത് ചെയ്ത് പോകും. ഒരു നേരത്തേക്ക് പോലും അസഹ്യമായ ദുർഗന്ധം.


ഒരു വൻ കമ്പനി വിദേശത്ത് കയറ്റിയയക്കാനുള്ള ഉത്പന്നങ്ങൾ ശുദ്ധീകരിച്ചെടുത്ത് അതിന്റെ വിഷവും വിനയും മുഴുവൻ നമുക്ക് തരുന്നു. നൂറുപേർക്ക് ജോലി കിട്ടാൻ നൂറായിരം പേർ കഷ്ടതയനുഭവിക്കണം. കാതിക്കുടത്തിനുതാഴെ നിരവധി പഞ്ചായത്തുകളിലൂടെ ഒഴുകി നീങ്ങുന്ന നദിയിലേക്ക് ലക്ഷക്കണക്കിന് ലിറ്റർ മലിനജലം ഒഴുക്കി വിടുന്നു. മലിനജലത്തിലെ വിഷാംശത്തിന്റെ തോതിൽ വരുന്ന വ്യത്യാസത്തിനനുസരിച്ച് ചില ദിവസങ്ങളിൽ പുഴയിൽ മത്സ്യക്കൂട്ടം ചത്തുമലക്കും. സന്ധ്യയോടെ നാമജപത്തോടൊപ്പം പല വീടുകളിൽനിന്നും കുട്ടികളുടെയും മുതിർന്നവരുടെയും ക്ലേശിച്ചുള്ള ശ്വാസം വലിയും ഉയരും. സ്വന്തം വീട്ടിലെ, അടുത്തവീട്ടിലെ ക്യാൻസർ രോഗിയെപ്പറ്റി പരിചയപ്പെടുന്ന ഓരോരുത്തരും നിങ്ങളോട് പറയും. ഇന്നലത്തെയും, മിനിഞ്ഞാന്നത്തെയും മരണങ്ങൾ ക്യാൻസർ മൂലമായിരുന്നെന്ന് ഉള്ളിലൊളിപ്പിച്ച ഭീതിയോടെ അവർ വെളിപ്പെടുത്തും. നാളത്തെ ഇര ആരായിരിക്കും എന്ന ചിന്ത അവരെ തളർത്തുന്നുണ്ടാവാം.

അതുകൊണ്ടാണ് 'നിറ്റാജലാറ്റിൻ ഇന്ത്യ ലിമിറ്റഡ് ഇന്ത്യ വിടുക' എന്നവർ മുദ്രാവാക്യം മുഴക്കുന്നത്. മക്കളുടെ കയ്യിലേക്ക് ഇൻഹേലർ എടുത്ത് കൊടുത്ത് സ്വസ്ഥമായിരിക്കുന്ന അമ്മമാരുണ്ടാകുന്നത് നാടിന് നാണക്കേടാണെന്ന് സ്ത്രീകൾ തിരിച്ചറിഞ്ഞു കഴിഞ്ഞു. പുഴയിലേക്കും മണ്ണിലേക്കും അന്തരീക്ഷത്തിലേക്കും വിഷം തുപ്പുന്ന ഈ കാളിയന്റെ പത്തികളമർത്താൻ പുതിയ കാലത്ത് കണ്ണന് പകരം രാധ മതിയാകും.

ഒക്ടോബറിലെ പൊതു തെരഞ്ഞെടുപ്പിൽ NGIL ആക്ഷൻ കൗൺസിൽ അഞ്ചു സ്ത്രീകളെ മത്സരരംഗത്തിറക്കിയത് അതുകൊണ്ടാണ്. കമ്പനി അടപ്പിക്കാൻ എന്തെല്ലാം ചെയ്യാമോ അതൊക്കെ ചെയ്യാൻ തയ്യാറായാണ് സ്ത്രീകൾ മത്സരരംഗത്തെത്തിയത്. ശക്തരായ മുന്നണികളോടും അവരെ രണ്ടു കൂട്ടരേയും പണം വാരിക്കോരി കൊടുത്ത് സഹായിക്കുന്ന കമ്പനിയോടുമായിരുന്നു മത്സരം. എന്നിട്ടും കമ്പനിയിരിക്കുന്ന വാർഡിൽ ആക്ഷൻ കൗൺസിലിന്റെ സ്ഥാനാർത്ഥി വിജയിച്ചു.

പെൺകരുത്തിന്റെ മുമ്പിൽ കമ്പനി അടിയറവു പറയുന്ന ദിവസത്തിനുവേണ്ടി കാതിക്കുടത്തെ സഖാക്കൾ കാത്തിരിക്കുന്നു. പഞ്ചായത്ത്രാജ് നിയമങ്ങളെ നോക്കുകുത്തിയാക്കിയ കമ്പനിയെ അതേ നിയമങ്ങൾ ഉപയോഗിച്ച് കെട്ടുകെട്ടിക്കാൻ സഹായിക്കേണ്ടതുണ്ട്. പുതിയ ഭരണസമിതിയിൽനിന്ന് ദുരിതബാധിതർ അത് പ്രതീക്ഷിക്കുന്നു. അപ്പോഴേ ജനാധിപത്യം വിജയിച്ചു എന്ന് പറയാനാവൂ. ■

No.1 Multinational
Home Appliances
Dealer in Kerala



കണ്ണങ്കണ്ടി

കോഴിക്കോട് ✆ 2724110, 2722881
വടകര ✆ 2522736 നാദാപുരം ✆ 0496 3225151
വളാഞ്ചേരി 0494 3223200 | നിലമ്പൂർ 04931 221977,225977 | പെരിന്തൽമണ്ണ 04933-314050
കോട്ടക്കൽ 0483-2751684 | തിരൂർ 0494-2424546 | കൊണ്ടോട്ടി 0483-2710757




ഉഷ തണൽ

# ഇരകളും കൊലപാതകികളും

**1998ലാണ്** ആദ്യമായി കാസറഗോഡ് ജില്ലയിലെ പേരിയയിൽ ഞാനെത്തുന്നത്. ലീലാകുമാരിയമ്മയെന്ന കാർഷികോദ്യോഗസ്ഥയെ, രണ്ട് കുട്ടികളുടെ അമ്മയെ കാണാൻ. അതിനു മുമ്പും പല തവണ കാസറഗോഡ് ജില്ലയിലൂടെ ഞാൻ യാത്ര ചെയ്തിട്ടുണ്ട്. എന്നാൽ ലീലാകുമാരിയമ്മയെ(ലീലേട്ടി)കണ്ടതിനുശേഷമാണ് ആ മണ്ണിലും അവിടുത്തെ ജന്തുജാലങ്ങളിലും ആളുകളുടെയുള്ളിലും ഒരു ടൈംബോംബ് പോലെ കിടക്കുന്ന എൻഡോസൾഫാൻ എന്ന മാരകകീടനാശിനിയെ കുറിച്ച് അറിയുന്നത്.

കാസറഗോഡ് ജില്ലയിൽ സർക്കാരിന്റെ ഒരു സ്ഥാപനം കശുമാവിൻതോട്ടം വച്ചുപിടിപ്പിച്ചത്. റവന്യൂ പുറംപോക്ക് ഭൂമിയിലും കാട് വെട്ടിത്തെളിച്ചുമായിരുന്നു. പുറംപോക്കിൽ നെല്ലും റാഗിയും മുളകും പച്ചക്കറികളും ഉഴുന്നും കൃഷി ചെയ്ത് ജീവിച്ചിരുന്ന വ്യത്യസ്ത മത-ജാതി-ഗോത്രവിഭാഗങ്ങളിൽപ്പെട്ട സാധാരണ ആളുകൾ, പ്ലാന്റേഷൻ കോർപ്പറേഷന്റെ തോട്ടം തുടങ്ങിയത് ഒരു വികസനമായിട്ടാണ് കരുതിയത്. തങ്ങൾ കൃഷി ചെയ്യുന്ന ഭൂമി കൈവിട്ടുപോകുന്ന വേദനയിലും സ്ഥിരം തൊഴിൽ കിട്ടുമെന്ന മോഹമായിരുന്നു അവരുടെയുള്ളിൽ. എന്നാൽ ഈ വികസനം ഒരു വലിയ ദുരന്തത്തിലേക്കാണ് തങ്ങളെ നയിക്കുന്നതെന്ന് അവർ തിരിച്ചറിഞ്ഞില്ല.

1978 മുതൽ കശുമാവിൻ തോട്ടങ്ങൾക്കുമേൽ ഹെലിക്കോപ്റ്ററിലൂടെ എൻഡോസൾഫാൻ തളി തുടങ്ങി. പുകമഞ്ഞ് പോലെ എൻഡോസൾഫാൻ ആകാശത്തെ മൂടിയപ്പോൾ, ആകാശത്തുനിന്ന് തുള്ളി കണക്കെ കീടനാശിനി മഴതാഴെ പതിച്ചപ്പോൾ, ജന്തുജാലങ്ങൾ ചുറ്റും ചത്തു വീഴുന്നതവർ കണ്ടു. പതുക്കെ പതുക്കെ മൃഗങ്ങളിൽ, പ്രത്യേകിച്ചും കന്നുകാലികളിൽ പലവിധ ആരോഗ്യത്തകരാറുകളും അവർ കാണാൻ തുടങ്ങി. അവയവങ്ങളുടെ വൈകല്യങ്ങൾ മുതൽ ഗർഭമലസൽ വരെ വിവിധ പ്രശ്നങ്ങൾ. 90കളിൽ ഇതേ പ്രശ്നങ്ങൾ മനുഷ്യരുടെയിടയിലും കാണാൻ തുടങ്ങി. കീടനാശിനി തളിക്കുന്ന മാസങ്ങളിലാകട്ടെ, തൊലിപ്പുറമേയുള്ള രോഗങ്ങളും ശ്വാസംമുട്ടലും സ്ത്രീകൾക്ക് ആർത്തവപ്രശ്നങ്ങളും വ്യാപകമായി. ക്യാൻസറും സെറിബ്രൽ പാൾസി പോലുള്ള രോഗങ്ങളും ഇവിടുത്തെ ഗ്രാമങ്ങളിലെ സ്വസ്ഥജീവിതം തന്നെ തകർത്തു. യുവാക്കളിൽ ആത്മഹത്യാപ്രവണത വർദ്ധിച്ചു.




ഒരു കീടനാശിനിയ്ക്ക് ഇത്രയുമധികം പ്രശ്നങ്ങൾ ഉണ്ടാക്കാൻ കഴിയുമോ ? ന്യായമായും വരാവുന്ന ചോദ്യമാണിത്. പല കാർഷിക ശാസ്ത്രജ്ഞരും മറ്റു വിദഗ്ദരും ഇതേ ചോദ്യം ഇപ്പോഴും ചോദിച്ചുകൊണ്ടിരിക്കുകയാണ്. വിവിധ കമ്മിറ്റികൾ കാസറഗോഡ് പഠനം നടത്തി. സംഘടനകളും ശാസ്ത്രഗവേഷണ സ്ഥാപനങ്ങളും ആരോഗ്യ വകുപ്പും വിവിധ പഠനങ്ങൾക്ക് നേതൃത്വം കൊടുത്തു. ഒടുവിൽ 2003ൽ ഹൈക്കോടതി കേരളത്തിൽ എൻ ഡോസൾഫാന്റെ വില്പ

നയും ഉപയോഗവും നിരോധിച്ചു. എന്നാൽ തമിഴ്നാട്ടിൽ നിരോധനമി ല്ലാത്തതിനാൽ അവിടെ നിന്ന് ഈ കീടനാശിനി ഇടുക്കിയിലും വയനാ ട്ടിലും മുതലമടയിലും ഒക്കെ എത്തിക്കൊണ്ടിരിക്കുന്നു; നിയമവി രുദ്ധമായും മറ്റുകീടനാശിനികളുടെ പെട്ടിയിലുമായി.
കാസറഗോഡ് ദുരന്തം പുറം ലോകം അറിഞ്ഞ സമയത്ത് 18-ഓളം രാജ്യങ്ങളിൽ എൻഡോ സൾഫാൻ നിരോധനം ഉണ്ടായിരു ന്നു. ഇന്നിത് 74 രാജ്യങ്ങളിലേക്ക് വ്യാപിച്ചിരിക്കുന്നു. കടുത്ത നിയ ന്ത്രണത്തിലേക്കും ഘട്ടം ഘട്ടമായു ള്ള നിർമ്മാർജ്ജനത്തിലേക്കും ഈ രാജ്യങ്ങൾ ചുവട് വച്ചുകൊണ്ടിരി ക്കുകയാണ്. ഐക്യരാഷ്ട്ര സഭ യുടെ പരിസ്ഥിതി പരിപാടിയുടെ കീഴിൽ രൂപം കൊണ്ട സ്റ്റോക്ക് ഹോം കൺവൻഷൻ ആഗോളതല ത്തിൽ നിർമ്മാർജ്ജനം ചെയ്യേണ്ട രാസവസ്തുക്കളുടെ കൂട്ടത്തിലേക്ക് എൻഡോസൾഫാനെയും നിർദ്ദേ ശിച്ചു കഴിഞ്ഞു. കാസറഗോട്ടെ അമ്മമാരുടെ കണ്ണീരും കുട്ടികളുടെ നിസ്സഹായതയും ഈ തീരുമാന ത്തിന് പ്രേരകമായിട്ടുണ്ടെങ്കിലും ലോകത്തിന്റെ പല ഭാഗത്തുനിന്നു മുള്ള നിരവധി ശാസ്ത്രീയ പഠന ങ്ങളും, ഹിമാലയത്തിലും ആർട്ടി ക്കിലും കോസ്റ്ററിക്കൻ മഴക്കാടുക ളിലുമൊക്കെ എൻഡോസൾഫാൻ കണ്ടെത്തിയതും(ഈ കീടനാശിനി ഉപയോഗിക്കാത്ത സ്ഥലങ്ങൾ) സമുദ്ര ജീവികളിലും വന്യജീവിക ളിലും ആശങ്കയുണർത്തും വിധം എൻഡോസൾഫാന്റെ അളവ് കൂടു ന്നതും ഈ നിർദ്ദേശത്തിന് കാരണ മായിട്ടുണ്ട്. ലോകത്തിന്റെ പല ഭാഗത്തുനിന്നും ശേഖരിച്ച മുലപ്പാ ലിലും പൊക്കിൾ കൊടിയിലെ രക്തത്തിലും എൻഡോസൾഫാൻ കണ്ടെത്തിയതും ഇതിന് ആക്കം കൂട്ടി.

ഇത്രയും ശാസ്ത്രീയമായ പഠന ങ്ങളുടെ അടിസ്ഥാനത്തിലാണ് എൻഡോസൾഫാന്റെ ലോക വ്യാപക നിരോധനത്തിനു വേണ്ടി സ്റ്റോക്ക്ഹോം കൺവെൻഷൻ തീരുമാനിച്ചത്. എന്നാൽ ഇതിനെ തിരെ ഇപ്പോൾ ശബ്ദമുയർത്തുന്ന ഒരേയൊരു രാജ്യം ഇന്ത്യയാണ്. ഐക്യരാഷ്ട്രസഭയുടെ സെക്യൂരി റ്റി കൗൺസിലിൽ അംഗത്വം കിട്ടാൻ വേണ്ടി അമേരിക്കയെ പ്രീതിപ്പെടുത്താൻ ശ്രമിക്കുന്ന ഇന്ത്യയിൽ നിന്നുള്ള സർക്കാർ പ്രതിനിധികൾ യു.എൻ. പ്രക്രി യയെ തന്നെ ബഹുമാനിക്കാത്ത തരത്തിൽ, സ്റ്റോക്ക്ഹോം കൺ വൻഷനിൽ എൻഡോസൾഫാ നു വേണ്ടി പടവാളുയർത്തിയത് ഇവി ടുത്തെ കീടനാശിനി കമ്പനികളെ സഹായിക്കാൻ മാത്രമാണെന്നത് ദയനീയമായ അവസ്ഥയാണ്.

എന്തിനും ഏതിനും ശാസ്ത്ര ത്തെ കൂട്ടുപിടിക്കുന്ന നമ്മുടെ ആസൂത്രകർക്കും ശാസ്ത്രജ്ഞർ ക്കും എൻഡോസൾഫാനെ ഉയർത്തിപ്പിടിക്കാൻ വേണ്ടി ആ ശാസ്ത്രത്തെ തള്ളിപ്പറയാനും മടി യില്ല. കാസറഗോഡ് നടന്ന പഠന ങ്ങളെല്ലാം തന്നെ അശാസ്ത്രീയ മാണെന്നാണ് ഇവരുടെ വിലയിരു ത്തൽ. എൻഡോസൾഫാന് പകരം വയ്ക്കാവുന്ന കാർഷികമുറകൾ ഏറെയുണ്ടെങ്കിലും അത് സ്വീകരി ക്കാൻ കൺവെൻഷനിൽ പങ്കെ ടുത്ത കേന്ദ്രകൃഷി മന്ത്രാലയ ത്തിലെ ഉദ്യോഗസ്ഥർ തയ്യാറായില്ല. അവരുടെ ന്യായവും വിചിത്രമായി രുന്നു. ഈ രാജ്യത്തെ കർഷകരെ അപമാനിക്കുന്ന തരത്തിലായിരു ന്നു. ഇന്ത്യയിലെ കർഷകർക്ക് വിദ്യാഭ്യാസമില്ലെന്നും എൻഡോ സൾഫാന് പകരമുള്ള രാസ-ജൈവകീടനിയന്ത്രണമാർഗ്ഗ ങ്ങളെപ്പറ്റി കർഷകരെ പഠിപ്പിക്കാൻ കഴിയില്ലെന്നുമായിരുന്നു അവർ ജനീവയിൽ പറഞ്ഞത്. ഇന്ത്യയിൽ എൻഡോസൾഫാൻ കൊണ്ട് ആർക്കും ഒരു പ്രശ്നവുമില്ലെന്നും അവർ വാദിച്ചു. ഇതിനെ ഖണ്ഡി ക്കാൻ കേരളാ മുഖ്യമന്ത്രിയുടെ കത്ത് സഹായകമായി.
കേന്ദ്രകൃഷി മന്ത്രാലയത്തിന് കർഷകരേക്കാളും ഇവിടുത്തെ ജന ങ്ങളെക്കാളും താല്പര്യം കീടനാശി നി കമ്പനികളോടാണെന്ന് ഒന്നുകൂ ടി വ്യക്തമായിരിക്കുയാണ്. ഈ അ വസ്ഥയിൽ ദുരന്തങ്ങളിൽ നിന്ന് പാഠം ഉൾക്കൊള്ളാൻ നമ്മളും ത യ്യാറായില്ലെങ്കിൽ നമ്മുടെ നിലനി ൽപ്പ് തന്നെ അപകടത്തിലാകും എന്നതിന് യാതൊരു സംശയവുമി ല്ല. ■

## ▶ പുസ്തകപരിചയം



മലയാള നാടക സ്ത്രീചരിത്രം
സജിത മഠത്തിൽ
വില .105 രൂപ, മാതൃഭൂമി ബുക്സ് കോഴിക്കോട്-2010

പന്ത്രണ്ട് ദശകത്തിലധികം പാരമ്പര്യമുള്ള മലയാള നാടക ചരിത്രത്തിൽ സ്ത്രീയുടെ ഇടവും പങ്കാളിത്തവും അന്വേഷിക്കു കയും സ്ത്രീനാടക പ്രവർത്തക രുടെ സംഭാവനകളും അനുഭവ ങ്ങളും രേഖപ്പെടുത്തുകയും ചെയ്യുന്ന പഠനഗ്രന്ഥം.



പെൺകാലങ്ങൾ
പി.ഗീത
വില: 395 രൂപ, കറന്റ് ബുക്സ്, തൃശ്ശൂർ, കൊച്ചി, കോഴിക്കോട്.

കാലത്തെ പെൺകാഴ്ചയിലൂടെ കാണുമ്പോൾ കാലം ആത്മവിചാ രണ നടത്തുന്നതുകാണാം.നമ്മുടെ പുരുഷാധിപത്യചരിത്രം നിർമ്മിച്ചെ ടുത്ത വൻ എടുപ്പുകളെ സ്വാതന്ത്ര്യധീര തയാൽ നേരിട്ട സ്ത്രീകളുടെ കർമ്മ ശക്തിയെ കരുത്തുറ്റ ഭാഷയിൽ ഈ ഗ്രന്ഥം അടയാളപ്പെടുത്തുന്നു.



ഇവർ വഴികാട്ടികൾ
കെ.ശാരദാമണി
വില: 160 രൂപ, സൈൻ ബുക്സ്, തിരുവനന്തപുരം-2010

പ്രശസ്തരായ വിശ്വവനിതകളുടെ അതിജീവനത്തിന്റെയും വിജയ ത്തിന്റെയും കഥകൾ കുട്ടി കൾക്കും മുതിർന്നവർക്കും ഒരുപോലെ വഴികാട്ടിയും പ്രചോദനവുമാകുന്ന പുസ്തകം.



കവിതാ ബാലകൃഷ്ണൻ

'സ്ഥാന'ത്തും 'അസ്ഥാന'ത്തും വേഷഭൂഷകൾകൊണ്ട് കൂസലന്യേ കാഴ്ചപ്പുറങ്ങളൊരുക്കി സ്വയം അർമാദിക്കുന്നവരായ സ്ത്രീകളാണ് റിഗോയുടെ ലോകത്ത് മുഴുവനും. അവരുടെ സ്ഥാനമാനങ്ങൾക്കപ്പുറത്ത് പരസ്പരം ബന്ധിപ്പിക്കുന്ന സ്ത്രീ എന്ന ഉൾബോധം ശക്തമാണ്

# അധോലോകങ്ങളുടെ ചിത്രകാരി

**പൌളറിഗോ** എന്ന പോർച്ചുഗീസ് ചിത്രകാരി നിർമ്മിച്ചിട്ടുള്ള അധോലോകങ്ങൾ ലോകത്തുള്ള ഏതു സംസ്കാരത്തിലും നിലവിലുള്ള സ്ത്രീകളുടേതായ അധോജീവിതമാണ്. സ്ത്രീകൾ പൊതുവിൽ വികാര-നാടകങ്ങളുടേതായ ഒരുതരം പെരുമാറ്റചട്ടങ്ങൾ കൊണ്ട് ജീവിക്കേണ്ടി വരും. ഏതാണ്ട് അതേ ഭാഷയിൽ സ്വാഭാവികമെന്നോണം സ്വയം ആവിഷ്കരിക്കുന്നവരുമാണ് എന്ന് പൊതുവിൽ കരുതപ്പെടുന്നു. പക്ഷേ സമൂഹം ജീവിതത്തിൽ അടിച്ചേൽപ്പിക്കുന്ന ആ ചട്ടങ്ങൾ ഫലത്തിൽ പലപ്പോഴും പെരുമാറ്റ വൈകൃതങ്ങളാണ് നിർമ്മിക്കുന്നത്. ചട്ടങ്ങൾക്കും അവയുടെ വൈകൃതങ്ങൾക്കും ഇടയിൽനിന്ന് ഒരാൾക്ക് എളുപ്പത്തിലൊന്നും കണ്ടു പിടിക്കാവുന്ന സ്വച്ഛന്ദത ഇല്ലായിരിക്കാം. എന്നുകരുതി ജീവിതം അസുന്ദരമല്ല. സുന്ദരവും ക്രൂരവും ബഹുവിധ ചേഷ്ടകളിൽ അഭിരമിക്കുന്നതുമായ ഒരു വികടത്തരം കൊണ്ട് ജീവിതത്തെ അതിജീവനമാക്കുന്ന ചിത്രകലയാണ് പൌളറിഗോയുടേത്. ഇത് പല സ്ത്രീകൾക്കും പരിചയമുള്ളതാണ്. പൊതുവിൽ വിധേയജീവിതങ്ങൾ ഏറ്റെടുക്കേണ്ടിവരുന്ന ആർക്കും തന്നെ പരിചയമുള്ളതാണ്.

യഥാതഥമായ ചിത്രത്തിൽ അപ്രതീക്ഷിതമായി തെറിച്ചു നിൽക്കുന്ന വസ്തുക്കളും ചേഷ്ടകളും കാഴ്ചപ്പെടുത്തലുകളും കാണാം. കസേരയിൽനിന്നും തലകീഴായി വീഴുന്ന സ്ത്രീയ്ക്കും അവൾ ശരീരം കൊണ്ട് സ്വയം നിർമ്മിച്ചു തരുന്ന കാഴ്ചപ്പുറം ഉണ്ട് എന്ന് വരുന്നു. അതുപോലെ 'പെൺകുട്ടിയും പട്ടിയും'(The girl and the dog ) തമ്മിൽ ചിലതുണ്ട് എന്നത് ഒരു സാമൂഹ്യവിമർശം ആണെന്ന് വരികിലും അത് ഒരു സ്ത്രീബോധത്തിൽ എപ്പോഴും സങ്കടകരമാണെന്നല്ല. അത് നിങ്ങൾ കാണുന്ന ഒരു പാഠം ആണ് ചിത്രത്തിനും കാഴ്ചക്കും ഇടയ്ക്കുള്ളത്. മാത്രമല്ല, പെൺകുട്ടിക്കും പട്ടിക്കും ഇടയിലുള്ള ചിലതുകൂടിയാണ്. വിധിയെ സ്വീകരിക്കുന്നതിനുള്ള ഒരു സുന്ദരമായ മാർഗം. അത് ഒരു സങ്കടത്തിന്റെ പെയിന്റിംഗ് അല്ല തന്നെ. പട്ടിയും പെൺകുട്ടിയും എന്ന ചിത്രത്തെപ്പറ്റി റിഗോ പറയുന്നു. ഇംഗ്ലണ്ടിൽ റിഗോ ആദ്യം അറിയപ്പെടുന്നത് ഈ ചിത്രം വഴിയാണ്. റിഗോ മാൽബോറോ ഫൈൻ ആർട്ടിന്റെ കരാർ ഉറപ്പിക്കുന്നതും പിന്നീട് ലോകമെമ്പാടും പ്രമുഖ കേന്ദ്രങ്ങളിൽ ഇവരുടെ ചിത്രങ്ങൾക്ക് കാഴ്ചക്കാരെ കിട്ടുന്നതും അങ്ങനെയാണ്.


ജീൻ ഷെനെയുടെ ഒരു നാടകത്തെ അടിസ്ഥാനമാക്കി ചെയ്ത 'Maids'(1987) എന്ന ചിത്രം, വളരെ വലിപ്പത്തിൽ ചിത്രം ചെയ്യാൻ തുടങ്ങിയ ഘട്ടത്തിൽ അവർ വരച്ചതാണ്. റിഗോ ചിത്രകാരി മാത്രമല്ല, ഇല്ലസ്ട്രേറ്ററും പ്രിന്റ് മേക്കറും ആയിരുന്നു. ഒരു ചിത്രകഥയിലെ കഥാപാത്രങ്ങൾ പോലെ പെയിന്റിംഗിൽ ആളുകൾ കാണപ്പെട്ടു. എങ്കിലോ കഥകൾ എല്ലാം മിക്കപ്പോഴും വിചിത്രമായ അധികാരക്കളികളിൽ കരുക്കളായിരിക്കവെ തന്നെ മറ്റൊരു ആന്തരലോകം കൊണ്ട് തലകുത്തി മറിയുന്നവരുടെ അവസ്ഥാവിശേഷങ്ങളാണ് കാണിക്കുന്നത്. തടിച്ചുകുറുകിയ ശരീരമുള്ളവരും 'സ്ഥാന'ത്തും 'അസ്ഥാന' ത്തും വേഷഭൂഷകൾകൊണ്ട് കൂസലന്യേ കാഴ്ചപ്പുറങ്ങളൊരുക്കി സ്വയം അർമാദിക്കുന്നവരായ സ്ത്രീകളാണ് റിഗോയുടെ ലോകത്ത് മുഴുവനും. അവരുടെ സ്ഥാനമാനങ്ങൾക്കപ്പുറത്ത് പരസ്പരം ബന്ധിപ്പിക്കുന്ന സ്ത്രീ എന്ന ഉൾബോധം ശക്തമാണ്. ഉദാഹരണത്തിന് ജർമ്മൻ ഗ്രിർ എന്ന ഫെമിനിസ്റ്റ് അക്കാദമിക് പണ്ഡിതയുടെ പോർട്രേറ്റ്(199-) സാമാന്യേന പ്രതീക്ഷിക്കാവുന്ന പോലെ ഒരു പ്രൗഢയുടെ അല്ല. സ്വന്തം അവസ്ഥയിൽ കൂസലില്ലാത്ത ഏതൊരു സ്ത്രീയു ടെയും ബോധമാണ് അത് ധ്വനിപ്പിക്കുന്നത്. കൊച്ചുപെൺകുട്ടിയും വധുവും പോലീസുകാരന്റെ മകളും അക്കാദമിക് പണ്ഡിതയും നർത്തകികളും എല്ലാമെല്ലാം അവരവർ ഏർപ്പെട്ടു പോരുന്ന പ്രവൃത്തിയിലൂടെ വിചിത്ര ചേഷ്ടകളുടെ ലോകം മെനയുന്നു. പ്രതീകാത്മകതയുടെയും യാഥാർത്ഥ്യത്തിന്റെയും വരമ്പുകൾ ഇവിടെ വളരെ ദുർബലമാണെന്നു കാണാം. ■



▲ dog-woman /paula-rego

▼ triptych in the series called abortion -1998





▶ two of germaine greer -1995

▼ the maids-1987



അഡ്വക്കറ്റ് പ്രീത. കെ.കെ

# സ്ത്രീ വെപ്പാട്ടിയോ?

**സ്ത്രീസംഘടനകളുടേയും**, സ്വതന്ത്ര സ്ത്രീപ്രവർത്തകരുടേയും നിരന്തരമായ ശ്രമഫലമായി 2005-ൽ ഇന്ത്യാ ഗവൺമെന്റ് പാസ്സാക്കിയ ഒരു നിയമമമാണ് 'ഗാർഹികാതിക്രമങ്ങളിൽനിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം- 2005'. സ്ത്രീകൾ പൊതുസ്ഥലങ്ങളിൽ മാത്രമല്ല, സ്വന്തം വീട്ടകങ്ങളിൽപോലും പീഡനത്തിനും അപമാനത്തിനും ഇരയാവുന്നു എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ, അവൾക്ക് മാന്യമായും സുരക്ഷിതമായും അന്തസ്സോടെ ജീവിയ്ക്കാനുള്ള മൗലികാവകാശം ഉറപ്പിക്കുകയാണ് ഈ നിയമം സാധ്യമാക്കിയത്. ഇത് ജനാധിപത്യപരമെന്നും, പുരോഗമനപരമായ നിയമം എന്നും ഏറെ പ്രകീർത്തിക്കപ്പെട്ടു. കാരണം, 'ഭാര്യ'യ്ക്കു മാത്രമല്ല, വൈവാഹിക സ്വഭാവമുള്ള ബന്ധങ്ങളിൽ താമസിക്കുന്ന സ്ത്രീകൾക്കുപോലും പരാതിപ്പെടാം! സംരക്ഷണമോ, നഷ്ടപരിഹാരമോ, ജീവനാംശമോ ആവശ്യപ്പെടാം!

പക്ഷേ, വേലുസ്വാമി Vs പാച്ചൈയ്യമ്മാൾ എന്ന കേസ്സിന്റെ വിധിയിലൂടെ, ഇന്ത്യൻ പരമോന്നത നീതിപീഠം സഹജീവനം തിരുത്തിയിരിക്കുന്നു. 1986ൽ വേലുസ്വാമി പാച്ചൈയ്യമ്മാളെ വിവാഹം ചെയ്തു. അവളുടെ അച്ഛന്റെ വീട്ടിൽ രണ്ടോ മൂന്നോ വർഷം താമസിച്ചതിനുശേഷം അയാൾ ഉപേക്ഷിച്ചുപോയി. പക്ഷേ വല്ലപ്പോഴും വരാറുണ്ടായിരുന്നു. 2001 ൽ പാച്ചൈയ്യമ്മാൾ കോയമ്പത്തൂർ കുടുംബകോടതി മുമ്പാകെ ചെലവിനു കിട്ടാൻ വേണ്ടി കേസ്സുകൊടുത്തു.

1980-ൽ വേലുസ്വാമി ലക്ഷ്മിയെന്ന സ്ത്രീയെ വിവാഹം കഴിച്ചിട്ടുണ്ടെന്നും, അതിൽ ഒരു മകൻ എഞ്ചിനീയറിങ്ങിനു പഠിയ്ക്കുന്നു എന്നും പാച്ചൈയ്യമ്മാളെ വിവാഹം കഴിച്ചിട്ടില്ലെന്നും ഉള്ള വേലുസ്വാമിയുടെ വാദം കുടുംബകോടതിയും ഹൈക്കോടതിയും തള്ളി. വേലുസ്വാമി സുപ്രീംകോടതിയിൽ എത്തിയപ്പോഴേക്കും ഗാർഹിക പീഡനനിരോധന നിയമം പ്രാബല്യത്തിലും എത്തി. ഈ കേസിന്റെ പരിഗണനയിലാണ് ഇന്ത്യൻ പരമോന്നത നീതിപീഠം സ്ത്രീകളെ അപമാനിക്കുന്ന 'വെപ്പാട്ടി'യെന്ന വാക്കുപയോഗിച്ചത്.

ഒരു പുരുഷൻ സാമ്പത്തികമായി നിലനിർത്തുന്ന, പ്രധാനമായും ലൈംഗിക ആവശ്യത്തിന് ഉപയോഗിക്കുന്ന ഒരു വെപ്പാട്ടിയോ (keep)അല്ലെങ്കിൽ ഒരു വേലക്കാരിയെപ്പോലെയോ ആണെങ്കിൽ അത് വൈവാഹിക സ്വഭാവമുള്ള ബന്ധമായി കാണുവാൻ കഴിയില്ല. ആഴ്ചയുടെ അവസാനമോ, ഒരു രാത്രിയോ മാത്രം കഴിയുന്നതു ഗാർഹികബന്ധമായി കരുതുവാൻ കഴിയില്ല' എന്ന് വിധിയിൽ പറയുന്നു

തൊഴിൽസ്ഥലത്തു സ്ത്രീകൾ നേരിടുന്ന ലൈംഗിക പീഡനത്തിനെതിരെ, തദ്ദേശീയ നിയമത്തിന്റെ അഭാവത്തിൽ അന്താരാഷ്ട്ര ഉടമ്പടിയിൽനിന്നും, 'വിശാഖ' പോലെയുള്ള വിപുലമായ മാർഗ്ഗനിർദ്ദേശങ്ങൾ സുപ്രീംകോടതി നൽകിയിട്ടുണ്ട്. എങ്കിൽപോലും സ്ത്രീകളുടെ അന്തസ്സിനു ക്ഷതമേൽപ്പിക്കുന്ന 'വെപ്പാട്ടി' പോലെയുള്ള പദപ്രയോഗങ്ങൾ ഭരണഘടനാനുസാരികളായ കോടതികളിൽനിന്നും ഉണ്ടാകാൻ പാടില്ല. കാരണം, അന്തസ്സോടും മര്യാദയോടും സ്ത്രീകളോടു പെരുമാറണം എന്നാണ് ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്നത്. പുരുഷൻ ആരുടെയും വെപ്പാട്ടിയല്ലാത്തതുപോലെ സ്ത്രീയും ആരുടെയും 'വെപ്പാട്ടി'യല്ല.

പാച്ചൈയ്യമ്മാളെപോലെ ധാരാളം സ്ത്രീകൾ വിവാഹിതനായ പുരുഷന്റെ വഞ്ചനയ്ക്ക് ഇരയാകുന്നുണ്ട്. ഇവിടെ വൈവാഹിക സ്വഭാവമുള്ള ബന്ധം- 'സഹജീവനം' (cohabitation) ഒരുമിച്ചുള്ള താമസം(live-in relationship) എന്നിവ വ്യക്തമായി നിർവ്വചിച്ച് ഗാർഹിക പീഡന നിരോധന നിയമത്തിന്റെ 2-ാം വകുപ്പിന്റെ ഉപവകുപ്പ് ഭേദഗതി ചെയ്യുകയോ, പുതിയ നിയമനിർമ്മാണം നടത്തുകയോ ആണ് അടിയന്തിരമായി ചെയ്യേണ്ടത്. കോടതി അങ്ങനെ ആവശ്യപ്പെടുന്നുണ്ട്. പക്ഷേ, എത്രകാലം ഇനിയും അതിനായി പ്രക്ഷോഭം നടത്തേണ്ടി വരും? അതുവരെ 'വെപ്പാട്ടി' കൾക്ക് ചെലവിനു നൽകാതെ പുരുഷൻമാർക്ക് സ്വൈരമായി ജീവിയ്ക്കാം. ■

# സ്ത്രീകളുടെ പ്രത്യുൽപാദന അവകാശങ്ങൾ



**സ്ത്രീശാക്തീകരണത്തിന്റെ** പടവുകൾ കുറേയേറെ പിന്നിട്ടുകഴിഞ്ഞെങ്കിലും വ്യക്തി എന്ന നിലയിൽ സ്വയം നിർണ്ണയാവകാശമോ സ്വത്വസംരക്ഷണമോ ശരീരത്തിൻമേലും ചിന്തകളിലുമുള്ള സ്വാതന്ത്ര്യമോ സ്ത്രീക്ക് ഇന്നും ലഭിച്ചിട്ടില്ല. വിദ്യാഭ്യാസം , തൊഴിൽ, വിവാഹം, തുടങ്ങിയ മേഖലകളിൽപ്പോലും സ്ത്രീയ്ക്ക് സ്വതന്ത്രയാകാൻ കഴിഞ്ഞിട്ടില്ല. കുടുംബത്തിൽ സ്ത്രീ ഒരു അവശ്യ ഉപകരണം മാത്രമാണ്. പുരുഷന് ജീവിതപങ്കാളിയാകേണ്ട സ്ത്രീകൾ മന്ത്രിയോ, ദാസിയോ, വേശ്യയോ മാത്രമായിത്തീരുകയാണ് ചെയ്യുന്നത്. ലൈംഗികത, ഗർഭധാരണം എന്നീ പ്രക്രിയകളിൽ സ്ത്രീകളുടെ ആവശ്യമോ ആഗ്രഹമോ ഇഷ്ടമോ പരിഗണിക്കപ്പെടുന്നില്ല. സ്വന്തം ശരീരപ്രക്രിയകളിൽപ്പോലും പുരുഷാധികാരത്തിന്റെ നിയന്ത്രണങ്ങളുണ്ടാകുന്നു. പ്രത്യുല്പാദന പ്രക്രിയയിൽ തീരുമാനമെടുക്കാൻ സ്ത്രീയ്ക്ക് സ്വാതന്ത്ര്യമില്ല. തങ്ങൾക്ക് പ്രത്യുല്പാദന അവകാശവും സ്വാതന്ത്ര്യവും ഉണ്ടെന്ന് ഭൂരിപക്ഷം സ്ത്രീകളും അറിയുന്നില്ല എന്നതും ഖേദകരമാണ്. ഒരു സ്ത്രീയുടെ പ്രത്യുല്പാദന അവകാശങ്ങൾ താഴെ ചേർക്കുന്നു–:

- താല്പര്യമുള്ളപ്പോൾ ഗർഭം ധരിക്കുക.
- തങ്ങളുടെ ഉർവ്വരതയെ സുരക്ഷിതമായും ഫലപ്രദമായും നിയന്ത്രിക്കുക.
- താല്പര്യമില്ലാത്ത ഗർഭധാരണം അവസാനിപ്പിക്കുക.
- താല്പര്യമുള്ള ഗർഭധാരണം പൂർത്തിയാക്കുക.
- ആരോഗ്യമുള്ള കുട്ടികളെ പ്രസവിച്ചു വളർത്തുക
- പ്രത്യുല്പാദന, ലൈംഗികരോഗങ്ങളിൽനിന്നുള്ള മോചനം.

## ആദരാഞ്ജലി



20112010 ന് കോഴിക്കോട് അന്തരിച്ച നാടക-സിനിമാ നടിശാന്താദേവിക്ക് സംഘടിത മാസികയുടെ ആദരാഞ്ജലി.

# ഇവൾ...നബീസ സെയ്ദ്

ദിൽഷാദ് വളാശ്ശേരി

കോഴിക്കോട് മീഞ്ചന്ത സ്വദേശി.

രാമകൃഷ്ണമിഷൻ ഹൈസ്ക്കൂൾ, കോഴിക്കോട് ഗവ. ആർട്സ് & സയൻസ് കോളേജ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ വിദ്യാഭ്യാസം.

1977'ൽ സംസ്ഥാനത്തെ 16ാം റാങ്കോടെ എസ്.എസ്.എൽ.സി.

1992ൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽനിന്നും വിദൂരവിദ്യാഭ്യാസം വഴി സോഷ്യോളജിയിൽ എം.എ. ബിരുദം.

2009-ൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽനിന്നും ഒന്നാം റാങ്കോടെ വിമൻസ് സ്റ്റഡീസിൽ എം.എ. ബിരുദം.

കോഴിക്കോട് കോർപ്പറേഷനിൽ, അരീക്കാട് 41-ാം ഡിവിഷനെ പ്രതിനി ധീകരിക്കുന്ന കൗൺസിലർ.

ഭർത്താവ്:കെ. സെയ്തലവി (ബിസിനസ്സ്)
മക്കൾ: നിഷാൻ (ആർകിടെക്റ്റ്. ഡി എർത്ത് പട്ടേരി, കോഴിക്കോട്.,
മകൾ-സൻജുന(എം.ഫിൽ വിദ്യാർത്ഥിനി, ജെ.എൻ.യു. ന്യൂഡെൽഹി)
മരുമകൾ: അഡ്വ. ലിലിയ



വരച്ചിട്ട അതിരുകളിൽ നിന്നുള്ള കുതറിയോട്ടമാണ് നബീസ സെയ്ദിന് ജീവിതം. പ്രീഡിഗ്രിക്കു പഠിക്കുമ്പോൾ 17ാം വയസ്സിലെ വിവാഹവും തുടർന്ന് മക്കളുടെ ജനനവും വിരാമം കുറിക്കുമായിരുന്ന പഠനം പിന്നീട് 1992 -ൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ വിദൂരവിദ്യാഭ്യാസ വിഭാഗം വഴി സോഷ്യോളജിയിൽ നേടിയ എം.എയിലൂടെ വീണ്ടും സജീവമായി. നാച്ചുറോപ്പതിയും യോഗയും ഗാർഡനിങ്ങും ടൈലറിങ്ങും ഗിറ്റാർ പഠനവുമായി അതെപ്പോഴും ചലനാത്മകമായിത്തന്നെ നിലകൊണ്ടു. വ്യക്തമായ ഇടതുപക്ഷാഭിമുഖ്യവും പു.ക.സ തുടങ്ങിയ സംഘടനകളുമൊത്തുള്ള സഹകരണവും പ്രതിബദ്ധതയും പൂർണ്ണമായ രാഷ്ട്രീയവഴികളിലാണ് പിന്നീട് അവരെ എത്തിച്ചത്.


45ാം വയസ്സിൽ എം.എ വിമൻസ് സ്റ്റഡീസ് വിദ്യാർത്ഥിയായി കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്യാമ്പസിലെത്തിയത് തന്റെ ജീവിതപരിപ്രേക്ഷ്യം തിരുത്തിയെന്ന് നബീസ സെയ്ദ് അഭിപ്രായപ്പെടുന്നു. ഒരു റഗുലർ വിദ്യാർത്ഥിയെന്ന നിലയിൽ ക്യാമ്പസിനെയും, തിരിച്ചും എങ്ങനെ സ്വീകരിക്കപ്പെടുമെന്ന് ആശങ്കകൾക്കെല്ലാമിടയിലും, കുട്ടിത്തത്തിന്റെ 'വഴക്കങ്ങൾ' ക്കു പുറത്ത് സൗഹൃദത്തിന്റെയും കൂട്ടായ്മയുടെയും ആരവങ്ങളത്രയുമായാണ് അവർ ക്യാമ്പസിനോട് സംവദിച്ചത്. സ്ത്രീപക്ഷ ചിന്താപദ്ധതിയും, അധികാരവികേന്ദ്രീകരണവും. ചരിത്രത്തിന്റെയും നിയമ

ത്തിന്റെയും സ്ത്രീപക്ഷവായനയും
ഉൾപ്പെട്ട പാഠ്യപദ്ധതി കാഴ്ച
കളൊന്നും അത്ര സാധാരണമല്ല
എന്ന തിരിച്ചറിവിലേക്ക് തന്നെ
എത്തിച്ചതിനെക്കുറിച്ച്, തന്റെ പ്രിയ
പ്പെട്ട അദ്ധ്യാപകരെക്കുറിച്ച് അവർ
അഭിമാനപൂർവ്വം സ്മരിക്കുന്നു.
നബീസ സെയ്ദിന്റെ വാക്കുകളിൽ;
മാറിയ ഈ ജീവിത പരിപ്രേക്ഷ്യ
മാണ് തെരഞ്ഞെടുപ്പിൽ മത്സരി
ക്കുക എന്നത് തികഞ്ഞ ഉത്തരവാ
ദിത്തമായി കാണാൻതന്നെ പ്രേരി
പ്പിച്ചതും.

എല്ലാ അർത്ഥത്തിലും അരികു
കളിൽ മാറ്റിനിർത്തപ്പെട്ടിരുന്ന ഒരു
വിഭാഗം മനുഷ്യജീവികൾ-സ്ത്രീ
കൾ ഭാഗധേയ നിർണ്ണയങ്ങളിൽ
ഇനി ഒഴിച്ചുനിർത്താനാവാത്തവിധം
പ്രധാനമാകുന്നത് അതിന്റെ പ്രതി
നിധാനമായിത്തന്നെ നേർക്കുനേർ
നിലയുറപ്പിച്ച്, ശക്തമായ ഉൾക്കാ
ഴ്ചയോടെ, നബീസ സെയ്ദ് തന്റെ
പ്രതീക്ഷകളെയും സ്വപ്നങ്ങളേയും
രാഷ്ട്രീയ തീരുമാനങ്ങളിലേക്ക്
പരിഭാഷപ്പെടുത്തുന്നു.

തെരഞ്ഞെടുപ്പു പ്രചാരണത്തി
നിടയിലാണ് മനുഷ്യജീവിത
ത്തിന്റെ തീക്ഷ്ണസന്ദർഭങ്ങളുമായി
മുഖാമുഖം നിൽക്കേണ്ടി വന്നത്.
കുടിവെള്ളക്ഷാമവും, പാരിസ്ഥിതി
ക-മലിനീകരണ പ്രശ്നങ്ങളും
ആരോഗ്യപ്രശ്നങ്ങളും ലിംഗവിവേ
ചനപരമായ അതിക്രമങ്ങളും പത്ര
വാർത്തകൾ പോലെ അത്ര ഋജുവാ
യിരുന്നില്ല. ഒന്നിൽനിന്ന്
മറ്റൊന്നിലേക്ക് വളരുന്ന സാമൂ
ഹിക പരിസ്ഥിതിയെ ജനങ്ങളുടെ
കൂട്ടായ്മയോടൊപ്പം നേരിടുന്നതി
നെക്കുറിച്ച് നബീസ സെയ്ദിന്
വ്യക്തമായ ധാരണകളുണ്ട്. ഞെളി
യൻപറമ്പ് മേയർ സന്ദർശിച്ചതും
മാലിന്യസംസ്ക്കരണത്തിന് അടിയ
ന്തിരമായി മോണിറ്ററിംഗ് കമ്മി
റ്റിയെ നിയോഗിച്ചതും ശുഭസൂചന
കളായി അവർ വിലയിരുത്തുന്നു.

മാലിന്യസംസ്ക്കരണം കുടും
ബശ്രീ പ്രവർത്തകരുടെ മാത്രം
ജോലിയായി കാണാതെ അത്യാ
വശ്യ സൗകര്യങ്ങളുള്ളവർ ഗൃഹമാ
ലിന്യസംസ്ക്കരണം വീടുക
ളിൽത്തന്നെ ചെയ്യാൻ ശ്രമിക്കണം.
കൂടാതെ, ഭക്ഷ്യസുരക്ഷയിലേക്കു
ള്ള എളിയ കാൽവെപ്പായി അടുക്ക
ളത്തോട്ട നിർമ്മാണ ബോധവൽക്ക
രണം, പ്ലാസ്റ്റിക് മാലിന്യ നിർമ്മാ
ർജ്ജനം, സ്ത്രീകൾക്കുള്ള തുടർവി
ദ്യാഭ്യാസ പരിപാടി, കുടിവെള്ള
ലഭ്യത ഉറപ്പുവരുത്തൽ, മഴക്കാ



വിനിമയം ചെയ്യപ്പെടേണ്ട
മനുഷ്യചിന്തകൾ
സ്ത്രീയിൽമാത്രം ഒരുതരത്തി
ലും പ്രേഷണം ചെയ്യപ്പെടാതെ
ഖനീഭവിക്കപ്പെടുന്നുവെന്ന
ഉള്ളുലയ്ക്കുന്ന ചിന്ത, സ്ത്രീ
കൂട്ടായ്മയായി ഒരു വേദി
എന്ന ആശയത്തിലേക്ക്
ഇവരെ പ്രേരിപ്പിക്കുന്നു

ലത്തെ വെള്ളക്കെട്ടു നിമിത്തം ഉപ
യോഗശൂന്യമാകുന്ന റോഡുകൾ
സഞ്ചാരയോഗ്യമാക്കൽ, അത്ര
യൊന്നും ശ്രദ്ധിക്കപ്പെടാതെ
പോകുന്ന ബുദ്ധിമാന്ദ്യമുള്ളവരു
ടെയും മാനസികരോഗികളുടെയും
ചികിത്സ-എന്നിവയെല്ലാം പെട്ടെന്ന്
ശ്രദ്ധ ലഭിക്കേണ്ട പ്രശ്നങ്ങളായി
ഈ കൗൺസിലർ വിലയിരുത്തു
ന്നു. സ്ത്രീപക്ഷ വീക്ഷണത്തിലധി
ഷ്ഠിതമായ വികസന കാഴ്ചപ്പാടും
പങ്കാളിത്തവും ആ ലക്ഷ്യത്തിലേ
ക്കുള്ള മാർഗ്ഗമായി തിരിച്ചറിയു
കയും ചെയ്യുന്നു.

മാറിയ കാഴ്ചപ്പാടുകളിൽ ലിംഗ
വിവേചനം വിചാരണ ചെയ്യപ്പെ
ടുന്ന ഇക്കാലം, ജാഗ്രതാസമിതിക
ളുടെ പ്രാധാന്യവും സ്ത്രീകൾ
അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ച്
ബോധ്യപ്പെടേണ്ടതിന്റെ ആവശ്യക
തയും എന്നത്തെക്കാൾ പ്രധാനമാ
കുമ്പോഴും ഇത്തരം വിവരങ്ങ
ളൊന്നും വിനിമയം ചെയ്യപ്പെടുന്നി
ല്ലെന്ന് അവർ വേദനയോടെ തിരിച്ച
റിയുന്നു. തെരഞ്ഞെടുപ്പ് പ്രചാരണ
ത്തിൽ സജീവമായി പങ്കെടുത്ത
സ്ത്രീസുഹൃത്തുക്കളെ, പൂർണ്ണ
മായ പിന്തുണ നൽകിയ സ്നേഹി
തരെ, വാതിൽ തുറന്നു മറക്കാത്ത
സ്നേഹത്തിലേക്കു ക്ഷണിച്ച് പഴയ
അദ്ധ്യാപകരെ, എല്ലാ സഹകര
ണവും നൽകിയ കുടുംബാംഗങ്ങ
ളെ, മറന്നു പോയെന്നു കരുതിയി
രിക്കെ ഒരു കോളിംഗ്ബെല്ലിനപ്പുറം
തെളിഞ്ഞ പഴയ കൂട്ടുകാരിയെ,
ഒപ്പം ഒരുപാട് പ്രതീക്ഷയർപ്പിച്ച്
തന്നോടൊപ്പം നടന്ന പാർട്ടിയെ,
പ്രവർത്തകരെ, സഹജീവികളിലു
ള്ള തന്റെ വിശ്വാസം ബലപ്പെടു
ത്തിയ മുൻ എം.എൽ.എ സഖാവ്.
വി.കെ.സിയെ, എല്ലാം തന്റെ വിജ
യത്തോടൊപ്പം സ്മരിക്കുന്ന ഈ
സ്ത്രീ, എന്നാൽ തന്റെ ഏറ്റവും
ക്രിയാത്മകമായ തെരഞ്ഞെടുപ്പുപ്ര
വർത്തനമായി മറ്റൊന്നിനെകൂടി
വിലയിരുത്തുന്നു. 'കാര്യമാത്രപ്രസ
ക്തമായ' സഞ്ചാരങ്ങൾക്കപ്പുറം,
പ്രചാരണത്തിന്റെ അവസാനദിനം
സ്ത്രീകൾ മാത്രമായി നടത്തിയ
ഒരു പ്രകടനത്തെ, ചലനങ്ങളിൽ
വിലങ്ങുവീണ ഒരു ജനതയുടെ
ആഹ്ലാദഭേരിയും സാക്ഷാത്ക്കാര
വുമായി അതിനെ എണ്ണാനാണ്
നബീസയുടെ തീരുമാനം. വിനി
മയം ചെയ്യപ്പെടേണ്ട മനുഷ്യചിന്ത
കൾ സ്ത്രീയിൽമാത്രം ഒരുതര
ത്തിലും പ്രേഷണം ചെയ്യപ്പെടാതെ
ഖനീഭവിക്കപ്പെടുന്നുവെന്ന ഉള്ളുല
യ്ക്കുകയും ഉരുക്കുകയും ചെയ്യുന്ന
ഈ ചിന്ത, സ്ത്രീ കൂട്ടായ്മയ്ക്കാ
യി ഒരു വേദി എന്ന വിപ്ലവകരമായ
ആശയത്തിലേക്ക് ഇവരെ പ്രേരിപ്പി
ക്കുന്നു; തന്റെ ഉയർന്ന വിദ്യാഭ്യാസ
യോഗ്യതയ്ക്കു ലഭിച്ച സ്വീകാര്യത
സ്ത്രീകൾക്കുവേണ്ടിയുള്ള
തുടർവിദ്യാഭ്യാസപരിപാടി എന്ന
പ്രതീക്ഷയിലേക്കും നീതിയിലധി
ഷ്ഠിതമായതും, സ്ത്രീ സൗഹാർദ്ദ
പരവുമായ ഭരണവും വികസനസ
മീപനവും സ്ത്രീ ജീവിതത്തെ മാറ്റി
മറിക്കുമെന്ന് നബീസ ആത്മാർത്ഥ
മായും പ്രതീക്ഷിക്കുന്നു. ഒരു ജന
വിഭാഗത്തിന്റെ മുഴുവൻ പ്രതീക്ഷക
ളുടെയും പ്രവർത്തനങ്ങളുടെയും
അവകാശങ്ങളുടെയും തമസ്ക്ക
രണം ഇനി എളുപ്പമാവില്ല. ചെറു
ത്തുനിൽപ്പുകൾ പ്രതിരോധം
തീർത്തുകൊണ്ടേയിരിക്കും.
സ്ത്രീയെന്ന് അതിരിട്ട, തീരുമാനി
ക്കപ്പെട്ട വ്യവസ്ഥയിൽനിന്ന് ഈ
വേഗതകൾ ഇനി ചലനനിയമങ്ങൾ
തെറ്റിക്കും. മനുഷ്യജീവിതം സ്വാത
ന്ത്ര്യപൂർണ്ണമാകുന്നത് എല്ലാ
സാധ്യതയോടെയും സ്വപ്നം
കാണും-ഏറ്റവും വലിയ
രാഷ്ട്രീയ പ്രവർത്തനം അവിടെ
ആരംഭിക്കുന്നുവെന്ന് തന്റെ ജീവിത
ത്താൽ നബീസാ സെയ്ദ് സാക്ഷ്യ
മാവുന്നു.■

# ഇനിയൊരു സ്ത്രീമാസിക ആവശ്യമുണ്ടോ?

**സ്ത്രീ**വിരുദ്ധകാഴ്ചകളും കാഴ്ചപ്പാടുകളും ആസ്വാദ്യകരമാകുന്ന പ്രസിദ്ധീകരണ രംഗത്ത് സ്ത്രീപക്ഷകാഴ്ചപ്പാടുള്ള സ്ത്രീരചനകളുടേതായ പുതുലോകത്തെ അന്വേഷി പ്രസിദ്ധീകരിക്കുന്ന സംഘടിത വിളമ്പരം ചെയ്യുന്നു. ഈ മാസികയ്ക്കു വേണ്ടിയുള്ള അഭിപ്രായ സർവ്വേയിൽ ഉദ്യോഗസ്ഥരും വീട്ടമ്മമാരും വിദ്യാർത്ഥികളുമുൾപ്പെട്ട നിരവധി സ്ത്രീകൾ പങ്കെടുത്തു. ഇന്നത്തെ സാമൂഹ്യ- രാഷ്ട്രീയ സാഹചര്യങ്ങളിൽ ഒരു സ്ത്രീമാസികയുടെ പ്രസക്തിയും അതിനെക്കുറിച്ചുള്ള പ്രതീക്ഷകളുമാണ് അവർ പങ്കുവെച്ചത്. മുഖ്യധാരാമാധ്യമങ്ങളിൽനിന്നു വിഭിന്നമായി തനതായ കാഴ്ചപ്പാടുള്ള ഒരു സ്ത്രീമാസിക യഥാർത്ഥ സ്ത്രീയെ പ്രതിനിധാനം ചെയ്യുന്നതാവണമെന്നും സ്ത്രീയ്ക്ക് സ്വത്വാവിഷ്ക്കരണത്തിനുള്ള ഇടമായി തീരണമെന്നുമാണ് സർവ്വെയിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടത്. പ്രധാനപ്പെട്ട ചില അഭിപ്രായങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**ജയലക്ഷ്മി മേനോൻ**
കല്ല്യാണി വിലാസ്
വടുവൻചാൽ പി.ഒ
ആണ്ടൂർ, വയനാട്
വയസ്സ് : 21
വിദ്യാർത്ഥിനി

സ്ത്രീകളുടെ പ്രശ്നങ്ങളും അതിനെ നേരിടാനുള്ള മാർഗ്ഗങ്ങളും ഉൾക്കൊള്ളുന്നതാകണം. സ്ത്രീപ്രശ്നങ്ങൾ സമൂഹത്തെ ബോധ്യപ്പെടുത്താനുള്ള ഉപാധി എന്ന നിലയിൽ സ്ത്രീമാസിക പ്രസക്തമാണെന്നതിൽ സംശയമില്ല. സ്ത്രീജീവിതാനുഭവങ്ങൾ, പ്രധാനപ്പെട്ട സ്ത്രീകളെ പരിചയപ്പെടുത്തൽ എന്നിവയും സ്ത്രീമാസികയെക്കുറിച്ചുള്ള പ്രതീക്ഷകളാണ്.

**സന്ധ്യ.എം**
കള്ളംകണ്ടി ഹൗസ്
ചെനക്കലങ്ങാടി പി.ഒ
തേഞ്ഞിപ്പാലം
വയസ്സ് : 33

ഇന്നത്തെ സാഹചര്യത്തിൽ സ്ത്രീ മാഗസികയ്ക്ക് പ്രസക്തിയുണ്ട്. സ്ത്രീകളുടെ സാമ്പത്തിക സുരക്ഷിതത്വവുമായി ബന്ധപ്പെട്ട് തൊഴിൽപരമായ വിവരങ്ങൾ ഈ മാസികയിൽ നിന്നും പ്രതീക്ഷിക്കുന്നു.

**നിയതി ആർ.കൃഷ്ണ**
തുരുത്തിമേക്കേതിൽ
കുതിരച്ചിറ, പുനലൂർ പി.ഒ,
കൊല്ലം
വയസ്സ് : 21
വിദ്യാർത്ഥിനി

പരമ്പരാഗതമായി സ്ത്രീയുമായി ബന്ധപ്പെടുത്തുന്ന പാചകം, സൗന്ദര്യസംരക്ഷണം, വേഷവിധാനം മുതലായവയെ മാത്രം പ്രധാനമായി കാണാതെ അവളുടെ ചിന്താശേഷിയ്ക്കും, കർമ്മനിരതയ്ക്കും, വ്യക്തിത്വത്തിനും പ്രാധാന്യം നല്കുന്ന രീതിയിൽ സ്ത്രീസ്വത്വത്തെ എടുത്തുകാട്ടാൻ ഒരു സ്ത്രീമാസികയ്ക്കു കഴിയണം. എല്ലാ വിഭാഗക്കാരെയും ആകർഷിക്കുന്ന വിധത്തിൽ സരസമായ ഭാഷയും ലളിതമായ അവതരണ ശൈലിയും ഉണ്ടായിരിക്കണം.

ഫാത്തിമ.ആർ.കെ
ദിൽഷാദ് വളാശ്ശേരി

ബിന്ദു.കെ
അമ്പാട്ട് ഹൗസ്,
വിളയിൽ, കുഴിമണ്ണ, മലപ്പുറം
വയസ്സ് : 33

സമൂഹത്തിൽ സ്ത്രീപദവി ഉയർത്തുന്നതിനായി പരിശ്രമിക്കുകയും സ്ത്രീകൾക്കെതിരായ ചൂഷണങ്ങളിൽ ശബ്ദമുയർത്തുകയും ചെയ്യുന്ന മാസികയാണ് പ്രതീക്ഷിക്കുന്നത്.

ദിവ്യ.സി.പി
പൂതംകോട്ട്, നടുവണ്ണൂർ
കോഴിക്കോട്
വയസ്സ് : 25
പ്രൊഫഷണൽ അസിസ്റ്റന്റ്

സ്ത്രീമാസികയുടെ പ്രസക്തിയെക്കുറിച്ച് പ്രത്യേകിച്ച് ഒരഭിപ്രായവുമില്ല. സ്ത്രീമാസികയിൽ നിന്ന് ഒന്നും പ്രതീക്ഷിക്കുന്നില്ല.

വിനീത എൻ
വാകയാട് പി.ഒ
നടുവണ്ണൂർ, കോഴിക്കോട്
വയസ്സ് : 41
അദ്ധ്യാപിക

മുഖ്യധാരാ മാധ്യമങ്ങളൊന്നും സ്ത്രീകളുടെ വിഷയങ്ങൾ വേണ്ട രീതിയിൽ കൈകാര്യംചെയ്യാത്ത സാഹചര്യത്തിൽ സ്ത്രീമാസിക വളരെയധികം പ്രസ്ക്തമാണ്. സ്ത്രീകളുടെ പ്രശ്നങ്ങളും നേട്ടങ്ങളും കടമകളും അടയാളപ്പെടുത്തുകയും സ്ത്രീശാക്തീകരണത്തിനായി പരിശ്രമിക്കുകയും ചെയ്യുന്നതാകണം സ്ത്രീകൾക്കുവേണ്ടിയുള്ള മാസിക. സ്ത്രീയുടെ സ്വത്വാവിഷ്ക്കരണത്തിനായുള്ള ഇടമായിക്കൂടി അത് മാറണം.

സുജയ
അസ്സി.ലൈബ്രേറിയൻ
കാലിക്കറ്റ് യൂണിവേഴ്സിറ്റി
മലപ്പുറം
വയസ്സ് : 47

സ്ത്രീമാസിക ഇന്നത്തെ സാഹചര്യത്തിൽ അത്യാവശ്യമാണ്. പരസ്യങ്ങൾക്കും ഫാഷനും മുൻതൂക്കം നല്കാതെ സ്ത്രീകളുടെ പ്രശ്നങ്ങൾ കൈകാര്യംചെയ്യുന്നതാവണം അത്. സ്ത്രീകളുടെ സാമ്പത്തിക ഉന്നമനത്തിനുവേണ്ടി ഏതെങ്കിലും തൊഴിൽപരിശീലനം , ജോലിയെക്കുറിച്ചുള്ള വിവരങ്ങൾ തുടങ്ങിയവ പ്രതീക്ഷിക്കുന്നു.

നീതു കെ.പി
വയസ്സ് : 20
വിദ്യാർത്ഥിനി

ജനപ്രിയ മാഗസിനുകളായ വനിത, ഗൃഹലക്ഷ്മി മുതലായവയാണ് സ്ത്രീകൾ കൂടുതലായി വായിക്കുന്നത്. അതിനാൽ നിലവാരമുള്ള സ്ത്രീമാസികയ്ക്ക് ഏറെയൊന്നും ചെയ്യാനില്ല. എങ്കിലും 'നിലവാരമുള്ള' സ്ത്രീമാസിക യഥാർത്ഥ സ്ത്രീയെ പ്രതിനിധാനം ചെയ്യാവുന്ന ഒരിടമായി കണക്കാക്കുന്നു.

പേര് : ചന്ദ്രമതി എൻ.കെ
കരണ്യനിവാസ്, പള്ളിക്കുന്ന,
മലപ്പുറം
വയസ്സ് : 40

സ്ത്രീകൾക്കാവശ്യമായ എല്ലാ കാര്യങ്ങളും സ്ത്രീമാസികയിലൂടെ അറിയാനാവുമെന്ന് പ്രതീക്ഷിക്കുന്നു. ഒപ്പം അറിവുവർദ്ധിക്കാനും സഹായകമായിരിക്കുമെന്നും വിശ്വസിക്കുന്നു.

സോണിയ എം.എം
വാകയാട്, തൃക്കുറ്റിശ്ശേരി
വയസ്സ് : 20
വിദ്യാർത്ഥിനി

സാധാരണ സ്ത്രീ പ്രസിദ്ധീകരണങ്ങളിൽനിന്നും മാറി വിഷയങ്ങളെ ആഴത്തിൽ സമീപിക്കുന്ന മാഗസിന് ഇന്ന് പ്രസക്തിയുണ്ട്. എന്നാൽ, മുഖ്യധാരാ മാസികകൾ പുരുഷമാസികകളാണ് എന്ന് ദ്യോതിപ്പിക്കുന്ന സ്ത്രീമാസിക എന്ന പേര് ആവശ്യമില്ല. സ്ത്രീ സ്വത്വം പ്രദർശിപ്പിക്കുന്ന, സ്ത്രീപ്രശ്നങ്ങളിൽ ഇടപെടുന്ന അവരുടെ നേട്ടങ്ങളും സർഗ്ഗാത്മകതയും പ്രകടിപ്പിക്കാനുള്ള ഒരിടമായിരിക്കണമത്. അത് സ്ത്രീശാക്തീകരണത്തിന് നയിക്കുന്നതായിരിക്കണം.

അമന്റ സെബാസ്റ്റ്യൻ
കായക്കുന്ന്, നെല്ലിയമ്പം, വയനാട്
വയസ്സ് : 20
വിദ്യാർത്ഥിനി

സ്ത്രീപ്രശ്നങ്ങൾ തുറന്നുകാണിക്കുന്നതിലും അവളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനും സ്ത്രീമാസികയ്ക്ക് പ്രധാന പങ്കുവഹിക്കാനാകും.

ശാന്തകുമാരി സി.സി
അയ്യംപറമ്പിൽ
ലെനിൻ നഗർ
പൂങ്കുന്നം, തൃശ്ശൂർ
വയസ്സ് : 60
റിട്ട.ബാങ്ക് ഓഫീസർ

സ്ത്രീമാസിക സ്ത്രീപ്രദവി ഉയർത്താൻ പ്രാപ്തമായിരിക്കണം. സ്ത്രീകൾ നേരിട്ടിട്ടുള്ള പ്രശ്നങ്ങൾ, അവരുടെ നേട്ടങ്ങളും കടമകളും അവകാശങ്ങളും ഉൾപ്പെടുന്നതായിരിക്കണം.

## സൃഷ്ടികൾ ക്ഷണിക്കുന്നു

സ്ത്രീകളിൽ നിന്ന്, മുൻപ് പ്രസിദ്ധീകരിക്കാത്തതും മൗലികവുമായ രചനകൾ (കഥ, കവിത, ലേഖനം, ചിത്രങ്ങൾ) ക്ഷണിക്കുന്നു.

എഡിറ്റർ, സംഘടിത മാസിക, അന്വേഷി വിമെൻസ് കൗൺസലിംഗ് സെന്റർ
കോട്ടൂളി, കുതിരവട്ടം പി.ഒ, കോഴിക്കോട്. ഫോൺ: 0495 2744370 ,
sanghadithacalicut@gmail.com


വരിസംഖ്യാ നിരക്ക്

| | |
|---|---|
| ഒറ്റപ്രതി - | 15 രൂപ |
| വാർഷിക വരിസംഖ്യ- | 150 രൂപ |
| വിദേശത്തേക്ക് ഒറ്റപ്രതി | -50 രൂപ |
| വാർഷിക വരിസംഖ്യ | -500 രൂപ |



# എൽസമ്മ എന്ന ആൺകുട്ടി

ഗീത



## (ആൺ)അധികാരം

നിർമ്മിച്ചെടുക്കുന്ന ഒരു സമൂഹം, രൂപികരിക്കുന്ന ഒരു സമൂഹം സ്ത്രീലൈംഗികതയെ പിടിച്ചടക്കുന്നതിനും നിർവ്വീര്യമാക്കി നിശബ്ദമാക്കുന്നതിലുമാണ് അടിസ്ഥാനപ്പെടുന്നത്. സാംസ്കാരിക-രാഷ്ട്രീയ നിർമ്മിതികളിലൂടെയാണ് ഈ പിടിച്ചടക്കലുകൾ നടത്തപ്പെടുന്നത്. സിനിമ അത്തരമൊരു നിർമ്മിതിയാണ്. തിരശ്ശീലയിലെ സ്ത്രീയും സ്ത്രീ വ്യക്തിത്വവും തമ്മിലുള്ള പാരസ്പര്യമില്ലായ്മയിൽ നിന്നും ഉടലെടുക്കുന്ന സംഘർഷങ്ങൾ പക്ഷെ ഈ ആണത്തരങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിയുന്നതിലുമപ്പുറമാണ്. ഇല്ലായ്മയിലൂടെയാണ്, ശൂന്യതയിലൂടെയാണ് മലയാള സിനിമയിൽ സ്ത്രീ അടയാള(രഹിത)പ്പെടുന്നത്. സ്ത്രീയുടെ ഈ അസാന്നിദ്ധ്യ സാന്നിദ്ധ്യത്തെക്കുറിച്ച് Penis envy/womb envy എന്നീ സങ്കല്പനങ്ങളിലൂടെ സിനിമയുടെ രാഷ്ട്രീയത്തെ വിശകലനം ചെയ്യാൻ പാശ്ചാത്യ സൈദ്ധാന്തികർ ശ്രമിച്ചിട്ടുണ്ട്. യോനിയുടെ സ്വതന്ത്രതാ പ്രഖ്യാപനങ്ങളെ എതിരിടുന്നതിൽ പുരുഷൻ പുലർത്തുന്ന ഭയം പുരുഷനെ ഷണ്ഡനാക്കുകയും ഈ ഷണ്ഡത്വത്തെ മറയ്ക്കുന്നതിനെ മറികടക്കാമെന്ന വ്യാമോഹം അവനെ അക്രമണോത്സുകനാക്കുകയും ഇത് ആണത്തരമാണെന്ന് കരുതുകയും ചെയ്യുന്നു.

'സ്ത്രീപക്ഷ സിനിമ'കൾ എന്ന് പുരുഷൻ ഘോഷിക്കുന്ന സിനിമകൾ പുരുഷന്റെ കാഴ്ചയിലെ സ്ത്രീ മാത്രമായി ചുരുങ്ങി പോകുന്നത് അതുകൊണ്ടാണ്. കുടുംബം എന്ന ഘടകത്തിന്റെ പുരുഷോൻമുഖത നിലനിർത്തപ്പെടുമ്പോൾ അതിനു താങ്ങാവേണ്ട ഉത്തമ കുടുംബിനീ മാതൃകകളെ തന്നെയാണ് ഈ സിനിമകളും മുന്നോട്ടുവയ്ക്കുന്നത്. തിരക്കഥ, വെറുതെ ഒരു ഭാര്യ, ഭാഗ്യദേവത, കടാക്ഷം, കഥ തുടരുന്നു, മമ്മി & മി, എൽസമ്മ എന്ന ആൺകുട്ടി തുടങ്ങി സമീപകാലത്തിറങ്ങിയ സിനിമകളിൽ എല്ലാം സ്ത്രീകൾ ഇത്തരമൊരു ഘടനയെ പിൻപറ്റുന്നവരും ആ ചട്ടക്കൂടിനുള്ളിൽ മെരുക്കപ്പെടുന്നവരുമാണ്. അസ്തിത്വസംബന്ധമായ ഉതറലുകൾ നടത്തുന്ന സ്ത്രീയെ എങ്ങിനെ രാകി, ചെത്തി പരുവപ്പെടുത്താം എന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ആണ്

യൂസഫലി കേച്ചേരിയുടെ 'നീലത്താമര'യിൽ കീഴ്ജാതിക്കാരിയായ പെൺകുട്ടി (വേലക്കാരി) നായകന് മാത്രം ലൈംഗിക വസ്തുവായപ്പോൾ ലാൽ ജോസിന്റെ 'നീലത്താമര' യിൽ സംവിധായകനും പ്രേക്ഷകനും ഒരു പോലെ പെൺകുട്ടി ലൈംഗിക വസ്തു ആക്കപ്പെടുന്നുണ്ട്. എന്നാൽ സിനിമയിൽ നായകൻ നിത്യകാമുകനായി ഉയർത്തപ്പെടുന്നു.

ഈ സിനിമകൾ. (കുടുംബഘടനയെ എതിർക്കാനുള്ള ത്വര ഓരോ പെൺകുട്ടിയിലും അന്തർലീനമാണെന്ന തിരിച്ചറിവ് അത് മറികടക്കാനുള്ള മാർഗ്ഗങ്ങളെ കുറിച്ച് ചിന്തിക്കാൻ പുരുഷനെ പ്രേരിപ്പിയ്ക്കുന്നുണ്ട് എന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് മമ്മി & മി എന്ന ചലച്ചിത്രം).

കുടുംബത്തിനുവേണ്ടി അദ്ധ്വാനിക്കുന്ന പെൺകുട്ടിയാണ് എൽസമ്മ എന്ന 'ആൺകുട്ടി'. എൽസമ്മയെപ്പോലെ കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് ജീവിയ്ക്കുന്ന അനേകം 'പെൺകുട്ടി'കൾ, നിലനിൽക്കുന്ന ഒരു സമൂഹത്തിലെ അധികാര സമവാക്യങ്ങളിൽ വരാൻ ഇടയുള്ള മാറ്റത്തെ അട്ടിമറിയ്ക്കുകയോ മറികടക്കുകയോ ചെയ്യേണ്ടത് എങ്ങിനെയെന്ന് പുരുഷനുള്ള ചൂണ്ടുപലകയാണ് "എൽസമ്മ എന്ന ആൺകുട്ടി".

എൽസമ്മയെ 'ആൺകുട്ടി' യാക്കുന്നതിലൂടെ കുടുംബത്തിന്റെ കർത്തൃത്വം പുരുഷന് തന്നെ നൽകുന്നതോടൊപ്പം ആൺവത്കരിക്കപ്പെടുന്ന പെൺകുട്ടിയും, അവളുടെ 'തണലി'ലുള്ള കുടുംബവും എവിടെയൊക്കെയാണ് അതിരുകൾ രൂപപ്പെടുത്തേണ്ടതെന്നും നിർവ്വചിക്കപ്പെടുന്നു.

സാമ്പ്രദായിക ലിംഗവിഭജനത്തിന്റെ അതിർത്തികൾ സംബന്ധിച്ച വ്യാകുലതകളാണ് ലാൽ ജോസ് സിനിമകൾ. 'ചാന്തുപൊട്ടിൽ' "രാധാകൃഷ്ണൻ" ചുണയുള്ള 'ആൺകുട്ടി' തന്നെ" എന്നു പ്രഖ്യാപിച്ച ലാൽ ജോസ് എൽസമ്മ ഒരു പെൺകുട്ടി മാത്രമാണെന്ന് അടിവരയിടുന്നു. ലിംഗഭേദമില്ലായ്മയോ അലിംഗതയെ ആണധികാരങ്ങൾക്ക് ഏൽപ്പിക്കുന്ന തകർച്ചകളെ മറികടക്കുകയോ എന്നതാണ് വീണ്ടും വീണ്ടും ഉള്ള ഈ ഓർമ്മപ്പെടുത്തലുകളുടെ ലക്ഷ്യം. പഠിക്കാൻ മിടുക്കിയെങ്കിലും കുടുംബഭാരം ചുമലിലേറ്റാൻ പഠിപ്പുനിർത്തിയ എൽസമ്മ തരളതകൾ മൂടിവെയ്ക്കുകയോ ഓർമ്മത്തെറ്റായി മാത്രം സൂക്ഷിക്കുകയോ ചെയ്യുന്ന ഒരു മേലേടത്ത് രാഘവൻനായർ മാത്രമാണ് (വാത്സല്യം). അയൽപക്കത്തെ വീട്ടിൽ 'തിളച്ചുമറിയുന്ന നഗരത്തിലെ ചെറുപ്പക്കാർ വന്നതിൽ പിന്നെ മനസ്സു വിട്ടുറങ്ങാൻ കഴിയാത്ത എൽസമ്മ രുചികരമായ ഭക്ഷണസാധനങ്ങൾ പാചകം ചെയ്യുന്നതിലും വിളമ്പി വിസ്തരിക്കുന്നതിൽ കേമിയും അത്തരം പ്രവർത്തികളോടു വൈകാരികമായ ഇഴയടുപ്പം സൂക്ഷിക്കുന്നവളുമാണ്. (സ്ത്രൈണത!) അപ്പുറത്ത് കല്യാണപ്രായമായ 'പാലുണ്ണി'യെ (അവനും കുടുംബം നോക്കുന്നവൻ തന്നെ) അമ്മ ഇപ്പോഴും സോപ്പു തേപ്പിച്ചു കുളിപ്പിക്കുകയും അവൻ അമ്മയുടെ സാരിത്തുമ്പിന്റെ മറവിൽ ഒളിയ്ക്കുകയും ചെയ്യുന്നു. അച്ഛന്റെ ലുങ്കിയും ഷർട്ടുമിട്ട് അച്ഛന്റെ ആണത്തരവുമായി താദാത്മ്യം പ്രാപിക്കുന്ന എൽസമ്മയുടെ അസ്തിത്വപ്രശ്നങ്ങൾ ആൺകാഴ്ചയുടെ നിർവ്വചിത രൂപങ്ങൾ മാത്രമാകുന്നിടത്താണ് 'പെൺകുട്ടി' 'പെൺകുട്ടി'യും 'ആൺകുട്ടി' 'ആൺകുട്ടി'യുമാകുന്നത്. അധികാരത്തിന്റെ പ്രതീകമായ ചൂരൽ എൽസമ്മയാണ് സൃഷ്ടിക്കുന്നത്. കുടുംബനാഥ(ന്റെ) അലൈംഗികത പെൺകുട്ടിയ്ക്ക് ചാർത്തി കൊടുക്കുന്നതിലൂടെ സ്ത്രീയുടെ ലൈംഗികതയാണ് തമസ്കരിക്കപ്പെടുന്നത്. ('നിനക്ക് പറ്റുമെങ്കിൽ ഈ എന്നെ വളയ്ക്കാം" - എൽസമ്മ)

'കുടുംബം പോറ്റുക' എന്ന കർത്തവ്യം നിർവഹിക്കണമെങ്കിൽ പുരുഷൻ മുന്നോട്ടു വയ്ക്കുന്ന അധികാരരൂപങ്ങളേയും, ചിഹ്നങ്ങളേയും സ്വാംശീകരിച്ചേ മതിയാവൂ. യൂസഫലി കേച്ചേരിയുടെ 'നീലത്താമര'യിൽ കീഴ്ജാതിക്കാരിയായ പെൺകുട്ടി (വേലക്കാരി) നായകന് മാത്രം ലൈംഗിക വസ്തുവായപ്പോൾ ലാൽ ജോസിന്റെ 'നീലത്താമര'യിൽ സംവിധായകനും (ക്യാമറയിലൂടെ പ്രേക്ഷകനു മുമ്പിൽ വരുന്ന സ്ത്രീശരീരം) പ്രേക്ഷകനും ഒരു പോലെ പെൺകുട്ടി ലൈംഗിക വസ്തു ആക്കപ്പെടുന്നുണ്ട്. എന്നാൽ സിനിമയിൽ നായകൻ നിത്യകാമുകനായി ഉയർത്തപ്പെടുന്നു. ഇത്തരത്തിൽ ആണധികാരസമൂഹം തിരശ്ശീലയിലെ സ്ത്രീയേയും പ്രേക്ഷകസമൂഹത്തിലെ സ്ത്രീയേയും ആക്രമിക്കുന്നു. മലയാള സിനിമ അതിന്റെ ജാതീയമായും സ്ത്രീവിരുദ്ധമായും ഉള്ള കാഴ്ചകൾ തുടർന്നു കൊണ്ടേയിരിക്കുന്നു.■





വി.എം. ഗിരിജ

# 'കളരിപ്പയറ്റും ഞാനും' (ഒരു വിദ്യാർത്ഥിനിയുടെ കുറിപ്പുകൾ)

**ആയോധനകല സ്വയംരക്ഷക്കും വ്യക്തി എന്നുള്ള പൂർണ്ണയിലെത്തിച്ചേരാനും തന്റേതായ എല്ലാം ധൈര്യപൂർവ്വം ആവിഷ്കരിക്കാനും ഒരാളെ പ്രാപ്തയാക്കുന്നു. ഹിംസയുടേതല്ല അഹിംസയുടേതാണ് ശരിയായ കളരിപാരമ്പര്യം.**



**ചലിക്കുന്നതിനും** ചലിക്കാതിരിക്കുന്നതിനും തമ്മിൽ ഒരുപാട് അന്തരം ഉണ്ട്. ചലനം ജീവനും പ്രപഞ്ചഘടനയുടെ അടിസ്ഥാനനിയമവുമാണ്. ചലനത്തിന്റെ പല സുഘടിതരൂപങ്ങളാണ് യുദ്ധം, നൃത്തം, ഊഞ്ഞാലാട്ടം, പന്തുകളി, ജാഥ, മാർച്ചുകൾ, പ്രസവം, ഇണചേരൽ, വളരൽ എല്ലാം. ചിലത് സ്വാഭാവികം, ചിലത് മനുഷ്യർ കാലാകാലമായി പരിഷ്കരിച്ച് എടുത്ത കലാപരമായ, ഹിംസാപരമായ കൃത്യതകൾ എന്ന വ്യത്യാസം ഉണ്ട്.

പൊതുവെ സ്ത്രീകളുടെ ചലനസാദ്ധ്യതകൾ കാലഘട്ടങ്ങളിലൂടെ കുറഞ്ഞ് വരുന്നതായി കാണാം. സ്ത്രീകളുടെ അവയവങ്ങൾ ഛേദിക്കലും ചുരുക്കലും പല സംസ്കാരങ്ങളിലും ഉണ്ട്. വസ്ത്രങ്ങൾ, പർദ്ദ, പ്രസവം, വീട്ടിനകത്ത് തന്നെ ഉള്ള ജീവിതം ഇവകൊണ്ടെല്ലാം സ്ത്രീകളുടെ ചലനശേഷി കുറഞ്ഞത് ഒരു സത്യം മാത്രം. ആദിവാസികൾക്കിടയിലാണ് അൽപ്പമെങ്കിലും സഞ്ചാര-ചലനവേഗതകൾ ഉള്ളത്. കലയിലും സ്ത്രീ ആവിഷ്ക്കാരങ്ങൾ ലാസ്യം, സൗമ്യം എന്ന് വിളിക്കപ്പെട്ടതിൽ ഒതുങ്ങി. ശബ്ദം പോലും ചലനദൈർഘ്യം കുറഞ്ഞ കിളിമൊഴികൾ ആയി. സഹജം എന്നതിനേക്കാൾ ആർജ്ജിതം മാത്രമാണതെല്ലാം.

ഈ സാഹചര്യത്തിൽ ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ആദ്യം പിറന്ന 'കളരിപ്പയറ്റും ഞാനും' എന്ന (ഗീതി.കെ.ബിയുടെ) പുസ്തകം സവിശേഷ ശ്രദ്ധ ആവശ്യപ്പെടുന്നു.

"എല്ലാ കളരികളിലും തന്നെ തുടക്കത്തിൽ പെൺകുട്ടികളെ കാണാറുണ്ട്. എന്നാൽ ശരീരം വളരുമ്പോൾ ഭയമായി. അതോടെ പഠനവും തീരുന്നു. ഇത്രയേറെ സാധ്യതകൾ ഉള്ള ഈ ശരീരമാണ് നമ്മുടെ ഏറ്റവും വലിയ ഭാരമെന്നത് എത്ര സങ്കടകരമാണ്" എന്ന് ഗീതി എഴുതിയിരിക്കുന്നു. ചെമ്മരത്തി, ഉണ്ണിയാർച്ച തുടങ്ങിയ യോദ്ധ്രികൾ, കുഞ്ഞിത്താലു, കുന്നിയോല, നീലിയചുരം വാണ കുഞ്ഞിമ്മാതു.. ഇങ്ങനെയുള്ള വീരത്തികൾ, കാരിഗുരുക്കളെ പതിനെട്ടടവും 101 വിദ്യയും ആൾമാറാട്ടവും പുലിമറയൽ വിദ്യയും പഠിപ്പിക്കുന്ന ചോതികുരുക്കത്തി, കല്ലടിക്കോട് നീലി, പൊന്നാപുരം കോട്ടയിലെ ഉണ്ണിമങ്ക, ഇങ്ങനെയുള്ള കുരുക്കത്തികൾ ഇവരെയൊക്കെ ഈ പുസ്തകം അനുസ്മരിക്കുന്നു. പിന്നീട് ഈ വംശം കുറ്റിയറ്റ് പോവുന്നത് വിദേശീയ ആക്രമണകാലത്തും പിന്നീടുമാവാം. ആയോധനകല സ്വയം രക്ഷക്കും വ്യക്തി എന്നുള്ള പൂർണ്ണതയി

ലെത്തിച്ചേരാനും തന്റേതായ എല്ലാം ധൈര്യപൂർവ്വം ആവിഷ്ക്കരിക്കാനും ഒരാളെ പ്രാപ്തയാക്കുന്നു. ഹിംസയുടേതല്ല അഹിംസയുടേതാണ് ശരിയായ കളരിപാരമ്പര്യം.

മെയ്ത്താരി, വായ്ത്താരി, മെയ്പ്പയറ്റ്, കോൽത്താരി, കെട്ടുകാരി, മുച്ചാൺ, പന്തീരാൻ വീശൽ, ഒറ്റ ഇങ്ങനെ കളരിയിൽ താൻ ക്രമേണ പഠിച്ച അടവുകളും രീതികളും ഗീതി പകർത്തുന്നു. അത് ഒരു പാട് അറിവുകൾ നൽകുന്നുണ്ട്. അട്ടപ്പാടിയിലെ ആദിവാസികൾ, ബംഗാളിലെ സന്താൾവർഗ്ഗക്കാരുടെ നൃത്തം, ഗുജറാത്തിലെ ഗർബ, കഥക്ക്, മല്ലകംബ ഇവയുടെ അനുഭവങ്ങൾ സുന്ദരമാണ്. മല്ലകംബ പഠിപ്പിച്ച മാക്സിൻ മൗഷി പറഞ്ഞത് എത്ര സത്യം! 'ചലിച്ചു കൊണ്ടേയിരിക്കുക, നൃത്തം ചെയ്തു കൊണ്ടേയിരിക്കുക, പുതിയ ചലനവഴികൾ കണ്ടെത്തിക്കൊണ്ടേയിരിക്കുക'. ആട്ടക്കളരി സമകാലീനനൃത്തത്തെ കളരിയുമായി സമന്വയിക്കുന്ന അനുഭവവും ഇതിൽ ഉണ്ട്. ശരീരത്തിന്റെ തടവു പൊട്ടിച്ച് ശരീരം പുറത്ത് പറക്കുന്ന അനുഭവവും ആകർഷകമാണ്. സ്പർശം നൃത്തത്തെ എത്ര ഊർജവത്താക്കുന്നു എന്നത് അത്ഭുതകരം. നാമെത്രത്തോളം ജലമാണ്, ജീവിയാണ്, പറവയാണ്, പറവ പാറുന്ന മാനമാണ് എന്ന് തിരിച്ചറിയുമ്പോൾ ഇത് സെൻബുദ്ധിസമോ യോഗയോ പോലെ എന്തോ ആവുന്നു. കളരിയും നാടകവും പരസ്പരം തുണയ്ക്കുന്ന മേഖലകളാണ്. അതെപ്പറ്റിയും എഴുതിയിരിക്കുന്നു.

ചുരുക്കത്തിൽ ഗീതി.കെ.ബി എഴുതിയ ഈ പുസ്തകം പ്രപഞ്ച ചലനത്തെ മനുഷ്യജീവിതചലനവുമായി ചേർത്ത് സുന്ദരമാക്കുന്ന പുസ്തകമാണ്. ചലനം ജീവന്റെ പര്യായമാണ്. ഭൂമിയിൽ ഓരോ ചലനവും വ്യത്യസ്തമാണ്. ചുറ്റും ശ്രദ്ധിച്ചാൽ ചലിക്കാത്തതായി ഒന്നും കണ്ടെത്താൻ കഴിയില്ല.... നിശ്ചലമെന്ന് തോന്നുന്ന ഓരോന്നും അകമേ ചലിച്ച് കൊണ്ടേയിരിക്കുന്നു. ചലനം ജീവന്റെ ഏറ്റവും സഹജമായ രീതിയാണ്. ആയോധനകല സ്വയം രക്ഷയ്ക്കുള്ള ചില പ്രതിപ്രവർത്തനരീതികൾ സ്വായത്തമാക്കലാണ്. തൊട്ടാവാടി വാടുന്നത്, മുള്ളൻ പന്നി മുള്ള് വിടർത്തുന്നത് പോലുള്ള ഒന്ന് നാം പരിശീലിക്കുന്നു എന്ന് മാത്രം.

മറ്റൊന്നു കൂടി ഈ പുസ്തകം അടിവരയിട്ടു പറയുന്നു. മനസ്സ് എത്രയാൾക്കാരെ പയറ്റി ജയിച്ചാലും സ്വമനസ്സിനെ ജയിക്കാത്തവൻ നല്ല പോരാളിയല്ല. ഏറ്റവും നല്ല വിജയം അതാണ്. മാത്രമല്ല ന്ന് അങ്കം വെട്ടുന്നതിനു പകരം അങ്കം ഒഴിവാക്കാൻ കഴിയുന്നതാണത്രേ ഏറ്റവും നല്ല കഴിവ്.

ഇതിൽ കൊടുത്ത ചിത്രങ്ങൾ.. ഫോട്ടോകൾ..മുഖചിത്രമടക്കം സുന്ദരമാണ്.

ഗീതി എഴുതിയ ഈ പുസ്തകം ഇംഗ്ലീഷിലാക്കിയാൽ നല്ലതായിരിക്കും. മാത്രമല്ല കേരളത്തിലെ സ്ത്രീകളും കുട്ടികളും ഒക്കെ ഇത് അത്യാവശ്യമായും വായിച്ചിരിക്കണം.

മനസ്സിനു ഊർജ്ജവും ഉൻമേഷവും പകരുന്ന ഈ പുസ്തകം വായിക്കുന്നത് നല്ല ഒരു വായനാനുഭവമാണ്. നമ്മുടെ ജീവിത വീക്ഷണം മാറിപ്പോവും.

ഇതിനോടനുബന്ധിച്ച് ചലനത്തിന് ആധുനികലോകത്തിൽ വന്ന അവസ്ഥാന്തരങ്ങളെയും അർഥാന്തരങ്ങളെയും ഓർക്കണം. എങ്കിലേ ചലനം ഒരു ഗാന്ധിയൻ വീക്ഷണത്തിൽ, ജൈവ വീക്ഷണത്തിൽ എന്താണെന്ന് മനസ്സിലാകൂ.




ചിന്ത പബ്ലിഷേഴ്സ്/ വില ₹55

ഹെഡ്വിഗ് ലെവിസ് എഴുതിയ body language, ശരീരഭാഷ എന്ന പുസ്തകം (പരിഭാഷ.ഡി.സി.ബുക്ക്സ്)ഞാൻ ഈയിടെ വായിച്ചു. അത് പ്രതിനിധീകരിക്കുന്ന ലോകം മറ്റൊന്നാണ്. അവിടെ ചലനങ്ങളും ഉടലും ജീവിത വിജയം കണ്ടെത്താനുള്ള ഒരുപകരണം മാത്രമാണ്. പൊതുവേദികളിൽ, കളിസ്ഥലങ്ങളിൽ, ജോലിയിടങ്ങളിൽ വിജയിക്കാനാഗ്രഹിക്കുന്ന മനുഷ്യൻ അതിനനുസരണമായി ഒരു യന്ത്രത്തെ എന്ന പോലെ തന്റെ ശരീരത്തെ ഇണക്കിയും നിയന്ത്രിച്ചും നിർത്തുന്നു. ഈ തലമുറയുടെ ഒരു ബൈബിൾ തന്നെ ആയിരിക്കാം ഈ ശരീരഭാഷ.

മാധ്യമങ്ങൾ, രാഷ്ട്രീയം, പൊതുവേദികൾ എല്ലായിടത്തും ഒരു വ്യക്തി തന്റെ ഉടലിനെ, അതിന്റെ ശരിയായ സമവാക്യങ്ങളിൽ പ്രദർശിപ്പിക്കാൻ ആഗ്രഹിക്കുന്നു. കാരണം ഒരു ജനസമൂഹം എപ്പോഴും ഒരുവളെ/നെ പൊതിഞ്ഞിരിക്കുന്നു. വള്ളിയോ തിരമാലകളോ കാറ്റോ ചലിക്കുമ്പോലുള്ള ചലനം അവിടെ അപ്രസക്തമോ പരിഹാസാർഹമോ ആണ്. ഡോ.ഇവാൻഗ്രാന്റ് അഞ്ചുതരം പുഞ്ചിരി അവതരിപ്പിക്കുന്നുണ്ടത്രേ(പേജ് 94) ചുണ്ടുകൾ, കണ്ണുകൾ, കൈവിരലുകൾ എല്ലാം എപ്പോഴുമെന്തൊക്കെയോ സൂചിപ്പിക്കുന്നു. മറ്റേയാളെ മാന്യതയോടെ നേരിടുക, സമൂഹമര്യാദകൾപാലിച്ച് കുറ്റമറ്റതാകുക ഇതാണവരുടെ ലക്ഷ്യം. ജോലിക്ക്, ടി.വി യിൽ, മാധ്യമങ്ങളിൽ അൽപ്പമെങ്കിലും തെറ്റ് പറ്റിക്കൂടാ. ശരീരഭാഷയുടെ തെറ്റായ പ്രയോഗം പാടില്ല എന്നെ ഉള്ളൂ. മനസ്സ് അവിടെ അപ്രസക്തമാണ്. നിങ്ങളുടെ മനസ്സ് എന്തോ ആവട്ടെ. അതിന്റെ തെളിച്ചമുള്ള ഒരു "അവതരണം" കാര്യങ്ങൾ എളുപ്പമാക്കുന്നു. അഞ്ച് പുഞ്ചിരികളൊ പത്ത് ഹസ്തദാനങ്ങളൊ തലയാട്ടലോ സ്പർശമോ പഠിപ്പിച്ച് തരാം. നിങ്ങൾ സ്വയം വെളിവാവല്ലേ സ്വയം പൊതിയൂ എന്നാണവ പറത്തുന്ന ജീവിതദർശനം. യുവാക്കൾക്ക് ജോലി നേടാൻ സഹായിക്കുന്ന ഈ അഭ്യാസം മനസ്സമാധാനത്തിനോ നൻമ, സാമൂഹ്യപ്രതിബദ്ധത തുടങ്ങിയ മാനുഷികമൂല്യങ്ങൾക്കോ പ്രാധാന്യം കൊടുക്കുന്നില്ല.


എന്നാൽ ഗീതിയുടെ പുസ്തകം ഉള്ളിലെ വെളിച്ചം, ചലനം എന്നിവയെ തുറന്നു വിടുന്ന തരം ചലനങ്ങളെപ്പറ്റി പറയുന്നു. ശരീരഭാഷയല്ല.. ശരീരത്തിലൂടെ നാം സ്വയം വെളിപ്പെടുന്ന സ്ത്രൈണമായ ആത്മീയത കണ്ടെത്തുന്ന ചലനങ്ങളെയാണ് ഗീതി അന്വേഷിക്കുന്നത്. ഇന്ന് ഈ പുസ്തകത്തിനു എന്തോ ചെയ്യാനുണ്ട് എന്നർത്ഥം.

കലകളിലും നിത്യവൃത്തിയിലും ആരോഗ്യരംഗത്തും ഈ വൈരുദ്ധ്യമാണ് നാം നേരിട്ട് കൊണ്ടിരിക്കുന്നത്. ഒന്ന് പ്രകൃതിയോട് ചേർന്ന് ആനന്ദം അന്വേഷിക്കുന്നു. ആനന്ദം, ലാളിത്യം, തെളിച്ചം എന്നിവയുണ്ട് അതിന്. മറ്റേത് നിയന്ത്രിക്കയും വെട്ടിനിരത്തുകയും ഒക്കെ ചെയ്യുന്ന തരം സൗന്ദര്യം പ്രോത്സാഹിപ്പിക്കുന്നു. ജനാധിപത്യപരമല്ല ആധിപത്യപരമാണത്.

ഗാന്ധിജിയുടെ പല്ലില്ലാച്ചിരിയും എല്ലാ മുടിയിഴയും നര മാറ്റി കറുപ്പിച്ച് പിന്നെ നര കാണിക്കാൻ വെള്ള നിറം അല്പം പൂശിയ ഇന്ദിരാഗാന്ധിച്ചിരിയും തമ്മിലുള്ള വ്യത്യാസമാണത്. ■

ഫാത്തിമ ആർ.കെ

**ബിരുദപഠനം പൂർത്തിയാക്കി വിവാഹ പന്തലിലേക്ക് അണിഞ്ഞൊരുങ്ങിവന്നപ്പോൾ നിനച്ചതേയില്ല തന്നെ കാത്തിരുന്നത് ക്രൂരതയുടെ കറുത്ത ദിനങ്ങളായിരിക്കുമെന്ന്. ലഹരി അന്ധനാക്കിയ പങ്കാളിയുടെ ക്രൗര്യത്തിനിരയായ ധന്യ**



# വിവാഹമെന്ന

യാഥാർത്ഥ്യത്തിലേക്ക് കാലെടുത്തു വെയ്ക്കും മുൻപെ സ്വപ്നങ്ങളുടേയും, പ്രതീക്ഷകളുടേയും ചിറകുകൾ കരിഞ്ഞുപോകുന്ന അനേകം സ്ത്രീകൾ നമുക്കിടയിലുണ്ട്. അങ്ങനെ വിധിയുടെ ക്രൂരതയ്ക്ക് ബലിയാടാകേണ്ടിവന്ന ഒരുവൾ മാത്രമാണ് ധന്യ. കോരിച്ചൊരിയുന്ന മഴയത്ത് പതിനഞ്ചുദിവസം മാത്രം പ്രായമായ തന്റെ ചോരക്കുഞ്ഞിനെ മാറോടണച്ച് പുലർച്ചെ അന്വേഷിയുടെ വാതിലിൽമുട്ടി അഭയത്തിനായി കാത്തുനിന്ന ഇരുപത്തിമൂന്നുകാരിയുടെ മുഖം മറക്കാനാവില്ല. അവളുടെ ജീവിതത്തിന്റെ മുഴുവൻ ദുരന്തത്തിന്റെയും കാരണക്കാരൻ അവളുടെ ജീവിതപങ്കാളിയായിരുന്നു. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും നിരന്തരമായ ഉപയോഗം അയാളുടെ മനുഷ്യത്വത്തെ എന്നോ നശിപ്പിച്ചുകളഞ്ഞിരിക്കുന്നു. ഗർഭിണിയായപ്പോൾ പോലും അയാൾ അവളെ ക്രൂരമായി പീഡിപ്പിക്കുമായിരുന്നു. അവളുടെ വിധവയായ സഹോദരിയെ അയാളുടെ ലൈംഗികതാല്പര്യങ്ങൾക്കുവേണ്ടി വിട്ടുകൊടുക്കാൻ നിഷേധിച്ചതിന്റെ പേരിലായിരുന്നു അതിക്രമങ്ങളുടെ തുടക്കം. ഗർഭിണിയായ ധന്യയെ അടിവയറ്റിൽ ചവിട്ടി ബോധരഹിതയാക്കി. ദിവസങ്ങളോളം ആശുപത്രിക്കിടക്കയിൽ അബോധാവസ്ഥയിലായിരുന്നു. അവൾ വീട്ടിലേക്ക് തിരിച്ചുപോന്നെങ്കിലും പിന്നെയും അയാൾ അവളെ വെറുതെവിട്ടില്ല. മദ്യപിച്ചു ലക്കുകെട്ട് അവളുടെ വീട്ടിൽകയറി വീണ്ടും പ്രശ്നങ്ങളുണ്ടാക്കിയപ്പോൾ തടയാൻചെന്ന പ്രായമായ അവളുടെ അച്ഛനെയും അമ്മയെയും പോലും അയാൾ വെറുതെ വിട്ടില്ല. നിസ്സഹായരായി തങ്ങളുടെ വിധിയെ പഴിക്കാൻ മാത്രമേ അവർക്കാകുമായിരുന്നുള്ളു. എന്നാൽ ഇതു തടയാനെത്തിയ നാട്ടുകാരെയും, അയൽവാസികളെയും അസഭ്യം പറഞ്ഞ് അയാൾ ആട്ടിയോടിച്ചു. ഇതോടെ സഹായത്തിന്റെ അവസാനത്തെ പ്രതീക്ഷയും അസ്തമിച്ചു. ക്രൂരതയുടെ നിഴലുകൾ ഭയന്ന് ജീവിതം വലിച്ചുനീട്ടാൻ തിടുക്കപ്പെടുമ്പോൾ അവൾ അയാളുടെ പെൺകുഞ്ഞിന് ജൻമം നല്കി. പ്രസവിച്ച് ഏഴു ദിവസമായപ്പോഴേക്കും വീണ്ടും അയാളവളെ തേടിയെത്തി. അവളുടെ ചേച്ചിയെ ഉപദ്രവിക്കാൻ ശ്രമിച്ചതിനെ എതിർത്തപ്പോൾ അയാളിലെ ക്രൂരത വീണ്ടും പത്തിവിടർത്തി. അവളെ തലങ്ങും, വിലങ്ങും തല്ലിയും ചവിട്ടിയും അയാളവിടെ സംഹാരതാണ്ഡവമാടി. അതോടെ അവളുടെ സഹോദരി ഗത്യന്തരമില്ലാതെ വീടുവിട്ടിറങ്ങിപ്പോയി. മനുഷ്യത്വത്തിന്റെ ഒരു കണികപോലും ലഹരി അയാളിൽ അവശേഷിപ്പിച്ചിരുന്നില്ല. അമിത രക്തസ്രാവംകൊണ്ട് വീണ്ടും ദിവസങ്ങളോളം ആശുപത്രിക്കിടക്കയിലായിരുന്നു ധന്യ. ബിരുദപഠനം പൂർത്തിയാക്കി വിവാഹപന്തലിലേക്ക് അണിഞ്ഞൊരുങ്ങിവന്നപ്പോൾ നിനച്ചതേയില്ല തന്നെ കാത്തിരുന്നത് ക്രൂരതയുടെ കറുത്ത ദിനങ്ങളായിരിക്കുമെന്ന്. ആശുപത്രി കിടക്കയിൽ നിന്ന് തിരിച്ചെത്തുമ്പോഴേക്കും വേദനയുടെയും, ഭയത്തിന്റെയും നിഴൽ അവളെ തീർത്തും മാനസികമായി തളർത്തിയിരുന്നു. ജീവിക്കാനുള്ള ആഗ്രഹം വെടിഞ്ഞ് അവിടെനിന്നിറങ്ങിയപ്പോഴും തന്റെ പിഞ്ചുകുഞ്ഞിന്റെ മുഖമോർത്ത് മാത്രമാണ് ഈ സംഘടനയുടെ മുറ്റത്തേക്ക് അവളെത്തിയത്. കണ്ണിൽ ഇരുട്ടുകയറുന്ന ദിനങ്ങളുടെ ഓർമ്മകളിൽനിന്ന് അവളെ തിരിച്ചുകൊണ്ടുവരാനും അവളുടെ ഭർത്താവിനെ ലഹരി വിരുദ്ധ കേന്ദ്രത്തിൽ ചികിത്സയ്ക്കു വിട്ട് മനുഷ്യത്വമുള്ളവനാക്കി മാറ്റാനും അന്വേഷിക്ക് കഴിഞ്ഞു. മനുഷ്യത്വരഹിതമായ ഇത്തരം പീഡനങ്ങൾ നിരന്തരം ഏറ്റുവാങ്ങുന്ന സ്ത്രീകളിൽ ഒരുവൾ മാത്രമാണ് ധന്യ.അന്വേഷിയുടെ ഇടപെടലുകൾ ചിലരുടെയെങ്കിലും ജീവിതത്തെ കരുപ്പിടിപ്പിക്കാൻ കാരണമായിട്ടുണ്ടെന്ന അറിവ് വരും കാലങ്ങളിലെ ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് പ്രചോദനം നല്കുക തന്നെചെയ്യും. ●

## ഒരു സാമൂഹ്യസ്ഥാപനത്തിന്റെ നിലനില്പിനുവേണ്ടിയുള്ള പോരാട്ടം

കോഴിക്കോട് ജില്ലയിലെ മുക്കം പഞ്ചായത്തിൽ 1987 മുതൽ പ്രവർത്തിച്ചുവരുന്ന ബി.പി. മൊയ്തീൻ സേവാമന്ദിരം അടുത്തയിടെ ഒരു കടുത്ത പ്രതിസന്ധി നേരിട്ടു. മുക്കത്തെ സാമൂഹ്യരംഗത്ത് നിറഞ്ഞുനിന്ന ബി.പി. മൊയ്തീൻ 1960ൽ അനിതാ ചിൽഡ്രൻസ് ക്ലബ്ബ്, 1979-80 കളിൽ മോചന വിമെൻസ് ക്ലബ്ബ് തുടങ്ങിയ സംഘടനകൾക്ക് രൂപം നൽകുന്നതിലെ പ്രചോദനമായിരുന്നു. പൊതുരാഷ്ട്രീയ കാര്യങ്ങളിലും തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച ഒരു ബഹുമുഖ വ്യക്തിത്വമായിരുന്നു മൊയ്തീന്റേത്. 1982 ജൂലായിൽ കുത്തിയൊലിച്ചുകൊണ്ടിരുന്ന ഇരുവഞ്ഞിപ്പുഴയിൽ ഒരു തോണി മറിഞ്ഞപ്പോൾ മരണത്തിലേക്ക് കൂപ്പുകുത്തിയ രണ്ട് ജീവിതങ്ങളെ രക്ഷിക്കുന്നതിനിടയിൽ അദ്ദേഹം ജീവൻ വെടിഞ്ഞു. അദ്ദേഹത്തിന്റെ ഓർമ്മയ്ക്കായി അദ്ദേഹത്തിന്റെ ഉമ്മ ഫാത്തിമയുടെ അദമ്യമായ താൽപര്യമനുസരിച്ച് അദ്ദേഹത്തിന്റെ ജീവിതസഖിയാവാൻ കൊതിച്ച കാഞ്ചന കൊറ്റങ്ങൽ മുൻകൈയെടുത്താണ് ഈ സെന്റർ സ്ഥാപിച്ചത്. ചില കള്ള രേഖകളുടെ അടിസ്ഥാനത്തിൽ ഈ സെന്റർ കൈക്കലാക്കാൻ കോടതി വഴി മൊയ്തീന്റെ ഒരു ബന്ധു തന്നെ നടത്തിയ ശ്രമങ്ങളാണ് മന്ദിരം ഒഴിപ്പിക്കണമെന്ന കോടതി ഓർഡറിന് കാരണമായത്. ഇക്കഴിഞ്ഞ നവംബർ 19ന് കോടതി ഓർഡറുമായി വന്ന ആമീനെ നാട്ടുകാരും, സ്ത്രീസംഘടനകളും, മറ്റു സാമൂഹ്യ സംഘടനകളും ചേർന്ന് തടഞ്ഞു. എന്തുവിലകൊടുത്തും മുക്കത്തെ ജീവസ്പന്ദനത്തിന്റെ ഒരുഭാഗമായ ബി.പി.മൊയ്തീൻ സേവാമന്ദിരം സംരക്ഷിക്കുമെന്ന ദൃഢനിശ്ചയത്തിലാണ് എല്ലാവരും. പതിനഞ്ചോളം സെൻട്രൽ-സ്റ്റേറ്റ് ഗവൺമെന്റ് പ്രോജക്ടുകൾ നടപ്പിലാക്കുന്ന ഒരു കേന്ദ്രമാണിത്. സ്ത്രീകൾക്ക് അഭയകേന്ദ്രം, 12,000 ത്തോളം പുസ്തകങ്ങളുള്ള ഒരു ലൈബ്രറി എന്നിവ ഇതിന്റെ ഭാഗമാണ്. ഇത് നിലനില്ക്കേണ്ടത് സമൂഹത്തിന്റെ തന്നെ ആവശ്യമാണ്. ഈ സമരത്തിൽ അന്വേഷിയും സജീവമായിപങ്കെടുത്തു.



## സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെ അതിക്രമങ്ങളില്ലാത്ത സുരക്ഷിത നഗരങ്ങൾ

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ അവരുടെ ശരീരത്തിനും മനസ്സിനും ആഴത്തിൽ മുറിവുകളുണ്ടാക്കുന്നവയാണ്. അത് നിസ്സാരമായി കാണാനാവില്ല. പീഡനങ്ങൾ മാത്രമല്ല പീഡനത്തെകുറിച്ചുള്ള ഭയവും സ്ത്രീകളുടെ ജീവിതം ദുരിതപൂർണ്ണമാക്കുന്നു. അവരുടെ ചലനസ്വാതന്ത്ര്യത്തെയും തൊഴിൽ ചെയ്യാനുള്ള അവകാശത്തെയും സമൂഹത്തിന്റെ നിർമ്മിതിയിൽ പങ്കാളികളാകാനുള്ള അവകാശത്തെയും എല്ലാം ഈ ഭയം പരിമിതപ്പെടുത്തുന്നു. ഇന്ന് സ്വന്തം സുരക്ഷിതത്വം ഉറപ്പാക്കേണ്ട ചുമതല മുഴുവനും സ്ത്രീകളിൽ മാത്രമാണ്. അതുകൊണ്ടു തന്നെ സ്ത്രീകളുടെ സുരക്ഷ സംബന്ധിച്ച ചർച്ചകൾ തുടങ്ങേണ്ടത് അതിക്രമങ്ങളില്ലാത്ത ജീവിതത്തിനായുള്ള സ്ത്രീകളുടെ അവകാശത്തെ കുറിച്ചു സംസാരിച്ചു കൊണ്ടാവണം. സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ തടയേണ്ടതും സുരക്ഷിതമായ ചുറ്റുപാടുകൾ ഉണ്ടാക്കേണ്ടതും സ്ത്രീകളുടെ മാത്രമല്ല സമൂഹത്തിന്റെയാകെ കടമയാണെന്ന തിരിച്ചറിവുണ്ടാകണം.

നഗരജീവിതം സ്ത്രീകൾക്ക് പൂർണ്ണമായി ആസ്വദിക്കാനാകാത്തതിന്റെ പ്രധാനകാരണം സുരക്ഷിതത്വമില്ലായ്മയാണ്. യുണിഫെമിന്റെ (UNIFEM) സാമ്പത്തിക സഹായത്തോടെ ഡൽഹിയിലെ ജഗോരി എന്ന സ്ത്രീ സംഘടനയുമായി ചേർന്ന് കേരളത്തിലെ പ്രധാന നഗരങ്ങളിലെ സ്ത്രീകളുടെ സുരക്ഷ സംബന്ധിച്ച പഠനം (Safe City free of Violence Against Women and Girls initiative), സഖിയുമായി ചേർന്ന് കോഴിക്കോട് നഗരത്തിൽ അന്വേഷി നടത്തുന്നു.

കോഴിക്കോട് നഗരത്തിലെ പൊതുസ്ഥലങ്ങളിൽ സ്ത്രീകൾ എത്രമാത്രം സുരക്ഷിതരാണ് എന്ന പഠനമാണ് ആദ്യഘട്ടത്തിൽ നടക്കുന്നത്. 400 സ്ത്രീകളെ നേരിട്ടും, 75 പുരുഷൻമാർ, 25 സ്ത്രീകൾ എന്നിവരെ പൊതുസാക്ഷികളായും ഈ സർവ്വേയിൽ ഇന്റർവ്യൂ ചെയ്യുന്നു. കൂടാതെ ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ, സേഫ്റ്റി ഓഡിറ്റ്, നിലവിലുള്ള സർക്കാർ പോളിസികളും ബഡ്ജററും പദ്ധതികളും പരിശോധിക്കൽ തുടങ്ങിയ വിശദമായ പഠനമാണ് ഇത്. ഇതിലൂടെ ലഭിക്കുന്ന വിവരങ്ങൾ ഉപയോഗിച്ച് സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കാൻ കൃത്യമായ പ്ലാനുണ്ടാക്കുകയും അവ കാര്യക്ഷമമായി നടപ്പിലാക്കാൻ ബന്ധപ്പെട്ടവരെ സഹായിക്കുകയും ചെയ്യുക എന്നതാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം.

## വാർത്തകൾ / വ്യക്തികൾ



### ഓങ് സാൻ സൂചി

സ്വാതന്ത്ര്യത്തിനും മനുഷ്യാവകാശ ങ്ങൾക്കും വേണ്ടി ഭരണ കൂടത്തിനെതിരെ സമരം ചെയ്തതിന് 15 വർഷ മായി വീട്ടുതടങ്കലിൽ ആയിരുന്ന മ്യാൻമാറിന്റെ വിമോചനനായിക ഓങ് സാൻ സൂചി. ഇവരുടെ വിമോചനത്തിന്റെ സന്തോഷത്തിൽ



### ഇറോം ശർമിള

പ്രത്യേകാധികാര സൈനിക നിയമം(Armed Forces Special Powers Act-AFSPA) പിൻവലി ക്കണമെന്നാവശ്യപ്പെട്ട് പത്ത് വർഷമായി നിരാഹാര സമരം നടത്തിവരുന്ന ധീരവനിത യാണ് ഇറോം ശർമിള. രാജ്യത്തിന്റെ അഭിമാനമായ ഇറോം ശർമിളയ്ക്ക് അഭിവാദ്യങ്ങൾ.



### പ്രീജ ശ്രീധരൻ

ഏഷ്യൻ ഗെയിംസിൽ വനിതകളുടെ 10,000/- മീറ്ററിൽ സ്വർണ്ണ മെഡൽ നേടിയ പ്രീജ ശ്രീധരൻ. കേരള ത്തിന്റെ മാത്രമല്ല ഇന്ത്യയുടെ തന്നെ അഭിമാനം.



### ബർക്കാ ദത്ത് (NDTV)

-വൻകിട വ്യവസായികൾക്കും രാഷ്ട്രീയ നേതാക്കൾക്കും വേണ്ടി ഒത്താശചെയ്തു.മാധ്യമ ലോകത്തിന് ലജ്ജാകരം




### നീരാ റാഡിയ

2.ജി സ്പെക്ട്രം ഇടപാടിൽ ഇടനില ക്കാരി. ഇവർ നാടിന്നപമാനം

## ലോങ് ഷോട്ട്

കബിത മുഖോപാധ്യായ്




Printed and Published by K.Ajitha for Anweshi women's counselling centre, kottooli, kuthiravattom Po, calicut 673016
Printed at A-one offset Prints, Ramanattukara, Ph: 2441934, 2442934